13
ജൂലൈ 2024
ശനി
1446 മുഹറം 07
1199 മിഥുനം 29

ഗൾഫ് ചന്ദ്രിക
https://gulf-chandrika.com/

# ഗൾഫ് ചന്ദ്രിക

facebook.com/@gulfchandrika
instagram.com/@gulfchandrika
youtube/@gulfchandrika

പേജ് 22
അബുദാബി

കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | അബുദാബി | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം
Registered. NO. KL/CT/9/2024-26 | Chandrika Daily | Managing Director: Panakkad Syed Sadikali Shihab Thangal






## എല്ലാ പേരുകളും എണ്ണിപ്പറഞ്ഞു ഉമ്മൻ ചാണ്ടിയുടെ പേര് പിണറായി

# മനപ്പൂർവ്വം പറഞ്ഞില്ല

### ഉമ്മൻചാണ്ടിയെ ഒഴിവാക്കി പിണറായിയുടെ പ്രസംഗം

### ഉമ്മൻചാണ്ടിയുടെ പേര് എടുത്ത് പറഞ്ഞ് അദാനി



വിഴിഞ്ഞം തുറമുഖത്ത് ആദ്യ മദർഷിപ്പിന്റെ ട്രയൽ റൺ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു. കേന്ദ്ര തുറമുഖമന്ത്രി സർബാനന്ദ് സോനോവാൾ, കരൺ അദാനി, സംസ്ഥാന മന്ത്രിമാർ സമീപം

**സ്വന്തം ലേഖകൻ**
തിരുവനന്തപുരം

വിഴിഞ്ഞത്ത് ആദ്യ മദർഷിപ്പിന്റെ ട്രയൽ റൺ മറവിയുടെ രാഷ്ട്രീയമാക്കി മുഖ്യമന്ത്രി പിണറായി വിജയൻ. പദ്ധതിയുടെ നാൾവഴികളിലോ മുഖ്യമന്ത്രി പിണറായി വിജയന്റെ പ്രസംഗത്തിലോ തുറമുഖത്തിന്റെ യഥാർത്ഥ ശിൽപി ഉമ്മൻചാണ്ടിയുടെ പേരുപോലും പരാമർശിക്കാതെയായിരുന്നു സാമന്യം ദൈർഘ്യമുള്ള ഉദ്ഘാടന പ്രസംഗം പിണറായി പൂർത്തിയാക്കിയത്. പദ്ധതിക്കായി കരാർ ഒപ്പിടുകയും പിന്നീട് സി.പി.എം സമരങ്ങളെ അതിജീവിച്ച് തുറമുഖം യാഥാർത്ഥ്യമാക്കാൻ മുന്നിൽ നിൽക്കുകയും ചെയ്ത ഉമ്മൻചാണ്ടിയെ പിണറായി വിസ്മരിച്ചത് ആസൂത്രിതമാണെന്ന് പ്രസംഗത്തിൽ നിന്ന് വ്യക്തമായിരുന്നു. വിഴിഞ്ഞം പദ്ധതിക്ക് പിന്നിൽ അഴിമതി ആരോപിച്ച് ഉമ്മൻചാണ്ടിയെ വേട്ടയാടിയവർ തുറമുഖത്ത് ആദ്യ കപ്പൽ അടുത്തപ്പോൾ ഓർമ്മയിൽ നിന്നുപോലും ഉമ്മൻചാണ്ടിയെ മായ്ച്ചുകളഞ്ഞത് മര്യാദകേടെന്ന് യു.ഡി.എഫ് ആരോപിച്ചു.

തുറമുഖത്തിന്റെ ക്രെഡിറ്റിനെ ചൊല്ലി തർക്കം രൂക്ഷമാകുന്നതിനിടെയാണ് പദ്ധതിക്ക് കരാർ ഒപ്പിട്ട മുൻമുഖ്യമന്ത്രി ഉമ്മൻചാണ്ടിയെ പിണറായി പൂർണമായും ഒഴിവാക്കിയത്. ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്തെ വിഴിഞ്ഞം കല്ലിടലോ ഒപ്പിടലോ മുഖ്യമന്ത്രി പ്രസംഗത്തിൽ പരാമർശിച്ചില്ല. പദ്ധതിയുടെ ചരിത്രം ഓർപ്പിച്ചപ്പോഴും അതിലെവിടെയും ഉമ്മൻചാണ്ടി ഉണ്ടായില്ല. അതേ സമയം, അദാനി ഗ്രൂപ്പിന്റെ സഹകരണത്തിനടക്കം നന്ദിയറിയിച്ച മുഖ്യമന്ത്രി, മുൻ ഇടതുമന്ത്രിമാരായ അഹമ്മദ് ദേവർകോവിലിനെയും കടന്നപ്പള്ളിയെയും പ്രത്യേകം അഭിനന്ദിക്കുകയും പേരെടുത്ത് പരാമർശിക്കുകയും ചെയ്തു.

## ● ആദ്യ മദർഷിപ്പിന് ആവേശോജ്ജ്വല സ്വീകരണം
## ● കേരള വികസന അധ്യായത്തിൽ പുതിയ ഏട്

2015ൽ വിഴിഞ്ഞം വിഷയത്തിൽ ഇടതുമുന്നണി ഉയർത്തിയ എതിർപ്പുകളെയും മുഖ്യമന്ത്രി ന്യായീകരിച്ചു. എൽ.ഡി.എഫ് സർക്കാരാണ് വിഴിഞ്ഞം തുറമുഖ അനുമതിക്കായി ആദ്യം ശ്രമിച്ചതെന്നും മുഖ്യമന്ത്രി അവകാശപ്പെട്ടു. 2007ൽ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ടിനെ നോഡൽ ഏജൻസിയാക്കി. 2010ൽ ടെൻഡർ നടപടികൾക്ക് ശ്രമിച്ചു. അപ്പോൾ ചൈനീസ് കമ്പനിയെന്ന് പറഞ്ഞ് ചിലർ ആക്ഷേപം ഉയർത്തി. അന്ന് മൻമോഹൻ സർക്കാരാണ് വിഴിഞ്ഞത്ത് പോർട്ടിന് അനുമതി നിഷേധിച്ചത്. 212 ദിവസം നീണ്ട ജനകീയ സമരം എൽ.ഡി.എഫ് നടത്തി. പിന്നീട് 2013ലാണ് വീണ്ടും പദ്ധതി വരുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

കേരളത്തിന്റെ സാമ്പത്തിക, വികസന രംഗങ്ങളിൽ വലിയ മാറ്റത്തിന് വഴിയൊരുക്കുമെന്ന് പ്രതീക്ഷിക്കുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെത്തിയ ആദ്യ മദർഷിപ്പിന് ആവേശകരമായ സ്വീകരണമാണ് നൽകിയത്. സാൻ ഫെർണാൻഡോ ഷിപ്പിനെ മുഖ്യമന്ത്രിയും കേന്ദ്ര തുറമുഖ മന്ത്രി സർബാനന്ദ് സോനോവാളും ചേർന്ന് ഔദ്യോഗികമായി സ്വീകരിച്ചു. വിഴിഞ്ഞം പദ്ധതി കേരള വികസന അധ്യായത്തിൽ പുതിയ ഏടാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. വിഴിഞ്ഞത്തിലൂടെ ഇന്ത്യ ലോക ഭൂപടത്തിൽ സ്ഥാനം പിടിച്ചുവെന്നും മുഖ്യമന്ത്രി പറഞ്ഞു. പദ്ധതി പൂർത്തീകരിക്കാൻ സഹകരിച്ച കരൺ അദാനിക്ക് മുഖ്യമന്ത്രി നന്ദി അറിയിച്ചു.

വിഴിഞ്ഞം മദർ പോർട്ട് ആയി മാറുമെന്ന് പറഞ്ഞ മുഖ്യമന്ത്രി ഇത് ഒന്നാം ഘട്ടം മാത്രമാണെന്നും വിശദമാക്കി. നാലാം ഘട്ടം പൂർത്തിയാകുമ്പോൾ വിശാല തുറമുഖമായി മാറും. 2028ഓടെ വിഴിഞ്ഞം സമ്പൂർണ തുറമുഖമായി മാറും. 10000 കോടി രൂപയുടെ നിക്ഷേപത്തിന് വഴിയൊരുക്കും. അതിന് വേണ്ടുന്ന കരാർ ഒപ്പിടാൻ പോവുകയാണെന്നും മുഖ്യമന്ത്രി വെളിപ്പെടുത്തി. കപ്പലിലെ ക്യാപ്റ്റനും ജീവനക്കാർക്കും മന്ത്രിമാർ ഉപഹാരം നൽകി. ആദ്യ മദർഷിപ്പ് എത്തിയതിന്റെ ശിലാഫലകം മുഖ്യമന്ത്രി അനാച്ഛാദനം ചെയ്തു. കേന്ദ്ര തുറമുഖ, ഷിപ്പിംഗ് വികുപ്പ് മന്ത്രി സർബാനന്ദ് സോനാവാൾ വിശിഷ്ടാതിഥിയായി. ചടങ്ങിൽ തുറമുഖ വകുപ്പ് മന്ത്രി വി.എൻ വാസവൻ അധ്യക്ഷത വഹിച്ചു.

മന്ത്രിമാരായ വി. ശിവൻകുട്ടി, കെ. രാജൻ, കെ.എൻ ബാലഗോപാൽ, സജി ചെറിയാൻ, ജി.ആർ അനിൽ, ഒ.ആർ കേളു, എ.എ റഹീം എം പി, എം. വിൻസന്റ് എം.എൽ.എ, മേയർ ആര്യ രാജേന്ദ്രൻ, ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ് ശ്യാം ജഗന്നാഥൻ, അദാനി ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ കരൺ അദാനി, പ്രദീപ് ജയരാമൻ, വിസിൽ എം.ഡി ദിവ്യ എസ് അയ്യർ, സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി, പാളയം ഇമാം വി.പി ഷുഹൈബ് മൗലവി, ഇടവക വികാരി ഫാ. മോൻസിഞ്ഞോർ നിക്കോളാസ് എന്നിവർ സംബന്ധിച്ചു.

ചീഫ് സെക്രട്ടറി ഡോ.വി വേണു സ്വാഗതമാശംസിച്ച ചടങ്ങിൽ തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കെ.എസ് ശ്രീനിവാസ് റിപ്പോർട്ടവതരിപ്പിച്ചു. ഡാനിഷ് കണ്ടെയ്നർ ഷിപ്പ് കമ്പനി മെർസ്ക് ലൈനിന്റെ 'സാൻ ഫെർണാണ്ടോ' ചൈനയിലെ ഷിയാമൻ തുറമുഖത്ത് നിന്നാണ് വിഴിഞ്ഞത്ത് എത്തിയത്. രണ്ടായിരത്തോളം കണ്ടെയ്നറുകളാണ് കപ്പലിൽ നിന്ന് വിഴിഞ്ഞത്ത് ഇറക്കുന്നത്.

## ഉമ്മൻ ചാണ്ടിയുടെ ആത്മസമർപ്പണം മറക്കാനാവില്ലെന്ന് സ്പീക്കർ



തിരുവനന്തപുരം: വിഴിഞ്ഞം പദ്ധതിയുടെ നായകനായ ഉമ്മൻചാണ്ടിയെ മുഖ്യമന്ത്രി പിണറായി വിജയനും സി.പി.എം നേതാക്കളും ബോധപൂർവം വിസ്മരിക്കുമ്പോൾ വേറിട്ട പ്രതികരണവുമായി സ്പീക്കർ എ.എൻ ഷംസീർ. ആദരണീയനായ മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ നിസ്തുലമായ സംഭാവനകളും ആത്മസമർപ്പണവും ഓർക്കാതെ ഈ ചരിത്ര നിമിഷം പൂർത്തിയാകില്ലെന്ന് സ്പീക്കർ ഫേസ്ബുക്കിൽ കുറിച്ചു. മദർഷിപ്പിന്റെ ട്രയൽ റൺ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്ത ശേഷമാണ് സ്പീക്കറുടെ കുറിപ്പ്.ഇതൊരു ചരിത്ര നിമിഷമാണ്.

വിഴിഞ്ഞം തുറമുഖം കേരളത്തിന്റെ സാമ്പത്തിക വികസനത്തിന് ഒരു വലിയ നാഴികക്കല്ലായി മാറും. ഈ തുറമുഖം സംസ്ഥാനത്തിന് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും സംസ്ഥാനത്തിന്റെ വാണിജ്യ ബന്ധങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യും. കൂടാതെ, ഇത് കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് കാരണമാകും. വിഴിഞ്ഞം തുറമുഖം കേരളത്തിന്റെ ഭാവിക്ക് അനന്തമായ സാധ്യതകൾ തുറന്നുകാട്ടുന്നുണ്ട്. ഈ പദ്ധതി സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിന് ഒരു പുതിയ ഏടായി മാറുമെന്ന് ഉറച്ചു വിശ്വസിക്കുന്നുവെന്നും സ്പീക്കർ പറഞ്ഞു.

---



## ഇ.ടി മുഹമ്മദ് ബഷീർ മുസ്‌ലിം ലീഗ് പാർലിമെന്ററി പാർട്ടി ലീഡർ

ചെന്നൈ: മുസ്‌ലിം ലീഗ് പാർലിമെന്ററി പാർട്ടി ലീഡറായി ഇ.ടി മുഹമ്മദ് ബഷീർ എം.പിയെ നിയമിച്ചതായി മുസ്‌ലിം ലീഗ് ദേശീയ പ്രസിഡന്റ് പ്രൊഫ.കെ.എം. ഖാദർ മൊയ്തീൻ അറിയിച്ചു. ഇക്കാര്യം അറിയിച്ച് ലോക്സഭ സ്പീക്കർ ഓം ബിർളക്ക് അദ്ദേഹം കത്ത് നൽകി. മുസ്‌ലിം ലീഗ് ദേശീയ ഓർഗനൈസിംഗ് സെക്രട്ടറിയായ ഇ.ടി മുഹമ്മദ് ബഷീർ കഴിഞ്ഞ സഭാ കാലയളവിലും പാർട്ടി ലീഡർ ആയിരുന്നു.

## കാപ്പ ചുമത്തി

നെടുമ്പാശ്ശേരി : നിരന്തര കുറ്റവാളിയെ കാപ്പ ചുമത്തി നാട് കടത്തി. നെടുമ്പാശ്ശേരി നായത്തോട് അറയ്ക്ക മുത്താട്ട് വീട്ടിൽ രഞ്ജിത്തി (23) നെയാണ് ആറ് മാസത്തേക്ക് നാട് കടത്തിയത്. നെടുമ്പാശ്ശേരി, ചെങ്ങമനാട്, കാലടി, അയ്യപ്പുഴ പൊലിസ് സ്റ്റേഷൻ പരിധികളിൽ കൊലപാതക ശ്രമം, കഠിന ദേഹോപദ്രവം, മോഷണം, തെളിവ് നശിപ്പക്കൽ, ഭീഷണിപ്പെടുത്തൽ, ന്യായ വിരോധമായി സംഘം ചേരൽ തുടങ്ങി നിരവധി കേസുകളിൽ പ്രതിയാണ് ഇയാൾ.

## കെജ്‌രിവാളിന് ഇടക്കാല ജാമ്യം; ജയിൽ മോചിതനാവില്ല

# ഇ.ഡിക്ക് തിരിച്ചടി

**സി.ബി.ഐ കസ്റ്റഡി 25 വരെ നീട്ടി**

**മുഖ്യമന്ത്രിസ്ഥാനം രാജിവെക്കണമെന്ന് നിർദേശിക്കാനാവില്ലെന്ന് സുപ്രീംകോടതി**

**പി.എം..എൽ.എ സെക്ഷൻ 19ന്റെ വ്യവസ്ഥയിൽ അറസ്റ്റ് ആവശ്യമുണ്ടോ എന്ന് വിശാല ബെഞ്ച് പരിശോധിക്കും**

ന്യൂഡൽഹി: മദ്യനയക്കേസിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അറസ്റ്റ് ചെയ്ത ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിന് സുപ്രീം കോടതി ഇടക്കാല ജാമ്യം അനുവദിച്ചു. ഇ.ഡി.അറസ്റ്റ് ചോദ്യം ചെയ്ത് കെജ്‌രിവാൾ സമർപ്പിച്ച ഹർജി വിശാല ബെഞ്ചിന് വിട്ടുകൊണ്ടാണ് ജാമ്യം അനുവദിച്ചിരിക്കുന്നത്. ജസ്റ്റിസുമാരായ സഞ്ജീവ് ഖന്ന, ദിപാങ്കർ ദത്ത എന്നിവരുടെ ബെഞ്ചിന്റേതാണ് ഉത്തരവ്. കേസിൽ ഏതാണ്ട് മൂന്ന് മാസത്തോളം കെജ്‌രിവാൾ ജയിലിൽ കഴിഞ്ഞുവെന്ന് സുപ്രീംകോടതി ചൂണ്ടിക്കാട്ടി. തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധിയാണ് കെജ്‌രിവാൾ.

ഇപ്പോഴത്തെ പദവിയിൽ തുടരണമോ എന്ന് കെജ്‌രിവാളാണ് തീരുമാനിക്കേണ്ടതെന്നും സുപ്രീം കോടതി വ്യക്തമാക്കി. മുഖ്യമന്ത്രി സ്ഥാനത്തു നിന്ന് രാജിവയ്ക്കണമെന്ന നിർദേശം കെജ്‌രിവാളിന് നൽകണമെന്ന ആവശ്യം സുപ്രീം കോടതി തള്ളി. അറസ്റ്റ് ചോദ്യം ചെയ്ത് കെജ്‌രിവാൾ നൽകിയ ഹർജി സുപ്രീംകോടതി വിശാല ബെഞ്ചിന് വിട്ടു. ഈ സാഹചര്യത്തിലാണ് ഇടക്കാല ജാമ്യമെന്ന് സുപ്രീംകോടതി വ്യക്തമാക്കി. പി.എം.എൽ.എ. നിയമത്തിന്റെ 19ാം വകുപ്പ് പ്രകാരം അറസ്റ്റിനുള്ള അധികാരം സംബന്ധിച്ച വിഷയങ്ങൾ ഉൾപ്പെടെയാണ് വിശാല ബെഞ്ച് പരിഗണിക്കുക. ചോദ്യം ചെയ്തു എന്ന കാരണത്താൽ അറസ്റ്റ് പാടില്ലെന്നും സുപ്രീംകോടതി വ്യക്തമാക്കി. അതേ സമയം വിശാല ബെഞ്ചിന് ഇടക്കാല ജാമ്യ ഉത്തരവ് പുനഃപരിശോധിക്കാമെന്നും കോടതി വ്യക്തമാക്കി.

അതിനിടെ മദ്യനയവുമായി ബന്ധപ്പെട്ട് അഴിമതി നിരോധന നിയമപ്രകാരം സിബിഐ അറസ്റ്റ് ചെയ്ത കെജ്‌രിവാളിന്റെ ജുഡീഷ്യൽ കസ്റ്റഡി ഡൽഹി കോടതി ഈമാസം 25 വരെ നീട്ടി. സുപ്രീം കോടതി വിധി വന്നതിന് തൊട്ടു പിന്നാലെയാണ് സി.ബി.ഐ കസ്റ്റഡി നീട്ടിക്കൊണ്ട് പ്രത്യേക ജഡ്ജി കാവേരി ഭവേജ ഉത്തരവ് പുറപ്പെടുവിച്ചത്. കസ്റ്റഡി നീട്ടിയ സാഹചര്യത്തിൽ കെജ്‌രിവാൾ ജയിലിൽ തന്നെ തുടരും. ജൂൺ 25നാണ് കെജ്‌രിവാളിനെ സിബിഐ അറസ്റ്റ് ചെയ്തത്.

## മന്ത്രി സി.പി.എമ്മിലേക്ക് സ്വീകരിച്ചവരിൽ വധശ്രമക്കേസിൽ ഒളിവിലുള്ള പ്രതിയും

പത്തനംതിട്ട: പത്തനംതിട്ടയിൽ മന്ത്രി വീണ ജോർജ്ജും ജില്ലാ സെക്രട്ടറിയും ചേർന്ന് കാപ്പാ കേസ് പ്രതിക്കൊപ്പം പാർട്ടിയിലേക്ക് സ്വീകരിച്ചവരിൽ വധശ്രമക്കേസിൽ ഒളിവിലുള്ള പ്രതിയും.

എസ് എഫ് ഐ ക്കാരെ കൊലപ്പെടുത്താൻ ശ്രമിച്ച കേസിലെ നാലാം പ്രതി സുധീഷിനെയാണ് മാലയിട്ടു സ്വീകരിച്ചത്. അതേസമയം, വാദികളായ എസ്എഫ്ഐക്കാരും പ്രതികളും ചേർന്ന് കോടതി വഴി കേസ് ഒത്തുതീർപ്പാക്കുമെന്ന വിചിത്ര വിശദീകരണമാണ് ഇക്കാര്യത്തിൽ സിപിഎം ജില്ലാ സെക്രട്ടറി നൽകിയത്.

വിവാദങ്ങൾ പത്തനംതിട്ട സിപിഎമ്മിനെ കൂടുതൽ പ്രതിസന്ധിയിലാക്കുകയാണ്. ഇക്കഴിഞ്ഞ വെള്ളിയാഴ്ചയാണ് ബിജെപി വിട്ടുവന്ന 62 പേരെ മന്ത്രിയും ജില്ലാ സെക്രട്ടറിയും ചേർന്ന് മാലയിട്ടു സിപിഎമ്മിലേക്ക് സ്വീകരിച്ചത്. അതിൽ പ്രധാനി ശരൺ ചന്ദ്രൻ കാപ്പാ കേസ് പ്രതിയെന്ന വിവരം പുറത്തുവന്നതാണ് ആദ്യ തിരിച്ചടിയായത്. പിന്നാലെ യദു കൃഷ്ണനെന്ന യുവാവിനെ കഞ്ചാവുമായി എക്സൈസ് പിടികൂടിയതായിരുന്നു അടുത്ത വിവാദം. ഏറ്റവുമൊടുവിൽ എസ്എഫ്ഐ പ്രവർത്തകരെയടക്കം വധിക്കാൻ ശ്രമിച്ച കേസിൽ ഒളിവിലുള്ള പ്രതിക്കും മാലിയിട്ടു എന്ന വിവരം കൂടി പുറത്തുവന്നത് പാർട്ടിയെ അടിമുടി വെട്ടിലാക്കി. 2023 നവംബറിലെ വധശ്രമക്കേസിൽ ഒന്നാംപ്രതിയായ ശരൺ ചന്ദ്രൻ ഹൈക്കോടതിയിൽ നിന്ന് ജാമ്യമെടുത്തു. എന്നാൽ, നാലാം പ്രതി സുധീഷ് ഒളിവിലെന്നാണ് പത്തനംതിട്ട പൊലീസ് പറയുന്നത്. ശരൺ ചന്ദ്രനൊപ്പം സുധീഷിനെ രക്തഹാരം അണിയിച്ച് പാർട്ടിയിലേക്ക് സ്വീകരിക്കുന്നതിന്റെ ചിത്രങ്ങൾ പുറത്തുവരുകയും ചെയ്തു.

പാർട്ടിയിലേക്ക് വന്നവരുടെ പശ്ചാത്തലം പരിശോധിച്ചില്ലേ എന്ന ചോദ്യത്തിനാണ് സിപിഎം ജില്ലാ സെക്രട്ടറി കെ.പി. ഉദയഭാനു വിചിത്ര മറുപടി നൽകിയത്.കേസിൽ വാദി എസ്എഫ്ഐ പ്രവർത്തകരാണ്. അത്തരമൊരു വധശ്രമക്കേസാണ് കോടതിയിൽ ഒത്തുതീർപ്പാക്കുമെന്ന് ജില്ലാ സെക്രട്ടറി പറയുന്നത്. അതേസമയം, ക്രിമിനൽ കേസുകൾ സിപിഎം ഒഴിവാക്കിക്കൊടുക്കമെന്ന ഡീൽ ഇതോടെ കൂടുതൽ വ്യക്തമായിക്കുകയാണ്.

ചെങ്കൊടിഏന്തിയപ്പോൾ യുവാക്കളുടെ ക്രിമിനൽ പശ്ചാത്തലമെല്ലാം മാറിയെന്നായിരുന്നു മന്ത്രി വീണ ജോർജ്ജ് മുൻപ് വിശദീകരിച്ചത്. പിന്നീട് ഒരു പ്രതികരണത്തിനും ജില്ലാ സെക്രട്ടറിയും മന്ത്രിയും തയ്യാറായിട്ടില്ല. തെറ്റുതിരുത്തൽ നടപടി തുടങ്ങിയ പാർട്ടിയെ മന്ത്രിയും ജില്ലാ സെക്രട്ടറിയും വെട്ടിലാക്കിയതിൽ സിപിഎമ്മിൽ തന്നെ അമർഷം ശക്തമാണ്.



എസ്എഫ്ഐക്കാരെ കൊലപ്പെടുത്താൻ ശ്രമിച്ച കേസിലെ നാലാം പ്രതി സുധീഷിനെ മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ സ്വീകരിക്കുന്നു

## സംസ്ഥാനത്ത് 11 പനിമരണം
## ■ നാലുപേർക്കുകൂടി കോളറ ■ മഞ്ഞപ്പിത്തം മൂലം ഒരാൾ മരിച്ചു

തിരുവനന്തപുരം: ആശങ്കയുളവാക്കി സംസ്ഥാനത്ത് പനി പടരുന്നു. പനിബാധിച്ച് വെള്ളിയാഴ്ച 11 പേർ മരിച്ചു. ഔദ്യോഗിക കണക്കനുസരിച്ച് സംസ്ഥാനത്തൊട്ടാകെ ഇന്നലെ പനിബാധിതരുടെ എണ്ണം 12,204 ആണ്. ഡെങ്കിപ്പനി ലക്ഷണങ്ങളുമായി 438 പേർ ചികിത്സ തേടിയിട്ടുണ്ട്. മലപ്പുറത്ത് മഞ്ഞപ്പിത്തം ബാധിച്ച് ചികിത്സയിലായിരുന്ന ഒരാൾ കൂടി മരിച്ചു. നിലമ്പൂർ മാനവേന്ദ്ര ഹയർ സെക്കന്ററി സ്കൂൾ അധ്യാപകനായ കൊല്ലം സ്വദേശി അജീഷ് ആണ് മരിച്ചത്. രോഗലക്ഷണങ്ങളുമായി പത്ത് ദിവസം മുമ്പാണ് അജീഷിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.നിലമ്പൂർ മേഖലയിൽ ആശങ്കയുണ്ടാക്കുന്ന തരത്തിൽ മഞ്ഞപ്പിത്ത വ്യാപനം ഉണ്ടായിരുന്നു. വള്ളിക്കുന്ന്, പോത്തുകല്ല്, എടക്കര മേഖലയിൽ രോഗവ്യാപനം നിലനിൽക്കുന്നതായാണ് റിപ്പോർട്ട്. അതിനിടെ തിരുവനന്തപുരത്ത് നാലുപേർക്കുകൂടി കോളറ സ്ഥിരീകരിച്ചു. നെയ്യാറ്റിൻകരയിലെ സ്വകാര്യ കെയർ ഹോമിലെ അന്തേവാസികൾക്കാണ് രോഗബാധ സ്ഥിരീകരിച്ചത്. ഇതോടെ ആകെ കോളറ ബാധിതരുടെ എണ്ണം 11 ആയി. ഇവിടെ താമസിച്ചിരുന്ന 26 കാരന്റെ മരണം കോളറ ബാധിച്ചാണെന്ന് സംശയിക്കുന്നുണ്ട്. സ്ഥിതി വിലയിരുത്താൻ ആരോഗ്യ മന്ത്രി വീണാ ജോർജ്ജിന്റെ നേതൃത്വത്തിൽ ഉന്നത തല യോഗം ചേർന്നു. സംസ്ഥാനത്ത് കുട്ടികളുടേയും മുതിർന്നവരുടേയും കെയർ ഹോം നടത്തുന്നവർ പ്രത്യേക ശ്രദ്ധ പുലർത്തണമെന്ന് മന്ത്രി ആവശ്യപ്പെട്ടു.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 13 ശനി
ഗൾഫ് ചന്ദ്രിക

## അബുദാബിയിൽ പുതിയ ചൈൽഡ് സെന്റർ സ്ഥാപിക്കുന്നു

അബുദാബി: കുട്ടികളുടെ സംരക്ഷണം ഉറപ്പാക്കാൻ അബുദാബിയിൽ പുതിയ ചൈൽഡ് സെന്റർ സ്ഥാപിക്കുന്നു. ബാലാവകാശവും കുട്ടികളുടെ സംരക്ഷണവും ഉറപ്പാക്കാനും കുട്ടികൾക്കെതിരായ അതിക്രമം തടയുകയുമാണ് ലക്ഷ്യം. കുടുംബ പരിചരണ അതോറിറ്റിയും വിവിധ സർക്കാർ സ്ഥാപനങ്ങളും ചേർന്നാണ് പദ്ധതി യാഥാർഥ്യമാക്കുക. പ്രസിഡൻഷ്യൽ കോർട്ട് ഡപ്യൂട്ടി ചെയർമാനും അബുദാബി ഏർലി ചൈൽഡ് ഹുഡ് അതോറിറ്റി ചെയർമാനുമായ ശൈഖ് തിയാബ് ബിൻ സായിദ് അൽ നഹ്യാന്റെ സാന്നിധ്യത്തിൽ ഇതുസംബന്ധിച്ച ധാരണാപത്രം ഒപ്പിവെച്ചു.



## കറൻസി മൂല്യം

1 യു.എ.ഇ ദിർഹം 22.73 ₹
1 ഒമാനി റിയാൽ 216.89 ₹
1 സൗദി റിയാൽ 22.26 ₹
1 ഖത്തർ റിയാൽ 22.90 ₹
1 കുവൈത്ത് ദിനാർ 273.08 ₹
1 ബഹ്റൈൻ ദിനാർ 221.55 ₹

## സ്വർണവില

(ഗ്രാമിന്-ദിർഹം)

24 കാരറ്റ് 291.25
22 കാരറ്റ് 269.50
21 കാരറ്റ് 261.00
18 കാരറ്റ് 223.75





SHORT NEWS



### ഇമാറാത്തി കവി അൽ കഅബി അന്തരിച്ചു

ദുബൈ: ഇമാറാത്തി കവി ഖലീഫ ബിൻ ഹമദ് അൽ കഅബി അന്തരിച്ചു. അബുദാബിയിൽ കവിതാ പ്രസ്ഥാനം സ്ഥാപിച്ച ആദ്യ കവികളിൽ ഒരാളായി കണക്കാക്കപ്പെടുന്ന അൽ കഅബി ദേശീയവും സാമൂഹികവുമായ കവിതകളുടെ പാരമ്പര്യം അവശേഷിപ്പിച്ചാണ് വിടവാങ്ങിയത്. അൽ ഐൻ നഗരത്തിലെ കവികളുടെ കൗൺസിൽ അംഗവും അബുദാബി ടെലിവിഷനിലെ കൗൺസിലിന്റെ സ്ഥാപകരിൽ ഒരാളുമായിരുന്നു. കവിതാ രംഗത്തെ ഏറ്റവും മികച്ച കവികളിൽ ഒരാളെയാണ് അറബ് ലോകത്തിന് നഷ്ടപ്പെട്ടത്.

### തീവ്രവാദ പ്രവർത്തനം യുഎഇയിൽ 43 പേർക്ക് ജീവപര്യന്തം

അബുദാബി: യുഎഇയിൽ തീവ്രവാദ പ്രവർത്തനങ്ങൾ നടത്തിയതിന് മുസ്‌ലിം ബ്രദർഹുഡിലെ 43 പേരെ ജീവപര്യന്തം തടവിന് ശിക്ഷിച്ചു. മറ്റ് 5 പ്രതികൾക്ക് 15 വർഷം വീതവും വേറെ 5 പേർക്ക് 10 വർഷം വീതവും തടവ് വിധിച്ചു. ഇതുമായി ബന്ധപ്പെട്ട 6 കമ്പനികൾക്ക് 2 കോടി ദിർഹം വീതം പിഴയും ചുമത്തി. അബുദാബി ഫെഡറൽ അപ്പീൽ കോടതിയാണ് 53 പേരുടെ ശിക്ഷ പ്രഖ്യാപിച്ചത്. 24 പ്രതികൾക്കെതിരായ ക്രിമിനൽ കുറ്റങ്ങൾ ഒഴിവാക്കുകയും ഒരാളെ വെറുതെ വിടുകയും ചെയ്തു. ജസ്റ്റിസ് ആൻഡ് ഡിഗ്നിറ്റി സംഘടന രൂപീകരിച്ച് യുഎഇയിൽ തീവ്രവാദ പ്രവർത്തനങ്ങൾ നടത്തുന്നത് തെളിഞ്ഞതിനെ തുടർന്നാണ് നടപടി.

### ഉപേക്ഷിച്ച വാഹനങ്ങൾ നീക്കം ചെയ്യും

ദുബൈ: വിവിധ കേന്ദ്രങ്ങളിൽ ഉപേക്ഷിക്കപ്പെട്ട വാഹനങ്ങൾ അധികൃതർ നീക്കം ചെയ്യുന്നു. വാഹന പരിശോധനാ, റജിസ്ട്രേഷൻ തുടങ്ങി ദുബൈയിലെ വിവിധ കേന്ദ്രങ്ങളിലായി ഉപേക്ഷിക്കപ്പെട്ട വാഹനങ്ങൾ ദുബൈ നഗരസഭ നീക്കം ചെയ്തുതുടങ്ങി. ഈ കേന്ദ്രങ്ങളുടെ പാർക്കിങ്ങുകളിൽ അലക്ഷ്യമായി വാഹനം നിർത്തിയിടുന്നവർക്കെതിരെയും നടപടി വരും. അൽവർസാൻ, ഖിസൈസ്, ഷാമിൽ, മുഹൈസിന, നാദ് അൽ ഹമ്മർ, തമാം, അൽബർഷ, അൽമുമയസ്, വാസൽ അൽ ജദാഫ് എന്നീ ടെസ്റ്റിങ്, റജിസ്ട്രേഷൻ കേന്ദ്രങ്ങളിൽ ഉപേക്ഷിച്ച വാഹനങ്ങളാണ് നീക്കുന്നത്.

# ദുബൈ ജിഡിആർഎഫ്എ നേട്ടങ്ങളുടെ നെറുകയിൽ

## ആഘോഷം പ്രൗഢമായി ഉദ്യോഗസ്ഥർക്ക് ആദരം

ദുബൈ: ദുബൈ ജനറൽ ഡയറക്ടറേറ്റ് ഓഫ് റസിഡൻസി ആന്റ് ഫോറിനേഴ്സ് അഫയേഴ്സ് (ജിഡിആർഎഫ്എ) കഴിഞ്ഞ വർഷങ്ങളിൽ തങ്ങൾ കൈവരിച്ച മികച്ച നേട്ടങ്ങൾ പ്രൗഢമായി ആഘോഷിച്ചു. 'എലൈറ്റ് സെറിമണി' എന്ന പേരിൽ ദുബൈ വേൾഡ് ട്രേഡ് സെന്ററിൽ സംഘടിപ്പിച്ച ചടങ്ങിൽ 2000ത്തിലധികം എമിഗ്രേഷൻ ഉദ്യോഗസ്ഥരെ ആദരിച്ചു. ദുബൈ പൊലീസ് ആന്റ് പബ്ലിക് സെക്യൂരിറ്റി ഡെപ്യൂട്ടി ചീഫ് ലഫ്റ്റനന്റ് ജനറൽ ദാഹി ഖൽഫാൻ തമീം, ജിഡിആർഎഫ്എ ഡയരക്ടർ ജനറൽ ലഫ്റ്റനന്റ് ജനറൽ മുഹമ്മദ് അഹ്മദ് അൽ മർറി, ദുബൈ കൾച്ചർ ആന്റ് ആർട്സ് അതോറിറ്റി ഡയരക്ടർ ജനറൽ ഹലാ ബദ്രി, ജിഡിആർഎഫ്എ അസിസ്റ്റന്റ് ഡയരക്ടർമാർ, ദുബൈ പൊലീസിലെ ഉന്നത ഉദ്യോഗസ്ഥർ അടക്കം നിരവധി പേർ പങ്കെടുത്തു. മേധാവി ലഫ്റ്റനന്റ് ജനറൽ മുഹമ്മദ് അഹ്മദ് അൽ മർറിയുടെ പ്രഭാഷണത്തോടെയാണ് ചടങ്ങ് ആരംഭിച്ചത്. യുഎഇ വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയും ദുബൈ ഭരണാധികാരിയുമായ ശൈഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂമിന്റെ നിരന്തരമായ പിന്തുണയും മാർഗനിർദേശവുമാണ് ജിഡിആർഎഫ്എ കൈവരിച്ച നേട്ടങ്ങൾക്ക് പ്രധാന കാരണമായതെന്ന് ലഫ്.ജനറൽ അൽ മർറി പറഞ്ഞു.

ലോകത്തെമ്പാടുമുള്ള ആളുകൾക്ക് ദുബൈയിലേക്കുള്ള പ്രവേശനം സുഗമമാക്കാനും മികച്ച സൗകര്യങ്ങൾ ഒരുക്കാനുമുള്ള ശൈഖ് മുഹമ്മദിന്റെ ദീർഘവീക്ഷണങ്ങൾ ഞങ്ങളെ കൂടുതൽ മികവിലേക്ക് നയിച്ചു. 2006 ലഭിച്ച ദുബായ് എക്സലൻസ് അവാർഡുകൾ ഞങ്ങൾക്ക് വലിയ പ്രോത്സാഹനമായിരുന്നു. കാര്യമായ മെച്ചപ്പെടുത്തലുകൾ ആവശ്യമായ സമയമായിരുന്നു അത്. മുൻ വർഷങ്ങളിലെ തുടർച്ചയായ പുരാഗതിയിൽ ശൈഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം നൽകിയ പ്രോത്സാഹനമാണ് പ്രാദേശിക തലത്തിലും അന്താരാഷ്ട്ര തലത്തിലേക്ക് അതോറിറ്റിയുടെ കീർത്തി വർധപ്പിച്ചതെന്ന് കഴിഞ്ഞ 18 വർഷത്തെ പ്രവർത്തന മികവ് പരാമർശിച്ചുകൊണ്ട് ലഫ്റ്റനൽ ജനറൽ മുഹമ്മദ് അഹ്മദ് അൽ മർറി പറഞ്ഞു. ആധുനിക സാങ്കേതിക വിദ്യകൾ സ്വീകരിക്കുക, മികച്ച ആഗോള സമ്പ്രദായങ്ങൾ നടപ്പിലാക്കുക എന്നീ പ്രധാന തന്ത്രങ്ങളിലൂടെ ഡിജിറ്റൽ സേവനങ്ങളിലും ആർട്ടിഫിഷ്യൽ ഇന്റലിജൻസിലും തുടർച്ചയായ വികസനത്തിനും നവീകരണത്തിനുമാണ് ജനറൽ ഡയരക്ടറേറ്റ് ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്ന് ലഫ്റ്റനൽ ജനറൽ ഊന്നി പറഞ്ഞു. ഉദ്യോഗസ്ഥരുടെ മികവാർന്ന സേവനമികവുകളെ അദ്ദേഹം പ്രശംസിക്കുകയും ചെയ്തു.

2023ലും 2024 ആദ്യ വർഷങ്ങളിലും ജിഡിആർഎഫ്എക്ക് ലഭിച്ച നേട്ടങ്ങളും അവാർഡുകളും ചടങ്ങിൽ പ്രദർശിപ്പിച്ചു. അതോറിറ്റിക്ക് നൽകുന്ന നിരന്തരമായ പിന്തുണയ്ക്ക് ലഫ്റ്റനന്റ് ജനറൽ ദാഹി ഖൽഫാൻ തമീമിനെ ചടങ്ങിൽ പ്രത്യേകം ആദരിക്കുകയും ചെയ്തു.



ദുബൈ ജിഡിആർഎഫ്എ സംഘടിപ്പിച്ച 'എലൈറ്റ് സെറിമണി' ആഘോഷ ചടങ്ങിൽ ദുബൈ പൊലീസ് ആന്റ് പബ്ലിക് സെക്യൂരിറ്റി ഡെപ്യൂട്ടി ചീഫ് ലഫ്റ്റനന്റ് ജനറൽ ദാഹി ഖൽഫാൻ തമീം, ജിഡിആർഎഫ്എ ഡയരക്ടർ ജനറൽ ലഫ്.ജനറൽ മുഹമ്മദ് അഹ്മദ് അൽ മർറി എന്നിവർ

## അൽമർറി വിശ്വാസം കാത്തു ലഫ്.ജനറൽ ദാഹി ഖൽഫാൻ തമീം

ദുബൈ: തനിക്കുള്ള വിശ്വാസം കാത്തുസൂക്ഷിച്ച വിശ്വസ്തനായ ഉദ്യോഗസ്ഥനാണ് ഇപ്പോഴത്തെ ജിഡിആർഎഫ്എ മേധാവി ലഫ് : ജനറൽ മുഹമ്മദ് അഹ്മദ് അൽ മർറിയെന്ന് ദുബൈ പൊതു സുരക്ഷാ വിഭാഗം ഡെപ്യൂട്ടി ചെയർമാൻ ലെഫ്. ജനറൽ ദാഹി ഖൽഫാൻ തമീം അഭിപ്രായപ്പെട്ടു. ഒരിക്കൽ ഹിസ് ഹൈനസ് ഷെയ്ഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തും ജിഡിആർഎഫ്എയെ പുനരുജ്ജീവിപ്പിക്കുന്നതിന് ഒരു മികച്ച നേതൃത്വത്തെ നിർദ്ദേശിക്കണമെന്ന് എന്നോട് ആവശ്യപ്പെട്ടു.ദുബായ് പൊലീസ് സി ഐ ഡി വിഭാഗത്തിന്റെ മേധാവിയായിരുന്നു അൽ മർറിയെ ഈ ദൗത്യം ഏൽപ്പിക്കാൻ എനിക്ക് രണ്ടാമതൊന്ന് ആലോചിക്കേണ്ടി വന്നില്ല. മനുഷ്യത്വവും സേവനമികവും ഒത്തുചേർന്ന അദ്ദേഹത്തിന്റെ നേതൃത്വപാടവം എനിക്ക് നന്നേ ബോധിച്ചതായിരുന്നു.ആ വിശ്വാസം ലഫ്റ്റനൽ ജനറൽ മുഹമ്മദ് അഹ്മദ് അൽ മർറി ഇന്നും കാത്തുസൂക്ഷിച്ചു പോകുന്നു എന്ന് അദ്ദേഹം വെളിപ്പെടുത്തി.ദുബായ് വേൾഡ് സെൻററിൽ നടന്ന ജിഡിആർഎഫ്എ എലൈറ്റ് ചടങ്ങിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ദുബായ് അന്താരാഷ്ട്ര വിമാനത്താവളങ്ങളിലൂടെ കടന്നുപോകുന്ന യാത്രകാർക്ക് മികച്ച അനുഭവം നൽകുന്നതിൽ അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിച്ചു. യാത്രക്കാർക്കും ഉപഭോക്താക്കൾക്കും മികച്ച അനുഭവങ്ങൾ നൽകി. മുമ്പ് സങ്കീർണമായുള്ള നടപടിക്രമങ്ങൾ ലളിതവൽക്കരിച്ചു സേവനങ്ങൾ വേഗത്തിലാക്കി. ഒപ്പം തന്നെ വീസാ സേവനങ്ങൾ പരിപൂർണ്ണമായി ഓൺലൈനാക്കി ഇടപാടുകളുടെ സുതാര്യത വർദ്ധിപ്പിച്ചുയെന്ന് അദ്ദേഹം പറഞ്ഞു. ഇത് യുഎഇയുടെ, പ്രത്യേകിച്ച് ദുബായുടെ പ്രശസ്തി ഉയർത്തിയെന്ന് അദ്ദേഹം പറഞ്ഞു.



ജിഡിആർഎഫ്എ ഡയരക്ടർ ജനറൽ ലഫ്.ജനറൽ മുഹമ്മദ് അഹ്മദ് അൽ മർറിക്ക് ദുബൈ പൊലീസ് ആന്റ് പബ്ലിക് സെക്യൂരിറ്റി ഡെപ്യൂട്ടി ചീഫ് ലഫ്ജനറൽ ദാഹി ഖൽഫാൻ തമീം ഉപഹാരം നൽകുന്നു



'എന്റെ കുടുംബം എന്റെ യഥാർത്ഥ സമ്പത്ത്' എന്ന പ്രമേയത്തിൽ ദുബൈ മാളിൽ ദുബൈ പൊലീസ് നടത്തിയ മയക്കുമരുന്ന് വിരുദ്ധ ബോധവത്ക്കരണം

## 'എന്റെ കുടുംബം യഥാർത്ഥ സമ്പത്ത്' പൊലീസ് കാമ്പയിൻ ശ്രദ്ധേയമായി

ദുബൈ: മയക്കുമരുന്ന് ഉപയോഗത്തിനും കടത്തിനുമെതിരെ എന്റെ കുടുംബം... എന്റെ യഥാർത്ഥ സമ്പത്ത്എന്ന മുദ്രാവാക്യമുയർത്തി ദുബൈ മാളിൽ നടന്ന മയക്കുമരുന്ന് ബോധവൽക്കരണ പരിപാടി വിജയകരമായി സമാപിച്ചു. മയക്കുമരുന്നുകളുടെയും സൈക്കോട്രോപിക് വസ്തുക്കളുടെയും അപകടങ്ങളെക്കുറിച്ച് സമൂഹത്തിൽ അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടെയാണ് ജനറൽ ഡിപ്പാർട്ട്മെന്റ് ഓഫ് ആന്റി നാർക്കോട്ടിക്സ് പരിപാടി സംഘടിപ്പിച്ചത്. ദുബൈ പോലീസിന്റെ ആഭിമുഖ്യത്തിൽ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് അതോറിറ്റി, ദുബൈ കസ്റ്റംസ്, എറാഡ സെ ന്റർ ഫോർ ട്രീറ്റ്മെന്റ് ആൻഡ് റീഹാബിലിറ്റേഷൻ, ഹെൽത്ത് അതോറിറ്റി, അൽ അമീൻ സർവീസ്, എമിറേറ്റ്സ് ഹെൽത്ത് സർവീസസ്, നാഷണൽ റീഹാബിലിറ്റേഷൻ സെന്റർ പങ്കാളികളായി. ക്രിമിനൽ ഇൻവെസ്റ്റിഗേഷൻ അഫയേഴ്സ് അസിസ്റ്റന്റ് കമാൻഡന്റ് മേജർ ജനറൽ എക്സ്പെർട്ട് ഖലീൽ ഇബ്രാഹിം അൽ മൻസൂരി സമാപന ചടങ്ങിൽ പങ്കെടുത്തു. സാമൂഹ്യ ബോധത്തോടെയും പ്രതിരോധ പ്രവർത്തനങ്ങളിലൂടെയും മയക്കുമരുന്ന് ദുരുപയോഗം ചെറുക്കാനുള്ള ദുബൈ പോലീസിന്റെ അചഞ്ചലമായ പ്രതിബദ്ധത അദ്ദേഹം ഊന്നിപ്പറഞ്ഞു.

യുവാക്കളും കുടുംബങ്ങളും ഉൾപ്പെടെ സമൂഹത്തിലെ എല്ലാ അംഗങ്ങളേയും ലക്ഷ്യമിട്ട് സമഗ്രമായ ബോധവൽക്കരണ കാമ്പെയ്നുകൾ നടപ്പിലാക്കാൻ സേനയും സുരക്ഷാ അധികാരികളും പ്രവർത്തിക്കുന്നു. മയക്കുമരുന്നിന്റെ ആരോഗ്യവും മാനസികവും സാമൂഹികവും സാമ്പത്തികവുമായ ദോഷങ്ങളെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുകയും ആസക്തിയുടെ കെണിയിൽ വീഴാതിരിക്കാൻ ആവശ്യമായ അറിവ് വ്യക്തികളെ സജ്ജമാക്കുകയും ചെയ്യുകയാണ് ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു. മയക്കുമരുന്ന് ദുരുപയോഗത്തിന്റെ കെണിയിൽ വീഴാതെ കുട്ടികളെ സംരക്ഷിക്കുന്നതിൽ കുടുംബങ്ങൾക്കും നിർണായക പങ്കുണ്ട്. അതിനാൽ, വിവിധ എക്സിബിഷനുകളിലൂടെയും പരിപാടികളിലൂടെയും ദുബൈ പോലീസ് പ്രതിരോധ മാർഗങ്ങൾ ഉയർത്തിക്കാട്ടാൻ പ്രവർത്തിക്കുന്നു. ബോധവൽക്കരണം, ചികിത്സാ പരിപാടികൾ, കമ്മ്യൂണിറ്റി സപ്പോർട്ട് സംരംഭങ്ങൾ എന്നിവ വിവരങ്ങളും ഫീഡ്ബാക്കും നൽകുന്നതിന് ദുബൈ പോലീസുമായി രഹസ്യ ആശയവിനിമയ സംവിധാനം ഒരുക്കിയിട്ടുണ്ട്.

## വാഹനമോടിക്കുന്നതിൽ അശ്രദ്ധ ദുബൈയിൽ 20,000 പേർക്ക് പിഴ



ദുബൈ: വാഹനമോടിക്കുന്നതിൽ അശ്രദ്ധ കാണിച്ചതിന് ദുബൈയിൽ ഈ വർഷം ഇതുവരെ 20,000 പേർക്ക് പിഴ ചുമത്തിയതായി നാഷണൽ സമ്മർ റോഡ് സീരിസ് വിലയിരുത്തി. ഇതോടെ ഡ്രൈവർമാർ കൂടുതൽ ശ്രദ്ധാലുക്കളായതായി കാണപ്പെട്ടു. 2023ൽ ഡ്രൈവർമാർക്ക് 54,706 പിഴകൾ നൽകി. പ്രധാനമായും വാഹനമോടിക്കുമ്പോൾ മൊബൈൽ ഫോണുകൾ ഉപയോഗിച്ചതിന്, മാത്രമല്ല ഭക്ഷണം കഴിക്കുന്നതിനും വായിക്കുന്നതിനും തലയിൽ സ്കാർഫുകൾ ക്രമീകരിക്കുന്നതിനും മേക്കപ്പ് പുരട്ടുന്നതിനുമായിരുന്നു പിഴ. ഡ്രൈവിംഗിൽ അശ്രദ്ധ കാണിച്ചാൽ 800 ദിർഹം പിഴയും ഡ്രൈവിംഗ് ലൈസൻസിന് നാല് ബ്ലാക്ക് പോയിന്റുകളും ബാധകമാകും. മൊത്തം 24 പോയിന്റുകൾ ഒരു വർഷത്തേക്ക് റോഡിൽ അയോഗ്യരാക്കുന്നതിനും വാഹനം കണ്ടുകെട്ടുന്നതിനും കാരണമാകും. മുൻ വർഷങ്ങളെ അപേക്ഷിച്ച് 2023ൽ യുഎഇ അപകടങ്ങൾ വർധിച്ചപ്പോൾ, മരണങ്ങളുടെയും ഗുരുതരമായ പരിക്കുകളുടെയും എണ്ണം കുറഞ്ഞു. അപകടങ്ങളിൽ അധികവും തലയ്ക്ക് സാരമായ പരിക്കുകൾ മുതൽ നെഞ്ചിലും വയറിലും കൈകാലുകളിലും സംഭവിക്കുന്ന ഒന്നിലധികം ആഘാതങ്ങൾ വരെയാണ്. റോഡ് സുരക്ഷയെക്കുറിച്ചുള്ള ദേശീയ സമ്മർ സീരീസിന്റെ ഭാഗമായി, വിദഗ്ധർ ഏറ്റവും വലിയ മോട്ടോർവേ അപകടസാധ്യതകളും അടിയന്തര ട്രോമ കെയർ മെച്ചപ്പെടുത്തുന്നതിനായി ആശുപത്രികൾ എങ്ങനെ പ്രതികരിക്കുന്നുവെന്നും വെളിപ്പെടുത്തി. അടിയന്തര പ്രതികരണങ്ങൾക്ക് സാറ്റലൈറ്റ് ആശുപത്രികൾ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവെച്ചതായും യോഗം വിലയിരുത്തി.

## കാൻസർ ചികിത്സയിൽ കഴിയുന്ന കുട്ടികൾ സ്പേസ് സെന്റർ സന്ദർശിച്ചു

ദുബൈ: കാൻസർ ബാധിതരായ കുട്ടികളുടെ മാനസിക ഉല്ലാസം ലക്ഷ്യമാക്കി, സ്പേസ് സെന്റർ സന്ദർശനം സംഘടിപ്പിച്ചു. മുഹമ്മദ് ബിൻ റാഷിദ് സ്പേസ് സെന്ററിൽ നിന്നുള്ള ഇമാറാത്തി ബഹിരാകാശ യാത്രികരായ നോറ അൽമത്രൂഷിയുടെയും മുഹമ്മദ് അൽമുല്ലയുടെയും നേതൃത്വത്തിൽ ദുബൈ മെഡിക്ലിനിക് ഹോസ്പിറ്റലിൽ കാൻസർ ചികിത്സയിൽ കഴിയുന്ന 25 കുട്ടികളെയാണ് സെന്ററിൽ എത്തിച്ചത്. കുട്ടികൾ ബഹിരാകാശ സഞ്ചാരികളുമായി സംവദിക്കുകയും അവരുടെ ആഗ്രഹങ്ങളും സ്വപ്നങ്ങളും പ്രകടിപ്പിക്കുകയും ചെയ്തു. അവരിൽ ചിലർ ബഹിരാകാശത്ത് പൊങ്ങിക്കിടക്കാൻ ആഗ്രഹിച്ചു, ചില പെൺകുട്ടികൾ ചന്ദ്രനിൽ ജീവിക്കാനും നക്ഷത്രങ്ങളെ എടുത്ത് തലയിണകൾക്കടിയിൽ ഒളിപ്പിക്കാനുമുള്ള തങ്ങളുടെ സ്വപ്നങ്ങൾ പ്രകടിപ്പിച്ചു. പ്രതീക്ഷ നിറഞ്ഞതും അതുല്യവും ഊർജ്ജസ്വലവുമായ സന്ദർശനമായിരുന്നു. കുട്ടികളുടെ മനോവീര്യം വർദ്ധിപ്പിക്കുന്നതിനുമായി നിരവധി സമ്മാനങ്ങൾ നൽകുകയും വിവിധ ഗെയിമുകൾ സംഘടിപ്പിക്കുകയും ചെയ്തു. എഫ്ഒസിപി ഡയറക്ടർ ഐഷ അൽ മുല്ല, ദുബൈ മെഡിക്ലിനിക് ഹോസ്പിറ്റൽ മെഡിക്കൽ ഡയറക്ടർ ജോഹാൻ സ്നിഗ്, കുട്ടികളുടെ ചികിത്സക്ക് മേൽനോട്ടം വഹിക്കുന്ന നിരവധി ഫിസിഷ്യൻമാർ സന്ദർശനത്തിൽ പങ്കെടുത്തു. കുട്ടികൾക്ക് വൈകാരിക പിന്തുണ നൽകാനും ബഹിരാകാശ പര്യവേക്ഷണം നടത്താനും ബഹിരാകാശയാത്രികരുടെ യാത്രകളെക്കുറിച്ചുള്ള മനസ്സിലാക്കാനും സന്ദർശനം ഉപകരിച്ചു. കൂടാതെ, കുട്ടികൾക്ക് അവരുടെ ആശയങ്ങളും വികാരങ്ങളും സ്വപ്നങ്ങളും പ്രകടിപ്പിക്കാനും അവസരം ലഭിച്ചു. ബഹിരാകാശത്തെക്കുറിച്ചുള്ള അവരുടെ ചോദ്യങ്ങൾക്കും അന്വേഷണങ്ങൾക്കും ഉത്തരവും ലഭിച്ചു.



കുട്ടികൾ മുഹമ്മദ് ബിൻ റാഷിദ് സ്പേസ് സെന്റർ സന്ദർശിച്ചപ്പോൾ

## അപകടത്തിൽ മരിച്ച മലയാളിയുടെ കുടുംബത്തിന് രണ്ടു ലക്ഷം ദിർഹം നഷ്ടപരിഹാരം വിധിച്ച് ദുബൈ കോടതി

ദുബൈ: ബസ് അപകടത്തിൽ മരിച്ച ആലപ്പുഴ ഹരിപ്പാട് കരുവാറ്റ സ്വദേശി എബി ഏബ്രഹാമിന്റെ കുടുംബത്തിന് 2 ലക്ഷം ദിർഹം നഷ്ടപരിഹാരം നൽകാൻ ദുബൈ കോടതി വിധിച്ചു. ഏഴ് മാസത്തോളം നടത്തിയ നിയമ നടപടികൾക്കൊടുവിലാണ് എബിയുടെ കുടുംബത്തിന് അനുകൂലമായ കോടതി വിധി ലഭിച്ചിരിക്കുന്നത്. 2020 ജൂലൈ 12 ന് ദുബൈ ശൈഖ് സായിദ് അൽ മനാറ പാലത്തിലൂടെ അബുദാബിയിലേക്ക് പോകുകയായിരുന്ന എബി സഞ്ചരിച്ച മിനി ബസ്, ഡ്രൈവറുടെ അശ്രദ്ധമൂലം സിമന്റ് ബാരിയറിലിടിച്ചു തീപിടിക്കുകയായിരുന്നു. യാത്രക്കാരായ 14 പേരിൽ എബിയുൾപ്പടെ 2 പേർക്ക് ജീവൻ നഷ്ടപ്പെടുകയും ബാക്കി 12 പേർ പരുക്കുകളോടെ രക്ഷപ്പെടുകയും ചെയ്തു. മതിയായ മുൻകരുതലുകളില്ലാതെയും അശ്രദ്ധമായും വാഹനമോടിച്ചതിന് പാക്കിസ്ഥാൻ സ്വദേശിയായ ഡ്രൈവർക്കെതിരെ ദുബൈ പൊലീസ് കേസെടുക്കുകയും ക്രിമിനൽ കോടതിയിലേയ്ക്ക് റഫർ ചെയ്യുകയുമുണ്ടായി. പിന്നീട് കേസ് വിശകലനം ചെയ്ത ഫസ്റ്റ് ഇൻസ്റ്റന്റ് കോടതി മറ്റൊരാളുടെ ജീവനും സ്വത്തിനും ഹാനി വരുത്തിയതിന് ഡ്രൈവർക്ക് മൂന്ന് മാസം തടവും 1000 ദിർഹം പിഴയും മരണപ്പെട്ടവരുടെ കുടുംബത്തിന് രണ്ട് ലക്ഷം ദിർഹം ദയധനവും നൽകാൻ വിധിച്ചു. എന്നാൽ പാക്കിസ്ഥാൻ സ്വദേശി ഈ വിധിക്കെതിരെ അപ്പീൽ പോകുകയുണ്ടായി. അപ്പീൽ ഹർജി പരിഗണിച്ച കോടതി അപകട കാരണമന്വേഷിക്കാൻ സാങ്കേതിക വിദഗ്ധരെ നിയോഗിക്കുകയും തുടർന്ന് നടത്തിയ അന്വേഷണത്തിൽ ഡ്രൈവറുടെ അശ്രദ്ധയല്ല അപകടകാരണമെന്ന റിപോർട്ടിന്റെ അടിസ്ഥാനത്തിൽ ഇയാളെ കുറ്റവിമുക്തനാക്കി വെറുതെ വിടുകയായിരുന്നു.

കുടുംബത്തിന്റെ ആശ്രയമായിരുന്ന എബിയുടെ മരണത്തോടെ സാമ്പത്തിക പ്രതിസന്ധിയിലായ കുടുംബം അർഹമായ നഷ്ടപരിഹാരം ലഭിക്കുന്നതിന് പല നിയമ ാപനങ്ങളെയും അഭിഭാഷകരെയും സമീപിച്ചു. ക്രിമിനൽ കോടതി കുറ്റക്കാരനല്ലെന്ന് കണ്ടെത്തി ഡ്രൈവറെ വെറുതെ വിട്ടതിനാൽ നഷ്ടപരിഹാരത്തുക ലഭ്യമാകില്ലെന്നായിരുന്നു എല്ലായിടത്തുനിന്നും ലഭിച്ച മറുപടി. ശേഷം യുഎഇയിലെ ഒരു നിയമ സ്ഥാപനവുമായി ബന്ധപ്പെട്ട് കോടതിയെ സമീപിച്ചെങ്കിലും കേസ് തള്ളിപോകുകയായിരുന്നു. 3 വർഷം കഴിഞ്ഞ് കേസ് യാബ് ലീഗൽ സർവീസസ് ഏറ്റെടുത്ത് അപകടത്തിൽപ്പെട്ട ബസ് ഇൻഷുർ ചെയ്ത യുഎഇയിലെ ഇൻഷുറൻസ് കമ്പനിക്കെതിരെ നഷ്ടപരിഹാരം ലഭിക്കുന്നതിനായി ഇൻഷുറൻസ് തർക്ക പരിഹാര കോടതിയിൽ കേസ് നൽകി. അപകടത്തിൽ ഡ്രൈവറുടെ ഭാഗത്തു തെറ്റു സംഭവിച്ചിട്ടുണ്ടെന്നു കോടതിക്ക് വ്യക്തമായി. തുടർന്നാണ് ഇൻഷുറൻസ് കമ്പനി രണ്ട് ലക്ഷം ദിർഹം (46 ലക്ഷം ഇന്ത്യൻ രൂപ) എബിയുടെ കുടുംബത്തിന് നഷ്ടപരിഹാരം നൽകാൻ കോടതി ഉത്തരവിട്ടത്.



അപകടത്തിൽ മരിച്ച കുടുംബത്തിന് ദുബൈ കോടതിയുടെ നഷ്ടപരിഹാര ഉത്തരവ് കൈമാറുന്നു

## പഴയകാല ആഭരണങ്ങളും നാണയങ്ങളും കണ്ടെത്തി

ശ്രീകണ്ഠപുരം: തൊഴിലുറപ്പ് ജോലിക്കിടെ പഴയകാലത്തേതെന്ന് കരുതുന്ന സ്വർണാഭരണങ്ങളും വെള്ളി നാണയങ്ങളും കണ്ടെത്തി. ചെങ്ങളായി പരിപ്പായി ഗവ.യുപി സ്കൂളിന് സമീപത്തെ പുതിയപുരയിൽ താജുദ്ദീന്റെ റബർ തോട്ടത്തിൽ നിന്നാണ് ഇവ കണ്ടെത്തിയത്. പഞ്ചായത്തിലെ 10-ാം വാർഡിൽപെട്ട ഇവിടെ റബർ കുഴിയെടുക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് ആഭരണങ്ങളും നാണയങ്ങളും ലഭിച്ചത് ഒരു മീറ്റർ ആഴത്തിൽ ചിതറിയ നിലയിലാണ്. 17 മുത്തുമണി, 13 സ്വർണ ലോക്കറ്റ്, കാശു മാലയുടെതെന്ന് കരുതുന്ന നാല് പതക്കങ്ങൾ, ഒരു ജോഡി കമ്മൽ,അഞ്ച് പഴയകാല മോതിരം, നിരവധി വെള്ളിനാണയം, ഭണ്ഡാരമെന്ന് തോന്നിക്കുന്ന വസ്തു എന്നിവയാണ് ശേഖരത്തിലുള്ളത്. തൊഴിലുറപ്പുകാരായ തൊഴിലാളികൾ ഉടൻ ശ്രീകണ്ഠപുരം പൊലീസിൽ വിവരം അറിയിച്ചതിനെ തുടർന്ന് എസ്ഐ ഷിജുവിന്റെ നേതൃത്വത്തിൽ പൊലീസ് സംഘം എത്തി പരിശോധിച്ച് തളിപ്പറമ്പ് കോടതിയിൽ ഹാജരാക്കി.


## വെളിച്ചം ഖുർആൻ പദ്ധതി സംസ്ഥാനതല സംഗമം നാളെ കോഴിക്കോട്ട്


കോഴിക്കോട്: ഐ.എസ്.എം സംസ്ഥാന സമിതിയുടെ വെളിച്ചം ഖുർആൻ അന്താരാഷ്ട്ര പഠന പദ്ധതിയുടെ 18ാം ഘട്ട സംസ്ഥാന സംഗമവും ഫലപ്രഖ്യാപനവും അവാർഡ് സമർപ്പണവും നാളെ കോഴിക്കോട് ജെ.ഡി.ടി. ക്യാമ്പസിൽ നടക്കും. രാവിലെ 9.30 ന് കെ.ജെ.യു സംസ്ഥാന സെക്രട്ടറി ഡോ. ജമാലുദീൻ ഫാറൂഖി സംഗമം ഉദ്ഘാടനം ചെയ്യും. പഠിതാക്കളുടെ സംസ്ഥാന മെഗാ ക്വിസ് മത്സരം ഇ.വി അബ്ബാസ് സുല്ലമി നിയന്ത്രിക്കും. സമാപന സമ്മേളനം എം.കെ രാഘവൻ എം.പി ഉദ്ഘാടനം ചെയ്യും. രാജ്യത്തെ ഏറ്റവും വ്യവസ്ഥാപിതമായ ജനകീയ ഖുർആൻ പഠന സംരംഭമായ വെളിച്ചം പദ്ധതിയിലൂടെ പതിനായിരങ്ങളാണ് ദൈവിക വേദമായ ഖുർആന്റെ ആശയവും അർത്ഥവും പഠിച്ചു വരുന്നത്.

**വിദേശ വാർത്തകൾ**

# തോറ്റു, ബൈഡനെ കൊണ്ട്

### നാക്കുപിഴച്ചു, കമല ഹാരിസിന് പകരം ട്രംപ്, സെലെൻസിക്ക് പകരം പുട്ടിൻ





ന്യൂയോർക്ക്: യുഎസ് പ്രസിഡന്റ് ജോ ബൈഡന് വാർത്താ സമ്മേളനത്തിൽ നാക്കുപിഴ. വൈസ് പ്രസിഡന്റ് കമല ഹാരിസിനു പകരം ഡോണൾഡ് ട്രംപിന്റെ പേരാണ് ബൈഡൻ പറഞ്ഞത്. യുക്രെയ്ൻ പ്രസിഡന്റ് വ്ളാഡിമിർ സെലൻസ്കിക്കു പകരം പ്രസിഡന്റ് വ്ളാഡിമിർ പുട്ടിന്റെ പേരുമാണ് ബൈഡൻ പറഞ്ഞത്. ഇതോടെ ഇത് രാഷ്ട്രീയ കേന്ദ്രങ്ങളിൽ ചർച്ചയായി. ആരോഗ്യ കാരണങ്ങളാൽ ബൈഡൻ തിരഞ്ഞെടുപ്പിൽ നിന്ന് പിൻമാറണമെന്ന് ഡെമോക്രാറ്റിക് പക്ഷത്തു നിന്നു തന്നെ ആവശ്യം ഉയർന്നിരുന്നു. എന്നാൽ, തിരഞ്ഞെടുപ്പിൽ നിന്ന് പിൻമാറില്ലെന്ന് ബൈഡൻ വ്യക്തമാക്കിയതിന് പിന്നാലെയാണ് ഈ നാക്കു പിഴ. വ്ളാഡിമിർ പുട്ടിന്റെ പേരു തെറ്റായി പറഞ്ഞത് പിന്നീട് ബൈഡൻ തിരുത്തി. റഷ്യയുമായുള്ള യുദ്ധത്തിൽ യുക്രെയ്നു കൂടുതൽ പിന്തുണ ഉറപ്പിക്കാനായി വാഷിങ്ടണിൽ വച്ചു നടന്ന 75-ാമത് നാറ്റോ ഉച്ചകോടിയിലെ പ്രസംഗത്തിലാണ് 81 കാരൻ ബൈഡന്റെ നാക്കുപിഴ. 2023 നവംബറിനു ശേഷം ആദ്യമായാണ് പ്രസിഡന്റ് ഒറ്റയ്ക്കു വാർത്താസമ്മേളനം നടത്തുന്നത്. ബൈഡനെ പ്രസിഡന്റ് സ്ഥാനാർഥിത്വത്തിൽ നിന്നു മാറ്റി പകരം കമലാ ഹാരിസിനെ കൊണ്ടുവരണമെന്ന ആവശ്യം ഡെമോക്രാറ്റിക് പാർട്ടിക്കകത്തു നിന്നു തന്നെ ഉയരുന്നുണ്ടല്ലോ എന്നായിരുന്നു മാധ്യമപ്രവർത്തകരുടെ ചോദ്യം. അപ്പോഴാണ് വൈസ് പ്രസിഡന്റ് കമല ഹാരിസിനു പകരം പ്രസിഡന്റ് ട്രംപ് എന്നു ബൈഡൻ തെറ്റായി പറഞ്ഞത്. താൻ സംസാരിച്ച് കഴിഞ്ഞ ശേഷം യുക്രെയ്ൻ പ്രസിഡന്റ് സെലൻസ്കിക്ക് മൈക്ക് കൈമാറുന്നതിനിടെയാണ് ബൈഡന് അടുത്ത നാക്കുപിഴ സംഭവിച്ചത് 'ഇനി ഞാൻ യുക്രെയ്ൻ പ്രസിഡന്റിനെ ക്ഷണിക്കുന്നു. നിശ്ചയദാർഢ്യവും ധൈര്യവുമുള്ള വ്യക്തിയാണ് അദ്ദേഹം. പുടിന് സ്വാഗതം എന്നാണ് ബൈഡൻ പറഞ്ഞത്. ഉടൻ തന്നെ നാക്കുപിഴ തിരിച്ചറിഞ്ഞ ബൈഡൻ മൈക്കിനരികിലേക്ക് തിരിച്ചെത്തി. എന്നിട്ട് ഉച്ചത്തിൽ പറഞ്ഞതിങ്ങനെ 'പ്രസിഡൻറ് പുടിൻ! സെലൻസ്കി പ്രസിഡന്റ് പുടിനെ തോൽപ്പിക്കാൻ പോകുന്നവനാണ്. താൻ പുടിനേക്കാൾ നല്ലവനാണ് എന്നായിരുന്നു സെലൻസ്കിയുടെ മറുപടി.

### പിന്മാറില്ലെന്ന് ബൈഡൻ

ന്യൂയോർക്ക്: അമേരിക്കൻ പ്രസിഡന്റ് സ്ഥാനാർത്ഥിത്വത്തിൽ നിന്ന് പിന്മാറുമെന്ന അഭ്യൂഹം തള്ളി ജോ ബൈഡൻ. പിന്മാറാൻ ആലോചിക്കുന്നില്ലെന്നും തിരഞ്ഞെടുപ്പിൽ മുന്നോട്ട് തന്നെയെന്ന് അദ്ദേഹം വ്യക്തമാക്കി. നാറ്റോ സമ്മേളനത്തിനിടെയുള്ള വാർത്താസമ്മേളനത്തിലാണ് നിലപാട് വ്യക്തമാക്കിയത്. പ്രസിഡന്റ് സ്ഥാനാർത്ഥിയാകാൻ ഏറ്റവും യോഗ്യൻ താനെന്നും ജോ ബൈഡൻ പ്രതികരിച്ചു. ട്രംപിനെ ഒരിക്കൽ തോൽപ്പിച്ചു, വീണ്ടും പരാജയപ്പെടുത്തുമെന്നും ബൈഡൻ പറഞ്ഞു. തിരഞ്ഞെടുപ്പിൽ നിന്ന് പിന്മാറണമെന്ന ആവശ്യം ശക്തി പ്രാപിക്കുന്നതിനിടെയാണ് ബൈഡൻ നിലപാട് വ്യക്തമാക്കുന്നത്. പിന്മാറാൻ ആലോചിക്കുന്നില്ലെന്നും താൻ മുന്നോട്ട് തന്നെയെന്ന് ബൈഡൻ വ്യക്തമാക്കി. തന്റെ ഭരണ കാലയളവിൽ സാമ്പത്തിക മേഖല വൻ പുരോഗതി കൈവരിച്ചു. തുടങ്ങി വെച്ച പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനാണ് വീണ്ടും മത്സരിക്കുന്നതെന്ന് ജോ ബൈഡൻ പ്രതികരിച്ചു. കമല ഹാരിസ് മികച്ച പ്രസിഡന്റ് ആകാൻ കഴിവുള്ള നേതാവാണെന്നും ബൈഡൻ പറഞ്ഞു. അതേ സമയം ഡോണൾഡ് ട്രംപിനെതിരെ രൂക്ഷ വിമർശനവുമായി ന്യൂയോർക്ക് ടൈംസ് രംഗത്തെത്തി. അമേരിക്കയെ നയിക്കാൻ ട്രംപ് അയോഗ്യനെന്ന് ന്യൂ യോർക്ക് ടൈംസിന്റെ പത്രാധിപ സമിതി അഭിപ്രായപ്പെട്ടു. ട്രംപിന്റെ സ്വഭാവവും പ്രവൃത്തികളും അമേരിക്കൻ ജനാധിപത്യത്തിനും ഭരണഘടനക്കും ഭീഷണിയാണെന്ന് ടൈംസിന്റെ മുഖപ്രസംഗം. രാജ്യതാൽപര്യങ്ങൾക്കെതിരെയാണ് ട്രംപ് പ്രവർത്തിക്കുന്നത്. സ്വന്തം സങ്കുചിത താൽപര്യങ്ങൾ മാത്രമാണ് ട്രംപിന് മുഖ്യമെന്നും ടൈംസ് വിമർശിച്ചു. ട്രംപിന്റെ രണ്ടാമൂഴം തിരസ്കരിക്കാൻ വോട്ടർമാരോട് ന്യൂയോർക്ക് ടൈംസ് ആഹ്വാനവും ചെയ്തു.

# നേപ്പാളിൽ ഭരണ പ്രതിസന്ധി

### പാർലമെന്റിൽ വിശ്വാസ വോട്ട് നേടാനാവാതെ നേപ്പാൾ പ്രധാനമന്ത്രി പ്രചണ്ഡ



കാഠ്മണ്ഡു: നേപ്പാളിൽ പുഷ്പ കമാൽ ദഹൽ പ്രചണ്ഡക്കെതിരായി പ്രതിപക്ഷം കൊണ്ടുവന്ന അവിശ്വാസ പ്രമേയം പാസായി. ഭരണ കക്ഷിക്കുള്ള പിന്തുണ മുൻ പ്രധാനമന്ത്രി കെ.പി ശർമിള ഒലിയുടെ നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് നേപ്പാൾ-യൂണിഫൈഡ് മാർക്സിസ്റ്റ് ലെനിനിസ്റ്റ് പാർട്ടി പിൻവലിച്ചതിനെ തുടർന്നാണ് പ്രചണ്ഡക്ക് വിശ്വാസം തേടേണ്ടി വന്നത്. 275 അംഗ പാർലമെന്റിൽ പ്രചണ്ഡക്ക് അനുകൂലമായി 63 വോട്ടുകൾ ലഭിച്ചപ്പോൾ 194 പേർ എതിർത്ത് വോട്ടു ചെയ്തു. 138 വോട്ടുകൾ വിശ്വാസം തേടാൻ പ്രചണ്ഡക്ക് ആവശ്യമായിരുന്നു. 2022 ഡിസംബർ 25ന് അധികാരത്തിലെത്തിയ ശേഷം പ്രചണ്ഡ ഇതിന് മുമ്പ് നാലു തവണ വിശ്വാസ വോട്ട് തേടിയിരുന്നു. കെ.പി ശർമിള ഒലിയെ പ്രധാനമന്ത്രിയായി ഇതിനോടകം തന്നെ നേപ്പാളി കോൺഗ്രസ് പ്രസിഡന്റ് ഷേർ ബഹാദൂർ ദുബ പ്രഖ്യാപിച്ചിട്ടുണ്ട്. 89 സീറ്റുകളാണ് നേപ്പാളി കോൺഗ്രസിന് പാർലമെന്റിലുള്ളത്. സി.പി.എൻ-യു.എം.എല്ലിന് 78 സീറ്റുകളും. ഇരു പാർട്ടികളും ചേർന്നാൽ വ്യക്തമായ ഭൂരിപക്ഷമാവും.




ഐ.എസ്.എം സംസ്ഥാന കമ്മിറ്റി കോഴിക്കോട് സംഘടിപ്പിച്ച നവോത്ഥാന സെമിനാർ എം.കെ രാഘവൻ എം.പി ഉദ്ഘാടനം ചെയ്യുന്നു

### മുസ്‌ലിംകൾക്കെതിരെ വ്യാജ ആരോപണം

## സർക്കാർ മൗനം വെടിയണം

കോഴിക്കോട്: അർഹിക്കുന്ന പല അവകാശങ്ങളും നേടുന്നതിൽ നിന്ന് അവഗണനകൾ തുടരവെ, മുസ്‌ലിം സമൂഹം അനർഹമായി പലതും സമ്പാദിക്കു വെന്ന പ്രസ്താവനകൾ തീർത്തും ബാലിശവും പ്രതിഷേധാർഹവുമാണെന്നും പ്രസ്തുത വിഷയത്തിൽ സർക്കാർ കൃത്യവും വ്യക്തവുമായ ധവളപത്രം പുറത്തിറക്കണമെന്നും കോഴിക്കോട്ട് നടന്ന ഐ.എസ്.എം നവോത്ഥാന സെമിനാർ അഭിപ്രായപ്പെട്ടു. സമൂഹത്തിൽ വർഗീയ ധ്രുവീകരണത്തിന് ആക്കം കൂട്ടാൻ ശ്രമിക്കുന്നവർക്കെതിരെ ചേർന്നു നിന്ന് മുന്നേറണം. നാടിന്റെ സൗഹൃദാന്തരീക്ഷത്തിന് ഭംഗം വരുത്താൻ അനുവദിച്ചുകൂടെന്നും ഛിദ്രശക്തികളെ തിരിച്ചറിഞ്ഞ് ഒറ്റപ്പെടുത്തണമെന്നും സെമിനാർ ആഹ്വാനം ചെയ്തു. മലബാറിൽ പ്ലസ്ടുവിന് 138 അധിക ബാച്ചുകൾ അനുവദിക്കാനുള്ള സർക്കാർ തീരുമാനം സ്വാഗതാർഹമാണ്. എല്ലാ കുട്ടികൾക്കും അവസരമൊരുക്കാനുള്ള സാഹചര്യമുണ്ടാവണമെന്നും മലബാറിലെ പ്ലസ്ടു സീറ്റ് വിഷയത്തിൽ ഇനിയൊരു പ്രതിഷേധ സമരത്തിന് ഇടയുണ്ടാകരുതെന്നും സെമിനാർ അഭിപ്രായപ്പെട്ടു. കേര മുസ്ലിംകൾ: നേടിയതും നൽകിയതും എന്ന വിഷയത്തിലാണ് സെമിനാർ സംഘടിപ്പിച്ചത്. എം.കെ രാഘവൻ എം.പി ഉദ്ഘാടനം ചെയ്തു. കെ.എൻ.എം സംസ്ഥാന വൈസ് പ്രസിഡണ്ട് ഡോ. ഹുസൈൻ മടവൂർ അധ്യക്ഷത വഹിച്ചു. കെ.പി രാമനുണ്ണി, എ. സജീവൻ, റിജിൽ മാക്കുറ്റി, പി.കെ നവാസ്, ഐ.എസ്.എം ജന: സെക്രട്ടറി അബ്ദു ശുക്കൂർ സ്വലാഹി, നാസിം റഹ്മാൻ, ട്രഷർ കെ.എം.എ അസീസ്, ഇ.കെ ബരീർ അസ്‌ലം, റഹ് മത്തുല്ല സ്വലാഹി, യാസർ അറഫാത്ത് , സി. മരക്കാരുട്ടി, സലാം വളപ്പിൽ, ജുനൈദ് സലഫി, ഹാഫിദുർറഹ്മാൻ മദനി സംസാരിച്ചു.

# ഗസ്സയിൽ കൂട്ടക്കുരുതി

### നഗരത്തിൽ നിന്നും കണ്ടെടുത്തത് 60 മൃതദേഹങ്ങൾ

ഗസ്സ: ഗസ്സയിൽ ഇസ്രാഈലിന്റെ കൂട്ടക്കുരുതി തുടരുന്നു. ഗസ്സ സിറ്റിയിലെ താൽ അൽ ഹവാ മേഖലയിൽ നിന്നും 60 മൃതദേഹങ്ങളാണ് ഇന്നലെ കണ്ടെടുത്തത്. കെട്ടിടാവശിഷ്ടങ്ങൾക്കിടയിൽ ഡസൻകണക്കിന് പേർ അകപ്പെട്ടിരിക്കാമെന്നാണ് ഗസ്സ ആരോഗ്യ മന്ത്രാലയം പറയുന്നത്. മേഖലയിൽ നിന്നും ഇന്നലെ രാവിലെ ഇസ്രാഈൽ സൈന്യം പിൻവാങ്ങിയതിന് പിന്നാലെയാണ് മൃതദേഹങ്ങൾ കണ്ടെടുത്തത്. അതിനിടെ റഫയിൽ എട്ടു പേരും നുസൈറത്ത് അഭയാർത്ഥി ക്യാമ്പിൽ നാലു പേരും ഇസ്രാഈൽ ആക്രമണത്തിനിടെ ഇന്നലെ കൊല്ലപ്പെട്ടു. ബ്രിട്ടനിൽ നിന്നുള്ള സന്നദ്ധ സംഘടന അൽ ഖൈറിന്റെ പ്രവർത്തകനും അൽ മവാസിയിൽ ഇസ്രാഈൽ ബോംബാക്രമണത്തിനിടെ കൊല്ലപ്പെട്ടു. അതേ സമയം ഹനിതയിലെ ഇസ്രാഈലി സൈനിക ക്യാമ്പിന് നേരെ മിസൈൽ ആക്രമണം നടത്തിയതായി ഹിസ്ബുള്ള അവകാശപ്പെട്ടു. ആക്രമണത്തിൽ ആർക്കെങ്കിലും പരിക്കേറ്റതായി റിപ്പോർട്ടുകളില്ല. കഴിഞ്ഞ വർഷം ഒക്ടോബർ ഏഴിന് ഇസ്രാഈൽ ആരംഭിച്ച ആക്രമണത്തിൽ ഇതുവരെ ഗസ്സയിൽ 38,345 പേർ കൊല്ലപ്പെടുകയും 88,295 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്.



ഗസയിൽ ഇന്നലെയുണ്ടായ ആക്രമണത്തിൽ തകർന്ന കെട്ടിടം. നിരവധി പേരാണ് കെട്ടിടാവിഷ്ടങ്ങൾക്കിടയിൽ കുരുങ്ങി മരിച്ചത്

# മലബാർ ജില്ലകളിൽ കനത്ത മഴ

### ആഢ്യൻപാറയിൽ മലവെള്ളപ്പാച്ചിൽ, വിദ്യാർഥികൾ പന്തീരായിരം വനത്തിൽ കുടുങ്ങി അഗ്നിരക്ഷാ സേന രക്ഷപ്പെടുത്തി



ആഢ്യൻപാറയിൽ ഇന്നലെ വൈകീട്ടുണ്ടായ മലവെള്ളപ്പാച്ചിലിൽ രക്ഷപ്പെട്ട വിദ്യാർത്ഥികൾ

കോഴിക്കോട്/ നിലമ്പൂർ: മലബാർ ജില്ലകളിൽ ഇന്നലെ പെയ്തത് കനത്ത മഴ. കോഴിക്കോട്ടും മലപ്പുറത്തും തോരാമഴ പെയ്തപ്പോൾ പലയിടത്തും കനത്ത നാശ നഷ്ടങ്ങൾ. നിലമ്പൂർ ആഢ്യൻപാറയിൽ വെള്ളച്ചാട്ടത്തിന് സമീപം കുളിക്കുകയായിരുന്ന വിദ്യാർഥികൾ മലവെള്ളപ്പാച്ചിലിൽ നിന്നും രക്ഷപ്പെടുന്നതിനിടയിൽ വനത്തിൽ കുടുങ്ങി. ചുങ്കത്തറ മാർത്തോമ കോളജ് ബിരുദ വിദ്യാർഥികളായ ശിയാ മൻസ് (17), ഷഹാൻ (17), അർഷിദ്(18) എന്നിവരാണ് പന്തീരായിരം വനത്തിൽ കുടുങ്ങിയത്. വൈകീട്ട് 5.30ഓടെ വനത്തിൽ കുടുങ്ങിയ ഇവരെ രാത്രി 8.20 ഓടെയാണ് കരയിലെത്തിച്ചു രക്ഷപ്പെടുത്തിയത്. ഇന്നലെ ഉച്ചക്ക് 1.30 ഓടെയാണ് ഇവർ സുഹൃത്തുക്കളായ ആഖിർ, ശുഹൈബ്, സുര്യ അർഷിത്ത് എന്നിവർക്കൊപ്പം ആഢ്യൻപാറ വെള്ളച്ചാട്ടം കാണാനെത്തിയത്. കെ.എസ്.ഇ.ബിയുടെ നിയന്ത്രണത്തിലുള്ള ഹൈഡൽ ടൂറിസത്തിന് ഭാഗമായുള്ള പവർഹൗസ് കണ്ടശേഷം ഇവർ ഡാമിന് സമീപത്തെ തോണിക്കുഴിയിലാണ് കുളിക്കാനിയറങ്ങിയത്. സഞ്ചാരികൾ ഇവിടേക്ക് പ്രവേശിക്കാറില്ല. സെക്യൂരിറ്റി ഗാർഡിനെ വെട്ടിച്ചാണ് ഇവർ ഡാമിന് സമീപത്തേക്ക് പോയത്. കാഞ്ഞിരപ്പുഴയിൽ കുളിച്ചുകൊണ്ടിരിക്കെ വൈകീട്ട് 5.30ഓടെയാണ് ശക്തമായ മലവെള്ളപ്പാച്ചിലുണ്ടായത്. ഇതോടെ ഇവർ രക്ഷപ്പെടുന്നതിനായി നാലു ഭാഗത്തേക്കും ഓടിക്കയറി. മൂന്ന് പേർ പുഴയുടെ മറുകരയിൽ വനത്തിനകത്തേക്കാണ് ഓടി രക്ഷപ്പെട്ടത്. പുഴയിൽ ഇതിനിടെ തന്നെ ജലവിതാനം ഉയർന്നു. പ്രദേശത്ത് രാവിലെ മുതൽ തന്നെ മഴയുണ്ടായിരുന്നു. വൈകീട്ടോടെ മഴ ശക്തമായി. പന്തീരായിരം വനമേഖലയിൽ മണ്ണിടിച്ചിലുണ്ടായതോടെയാണ് മലവെള്ളപ്പാലിച്ചലുണ്ടായത്. രക്ഷപ്പെട്ടവരാണ് കെ.എസ്.ഇ.ബി അധികൃതരെ വിവരം അറിയിച്ചത്. തുടർന്ന് പൊലീസും ഫയർഫോഴ്സും നാട്ടുകാരും ചേർന്ന് രക്ഷാപ്രവർത്തനം നടത്തി. ശക്തമായ മഴയും കാറ്റും കനത്ത ഇരുട്ടും വനത്തിൽ കുടങ്ങിയവരെ രക്ഷപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ വൈകിച്ചു. രാത്രി 8.15ഓടെ ഇവരെ കരയിലെത്തിച്ചു. കോഴിക്കോട് കുറ്റ്യാടിയിലാണ് റെക്കോർഡ് മഴ പെയ്തത്. ഇന്ന് പത്തനംതിട്ട, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചു.

### ഉത്തരേന്ത്യയിൽ രൂക്ഷമായ മഴക്കെടുതി 52 മരണം

ന്യൂഡൽഹി: ഉത്തരേന്ത്യയിലും വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലും മഴക്കെടുതി രൂക്ഷമായി. ഉത്തർ പ്രദേശിൽ 600 ഗ്രാമങ്ങൾ പ്രളയ ഭീഷണിയിലാണ്. ഗുജറാത്ത്, ഗോവ, മഹാരാഷ്ട്ര സംസ്ഥാനങ്ങളിൽ കനത്ത മഴ തുടരുകയാണ്. ഈ സംസ്ഥാനങ്ങളിൽ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചു. മഴ ശക്തമായതിനെ തുടർന്ന് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വെള്ളപ്പൊക്ക ഭീഷണി നിലനിൽക്കുകയാണ്. മഹാരാഷ്ട്ര, ഗുജറാത്ത്, യു.പി എന്നീ സംസ്ഥാനങ്ങളിൽ ശക്തമായ മഴ തുടരുകയാണ്. അടുത്ത മൂന്നുദിവസം കൂടി മഹാരാഷ്ട്രയിൽ ശക്തമായ മഴ തുടരുമെന്നാണ് കാലാവസ്ഥ നിരീക്ഷണ കേന്ദ്രത്തിന്റെ മുന്നറിയിപ്പ്. യുപിയിൽ വെള്ളപ്പൊക്കത്തിലും മിന്നലിലും രണ്ട് ദിവസത്തിനിടെ 52 പേർ മരിച്ചു. അസം, ഉത്തരാഖണ്ഡ് ഉൾപ്പെടെയുള്ള വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ മഴക്കെടുതി രൂക്ഷമായി തുടരുകയാണ്.

# ദുരിതക്കടലിൽ പ്രേരക്മാർ

കോഴിക്കാട്: സേവന വേതന വ്യവസ്ഥകളെ കുറിച്ചുള്ള സർക്കാർ ഉത്തരവിലെ അവ്യക്തതകൾ കാരണം ആറ് മാസത്തെ വേതന കുടിശ്ശികയടക്കം ലഭിക്കാതെ സാക്ഷരത പ്രേരക്മാർ ദുരിതമനുഭവിക്കുന്നു. നാമമാത്ര വേതനം ലഭിക്കുന്ന പ്രേരക്മാർക്ക് തുടർ സാക്ഷരതാ പ്രവർത്തനങ്ങളോടൊപ്പം ഇപ്പോൾ മാലിന്യ സംസ്കരണം, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, ഡിജിറ്റൽ സാക്ഷരത, വരുമാനദായക പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പുറമെ സെക്രട്ടറി പറയുന്ന എന്ത് പണിയും രാവിലെ പത്ത് തൊട്ട് അഞ്ച് മണി വരെ ചെയ്യേണ്ട സ്ഥിതിയാണ്.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായിരുന്ന കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയെയും പ്രേരക്മാരെയും തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് വിന്യസിച്ച് 2023 സെപ്റ്റംബർ 23-നാണ് ഉത്തരവിറങ്ങിയത്. പ്രേരക്മാരുടെ വേതനത്തിൻെറ 60 ശതമാനം ഫണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനവും 40 ശതമാനം സാക്ഷരത മിഷനും നൽകാനായിരുന്നു തീരുമാനം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രേരക്മാർക്ക് 100 ശതമാനം വേതനം നൽകുകയും മൂന്ന് മാസം കൂടുമ്പോൾ സാക്ഷരത മിഷൻ പ്രസ്തുത 40 ശതമാനം പഞ്ചായത്തുകൾക്ക് തിരിച്ചു പിടിക്കാനുമാണ് തീരുമാനിച്ചത്. ഇതേത്തുടർന്ന് ഏപ്രിൽ, മെയ് മാസങ്ങളിൽ പ്രേരക്മാർക്ക് 100 ശതമാനം വേതനം നൽകിയെങ്കിലും ജൂൺ 25ന് ഇറങ്ങിയ ഉത്തരവിലെ അവ്യക്തത കാരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതമായ 60 ശതമാനം വേതനം മാത്രമാണ് ജൂൺ മാസം പഞ്ചായത്തുകൾ നൽകിയത്.

കൂടാതെ ജൂൺ 27 ന് ഇറക്കിയ സർക്കുലറിൽ പഞ്ചായത്ത് സെക്രട്ടറി പറയുന്ന ഏത് ജോലിയും ഉൾപ്പെടെ 19 ഡ്യൂട്ടികളാണ് പ്രേരക്മാർക്ക് നൽകിയിട്ടുള്ളത്. ജോലി സ്ഥിരതയോ മറ്റ് ആനുകൂല്യങ്ങളോ ഒന്നും നൽകാതെ പുനർവിന്യാസത്തിന് മുമ്പുള്ള വേതനവും നൽകി ഇത്രയും ജോലികൾ പ്രേരക്മാരിൽ അടിച്ചേൽപ്പിക്കുന്നത് പ്രതിഷേധാർഹമാണെന്ന് ദേശീയ സാക്ഷരത പ്രവർത്തക യൂണിയൻ പറയുന്നു. എത്രയും പെട്ടെന്ന് പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്നാവശ്യപ്പെട്ട് യൂണിയൻ സംസ്ഥാന ജനറൽ സെക്രട്ടറി ശശികുമാർ ചേളന്നൂർ, സംസ്ഥാന ഭാരവാഹികളായ സന്തോഷ് പട്ടാഞ്ചേരി, കെ.പി.ശോഭ എന്നിവരടങ്ങിയ സംഘം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം.ബി.രാജേഷ്, പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമിള മേരി ജോസഫ് ഐ.എ.എസ് എന്നിവർക്ക് നിവേദനം നൽകി.

## പണപ്പെരുപ്പ നിരക്ക് താഴോട്ടില്ല

മലപ്പുറം: ദേശീയ ഉപഭോക്തൃ വില സൂചികയെ ആസ്പദമാക്കിയുള്ള പണപ്പെരുപ്പം ജൂണിൽ 5.08 % ആയി ഉയർന്നു. മെയ് മാസം ഇത് 4.8 % ആയിരുന്നു . കഴിഞ്ഞ വർഷം ജൂണിൽ പണപ്പെരുപ്പം 4.87 % ആയിരുന്നു. രാജ്യത്തെ 36 സംസ്ഥാനകേന്ദ്രഭരണപ്രദേശങ്ങളിലായി വ്യാപിച്ച് കിടക്കുന്ന 1181 വില്ലേജുകളിലെയും 310 നഗരങ്ങളിലെ 1114 മാർക്കറ്റുകളിലെയും ഉപഭോഗ സാധനങ്ങളുടേയും സേവനങ്ങളുടേയും വിലയും നിരക്കും മാസം തോറും താരതമ്യം ചെയ്താണ് ഉപഭോക്തൃ വില സൂചിക തയ്യാറാക്കുന്നത്. കഴിഞ്ഞ 10 മാസമായി വിലക്കയറ്റത്തോത് റിസർവ് ബാങ്കിന്റെ സഹന പരിധിയായ 6 ശതമാനത്തിൽ താഴെയാണ്. വിലക്കയറ്റത്തോത് 4 ശതമാനത്തിൽ എത്തിക്കുകയാണ് ആർ ബി ഐ യുടെ ലക്ഷ്യം. പണനയ സമിതിയുടെ ( എം പി സി ) കഴിഞ്ഞമാസത്തെ അവലോകന യോഗത്തിൽ റിപോ നിരക്ക് അതേപടി നിലനിർത്താനാണ് ആർ ബി ഐ തീരുമാനിച്ചത്. ആർ ബി ഐ വാണിജ്യ ബാങ്കുകൾക്ക് നൽകുന്ന ഹൃസ്വകാല വായ്പയുടെ പലിശ നിരക്കാണ് റിപോ . ആഗസ്ത് ആറ് മുതൽ എട്ട് വരെയാണ് എം പി സി യുടെ അടുത്ത യോഗം . ഭക്ഷ്യവസ്തുക്കളുടെ വില 8.69 % ത്തിൽ നിന്നും 9.36 % ആയി ഉയർന്നു. ഭക്ഷ്യവസ്തുക്കളുടെ വില ഉയർന്ന് തന്നെ നിൽക്കുന്ന സാഹചര്യത്തിൽ ഉടൻ നിരക്ക് കുറക്കാനുള്ള സാധ്യത കുറവാണ്.

### കേരളത്തിലും വില കൂടി

കേരളത്തിലെ വിലക്കയറ്റത്തോത് മെയ് മാസത്തിൽ 5. 47 % ആയിരുന്നത് ജൂണിൽ 5.83 % ആയി ഉയർന്നു. ഗ്രാമപ്രദേശങ്ങളിൽ 6.23 ശതമാനവും നഗരങ്ങളിൽ 5.18 ശതമാനവും. വില കൂടിയതും കുറഞ്ഞതും

കൂടിയത് :ഭക്ഷ്യധാന്യങ്ങളും അവയുടെ ഉൽപന്നങ്ങളും, പാലും പാൽ ഉൽപന്നങ്ങളും, എണ്ണയും കൊഴുപ്പും,പഴം,പച്ചക്കറി,പഞ്ചസാര, മധുര പലഹാരം പാചകം ചെയ്ത ഭക്ഷണം, ലഘു ഭക്ഷണം , പലഹാരങ്ങൾ കുറഞ്ഞത്: ,മത്സ്യം, മാംസം, മുട്ട, പയറുവർഗങ്ങളും അവയുടെ ഉൽപന്നങ്ങളും, സുഗന്ധവ്യജ്ഞനങ്ങൾ,ലഹരിയില്ലാ പാനീയം. (വിവരങ്ങൾക്ക് കടപ്പാട് -ഏ.കെ മുഹമ്മദലി)

## മറിയക്കുട്ടിക്ക് വീട് നിർമ്മിച്ച് നൽകി കോൺഗ്രസ്



ക്ഷേമ പെൻക്ഷനുവേണ്ടി തെരുവിൽ ഭിക്ഷാപാത്രവുമായി ഇറങ്ങിയ മറിയക്കുട്ടിക്ക് കോൺഗ്രസ് നിർമ്മിച്ചു നൽകിയ വീടിന്റെ താക്കോൽദാനം കെ.പി.സി.സി പ്രസിഡന്റ് കെസുധാകരൻ നിർവ്വഹിക്കുന്നു

അടിമാലി: കോൺഗ്രസ് പാർട്ടിയുടെ സാമൂഹിക പ്രതിബദ്ധതയുടെ നേർക്കാഴ്ചയാണ് മറിയക്കുട്ടിക്ക് നൽകിയ ഭവനമെന്ന് കെ.പി.സി.സി പ്രസിഡന്റ് കെ.സുധാകരൻ എം.പി പറഞ്ഞു. അടിമാലി 200 ഏക്കറിൽ ക്ഷേമ പെൻക്ഷനുവേണ്ടി തെരുവിൽ ഭിക്ഷാപാത്രവുമായി ഇറങ്ങിയ മറിയക്കുട്ടിക്ക് നിർമ്മിച്ചു നൽകിയ വീടിന്റെ താക്കോൽദാനം നിർവ്വഹിക്കുകയായിരുന്നു കെ.പി.സി.സി പ്രസിഡന്റ്. കേരളത്തിൽ കോൺഗ്രസ്സ് നിർമ്മിച്ചു നൽകുന്ന 1118 മത്തെ വീടാണ് അടിമാലിയിലേത്.കോൺഗ്രസിന്റെ ഭവന നിർമ്മാണത്തെ കളിയാക്കിയവർക്കും, മറിയക്കുട്ടി, അന്നക്കുട്ടി അമ്മച്ചിമാരുടെ ജീവിതം വഴിമുടക്കിയവർ ക്കും ഉള്ള മറുപടിയാണ് കോൺഗ്രസ് നൽകിയ ഇന്ദിര ഭവനമെന്ന് അദ്ദേഹം പറഞ്ഞു.

# നിരീക്ഷണം

ബഹുദൈവവാദികൾക്ക്, സത്യനിഷേധത്തിന് സ്വയം സാക്ഷ്യം വഹിക്കുന്നവരായിക്കൊണ്ട് അല്ലാഹുവിന്റെ പള്ളികൾ പരിപാലിക്കാനവകാശമില്ല. അത്തരക്കാരുടെ കർമങ്ങൾ നിഷ്ഫലമായിരിക്കുന്നു. നരകത്തിൽ അവർ നിത്യവാസികളായിരിക്കുകയും ചെയ്യും.

(വിശുദ്ധ ഖുർആൻ: 09: 17)

ഗൾഫ് ചന്ദ്രിക
1446 മുഹറം 07 • 1199 മിഥുനം 29 •

## വിഴിഞ്ഞത്ത് സ്വപ്നം പൂവണിയുമ്പോൾ

ഒരു ജനതയുടെ പതിറ്റാണ്ടുകൾ നീണ്ട സ്വപ്നം യാഥാർത്ഥ്യമായിരിക്കുന്നു. വിഴിഞ്ഞം തുറമുഖത്തെത്തിയ ആദ്യ ചരക്കുകപ്പൽ സാൻ ഫെർണാൻഡോയെ ഔദ്യോഗികമായി സ്വീകരിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ ചടങ്ങ് ഉദ്ഘാടനം ചെയ്തതോടെ ഏറെ നാളത്തെ കാത്തിരിപ്പിന്ശേഷം പദ്ധതി യാഥാർത്ഥ്യമായ ചാരിതാർത്ഥ്യത്തിലാണ് കേരള ജനത. രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും സാമ്പത്തിക രംഗത്തെ പുതുയുഗത്തിലേക്കാണ് വിഴിഞ്ഞം വഴി തുറക്കുന്നത്. രാജ്യത്തെ ഒരു തുറമുഖത്തും മദർഷിപ്പുകൾ അടുക്കാൻ സൗകര്യമില്ല എന്നിടത്താണ് വിഴിഞ്ഞത്തിന്റെ പ്രാധാന്യം വർധിക്കുന്നത്. നിലവിൽ കൊളംബോ, സിംഗപ്പൂർ, ദുബായ് തുറമുഖങ്ങളിലൂടെയാണ് ചരക്ക് നീക്കം. രാജ്യത്തെ വിവിധ തുറമുഖങ്ങളിൽ നിന്ന് ഫീഡർ കപ്പലുകൾ പോയാണ് ചരക്ക് ഇറക്കുകയും കയറ്റുകയും ചെയ്യുന്നത്. ഇനി എല്ലാം വിഴിഞ്ഞത്ത് സാധ്യമാകും. രാജ്യത്തെ ആദ്യ കണ്ടെയ്നർ ട്രാൻഷിപ്മെന്റ് തുറമുഖമാണ് വിഴിഞ്ഞം. മദർഷിപ്പിൽ നിന്ന് ഫീഡർ കപ്പലുകളിലേക്കും ഫീഡർ കപ്പലുകളിൽനിന്ന് മദർ ഷിപ്പിലേക്കും ചരക്ക് മാറ്റാം എന്നതാണ് പ്രത്യേകത. തുറമുഖത്തേക്ക് ചരക്ക് ഇറക്കുന്നതിന്റെ സമയനഷ്ടവും ചെലവും ഇത് കുറയ്ക്കും. തുറമുഖം പ്രവർത്തിക്കുന്നതിന് ആവശ്യമായ ക്രെയിനുകൾ, മറൈൻ ഓപറേഷന് യൂണിറ്റ്, പുലിമുട്ട്, കണ്ടെയ്നർ ബർത്ത്, കണ്ടൈനർ യാർഡ് തുടങ്ങിയ മുഴുവൻ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

എന്നാൽ ഈ അഭിമാന മുഹൂർത്തത്തിൽ ചരിത്രത്തെ മായ്ക്കാനാണ് സി.പി.എമ്മും മുഖ്യമന്ത്രി പിണറായി വിജയനും ശ്രമിച്ചത്. വിഴിഞ്ഞം തുറമുഖം യാഥാർഥ്യമായതിൽ നിർണായക പങ്കു വഹിച്ച ഉമ്മൻചാണ്ടി സർക്കാറിന്റേയും യു.ഡി.എഫിന്റേയും സംഭാവനകൾ മറക്കാനാവാത്തതാണ്. എന്നാൽ അതെല്ലാം മായ്ച്ചുകളയാനുള്ള ശ്രമമാണ് സി.പി.എമ്മിന്റേത്. അൽപത്തരമെന്നല്ലാതെ മറ്റൊന്നും ഇതേക്കുറിച്ച് പറയാനില്ല. ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്താണ് പദ്ധതിക്കായി നിർണായക നീക്കം നടത്തിയത് എന്നത് തെളിഞ്ഞുനിൽക്കുന്ന സത്യമാണ്. തടസങ്ങളെല്ലാം മറികടന്ന് പദ്ധതിയെ യാഥാർത്ഥ്യത്തിലേക്ക് എത്തിച്ചതും ഉമ്മൻചാണ്ടി സർക്കാരാണ്. പദ്ധതിക്കുള്ള കേന്ദ്രാനുമതി, പാരിസ്ഥിതികാനുമതി, ആഗോള ടെണ്ടർ എന്നിവയെല്ലാം നടന്നത് ഉമ്മൻചാണ്ടി സർക്കാറിന്റെ കാലത്താണ്. അന്ന് പദ്ധതിക്കെതിരെ 6000 കോടിയുടെ അഴിമതി ഉന്നയിക്കുകയാണ് എൽ.ഡി.എഫും സി.പി.എമ്മും. ഇതിൽ അന്വേഷണകമ്മിഷനെപോലും നിയോഗിക്കേണ്ടിവന്നു. കോവളം എം. എൽ.എ എം. വിൻസെന്റ് പറഞ്ഞതുപോലെ 'ക്ലീൻ സ്ലേറ്റിൽ'നിന്നാണ് ഉമ്മൻചാണ്ടി വിഴിഞ്ഞം തുറമുഖത്തിന്റെ പ്രവർത്തനം ആരംഭിച്ചത്. തുറമുഖത്തിന് ആവശ്യമായ മുഴുവൻ സ്ഥലവും ഏറ്റെടുക്കുന്നതുൾപ്പെടെ എല്ലാ പ്രവർത്തനങ്ങളും നടത്തിയത് ഉമ്മൻചാണ്ടി സർക്കാരാണ്. സാമൂഹിക ആഘാത പഠനവും പരിസ്ഥിതി ആഘാത പഠനവും പബ്ലിക് ഹിയറിങ്ങും എല്ലാം നടത്തി കേസുകൾ മറികടന്നു. പദ്ധതിക്കു തുടക്കം കുറിച്ച് കരാർ ഒപ്പിട്ടു. പദ്ധതി പൂർത്തീകരണം സർക്കാരുകളുടെ പ്രവർത്തന തുടർച്ച മാത്രമാണ്. വിഴിഞ്ഞത്തിന്റെ പേരിൽ ഉമ്മൻചാണ്ടി ഏറെ പഴികേട്ടു. വിജിലൻസ് അന്വേഷണം വരെ ഉണ്ടായി. എന്നാൽ അതിനെയെല്ലാം അദ്ദേഹം മറികടന്നു. ഉമ്മൻചാണ്ടി ജീവിച്ചിരുന്നെങ്കിൽ അദ്ദേഹം സന്തോഷിക്കുമായിരുന്നു. വികസനത്തിന്റെ കാര്യത്തിൽ രാഷ്ട്രീയ ഭിന്നത പാടില്ല. ഈ വേദിയിൽ പ്രതിപക്ഷ നേതാവിന്റെ സാന്നിധ്യം കൂടി ഉണ്ടായിരുന്നെങ്കിൽ കൂടുതൽ മനോഹരമാകുമായിരുന്നുവെന്നും വിൻസെന്റ് പറഞ്ഞു. ഇത്ര മനോഹരമായ ചടങ്ങിലേക്ക് പ്രതിപക്ഷ നേതാവിനെ ക്ഷണിക്കാത്തത് ജനാധിപത്യ സർക്കാറിന് ഭൂഷണമല്ല. കുടുസ് മനസ്ഥിതിയുള്ളവർക്കുമാത്രമേ അതിനു കഴിയൂ എന്നു മാത്രമേ ഓർമിപ്പിക്കാനുള്ളു. മാന്യതയില്ലാത്ത നടപടിയാണിത്. പിണറായി വിജയന്റെ അസഹിഷ്ണുതയാണ് ഇതിലൂടെ പ്രകടമാകുന്നത്. ഉമ്മൻ ചാണ്ടി സർക്കാർ വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി മുന്നോട്ട് പോയപ്പോൾ എൽ.ഡി.എഫും സി.പി.എമ്മും ഏതു വിധേനയും അതിനെ ഇല്ലാതാക്കാൻ ശ്രമിച്ചവരാണ്. അന്ന് പദ്ധതിയുടെ അന്തകനാകാൻ ശ്രമിച്ച പിണറായി വിജയൻ ഇന്ന് ഇതിന്റെ പിതൃത്വാവകാശം ഏറ്റെടുക്കാൻ നടത്തുന്ന ശ്രമങ്ങൾ അപഹാസ്യമാണ്. 5000 കോടി രൂപയുടെ പദ്ധതിയിൽ 6000 കോടി രൂപയുടെ അഴിമതി ആരോപിച്ചും ഉമ്മൻ ചാണ്ടിക്കെതിരെ അന്വേഷണ കമ്മിഷനെ വച്ച് വേട്ടയാടിയും കടൽക്കൊള്ളയെന്നു വിശേഷിപ്പിച്ചും പ്രക്ഷോഭങ്ങൾ നടത്തിയും പദ്ധതി ഇല്ലാതാക്കാൻ ശ്രമിച്ചവരാണ് പിണറായിയും എൽ.ഡി.എഫും. എൽ.ഡി.എഫിന്റെ സമരങ്ങൾ കാരണം പദ്ധതിയുടെ നിർമാണ ചെലവ് പോലും വർധിക്കുന്ന സാഹചര്യമുണ്ടായി. 2019ൽ യാഥാർഥ്യമാകേണ്ട പദ്ധതി ഇത്രയും വൈകിപ്പിച്ചതിന്റെ ഉത്തരവാദി എൽ.ഡി.എഫും പിണറായി സർക്കാരുമാണ്. പദ്ധതി യാഥാർഥ്യമാക്കുന്നതിന് ഇത്രയും കാലതാമസം വരുത്തിയതിനു പിണറായി വിജയനും സി.പി.എമ്മും കേരളീയ സമൂഹത്തോട് മാപ്പുപറയേണ്ടിയിരിക്കുന്നു. മത്സ്യത്തൊഴിലാളികൾക്ക് യു.ഡി.എഫ് സർക്കാർ പ്രഖ്യാപിച്ച പുനരധിവാസ പാക്കേജും പിണറായി സർക്കാർ അട്ടിമറിച്ചു. മാത്രമല്ല അവരെ തീവ്രവാദികളും രാജ്യദ്രോഹികളുമായി ചിത്രീകരിച്ചു. നാടിന്റെ വികസനത്തോടൊപ്പം ജനങ്ങളുടെ സുരക്ഷയും കണക്കിലെടുത്താണ് ഉമ്മൻചാണ്ടിയും യു.ഡി.എഫ് സർക്കാരും പ്രവർത്തിച്ചത്. എന്നാൽ ഇതെല്ലാം അട്ടിമറിക്കാനാണ് പിണറായി സർക്കാർ ശ്രമിച്ചത്. മത്സ്യത്തൊഴിലാളികൾ ഇപ്പോഴും ആശങ്കയിലാണ്. അവരുടെ പ്രശ്നങ്ങൾ കേൾക്കാനും പരിഹരിക്കാനും സർക്കാർ തയാറാകേണ്ടതുണ്ട്. സന്തോഷം വരുമ്പോൾ അതെല്ലാവർക്കുകൂടി ആസ്വദിക്കാൻ കഴിയുന്ന തരത്തിലാവേണ്ടതുണ്ട്. മത്സ്യത്തൊഴിലാളികളുടെ കണ്ണീർ വിഴിഞ്ഞത്ത് വീഴാൻ പാടില്ല.

### അടിക്കുറിപ്പ്

വിഴിഞ്ഞത്ത് ആദ്യത്തെ കപ്പൽ വന്നപ്പോൾ തന്നെ തനിക്കുള്ള ചില ആശങ്കകൾ മുഖ്യമന്ത്രിയോട് പങ്കുവച്ചിരുന്നു. അത് പരിഹരിക്കാമെന്ന് പറഞ്ഞെങ്കിലും നടപടിയുണ്ടായില്ല. മത്സ്യത്തൊഴിലാളികൾക്ക് ഇപ്പോഴും ആശങ്കയുണ്ട്. സ്ഥലം എം.പിയെന്ന നിലയ്ക്ക് പദ്ധതിയ്ക്ക് ആവശ്യമായ എല്ലാ ഇടപെടലുകളും താൻ നടത്തും.

ശശി തരൂർ

### ചരിത്രത്തിൽ ഇന്ന്

1908 ആധുനിക ഒളിംപിക്സിൽ വനിതകൾ ആദ്യമായി പങ്കെടുത്തു.

1912 മൗലാന അബ്ദുൽ കലാം ആസാദ് തന്റെ വിഖ്യാതമായ അൽ ഹിലാൽ എന്ന ഉർദു വാർത്താപത്രിക പുറത്തിറക്കി.

# വിഴിഞ്ഞം ഒരു ലോക ജാലകം



### കാലം കാലികം

കെ.എൻ.എ ഖാദർ

വിഴിഞ്ഞം, കേരളം ഇന്നേവരെ കണ്ടതിൽ വെച്ചു ഏറ്റവും മികച്ചതും വികസനോന്മുഖവും ലോക വാണിജ്യ രംഗത്തുതന്നെ പ്രയോജന പ്രദ വുമായ ഒരു പദ്ധതിയാണ്. പടുകൂറ്റൻ മദർ ഷിപ്പുകൾക്ക് വരാനും വൻതോതിൽ ചരക്കുകൾ കയറ്റാനും ഇറക്കാനും ഇവിടെ സാധിക്കും. സുമാർ 400–450 മീറ്റർ വരെ നീളമുള്ളതും പല തട്ടുകളുള്ള കെട്ടിടത്തിന്റെ ഉയരമുള്ളതും സുമാർ 1620 മീറ്റർ കടൽ തട്ടിലേക്കു താഴ്ന്നുകിടക്കുന്നതും സുമാർ 24000–25000 കണ്ടയിനറുകൾ വഹിക്കാവുന്നവയുമാണ് മദർഷിപ്പുകൾ. കൊളംബോ സിംഗപ്പൂർ, സലാല എന്നിവിടങ്ങളിൽ വന്നു പോകുന്ന മദർഷിപ്പുകളെ ആശ്രയിച്ചും പ്രസ്തുത തുറമുഖങ്ങളിൽ ചരക്കു വിനിമയം നടത്തുന്ന ഫീഡർഷിപ്പുകളെ ആശ്രയിച്ചുമാണ് ഇത്രയും നാൾ നമ്മുടെ വാണിജ്യം നിലനിർത്തിയത്. ചൈന, ശ്രീലങ്ക, സിംഗപ്പൂർ തുടങ്ങിയ രാഷ്ട്രങ്ങളിലെ വമ്പൻ തുറമുഖങ്ങൾ തൊടാതെ ഇനി വൻ ചരക്കു കപ്പലുകൾ വിഴിഞ്ഞത്തു വന്നു പോകും. അന്താരാഷ്ട്ര കപ്പൽ ചാനലിൽ നിന്നു വെറും 10 നോട്ടിക്കൽ മൈൽ മാത്രമേ വിഴിഞ്ഞം തുറമുഖത്തേക്കു ദൂരമുള്ളു. പ്രധാനമായും ഇതൊരു ട്രാൻഷിപ്പ്മെന്റ് തുറമുഖമാകയാൽ ഫീഡർ കപ്പലുകൾ ധാരാളം വരും.ഇപ്പോൾ ഊഹിക്കാനും കണക്കാക്കാനുമാകാത്തവിധം വ്യവസായ വാണിജ്യ മേഖലകളിൽ വൻകിട മാറ്റങ്ങൾ വരും. ഇന്ത്യക്കും ലോകത്തിനും കേരളത്തിനും വിഴിഞ്ഞം തുറമുഖം വളരെ ഗുണം ചെയ്യും.



തുറമുഖം വഴി വന്നുപോകുന്ന ചരക്കു കണ്ടയിനറുകൾ ലോക നിലവാരമുള്ള റോഡുകൾ വഴി വേണം തുറഖത്തുനിന്നും ലക്ഷ്യ സ്ഥാനങ്ങളിലേക്കു പോക്കും വരവും നടത്തേണ്ടത്. ധാരാളം ട്രക്കുകളും ലോറികളും വന്നു പോകും. ചരക്കു തീവണ്ടികളും അതിനായി വൻതോതിൽ ഓടും.

ഇപ്പോഴത്തെ റോഡുകളും റെയിൽവെ ലൈനുകളും മതിയാകാൻ പ്രയാസമാണ്. വലിയ ജോലി സാധ്യതകൾ വിവിധ മേഖലകളിൽ പുതുതായി വരും. ഒന്നാം തരം ഹോട്ടലുകൾ വരും. കപ്പൽ ജീവനക്കാർക്കും മറ്റും താമസ സൗകര്യങ്ങൾ, ആഹാരം, വിനോദ സഞ്ചാര സൗകര്യങ്ങൾ, ചികിത്സാ സൗകര്യങ്ങൾ ഇവ വേണ്ടി വരും. ഇപ്പോൾ മുൻകൂട്ടിക്കാണാനാകാത്ത വികസനവും വളർച്ചയും കേളത്തിനും ഉണ്ടാകും. സങ്കുചിതമായ രാഷ്ട്രീയ ധാരണകൾ തിരുത്തേണ്ടിവരും.

തൊഴിൽ മേഖലയിൽ നാം വെച്ചുപുലർത്തുന്ന ഇടുങ്ങിയതും കാലഹരണം വന്നതുമായ ധാരണകൾ പൊളിച്ചെഴുതേണ്ടി വരും. ആർക്കും തടഞ്ഞു നിർത്താനാവില്ല. പ്രവാസം വഴി നേടിയ പുത്തൻ അറിവുകൾ ഉപകാര പ്രദമാവും. ലോക വാണിജ്യത്തിന്റെ അനന്ത സാധ്യതകളിലേക്കു തുറക്കപ്പെട്ട ഒരു പുതിയ വാതായനമാണിത്. ഈ തുറമുഖം ഏതാണ്ട് പ്രകൃതി ദത്തമാണ്. ഒരു കി.മീ. ചുറ്റളവിൽ 20 മീറ്റർ ആഴം കടലിനു പ്രകൃത്യാ ഉണ്ട്. തീരത്തോടു ചേർന്ന് ഇത്ര ആഴമുള്ള കടൽ അപൂർവ്വമാണ്. ഇത് ദൈവാനുഗ്രഹം ആണെന്നു പറയാം. ഈ പ്രത്യേകത ആ പ്രദേശം ഭരിച്ച ആയ് രാജാക്കൻമാർ മനസ്സിലാക്കിയിരുന്നു. അവരുടെ പുരാതന തുറമുഖവും സൈനിക കേന്ദ്രവും ഇവിടെയായിരുന്നു. അന്നു വലിയ പായ്ക്കപ്പലുകൾ ഇവിടെ വരാറുണ്ടായിരുന്നു. പിന്നീട് രാജരാജ ചോളന്റെ കൈവശമായി. പതിനേഴാം നൂറ്റാണ്ടിൽ ചോള പാണ്ഡ്യ യുദ്ധം വരെ തുറമുഖം കൈവശപ്പെടുത്താനായി നടന്നു.

തിരുവിതാംകൂർ രാജാക്കന്മാരും സർസി.പിയുമൊക്കെ ഈ തുറമുഖ വികസനം ആഗ്രഹിച്ചിരുന്നു. ഒരു തുറമുഖ സങ്കൽപ്പം അന്നേ രൂപപ്പെട്ടിരുന്നതായി ചരിത്രം പറയുന്നു. സുമാർ ആയിരത്തിലേറെ വർഷങ്ങളായി വിഴിഞ്ഞം അപരിഷ്കൃതമെങ്കിലും ഒരു തുറമുഖമാണ്. കാലോചിതമായ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരുന്നു എന്നു മാത്രം. രാജാക്കൻമാർ പോയി. ജനകീയ ഭരണം വന്നു. പിന്നീട് 1946ലും മറ്റുമായി ഇതിന്റെ വികസനം ലക്ഷ്യമാക്കി പഠനങ്ങൾ നടന്നിട്ടുണ്ട്. എങ്കിലും ലക്ഷ്യത്തിലെത്താൻ പല കാരണങ്ങളാൽ വൈകി.

ആരും ആരെയും കുറ്റപ്പെടുത്തേണ്ടതില്ല. അതെല്ലാം ചരിത്രമായി മാറി. കേന്ദ്രവും സംസ്ഥാനവും അദാനിയും പണം മുടക്കിയും ഊരും പേരുമറിയാത്ത ആയിരങ്ങൾ അധ്വാനിച്ചും എഞ്ചിനീയർമാരും സാങ്കേതിക വിദഗ്ധരും പാടുപെട്ടും എവിടെയൊ ഉണ്ടായിരുന്ന പാറകൾ പൊട്ടിച്ചു കൊണ്ടുവന്നും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിർമ്മിച്ച യന്ത്ര സാമഗ്രികൾ ഉപയോഗിച്ചും പലർ ചേർന്നാണ് ഈ പദ്ധതിയും പൂർത്തീകരിച്ചത്. രാഷ്ട്രീയ ഭരണ മേഖലകളിലും പല കാലങ്ങളായി അധികാരത്തിലും ഉദ്യോഗങ്ങളിലും ഉണ്ടായിരുന്ന പലർ ചേർന്നാണ് ഈ സങ്കൽപ്പം യാഥാർത്ഥ്യ മാക്കിയത്. മരിച്ചവരെ ഓർക്കുന്നു. ജീവിച്ചിരിക്കുന്ന എല്ലാവരെയും അഭിനന്ദിക്കുന്നു. ഇനി നമ്മളായിട്ട് തർക്കിച്ചു നിൽക്കാതെ കാര്യങ്ങൾക്കു തടസ്സമുണ്ടാക്കാതെ മുന്നോട്ടു പോയാട്ടെ.

# വിഴിഞ്ഞത്തിലെ സി.പി.എം പാര

ഫിർദൗസ് കായൽപ്പുറം

വിഴിഞ്ഞം പദ്ധതി എങ്ങനെ മുടക്കാമെന്ന് ഗവേഷണം നടത്തുകയും വിവിധ ഘട്ടങ്ങളിൽ സമരം ചെയ്ത് തടസപ്പെടുത്തുകയും ചെയ്ത സി.പി.എം ഇപ്പോൾ തുറമുഖത്തിന്റെ പിതൃത്വം ഏറ്റെടുക്കുമ്പോൾ പാർട്ടിയുടെ തലയിൽ ഇടിത്തീപോലെ എം.വി രാഘവന്റെ ആത്മകഥ. 1995 മുതൽതന്നെ വിഴിഞ്ഞത്തിന് സി.പി.എം പാരയെന്ന് എം.വി.ആർ തന്റെ ആത്മകഥയിൽ പറയുന്നുണ്ട്.

വിഴിഞ്ഞം തുറമുഖം എൽ.ഡി.എഫിന്റെയും പ്രത്യേകിച്ച് സി.പി.എമ്മിന്റെയും വികസന നേട്ടമായി അവകാശവാദങ്ങൾ പരക്കെ പ്രചരിക്കുന്നതിനിടെയാണ് തുറമുഖ മന്ത്രിയായിരുന്ന എം.വി.ആറിന്റെ ആത്മകഥയിലെ പരാമർശങ്ങൾ തിരിഞ്ഞുകുത്തുന്നത്. തന്നോടുള്ള എതിർപ്പും വിരോധവും വിഴിഞ്ഞം തുറമുഖത്തോടുള്ള സി.പി.എമ്മിന്റെ സമീപനത്തിൽ പ്രകടമായിരുന്നെന്നും 1995 ഒക്ടോബറിൽ ഹൈദരാബാദിലെ കുമാർ ഗ്രൂപ്പുമായി സംസ്ഥാന സർക്കാർ കരാർ ഒപ്പിട്ടതിന് പിന്നാലെ രൂക്ഷമായ ആരോപണങ്ങളാണ് സി.പി.എമ്മും ദേശാഭിമാനിയും ഉന്നയിച്ചതെന്നും 'ഈ ജന്മം' എന്ന ആത്മകഥയിൽ എം.വി.ആർ രേഖപ്പെടുത്തിയിട്ടുണ്ട്. എ.കെ ആന്റണി സർക്കാർ വിഴിഞ്ഞത്തിനായി നടത്തിയ ശ്രമങ്ങളെ സി.പി.എം എതിർത്തത് തുറമുഖ മന്ത്രിയായിരുന്ന തന്നെ പ്രതിയാക്കിയായിരുന്നു എന്നാണ് അദ്ദേഹം എഴുതിയിരിക്കുന്നത്.'വിഴിഞ്ഞത്ത് അന്താരാഷ്ട്ര തുറമുഖം പ്രാവർത്തികമാക്കാനുള്ള പരിപാടികൾക്ക് തുടക്കം കുറിച്ചിരുന്നു. സി.പി.എമ്മിന്റെ വികസന വിരുദ്ധനയം വിഴിഞ്ഞത്തിന്റെ കാര്യത്തിലും പ്രകടമായി. വിഴിഞ്ഞത്ത് 2000 കോടി രൂപ ചെലവിട്ട് നടത്തുന്ന തുറമുഖ വികസനത്തിന് സി.പി.എം എതിരുനിൽക്കുകയായിരുന്നു. വിഴിഞ്ഞം തുറമുഖ വികസനത്തിന് രണ്ട് ധാരണാപത്രങ്ങളാണ് വകുപ്പ് മന്ത്രിയായിരുന്ന എന്റെയും ചീഫ് സെക്രട്ടറി ആർ. രാമചന്ദ്രൻ നായരുടേയും സാന്നിധ്യത്തിൽ 1995 ഒക്ടോബർ 11ന് തുറമുഖ സെക്രട്ടറി സി. ചന്ദ്രനും കുമാർ ഗ്രൂപ്പ് ഓഫ് കമ്പനീസ് ചെയർമാൻ എസ്.കെ അഗർവാളും ഒപ്പുവെച്ചത്. എന്നാൽ ധാരണാ പത്രത്തിലെ വ്യവസ്ഥകൾ പ്രകാരം 100 വർഷമെങ്കിലും തുറമുഖം സ്വകാര്യകമ്പനിയുടെ അധീനതയിലാകും എന്നാണ് സി.പി.എം മുഖപത്രമായ ദേശാഭിമാനി പ്രചരിപ്പിച്ചത്. ബി.ഒ.ടി കരാർ ഒപ്പിടുമ്പോൾ മാത്രം ഉണ്ടാകേണ്ട ഇത്തരം വ്യവസ്ഥകൾ ധാരണാപത്രത്തിൽ ഉണ്ടെന്ന് പറഞ്ഞ് ജനങ്ങളെ പദ്ധതിക്കെതിരെ തിരിക്കാനായിരുന്നു ശ്രമം' എം.വി.ആർ എഴുതുന്നു. ധാരണാ പത്രത്തിലെ വ്യവസ്ഥകൾ സംശയാസ്പദമാണെന്നും കമ്പനി മുന്നോട്ടുവച്ച വ്യവസ്ഥകൾ നിരുപാധികം അംഗീകരിച്ചു കൊണ്ടാണ് സർക്കാർ കരാറിൽ ഒപ്പുവച്ചത് എന്നുമായിരുന്നു ദേശാഭിമാനിയുടെ പ്രധാന ആക്ഷേപം. 1995 ഒക്ടോബർ 15ന് 'വിഴിഞ്ഞം തുറമുഖം സ്വകാര്യമേഖലക്ക്' എന്ന തലക്കെട്ടിൽ എഴുതിയ ലേഖനത്തിൽ പറഞ്ഞിരുന്നത് ഇങ്ങനെ 'തുറമുഖ വികസനത്തിനെന്ന പേരിൽ കഴിഞ്ഞ ദിവസം ഒപ്പുവച്ച ധാരണാ പത്രത്തിലെ വ്യവസ്ഥകൾ പ്രകാരം നൂറ് വർഷത്തേക്കെങ്കിലും തുറമുഖം സ്വകാര്യ കമ്പനിയുടെ അധീനതയിലാകുമെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. സംസ്ഥാന സർക്കാരിന്റെയും സ്വകാര്യ മേഖലയുടേയും കൂട്ടുപങ്കാളിത്തത്തോടെ തുറമുഖത്തിന്റെ വികസനത്തിന് സമഗ്രപദ്ധതി ആവിഷ്കരിച്ചു നടപ്പാക്കാമെന്ന പ്രഖ്യാപനത്തിന് കടകവിരുദ്ധമായ വ്യവസ്ഥകളടങ്ങിയ ധാരണാപത്രമാണ് തുറമുഖ വകുപ്പിന്റെ കൂടി ചുമതല വഹിക്കുന്ന സഹകരണ മന്ത്രി എം.വി രാഘവന്റെ സാന്നിധ്യത്തിൽ ഒപ്പുവെച്ചത്'. 2001ൽ ആന്റണി മന്ത്രിസഭയിൽ തുറമുഖമന്ത്രിയായി വീണ്ടും വന്നപ്പോൾ വിഴിഞ്ഞത്തിന്റെ വികസനത്തിനായി താൻ ഏറ്റെടുത്ത നടപടികളെക്കുറിച്ചും നേരിട്ട പ്രതിസന്ധികളെക്കുറിച്ചും ആത്മകഥയിൽ വിവരിക്കുന്നുണ്ട്. 'യു.ഡി.എഫ് സർക്കാർ 2001ൽ അധികാരത്തിൽ തിരിച്ചുവന്നപ്പോൾ വിഴിഞ്ഞം തുറമുഖ പദ്ധതി എങ്ങുമെത്താതെ കിടക്കുകയായിരുന്നു. കുമാർ ഏജൻസിയുമായി എൽ.ഡി.എഫ് സർക്കാർ ബി.ഒ.ടി കരാർ ഒപ്പുവെച്ചിരുന്നെങ്കിലും രൂപരേഖയോ മാസ്റ്റർപ്ലാനോ ഒന്നുമില്ലായിരുന്നു. എൽ.ഡി.എഫ് സർക്കാരിന്റെ വിഴിഞ്ഞം പദ്ധതി പ്രവർത്തനം കരാർ ഒപ്പുവെക്കലിൽ ഒതുങ്ങി' ഇങ്ങനെയാണ് എം.വി.ആർ പരിഹസിക്കുന്നത്. എൽഡിഎഫ് സർക്കാരുമായി കരാർ ഒപ്പിട്ട കമ്പനിക്ക് ആവശ്യമായ സാങ്കേതിക, സാമ്പത്തിക ശേഷിയില്ലെന്ന് കണ്ടെത്തിയതിനാൽ 2002ൽ കരാർ റദ്ദാക്കിയെന്നും എം.വി.ആർ എഴുതിയിട്ടുണ്ട്.

2015ൽ ഉമ്മൻ ചാണ്ടിയുടെ കാലത്ത് വിഴിഞ്ഞം പദ്ധതിക്ക് തറക്കല്ലിട്ടപ്പോൾ സി.പി.എമ്മും ദേശാഭിമാനിയും 5000 കോടിയുടെ കടൽക്കൊള്ള ആരോപണം ഉന്നയിച്ചിരുന്നു. പിന്നീട് എൽ.ഡി.എഫ് സർക്കാർ അധികാരത്തിലെത്തിയ ശേഷം നിയോഗിച്ച ജുഡീഷ്യൽ കമ്മിഷൻ ഇതെല്ലാം തള്ളി പദ്ധതിക്ക് പച്ചക്കൊടി കാണിക്കുകയായിരുന്നു. ഇതിന് സമാനമായിരുന്നു എം.വി രാഘവൻ മന്ത്രിയായിരുന്ന കാലത്ത് പദ്ധതിക്കെതിരെ അഴിച്ചുവിട്ട പ്രചാരണമെന്നാണ് ഇപ്പോൾ ചൂണ്ടിക്കാണിക്കപ്പെടുന്നത്.



# പ്രവാസികളുടെ അവധിക്കാലം

സഫാരി സൈനുൽ ആബിദീൻ

ഗൾഫ് മേഖലകളിൽ തൊഴിലെടുത്ത് താമസിച്ചു പോരുന്ന പ്രവാസി കുടുംബങ്ങളുടെ അവധിക്കാലങ്ങൾ അത്ര ആനന്ദകരമല്ല അടുത്ത വർഷങ്ങളിൽ. കാരണങ്ങൾ പലതാണ്. അവധിക്കാലങ്ങളിൽ നാട്ടിലേക്ക് പോവാറുണ്ടായിരുന്ന കുടുംബങ്ങൾ ഉയർന്ന വിമാന യാത്രാനിരക്ക് മൂലം യാത്രകൾ ഒഴിവാക്കാൻ നിർബന്ധിതരാകുന്നുണ്ട്. മാത്രവുമല്ല ഉയർന്ന നിരക്ക് കൊടുത്താൽ പോലും നേരിട്ട് നാട്ടിലേക്ക് സീറ്റ് കിട്ടാനില്ലാത്ത അവസ്ഥയാണ്. മുംബൈ, ഡൽഹി തുടങ്ങി ഇന്ത്യൻ സെക്ടറുകൾ, വിദേശ രാജ്യങ്ങൾ വഴിയുമുള്ള കണക്ഷൻ വിമാനത്തിൽ നാട്ടിലെത്താൻ ശ്രമിച്ചാൽ തന്നെ കുടുംബമായി സഞ്ചരിക്കുന്നവർക്കത് വലിയ ബുദ്ധിമുട്ടാണുണ്ടാക്കുന്നത്. പ്രവാസി മലയാളി കുടുംബങ്ങൾ ഏറ്റവും കൂടുതൽ യാത്ര ചെയ്യുന്നത് സ്കൂൾ അവധിക്കാലത്താണ്. ഈ സമയത്തെ വിമാന നിരക്ക് കുറയ്ക്കണമെന്ന ആവശ്യത്തിന് പ്രവാസത്തോളം പഴക്കമുണ്ടെങ്കിലും നിരക്കു വർധന മാറ്റമില്ലാതെ തുടരുകയാണ്. വേനലവധി സമയം കണക്കാക്കി മാസങ്ങൾക്കു മുൻപേ തന്നെ വിമാനക്കമ്പനികൾ ടിക്കറ്റ് നിരക്ക് കൂട്ടിയതിനാൽ പലർക്കും നേരത്തെ എടുത്തുവെക്കാൻ സാധിച്ചിട്ടില്ല. യാത്രാ ദിവസത്തോട് അടുക്കുന്തോറും നിരക്ക് വർധിക്കുകയും ചെയ്യുന്നു. നാലും അഞ്ചും അംഗങ്ങളുള്ള കുടുംബനാഥനാണെങ്കിൽ ചിലപ്പോൾ വർഷത്തെ സമ്പാദ്യം തന്നെ വിമാന ടിക്കറ്റിനു മാത്രമായി ചിലവഴിക്കേണ്ടി വരുന്നു.

നാട്ടിൽ പോകുന്ന പ്രവാസികളെ കാത്തിരിക്കുന്നത് ചിലവേറിയ അവധിക്കാലമാണ്. വിമാനയാത്രാനിരക്ക് തന്നെ താങ്ങാൻ കഴിയാത്ത അവസ്ഥയിൽ എത്തിനിൽക്കുന്ന സാഹചര്യത്തിൽ പ്രവാസികളെ കൊള്ളയടിക്കുന്ന തരത്തിലാണ് നാട്ടിലെ അവശ്യ സാധനങ്ങൾക്കുള്ള നിരക്ക്. കൂടാതെ എയർപോർട്ട് യൂസർ ഫീ വർധന ഈ മാസം മുതൽ നടപ്പിലാക്കാനുള്ള തീരുമാനവും ഏറ്റവും കൂടുതൽ ബാധിക്കുന്നത് ഗൾഫ് സെക്ടറിലെ യാത്രക്കാരെയാണ്. ആറായിരം മുതൽ ടിക്കറ്റ് നിരക്ക് ഉണ്ടായിരുന്ന ദുബൈ-കോഴിക്കോട് വിമാന യാത്രക്ക് ഇപ്പോൾ മുപ്പത്തി ഒമ്പതിനായിരം വരെ നിരക്ക് ഉയർന്നു. വേനലവധി കഴിഞ്ഞ് പ്രവാസികൾ തിരിച്ചെത്തുന്ന ഓഗസ്റ്റ് രണ്ടാം വാരം മുതൽ ഇപ്പോൾ ആറായിരം മുതൽ ലഭ്യമാകുന്ന കോഴിക്കോട് - ദുബൈ വിമാന ടിക്കറ്റിന് ഇരുപത്തി അയ്യായിരം മുതലാണ് നിരക്ക്. ഇതനുസരിച്ച് നാലംഗ കുടുംബത്തിന് ഒന്ന് നാട്ടിൽ പോയി തിരിച്ചുവരണമെങ്കിൽ ടിക്കറ്റിന് മാത്രം രണ്ടര ലക്ഷം രൂപയോളം വേണ്ടിവരും. യാത്രാദിവസം അടുക്കുംതോറും നിരക്ക് ഇനിയും ഉയരും.

സീസൺ സമയത്ത് കേരളത്തിലേക്കു കൂടുതൽ വിമാനങ്ങൾ സർവീസ് നടത്തിയും നിരക്കു കുറച്ചും യാത്രാ ക്ലേശത്തിന് അറുതിവരുത്തണമെന്ന് പ്രവാസികൾ നിരന്തരമായി ആവശ്യപ്പെടുന്ന കാര്യമാണ്. കേന്ദ്ര സർക്കാരും വ്യോമയാന മന്ത്രാലയവുമാണ് ഇക്കാര്യത്തിൽ ഇടപെടൽ നടത്തേണ്ടത്. സ്കൂൾ അവധിയും ഗൾഫ് രാജ്യങ്ങളിലെ പൊതു അവധികളും മുന്നിൽകണ്ട് മലയാളി പ്രവാസികളെ ചൂഷണം ചെയ്യാനുള്ള വിമാന കമ്പനികളുടെ ശ്രമങ്ങൾക്ക് സർക്കാരുകൾ കുടപിടിക്കരുതെന്ന് പ്രവാസികൾ നിരന്തരം ആവശ്യപ്പെടുന്ന കാര്യമാണ്. ഉത്സവ സീസണുകളിലും ഈ പ്രവണത ശക്തമാണ്.

ഇതോടൊപ്പം വിമാനത്താവളങ്ങളിലെ യൂസർ ഫീകളും പ്രവാസിക്ക് പ്രഹരമാവുകയാണ്. ജൂലൈ മുതൽ തിരുവനന്തപുരത്ത് നിന്നുള്ള ആഭ്യന്തര യാത്രക്കാർ 770 രൂപയും വിദേശ യാത്രികർ 1540 രൂപയും യൂസർ ഫീയായി നൽകണം എന്നതാണ് പുതിയ നിയമം. വിമാന നിരക്ക് വർധന മൂലം പൊറുതിമുട്ടിയ പ്രവാസികൾക്ക് ഇത് ഇരട്ട പ്രഹരമായിരിക്കുകയാണ് എയർപോർട്ട് യൂസർ ഫീ വർധന. തിരുവനന്തപുരം വിമാനത്താവളത്തിലാണ് ഇപ്പോൾ ഇരട്ടിയായി ഉയർത്തിയത്. വിമാനത്താവളത്തിൽ ആദ്യമായി വന്നിറങ്ങുന്നവർക്കും യൂസർ ഫീ ബാധകമാക്കിയിട്ടുണ്ട്.

കടുത്ത ചൂട് അനുഭവപ്പെടുന്ന മാസങ്ങളായതിനാൽ പ്രവാസി കുടുംബങ്ങൾ പലരും അവധിക്കാലങ്ങളിൽ ഗൾഫ് രാജ്യങ്ങളിൽ തങ്ങാൻ ആഗ്രഹിക്കാത്തവരാണ്. എന്നാൽ വിമാന യാത്രയിലെ നിരക്ക് വർധനവ് മൂലം അവിടെതന്നെ നിൽക്കേണ്ടിവരുന്നു. ഇത്തരം കുടുംബങ്ങൾക്കാണെങ്കിൽ കനത്ത ചൂടിൽ നിന്ന് നിരന്തരം എയർകണ്ടീഷൻ ഉപയോഗിക്കേണ്ടി വരുന്നതിനാൽ വലിയ വൈദ്യുതി ബില്ലും വഹിക്കേണ്ടി വരുന്നു.

RNI 3018/1957 Vol No. 91. Issue No.181 Printed and Published by P K K Bava for The Muslim Printing and Publishing Company Limited, Kozhikode at Chandrika Press, Y M C A road, Kozhikode - 673 001.
Editor-Kamal Varadoor (responsible for selection of news under PRB Act). Phone: 0495-2766032, 2765122, Fax: 0495-2765950. Email-chandrika1000@gmail.com, chandadvt@gmail.com



## എം.വി.എ ഭരണം പിടിക്കും

മുംബൈ: മഹാരാഷ്ട്ര നിയമസഭാ തിരഞ്ഞെടുപ്പിൽ മഹാവികാസ് അഘാഡി സഖ്യം (എം.വി.എ) വമ്പൻ വിജയം നേടുമെന്ന് എൻ.സി.പി (എസ്.പി) നേതാവ് ശരത് പവാർ. ആകെ 288 സീറ്റിൽ 225ഓം സഖ്യം നേടുമെന്ന് വ്യക്തമാണ്. ലോക്സഭാ തിരഞ്ഞെടുപ്പിലെ ട്രെൻഡ് നിയമസഭയിലേക്കും ആവർത്തിക്കും. മഹാരാഷ്ട്ര തെറ്റായ കൈകളിലാണുള്ളത്. മാറ്റത്തിന്റെ സൂചന നൽകുന്ന ഫലമാണ് ലോക്സഭാ തിരഞ്ഞെടുപ്പിൽ ജനങ്ങൾ നൽകിയത്. 48 ലോക്സഭാ സീറ്റിൽ 2019ൽ വെറും ആറിടത്തു മാത്രമാണു പ്രതിപക്ഷത്തിന് വിജയിക്കാനായത്. എന്നാൽ, 2024ൽ എത്തിയപ്പോൾ അത് 31 ആയി ഉയർന്നിരിക്കുകയാണ്.



## ഇ.ഡി റെയ്ഡ് രാഷ്ട്രീയപരം

ബെംഗളൂരു: മുൻ മന്ത്രി ബി. നാഗേന്ദ്ര, പട്ടികവർഗ വികസന കോർപറേഷൻ ചെയർമാനും കോൺഗ്രസ് എം.എൽ.എയുമായ ബസനഗൗഡ ദദ്ദൽ എന്നിവരുടെ വീടുകളിലെ ഇ.ഡി റെയ്ഡ് രാഷ്ട്രീയ പ്രേരിതമാണെന്ന് കർണാടക ഉപമുഖ്യമന്ത്രി ഡി.കെ ശിവകുമാർ. ഏത് നടപടിക്രമം അനുസരിച്ചാണ് ഇ.ഡി അന്വേഷണവും റെയ്ഡും നടത്തിയതെന്ന് മനസ്സിലാവുന്നില്ല. ഈ കേസിന്റെ സത്യാവസ്ഥ തങ്ങൾക്ക് അറിയാം. പ്രത്യേക അന്വേഷണ സംഘം (എസ്.ഐ.ടി) അന്വേഷണവുമായി മുന്നോട്ടുപോവുകയാണ്. തിരിമറി നടത്തിയ ഫണ്ട് തിരിച്ചുപിടിച്ചിട്ടുണ്ട്. എസ്.ഐ.ടി അന്വേഷണം തൃപ്തികരമല്ലെങ്കിൽ സി.ബി.ഐ അന്വേഷിക്കട്ടെ.

# ഇന്ത്യ വാർത്തകൾ

### ചുരുക്കത്തിൽ

### ജഗൻ മോഹൻ റെഡ്ഡിക്കെതിരെ വധശ്രമക്കേസ്

അമരാവതി: ആന്ധ്രാപ്രദേശ് മുൻ മുഖ്യമന്ത്രിയും വൈ.എസ്.ആർ കോൺഗ്രസ് അധ്യക്ഷനുമായ ജഗൻ മോഹൻ റെഡ്ഡിക്കെതിരെ വധശ്രമത്തിന് കേസെടുത്ത് ഗുണ്ടൂർ പൊലീസ്. ടി.ഡി.പി എം.എൽ.എ രഘുരാമ കൃഷ്ണ രാജുവിന്റെ പരാതിയിലാണ് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തത്. ജഗന് പുറമെ ആന്ധ്രാ പൊലീസിന്റെ സി.ഐ.ഡി വിഭാഗം മുൻ മേധാവി പി.വി.സുനിൽ കുമാർ, ഇന്റലിജൻസ് വിഭാഗം മേധാവി പി.എസ്.ആർ ആഞ്ജനേയലു എന്നിവരുൾപ്പെടെ നാലുപേർ കൂടി കേസിലെ പ്രതികളാണ്. വധശ്രമം, കസ്റ്റഡി മർദനം, ക്രിമിനൽ ഗൂഢാലോചന തുടങ്ങിയ ആരോപണങ്ങളാണ് എം.എൽ.എ രഘുരാമ കൃഷ്ണ രാജുവിന്റെ പരാതിയിൽ ഉന്നയിച്ചിരിക്കുന്നത്. ചന്ദ്രബാബു നായിഡു അധികാരത്തിൽ എത്തിയതിനു പിന്നാലെ നിരവധി അഴിമതി ആരോപണങ്ങൾ ജഗനെതിരെ ഉയർന്നിരുന്നു.രുഷികൊണ്ടയിലെ ആഡംബര വസതിയുടെ നിർമാണം, ഔദ്യോഗിക വസതികളിൽ കോടികൾ ചെലവഴിച്ചു തുടങ്ങി ഒട്ടേറെ അഴിമതി ആരോപണങ്ങളാണ് ജഗനെതിരെ ടി.ഡി.പി ഉന്നയിച്ചിരിക്കുന്നത്.

### ബിഹാറിൽ മിന്നലേറ്റ് 25 മരണം

പറ്റ്ന: കനത്ത മഴ തുടരുന്ന ബിഹാറിൽ 24 മണിക്കൂറിനിടെ ഇടിമിന്നലേറ്റ് 25 പേർ മരിച്ചു. 39 പേർക്ക് പരിക്കേറ്റു. മധുബാനി, ഔറംഗാബാദ്, സുപോൽ, നാളന്ദ എന്നിവിടങ്ങളിലാണ് കൂടുതൽ പേർ മരിച്ചത്. മരിച്ചവരുടെ കുടുംബത്തിന് ധനസഹായമായി നാല് ലക്ഷം രൂപവീതം നൽകുമെന്ന് മുഖ്യമന്ത്രി നിതീഷ് കുമാർ അറിയിച്ചു. സംസ്ഥാന ദുരന്ത നിവാരണ വകുപ്പിന്റെ കണക്കുകൾ പ്രകാരം ഈ മാസം മാത്രം ഇടിമിന്നലേറ്റ് 50 പേർക്ക് ജീവൻ നഷ്ടമായിട്ടുണ്ട്. അനൗദ്യോഗിക റിപ്പോർട്ടുകളനുസരിച്ച് കൂടുതൽ മരണമുണ്ടെന്നാണ് സൂചന. അടുത്ത ഏതാനും ദിവസത്തേക്ക് കൂടി കനത്ത മഴക്ക് സാധ്യതയുണ്ടെന്ന് കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. ഇടിമിന്നലുണ്ടാകാൻ സാധ്യതയുള്ളതിനാൽ ജനങ്ങൾ പരമാവധി വീടനകത്ത് കഴിയണമെന്നും മുന്നറിയിപ്പുണ്ട്. ബർക്കഗാവിലെ 22 വിദ്യാർത്ഥികൾക്ക് മിന്നലേറ്റു. സ്കൂൾ കെട്ടിടത്തിന് സമീപത്തെ പനയിൽനിന്നാണ് മിന്നലേറ്റത്. ഇവരെ ആരയിലുള്ള ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

### ബൈഭവ് കുമാറിന് ജാമ്യമില്ല

ന്യൂഡൽഹി: എ.എ.പി രാജ്യസഭ എം.പി സ്വാതി മലിവാളിനെ മർദിച്ച കേസിൽ മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിന്റെ സഹായി ബൈഭവ് കുമാറിന് ജാമ്യം നിഷേധിച്ച് ഡൽഹി ഹൈക്കോടതി. ഡൽഹി മുഖ്യമന്ത്രിയുടെ പേഴ്സനൽ സെക്രട്ടറിയെന്ന പദവി വെച്ച് ബൈഭവ് കുമാർ സാക്ഷികളെ സ്വാധീനിക്കാനും തെളിവ് നശിപ്പിക്കാനുമുള്ള സാധ്യത കൂടുതലാണെന്നും കോടതി ചൂണ്ടിക്കാട്ടി. കെജ്രിവാളിന്റെ വസതിയിലെത്തിയപ്പോഴാണ് ബൈഭവ് കുമാർ സ്വാതിയോട് മോശമായി പെരുമാറിയതെന്നാണ് പരാതിയുള്ളത്. മുഖ്യമന്ത്രിയെ കാണാനെത്തിയ തന്നെ ഒരു പ്രകോപനവുമില്ലാതെ ഏഴെട്ടു തവണ കരണത്തടിക്കുകയും മുടി ചുരുട്ടിപ്പിടിച്ച് തറയിലൂടെ വലിച്ചിഴച്ച് വയറ്റിലും നെഞ്ചത്തും ഇടുപ്പിലും ചവിട്ടുകയും ചെയ്തെന്ന് സ്വാതി പരാതിയിൽ പറയുന്നു. തന്നെ മർദിക്കുമ്പോൾ കെജ്രിവാൾ വീട്ടിലുണ്ടായിരുന്നുവെന്നും അവർ ആരോപിച്ചിരുന്നു. എന്നാൽ സ്വാതിയുടെ പരാതി കെട്ടിച്ചമച്ചതാണെന്നായിരുന്നു എ.എ.പിയുടെ മറുപടി. സ്വാതി ബി.ജെ.പിയുടെ ഏജന്റായി പ്രവർത്തിക്കുകയാണെന്നും കെജ്രിവാളിന്റെ പ്രതിഛായ തകർക്കുകയാണ് ലക്ഷ്യമെന്നും പാർട്ടി ആരോപിച്ചു.

### 'ജൂൺ 25 അടിയന്തരാവസ്ഥ ഓർമദിനം'

# വിവാദ നീക്കവുമായി കേന്ദ്ര സർക്കാർ

### ജൂൺ നാല് 'മോദി മുക്ത് ദിന'മെന്ന് കോൺഗ്രസ്

ന്യൂഡൽഹി: അടിയന്തരാവസ്ഥയുടെ ഓർമ പുതുക്കി എല്ലാ വർഷവും ജൂൺ 25 ഭരണഘടനാ ഹത്യാദിനമായി (സംവിധാൻ ഹത്യ ദിവസ്) ആചരിക്കാനുള്ള കേന്ദ്ര സർക്കാർ നീക്കം വിവാദത്തിൽ. ഇതുസംബന്ധിച്ച ഉത്തരവ് കേന്ദ്രസർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചു. അടിയന്തരാവസ്ഥയ്ക്കെതിരെ ധീരമായി പോരാടിയവർക്ക് ആദരമർപ്പിക്കുന്നതിനാണ് ഈ ദിവസം ആചരിക്കുന്നതെന്നാണ് ഉത്തരവിൽ പറയുന്നത്.

ഉത്തരവിന്റെ പകർപ്പ് പ്രധാനമന്ത്രി നരേന്ദ്ര മോദിയും കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായും സമൂഹമാധ്യമമായ എക്സിൽ പങ്കുവച്ചു. 1975 ജൂൺ 25നാണ് അന്നത്തെ പ്രധാനമന്ത്രി ഇന്ദിരാ ഗാന്ധി, സ്വേച്ഛാധിപത്യപരമായി രാജ്യത്തിനു മേൽ അടിയന്തരാവസ്ഥ അടിച്ചേൽപ്പിച്ചതെന്ന് ഉത്തരവിന്റെ പകർപ്പ് പങ്കുവച്ചുകൊണ്ട് മോദി കുറിച്ചു. അടിയന്തരാവസ്ഥ ജനാധിപത്യത്തിന്റെ ആത്മാവിനെ ഞെരുക്കിയ ദിവസങ്ങളിൽ, ഒരു തെറ്റും ചെയ്യാത്ത ലക്ഷക്കണക്കിന് ആളുകൾ ജയിലിലേക്ക് വലിച്ചെറിയപ്പെട്ടു.

മാധ്യമങ്ങളെയടക്കം നിശബ്ദമാക്കിയ ജൂൺ 25 ഇനി എല്ലാ വർഷവും 'സംവിധാൻ ഹത്യ ദിവസ്' ആയി ആചരിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു. അടിയന്തരാവസ്ഥയുടെ മനുഷ്യത്വരഹിതമായ വേദനകൾ സഹിച്ച എല്ലാവരുടെയും മഹത്തായ സംഭാവനകളെ ഈ ദിനത്തിൽ അനുസ്മരിക്കണമെന്നും അമിത് ഷാ പറഞ്ഞു.

അതേസമയം തീരുമാനത്തെ രൂക്ഷമായി വിമർശിച്ച് കോൺഗ്രസ് രംഗത്തെത്തി. ജൂൺ നാലിന് മോദി മുക്ത് ദിവസ് ആയി മത്സരിക്കുമെന്നും കോൺഗ്രസ് തിരിച്ചടിച്ചു. തലക്കെട്ടുകളിൽ ഇടം നേടാനുള്ള നീക്കമാണ് മോദിയും അമിത് ഷായും നടത്തുന്നതെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് ജയറാം രമേശ് പറഞ്ഞു. മോദിയുടെ പത്തു വർഷത്തെ ഭരണത്തിൽ അപ്രഖ്യാപിത അടിയന്തരാവസ്ഥയാണ് രാജ്യത്തുണ്ടായത്. 2024 ജൂൺ 4ന് ഇന്ത്യയിലെ ജനങ്ങൾ മോദിക്ക് ധാർമികമായ തിരിച്ചടി നൽകി. ഈ ദിനം ഇനി ചരിത്രത്തിൽ 'മോദിമുക്തി ദിവസ്' എന്നറിയപ്പെടും.

മനുസ്മൃതിയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് ഇക്കാലമത്രയും ഭരണഘടനയെയും അതിന്റെ തത്വങ്ങളെയും മൂല്യങ്ങളെയും തള്ളിപ്പറഞ്ഞവരാണ് ബി.ജെ.പിയും ആർ.എസ്.എസും- അദ്ദേഹം വ്യക്തമാക്കി. ലോക്സഭാ തിരഞ്ഞെടുപ്പിൽ ഭരണഘടന ഉയർത്തിക്കാട്ടി രാഹുൽ ഗാന്ധി നടത്തിയ പ്രചാരണം ബി.ജെ.പിക്ക് കനത്ത തിരിച്ചടിയായിരുന്നു. ബി.ജെ.പിയുടെ വിഭജന പ്രത്യയ ശാസ്ത്രമല്ല, എല്ലാ വിഭാഗം ജനങ്ങളെയും ഒരുപോലെ കാണുന്ന ഭരണഘടനയാണ് നാം ഉയർത്തിപ്പിടിക്കേണ്ടതെന്ന് രാഹുലിന്റെ പ്രഖ്യാപനം യു.പിയിലടക്കം ഇന്ത്യാ മുന്നണിയുടെ മുന്നേറ്റത്തിൽ നിർണായകമായി. ഇതോടെയാണ് അടിയന്തരാവസ്ഥ എടുത്തിട്ട് പ്രതിപക്ഷത്തെ പ്രതിരോധത്തിലാക്കാൻ ബി.ജെ.പി ശ്രമം തുടങ്ങിയത്. മൂന്നാം മോദി സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പാർലമെന്റിന്റെ ഇരുസഭകളെയും അഭിസംബോധന ചെയ്തുള്ള പ്രസംഗത്തിൽ രാഷ്ട്രപതി അടിയന്തരാവസ്ഥയെ ഇരുണ്ട അധ്യായമെന്ന് വിശേഷിപ്പിച്ചത് ഇതിന്റെ ഭാഗമാണ്.

അടിയന്തരാവസ്ഥയെ അപലപിച്ചുകൊണ്ടുള്ള സ്പീക്കർ ഓം ബിർലയുടെ പ്രസ്താവനയും ലോകസഭയിൽ ബഹളത്തിനിടയാക്കിയിരുന്നു.

### ബി.ജെ.പിക്കെതിരെ ആഞ്ഞടിച്ച് പ്രതിപക്ഷം

# ശരിക്കും അടിയന്തരാവസ്ഥ മോദിയുടെ ഭരണത്തിൽ

ന്യൂഡൽഹി: അടിയന്തരാവസ്ഥയെ രാഷ്ട്രീയവത്കരിച്ച് നേട്ടം കൊയ്യാനുള്ള ബി.ജെ.പി നീക്കത്തിനെതിരെ ആഞ്ഞടിച്ച് പ്രതിപക്ഷ കക്ഷികൾ. ഭരണഘടന നശിപ്പിച്ചവരാണ് അതേക്കുറിച്ച് വാചാലരാവുന്നതെന്ന് ആർ.ജെ.ഡി നേതാവ് മനോജ് ഝാ പ്രതികരിച്ചു.

ബി.ജെ.പി കണ്ണാടിയിൽ നോക്കണം. ജനങ്ങൾ ഇനി നിങ്ങളുടെ കള്ളത്തരങ്ങളിൽ വീഴില്ല- മനോജ് ഝാ പറഞ്ഞു. ബി.ജെ.പി ഭരണത്തിൽ അന്വേഷണ ഏജൻസികളും നിയമങ്ങളും ദുരുപയോഗം ചെയ്യപ്പെട്ടു, പ്രതിപക്ഷത്തെ പല നേതാക്കളെയും വേട്ടയാടി. അപഖ്യാപിത അടിയന്തരാവസ്ഥയാണ് രാജ്യത്ത് നിലനിന്നത്. അടിയന്തരാവസ്ഥ പ്രഖ്യാപിതമോ അപ്രഖ്യാപിതമോ ആകട്ടെ, അത് ജനാധിപത്യത്തെ ദുർബലപ്പെടുത്തും- സമാജ്വാദി പാർട്ടി നേതാവ് ഫക്രുൽ ഹസൻ ചാന്ദ് പറഞ്ഞു.

ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനുള്ള നീക്കമാണ് മോദി സർക്കാരിന്റേതെന്ന് ഹേമന്ത് സോറന്റെ ജെ.എം.എം കുറ്റപ്പെടുത്തി. പല സംസ്ഥാനങ്ങളിലും നിയമസഭാ തിരഞ്ഞെടുപ്പ് നടക്കാനിരിക്കെയാണ് പുതിയ നീക്കം. ഭരണഘടനയെ അപകടത്തിലാക്കിയത് ബി.ജെ.പിയാണ്. ഇതിനുള്ള തിരിച്ചടിയാണ് അവർക്ക് ലോക്സഭാ തിരഞ്ഞെടുപ്പിൽ കിട്ടിയത്.

ബി.ജെ.പി രാജ്യത്തെ ഏത് ദിശയിലേക്കാണ് കൊണ്ടുപോകുന്നത്, ഇവിടെ സാമുദായിക സൗഹാർദം നിലനിർത്താൻ പോലും അവർക്ക് കഴിയുന്നില്ല. നാല് സംസ്ഥാനങ്ങളിൽ തിരഞ്ഞെടുപ്പ് നടക്കുകയാണ്. പ്രശ്നങ്ങളിൽ നിന്ന് ജനങ്ങളുടെ ശ്രദ്ധ തിരിക്കുകയാണ് ഈ നീക്കത്തിന് പിന്നിൽ- ജെ.എം.എം എം.പി മഹുവ മാജി പറഞ്ഞു.

## കങ്കണയെ കാണാൻ ആധാർ വേണം; രൂക്ഷ വിമർശനവുമായി കോൺഗ്രസ്



മണ്ഡി: തന്നെ കാണാനെത്തുന്ന പരാതിക്കാർ ആധാർ കാർഡ് കൊണ്ടുവരണമെന്നു നടിയും ബി.ജെ.പി എം.പിയുമായ കങ്കണ റണൗട്ട്. പരാതി വിശദമായി പേപ്പറിൽ എഴുതി നൽകണം. വിനോദ സഞ്ചാരികൾ ഏറെയുള്ള ഹിമാചലിൽ, തന്നെ കാണാനെത്തുന്നവർ മണ്ഡി സ്വദേശികളാണെന്ന് തിരിച്ചറിയാനാണിതെന്നും കങ്കണ പറഞ്ഞു. ജനങ്ങളേയും അവരുടെ പ്രശ്നങ്ങളേയും തിരിച്ചറിഞ്ഞ് അങ്ങോട്ട് എത്തുകയാണ് ഒരു ജനപ്രതിനിധി ചെയ്യേണ്ടതെന്നും കങ്കണയുടെ പ്രവൃത്തികൾ അതിനു ചേരുന്നതല്ലെന്നും കോൺഗ്രസ് പ്രതികരിച്ചു. ജനപ്രതിനിധിയെ കാണാനെത്തുന്നവർ ആധാർ കാർഡ് കാണിക്കേണ്ട ആവശ്യമില്ലെന്നു കോൺഗ്രസ് നേതാവും ഹിമാചൽ പ്രദേശ് പൊതുമരാമത്തു മന്ത്രിയുമായ വിക്രമാദിത്യ സിങ് പ്രതികരിച്ചു.

### ജയവും തോൽവിയും സ്വാഭാവികം

## സ്മൃതി ഇറാനിയെ അധിക്ഷേപിക്കരുത്: രാഹുൽ ഗാന്ധി





*സ്മൃതി ഇറാനി, രാഹുൽ*

ന്യൂഡൽഹി: ബി.ജെ.പി നേതാവും മുൻ കേന്ദ്രമന്ത്രിയുമായ സ്മൃതി ഇറാനിക്കെതിരായ അധിക്ഷേപങ്ങളിൽനിന്ന് വിട്ടുനിൽക്കാൻ അഭ്യർത്ഥനയുമായി രാഹുൽ ഗാന്ധി. ഫേസ്ബുക്ക് കുറിപ്പിലൂടെയാണ് രാഹുലിന്റെ ആവശ്യം. ജീവിതത്തിൽ ജയവും തോൽവിയും ഉണ്ടാവും. എന്നാൽ, ആളുകളെ അപമാനിക്കുകയും അധിക്ഷേപിക്കുകയും ചെയ്യുന്നത് ബലഹീനതയുടെ ലക്ഷണമാണെന്നും ശക്തിയല്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

'ജീവിതത്തിൽ ജയവും തോൽവിയും ഉണ്ടാകും. ശ്രീമതി സ്മൃതി ഇറാനിക്കോ മറ്റേതെങ്കിലും നേതാക്കൾക്കോ എതിരെ അപകീർത്തികരമായ വാക്കുകൾ ഉപയോഗിക്കുന്നതിൽ നിന്നും മോശമായി പെരുമാറുന്നതിൽ നിന്നും വിട്ടുനിൽക്കാൻ ഞാൻ എല്ലാവരോടും അഭ്യർത്ഥിക്കുന്നു. ആളുകളെ അപമാനിക്കുകയും അധിക്ഷേപിക്കുകയും ചെയ്യുന്നത് ബലഹീനതയുടെ ലക്ഷണമാണ്, ശക്തിയല്ല' എന്നിങ്ങനെയായിരുന്നു രാഹുലിന്റെ പോസ്റ്റ്. 2019ലെ ലോക്സഭ തിരഞ്ഞെടുപ്പിൽ രാഹുൽ ഗാന്ധിയെ അമേഠിയിൽ പരാജയപ്പെടുത്തിയതോടെയാണ് സ്മൃതി ബി.ജെ.പിയിൽ ശ്രദ്ധാകേന്ദ്രമാകുന്നത്. ഇതിന് പിന്നാലെ രാഹുലിനെയും നെഹ്റു കുടുംബത്തെയും അധിക്ഷേപിച്ച് അവർ നിരവധി തവണ രംഗത്തെത്തി.

എന്നാൽ മാന്യമായ പ്രതികരണമാണ് അന്നും രാഹുലിൽ നിന്നുണ്ടായത്. ഇത്തവണ അമേഠിയിൽ വീണ്ടും മത്സരിക്കാൻ അവർ രാഹുലിനെ വെല്ലുവിളിച്ചിരുന്നു. കോൺഗ്രസിന്റെ കിഷോരി ലാൽ ശർമയോട് ഒന്നര ലക്ഷത്തിലധികം വോട്ടിന് തോൽവി ഏറ്റുവാങ്ങാനായിരുന്നു സ്മൃതിയുടെ നിയോഗം. ഇതോടെ അവർക്ക് കഴിഞ്ഞ ദിവസം ഔദ്യോഗിക ബംഗ്ലാവ് ഒഴിയേണ്ടിയുംവന്നു. തുടർന്നാണ് സമൂഹമാധ്യമങ്ങളിൽ സ്മൃതിക്കെതിരെ വ്യാപകമായി പരിഹാസമുയർന്നത്.

### ബില്ലുകൾക്ക് അനുമതിയില്ല; ഗവർണർക്ക് എതിരെ ബംഗാൾ സർക്കാർ സുപ്രീം കോടതിയിൽ

കൊൽക്കത്ത: സംസ്ഥാന നിയമസഭ പാസാക്കിയ എട്ട് ബില്ലുകൾക്ക് അനുമതി നൽകാതെ ഗവർണർ സി.വി ആനന്ദ ബോസ് പിടിച്ചുവെക്കുന്നുവെന്നാരോപിച്ച് പശ്ചിമ ബംഗാൾ സർക്കാർ സുപ്രീം കോടതിയെ സമീപിച്ചു. ജനക്ഷേമ പ്രവർത്തനത്തിനായി തൃണമൂൽ കോൺഗ്രസ് സർക്കാർ പാസാക്കിയ ബില്ലുകൾ യഥാസമയത്ത് അനുമതി ലഭിക്കാത്തതിനാൽ ക്ഷേമ പ്രവർത്തനങ്ങൾക്ക് തടസ്സമാകുന്നുവെന്നാരോപിച്ചാണ് സംസ്ഥാന സർക്കാർ സുപ്രീം കോടതിയെ സമീപിച്ചത്. ഹർജി നേരത്തെ പരിഗണിക്കാമെന്ന് ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡ് വ്യക്തമാക്കിയിട്ടുണ്ട്. 2022 മുതൽ ബിൽ ഗവർണറുടെ അനുമതി കാത്ത് കിടക്കുകയാണ്. ഇതിൻമേൽ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. പ്രത്യേക കാരണമില്ലാതെയാണ് അനുഛേദം 200 പ്രകാരം ഗവർണർ ബില്ലുകൾ പിടിച്ചു വെച്ചിരിക്കുന്നത്. ഇത് ഭരണഘടനയുടെ നഗ്നമായ ലംഘനമാണെന്നും ബംഗാൾ സർക്കാർ ഹർജിയിൽ ആരോപിച്ചിട്ടുണ്ട്.

## പ്രതിഷേധം കടുത്തു; മനുസ്മൃതി വേണ്ടെന്ന് ഡൽഹി യൂണിവേഴ്സിറ്റി

ന്യൂഡൽഹി: എൽ.എൽ.ബി സിലബസിൽ മനുസ്മൃതി ഉൾപ്പെടുത്താനുള്ള ഡൽഹി യൂണിവേഴ്സിറ്റി ലോ ഫാക്കൽറ്റിയുടെ നിർദേശം തള്ളി യൂണിവേഴ്സിറ്റി വൈസ് ചാൻസലർ യോഗേഷ് സിങ്. അധ്യാപക സംഘടനകളുടെയും പ്രതിപക്ഷ പാർട്ടികളുടെയും പ്രതിഷേധത്തിന് പിന്നാലെയാണ് നിർദേശം തള്ളിയതായി വിസി പ്രഖ്യാപിച്ചത്.

സർവകലാശാലയുടെ ചില കോഴ്സുകളിൽ മാറ്റങ്ങൾക്കായി ഒരു നിർദേശം ഫാക്കൽറ്റി ഓഫ് ലോയിൽ നിന്ന് ലഭിച്ചു. നിർദേശിച്ച രണ്ട് പാഠങ്ങളും ഭേദഗതിയും സർവകലാശാല നിരസിച്ചു, അവ പഠിപ്പിക്കില്ല-എന്നായിരുന്നു വിസിയുടെ പ്രതികരണം. ഭേദഗതി നിർദേശങ്ങൾ രാഷ്ട്രീയ പ്രേരിതവും അനാവശ്യവുമാണെന്ന് ലോ ഫാക്കൽറ്റിയിലെ അധ്യാപകർ തന്നെ പ്രതികരിച്ചിരുന്നു. ഇന്ത്യയിൽ ആധുനിക നീതിന്യായ വ്യവസ്ഥയെ ആശ്രയിക്കുകയും ഒരു പൊതു നിയമ വ്യവസ്ഥ പിന്തുടരുകയും ചെയ്യുന്നു. ഈ പുരാതന ഗ്രന്ഥങ്ങൾ ഇപ്പോൾ പഠിക്കുന്നതിൽ അർഥമില്ല, ഇതുകൊണ്ട് വിദ്യാർഥികൾക്ക് ഒരു പ്രയോജനവുമില്ലെന്നായിരുന്നു ഫാക്കൽറ്റിയിലെ പ്രൊഫസർമാരിൽ ഒരാളുടെ പ്രതികരണം. കഴിഞ്ഞ ദിവസമാണ് ഡൽഹി യൂണിവേഴ്സിറ്റിയുടെ എൽഎൽബി കോഴ്സിൽ മനുസ്മൃതി ഉൾപ്പെടുത്താനുള്ള നിർദേശം പുറത്തു വന്നത്. എൽഎൽബി കോഴ്സിലെ ആദ്യ സെമസ്റ്ററിൽ യൂണിറ്റ് 5 അനലിറ്റിക്കൽ പോസിറ്റിവിസം എന്ന ഭാഗത്തിലാണ് അധിക വായനയ്ക്കായി ജിഎൻ ഝായുടെ 'മനുസ്മൃതി വിത്ത് ദ മനുഭാഷ്യ ഓഫ് മേധാതിഥി' എന്ന പുസ്തകം നിർദേശിച്ചത്.

ഇതിന് പിന്നാലെ പ്രതിഷേധവുമായി അധ്യാപക സംഘടനയായ സോഷ്യൽ ഡെമോക്രാറ്റിക് ടീച്ചേഴ്സ് ഫ്രണ്ടും കോൺഗ്രസ് അടക്കമുള്ള പ്രതിപക്ഷ പാർട്ടികളും രംഗത്തെത്തിയിരുന്നു. നിയമപഠനത്തിൽ ഇന്ത്യൻ കാഴ്ചപ്പാടുകൾ പഠനത്തിൽ അവതരിപ്പിക്കുന്നതിനാണ് മനുസ്മൃതി സിലബസിലേക്ക് ശുപാർശ ചെയ്തതെന്നായിരുന്നു ഡൽഹി യൂണിവേഴ്സിറ്റി നിയമവിഭാഗത്തിലെ ഡീൻ പ്രൊഫസർ അഞ്ജു വാലി ടിക്കു പറഞ്ഞത്.

ജൂലൈ 1 മുതൽ പ്രാബല്യത്തിൽ വന്ന പുതിയ ക്രിമിനൽ നിയമ സംഹിത കോഴ്സിന്റെ ഭാഗമാക്കുന്നതിന്റെ പ്രക്രിയയിലാണ് നിലവിൽ ഡൽഹി യൂണിവേഴ്സിറ്റിയിലെ ഫാക്കൽറ്റി ഓഫ് ലോ ഇന്ത്യൻ ശിക്ഷാ നിയമം, 1860, ക്രിമിനൽ പ്രൊസീജ്യർ കോഡ് (സി.ആർ.പി.സി), ഇന്ത്യൻ എവിഡൻസ് ആക്ട് എന്നിവയെക്കുറിച്ചുള്ള കോഴ്സുകൾക്ക് പകരം ഭാരതീയ ന്യായ സംഹിത, ഭാരതീയ നാഗരിക് സുരക്ഷാ സംഹിത, ഭാരതീയ സാക്ഷ്യ അധീനിയം എന്നിവയുടെ കോഴ്സ് ആരംഭിക്കുന്നത്.

### മുംബൈയിൽ മഴ, വെള്ളക്കെട്ട്

മുംബൈ: കനത്ത മഴയെത്തുടർന്നു നഗരത്തിൽ പലയിടത്തും വെള്ളക്കെട്ട്. റോഡുകളിലും റെയിൽവേ ട്രാക്കുകളിലും വെള്ളം കയറിയതു ഗതാഗതം തടസ്സപ്പെട്ടു. വിമാന സർവീസിനെയും മഴ പ്രതികൂലമായി ബാധിച്ചേക്കും. റിലയൻസ് ഇൻഡസ്ട്രീസ് മേധാവി മുകേഷ് അംബാനിയുടെയും നിത അംബാനിയുടെയും ഇളയ മകൻ അനന്ത് അംബാനിയുടെ വിവാഹത്തിനു ഒട്ടേറെ വിമാനങ്ങൾ ചാർട്ടർ ചെയ്തിട്ടുണ്ട്. പ്രതികൂല കാലാവസ്ഥ ഈ വിമാനങ്ങളേയും ബാധിച്ചു. അതിഥികളുമായി നൂറിലധികം വിമാനങ്ങളാണ് മുംബൈയിൽ എത്താനിരിക്കുന്നത്. ഇന്നലെ നഗരത്തിൽ യെലോ അലർട്ട് പ്രഖ്യാപിച്ചിരുന്നു. നവി മുംബൈയിലും താനെയിലും ഓറഞ്ച് അലർട്ടാണ്. അനന്ത് അംബാനിയുടെ വിവാഹ ആഘോഷങ്ങൾ നടക്കുന്ന ബാന്ദ്രയിലെ കുർള കോംപ്ലക്സിനു സമീപം ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിട്ടുണ്ട്.

## രാഹുലിനെതിരായ അപകീർത്തി കേസ്; പുതിയ രേഖകൾക്കുള്ള അനുമതി റദ്ദാക്കി

മുംബൈ: രാഹുൽ ഗാന്ധിക്കെതിരെ ആർ.എസ്.എസ് പ്രവർത്തകൻ നൽകിയ അപകീർത്തി കേസിൽ പുതിയ രേഖകൾ ഹാജാരാക്കാനാവില്ലെന്ന് ബോംബെ ഹൈക്കോടതി. ആർ.എസ്.എസ് പ്രവർത്തകന് പുതിയ രേഖകൾ ഹാജരാക്കാൻ അനുമതി നൽകിയ ഭീവണ്ടി മജിസ്ട്രേറ്റ് കോടതി ഉത്തരവ് ഹൈക്കോടതി റദ്ദാക്കി. മഹാത്മാ ഗാന്ധി വധത്തിൽ ആർ.എസ്.എസിന് പങ്കുണ്ടെന്ന രാഹുലിന്റെ 2014ലെ പരാമർശത്തിനെതിരെയാണ് ആർ.എസ്.എസ് അപകീർത്തി കേസ് ഫയൽ ചെയ്തത്. രാഹുലിന്റെ പ്രസംഗത്തിന്റെ കുറിപ്പ് ഹാജരാക്കാൻ 2023ൽ പരാതിക്കാരന് ഭീവണ്ടി കോടതി അനുമതി നൽകിയിരുന്നു. ഇതിനെതിരെ രാഹുൽ ഹൈക്കോടതിയെ സമീപിക്കുകയായിരുന്നു. 2021ൽ ഹൈക്കോടതി ബെഞ്ച് ഹർജിക്കാരന്റെ ആവശ്യം തള്ളിയതാണെന്നും ഇതേ ആവശ്യവുമായി വീണ്ടും എത്തുന്നത് തീർത്തും നിയമ വിരുദ്ധമാണെന്നും രാഹുൽ ആരോപിച്ചിരുന്നു.

# കന്നഡ ചാനലിന്റെ സംപ്രേഷണം തടഞ്ഞത് രാഷ്ട്രീയ വേട്ട

### കർണാടക ഹൈക്കോടതി വിധി സ്റ്റേ ചെയ്ത് സുപ്രീം കോടതി

ന്യൂഡൽഹി: ജെ.ഡി.എസ് നേതാവ് പ്രജ്വൽ രേവണ്ണ ഉൾപ്പെട്ട ലൈംഗിക പീഡന കേസ് സംബന്ധിച്ച വാർത്ത സംപ്രേഷണം ചെയ്തതിന് പിന്നാലെ കന്നഡ വാർത്താ ചാനൽ പവർ ടിവിയുടെ സംപ്രേഷണം തടഞ്ഞ കർണാടക ഹൈക്കോടതി വിധി സുപ്രീം കോടതി സ്റ്റേ ചെയ്തു.

സംപ്രേഷണം തടഞ്ഞത് വ്യക്തമായ രാഷ്ട്രീയ വേട്ടയാണെന്ന് ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഢ്, ജസ്റ്റിസുമാരായ ജെ.ബി പർദിവാല. മനോജ് മിശ്ര എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ച് പറഞ്ഞു. അഭിപ്രായ സ്വാതന്ത്ര്യം സംരക്ഷിക്കാനാണ് ശ്രമിക്കേണ്ടത്. എന്നാൽ കേസ് രാഷ്ട്രീയ പ്രതികാരണമാണെന്ന് പ്രഥമദൃഷ്ടിയിൽ തന്നെ ബോധ്യമാണ്. ഹർജിക്കാരായ പവർടിവിയുടെ ആവശ്യം സംരക്ഷിക്കാനായില്ലെങ്കിൽ കോടതി അതിന്റെ കടമകളിൽ പരാജയപ്പെടുമെന്നും ഡിവിഷൻ ബെഞ്ച് നിരീക്ഷിച്ചു.

ചാനലിന്റെ ഹർജിയിൽ കേന്ദ്രത്തിനും ബന്ധപ്പെട്ടവർക്കും നോട്ടീസയച്ച സുപ്രീം കോടതി ഹർജി 15ന് വീണ്ടും പരിഗണിക്കാനായി മാറ്റി. പവർ ടിവിയുടെ ലൈസൻസ് 2021 ഒക്ടോബറിൽ അവസാനിച്ചതാണെന്ന് ചൂണ്ടിക്കാട്ടിയാണ് കർണാടക ഹൈക്കോടതി ജൂൺ 25ന് ചാനലിന്റെ സംപ്രേഷണം തടഞ്ഞത്.

മുതിർന്ന ഐ.പി.എസ് ഉദ്യോഗസ്ഥൻ ഡോ.ബി.ആർ രവികാന്ത ഗൗഡ, ജെ.ഡി.എസ് നേതാവും എം.എൽ.സിയുമായ എച്ച്.എം രമേശ് ഗൗഡ, ഭാര്യ ഡോ. എ രമ്യ രമേഷ് എന്നിവരുടെ പരാതിയിലായിരുന്നു ചാനലിനെതിരെ നടപടി. ജനതാദൾ (എസ്) നേതാക്കളായ പ്രജ്വൽ രേവണ്ണ, സൂരജ് രേവണ്ണ എന്നിവരുൾപ്പെട്ട ലൈംഗിക പീഡന കേസുമായി ബന്ധപ്പെട്ട് വിശാലമായ റിപ്പോർട്ട് ചാനൽ സംപ്രേഷണം ചെയ്തിരുന്നു. 2021 ഒക്ടോബറിൽ പവർ ടിവിയുടെ ലൈസൻസ് തീർന്നതാണെന്നും ഇത് സംബന്ധിച്ച് ചാനലിന് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നതായുമാണ് കേന്ദ്ര സർക്കാർ സുപ്രീം കോടതിയെ അറിയിച്ചത്.

ലൈസൻസ് പുതുക്കി നൽകാനായി പവർടിവി 2022 ഡിസംബർ 30ന് നൽകിയ അപേക്ഷ പരിശോധനയിലാണെന്നും ഇതിൽ തീർപ്പാക്കിയിട്ടില്ലെന്നും കേന്ദ്രം കോടതിയെ അറിയിച്ചു.

## വ്യാജ സർട്ടിഫിക്കറ്റ്; രാജസ്ഥാനിലെ സ്വകാര്യ സർവകലാശാലക്കെതിരെ അന്വേഷണം

ജയ്പൂർ: രാജസ്ഥാനിലെ സ്വകാര്യ സർവകലാശാല അംഗീകാരമില്ലാത്ത കോഴ്സുകളുടെ പേരിൽ വ്യാജ ബിരുദം നൽകിയെന്ന പരാതിയിൽ അന്വേഷണം. 43,409 പേർക്കാണ് വ്യാജ ബിരുദ സർട്ടിഫിക്കറ്റ് നൽകിയത്.

2013ൽ ആരംഭിച്ച ചുരുവിലെ ഓം പ്രകാശ് ജോഗേന്ദർ സിംഗ് (ഒപിജെഎസ്) സർവകലാശാലക്കെതിരെയാണ് ആരോപണം. സംഭവത്തിൽ രാജസ്ഥാൻ പൊലീസിന്റെ സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ് (എസ്ഒജി) അന്വേഷണം തുടങ്ങി. 2022 ലെ ഫിസിക്കൽ ട്രെയിനിംഗ് ഇൻസ്ട്രക്ടർ (പിടിഐ) പരീക്ഷയ്ക്ക് 1,300 അപേക്ഷകർ ഈ സർവകാശാലയിലെ ബിരുദ സർട്ടിഫിക്കറ്റാണ് സമർപ്പിച്ചത്. ഇതിന് ശേഷമാണ് സർവകാശാല സംശയ നിഴലിലായത്. യൂണിവേഴ്സിറ്റിയിലെ പിടിഐ കോഴ്സിന് 2016 ൽ മാത്രമാണ് അക്രഡിറ്റേഷൻ ലഭിച്ചത്. വെറും 100 സീറ്റ് മാത്രമാണ് അനുമതി ഉണ്ടായിരുന്നത്.

2020ന് മുമ്പ് എൻറോൾ ചെയ്ത വിദ്യാർത്ഥികൾക്ക് മാത്രമേ പിടിഐ 2022 പരീക്ഷ എഴുതാൻ അർഹതയുള്ളൂ. അതുകൊണ്ടുതന്നെ സർവകലാശാലക്ക് ഇത്രയധികം യഥാർത്ഥ ബിരുദങ്ങൾ നൽകാൻ കഴിയില്ലെന്ന് പൊലീസ് പറഞ്ഞു.

അഴിമതിയിൽ പങ്കുണ്ടെന്ന് ആരോപിച്ച് സർവകലാശാലയുടെ സ്ഥാപക ഉടമ ജോഗീന്ദർ സിംഗ് ദലാലിനെ അറസ്റ്റ് ചെയ്തിരുന്നു. കോളജ് പ്രവേശന പരീക്ഷകളിലെയും സർക്കാർ പരീക്ഷകളിലെയും ചോദ്യപേപ്പർ ചോർച്ചയും ക്രമക്കേടും സംബന്ധിച്ച അന്വേഷണമാണ് ജോഗീന്ദർ സിംഗ് ദലാലിലേക്ക് നയിച്ചത്. വിസ അപേക്ഷകൾക്കായി ബിരുദ സർട്ടിഫിക്കറ്റ് ആവശ്യമുള്ളവർക്ക് മുൻകാല ബിരുദ സർട്ടിഫിക്കറ്റ് നിർമിച്ച് നൽകിയതായി പ്രാഥമിക അന്വേഷണങ്ങൾ കണ്ടെത്തി. 2013 മുതൽ യൂണിവേഴ്സിറ്റി 708 പിഎച്ച്ഡിയും 8,861 എൻജിനീയറിങ് ബിരുദങ്ങളും ഫിസിക്കൽ എജ്യുക്കേഷൻ 1,640 ബിരുദങ്ങളും നൽകി.

സർക്കാർ ജോലിക്ക് അപേക്ഷിക്കാൻ ഉദ്യോഗാർഥികൾ വ്യാജ ബിരുദ സർട്ടിഫിക്കറ്റ് നേടിയതായി പൊലീസ് സംശയിക്കുന്നു. സർവകലാശാലയിൽ 30 ൽ താഴെ ജീവനക്കാരാണ് ഉള്ളത്.

## കീർത്തിചക്ര മരുമകൾ കൊണ്ടുപോയെന്ന് ക്യാപ്റ്റൻ അൻഷുമാന്റെ മാതാപിതാക്കൾ

ന്യൂഡൽഹി: ക്യാപ്റ്റൻ അൻഷുമാൻ സിങിന്റെ ഭാര്യ സ്മൃതി സിങിനെതിരേ ആരോപണങ്ങളുന്നയിച്ച് ഭർതൃമാതാവും പിതാവും. മകന് ലഭിച്ച സൈനിക ബഹുമതികളും ഫോട്ടോ ആൽബവും വസ്ത്രങ്ങളും ഉൾപ്പെടെ എല്ലാം ഓർമകളും സ്മൃതി പഞ്ചാബിലെ ഗുർദാസ്പുരിലെ വീട്ടിലേക്ക് മാറ്റിയെന്ന് അവർ ആരോപിച്ചു.

മകന് ലഭിച്ച കീർത്തിചക്ര പുരസ്കാരത്തിൽ ഒന്ന് തൊടാൻപോലും കഴിഞ്ഞില്ലെന്ന് അമ്മ മഞ്ജു പറഞ്ഞു. ജൂലൈ അഞ്ചിന് രാഷ്ട്രപതി ഭവനിൽനടന്ന അവാർഡ്ദാന ചടങ്ങിൽ സ്മൃതിക്കൊപ്പം പങ്കെടുത്തു. കരസേനാ ഉദ്യോഗസ്ഥരുടെ നിർബന്ധപ്രകാരം ഫോട്ടോ എടുക്കുന്നതിനിടയിൽ പുരസ്കാരത്തിൽ ഒന്ന്തൊട്ടു.

ശേഷം പുരസ്കാരം സ്മൃതി തന്റെ കൈയ്യിൽനിന്ന് എടുത്തുവെന്നു അവർ പറഞ്ഞു. മകന്റെ ഔദ്യോഗിക വിലാസം ലഖ്നൗവിൽ നിന്ന് ഗുർദാസ്പുരിലേക്ക് സ്മൃതി മാറ്റിയതായി അൻഷുമാന്റെ പിതാവ് രവി പ്രതാപ് സിങ് ആരോപിച്ചു. മകനുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും സ്മൃതിയിലേക്ക് മാത്രം എത്തിച്ചേരണമെന്നുള്ള ലക്ഷ്യമായിരുന്നു ഇതിന് പിന്നിൽ. വീരമൃത്യു വരിച്ച ജവാന്റെ ഭാര്യക്കൊപ്പം മാതാപിതാക്കൾക്കും സർക്കാർ സഹായവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്ന വിധത്തിൽ ചട്ടങ്ങൾ ഭേദഗതി ചെയ്യണം. സൈനിക ബഹുമതികളുടെ ഒരു പകർപ്പ് ഭാര്യക്കൊപ്പം മാതാപിതാക്കൾക്കും നൽകണമെന്നും രവി പ്രതാപ് പറഞ്ഞു.

2023 ജൂലായ് 19ന് സിയാച്ചിൻ മഞ്ഞുമലയിൽ സൈന്യത്തിന്റെ ബങ്കറിനടുത്തുണ്ടായ തീപ്പിടിത്തത്തിലാണ് കരസേന റെജിമെന്റൽ മെഡിക്കൽ ഓഫീസർ ക്യാപ്റ്റൻ അൻഷുമാൻ സിങ് വീരമൃത്യു വരിച്ചത്.

## കീം- 2024 റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു

തിരുവനന്തപുരം: 2024 ലെ എൻജിനിയറിങ് കോഴ്സ് പ്രവേശനത്തിനുള്ള സംസ്ഥാന റാങ്ക് പട്ടിക www.cee.kerala.gov.in ലെ കീം 2024 കാൻഡിഡേറ്റ് പോർട്ടലിൽ ലഭ്യമാണ്. വിശദവിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. ഹെൽപ് ലൈൻ നമ്പർ: 0471 2525300.

## ഓപ്ഷൻ സമർപ്പണം 15 വരെ

തിരുവനന്തപുരം: സംസ്ഥാനത്തെ സർക്കാർ/ സ്വാശ്രയ കോളജുകളിലേക്ക് 2024-25 അധ്യായന വർഷത്തെ ബി.ടെക് ലാറ്ററൽ എൻട്രി (റെഗുലർ) പ്രവേശനത്തിനുള്ള ഓപ്ഷൻ സമർപ്പിക്കുന്നതിനും പുനർക്രമീകരിക്കുന്നതിനുമുള്ള സമയ പരിധി ജൂലൈ 15 വൈകിട്ട് 3 മണിവരെ നീട്ടി. കൂടുതൽ വിവരങ്ങൾക്ക്: 0471-2324396, 2560327, 2560363, 2560364.

## ചുമട്ടുതൊഴിലാളികളുടെ വേതനപരിഷ്ക്കരണം അന്തിമഘട്ടത്തിൽ

തിരുവനന്തപുരം: സംസ്ഥാനത്തെ എൻ.എഫ്.എസ്.എ ഗോഡൗണുകളിലും റേഷൻകടകളിലും ജോലിചെയ്യുന്ന ചുമട്ടുതൊഴിലാളികളുടെ വേതനപരിഷ്ക്കരണ നടപടി അന്തിമ ഘട്ടത്തിലേക്ക്. ഭക്ഷ്യ-തൊഴിൽ വകുപ്പ് മന്ത്രിമാരുടെ നേതൃത്വത്തിൽ ട്രേഡ് യൂണിയൻ പ്രതിനിധികളുമായി നടന്ന ചർച്ചയുടെ അടിസ്ഥാനത്തിലാണ് നടപടി. പരിഷ്ക്കരിച്ച വേതന നിരക്കുകൾ ധനവകുപ്പിന്റെ അനുമതിയോടെ സർക്കാർ ഉത്തരവായി പുറത്തിറക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് മന്ത്രിമാർ ട്രേഡ് യൂണിയൻ പ്രതിനിധികളെ അറിയിച്ചിരുന്നു. 2016ൽ കേരളത്തിൽ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ ഗോഡൗണുകൾ സപ്ലൈകോ ഏറ്റെടുത്തപ്പോൾ നിലവിലുണ്ടായിരുന്ന കയറ്റിറക്ക് കൂലി നിരക്കുകൾ 2019ൽ ഏകീകരിച്ചു സർക്കാർ ഉത്തരവ് നൽകി. തുടർന്ന് വരുന്ന വേതനപരിഷ്ക്കരണം സർക്കാർ തീരുമാനപ്രകാരം ആയിരിക്കുമെന്നും അന്ന് തീരുമാനിച്ചിരുന്നു. അതനുസരിച്ച് വേതനം പരിഷ്ക്കരിക്കുന്നതിനുള്ള നടപടികളാണ് ഇപ്പോൾ നടക്കുന്നത്.



### എഐ കോൺക്ലേവ് സമാപിച്ചു

## പദ്ധതികളിലും നിർവഹണത്തിലും എ ഐ ഉപയോഗം വ്യാപകമാക്കും

കൊച്ചി: സംസ്ഥാനത്തിന്റെ വ്യവസായ നയത്തിൽ നിർമ്മിത ബുദ്ധി മുൻഗണനാവിഷയമാക്കി സംസ്ഥാന സർക്കാർ സമഗ്ര എ ഐ നയം പ്രഖ്യാപിച്ചു. കൊച്ചിയിൽ കെഎസ്ഐഡിസി സംഘടിപ്പിച്ച ജെനറേറ്റീവ് എ ഐ കോൺക്ലേവിന്റെ സമാപനസമ്മേളനത്തിൽ വ്യവസായ മന്ത്രി പി രാജീവ് നയപ്രഖ്യാപനം നടത്തി.

സംസ്ഥാനത്തിന്റെ വ്യവസായ നയത്തിൽ എഐ മുൻഗണനാ വിഷയമാകുമെന്ന് എ ഐ നയം പ്രഖ്യാപനത്തിൽ വ്യക്തമാക്കുന്നു. ഇതിന്റെ ഭാഗമായി പ്രത്യേക ഈ സാമ്പത്തിക വർഷം തന്നെ എ ഐ നയം സംസ്ഥാന സർക്കാർ പ്രഖ്യാപിക്കും. സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കുള്ള മാനദണ്ഡങ്ങൾ പാലിച്ചാകും എ ഐ നയപ്രഖ്യാപനം. എഐ ആവാസവ്യവസ്ഥ മുന്നിൽ കണ്ടു കൊണ്ട് അടിസ്ഥാന സൗകര്യം വികസിപ്പിക്കും. പൊതുസ്വകാര്യ പങ്കാളിത്തത്തോടെ എ ഐ ക്ലസ്റ്റർ വ്യവസായ പാർക്ക് സ്ഥാപിക്കും.

പ്ലഗ് ആൻഡ് പ്ലേ സംവിധാനമുള്ള ഇൻകുബേഷൻ സംവിധാനവും നിക്ഷേപകരുടെ സഹായത്തോടെ സ്ഥാപിക്കും. എ ഐ മേഖലയിലെ സ്റ്റാർട്ടപ്പുകളെ സഹായിക്കുന്നതിനായി പങ്കാളിത്ത മൂലധനത്തിന് സാമ്പത്തിക സഹായം നൽകും. 10 കോടി രൂപ കുറഞ്ഞ മൂലധനമുള്ള എ ഐ സംരംഭങ്ങൾക്ക് കെഎസ്ഐഡിസി പങ്കാളിത്ത മൂലധന നിക്ഷേപമെന്ന നിലയിൽ അഞ്ച് കോടി രൂപ നൽകും. ഇതിനു പുറമെ വ്യവസായ നയത്തിന്റെ ഭാഗമായി ഒരു കോടി രൂപ സ്കെയിലപ് ഗ്രാന്റും ലഭ്യമാക്കും. എ ഐ സംരംഭങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ, അസോസിയേഷനുകൾ, സർക്കാർ ഏജൻസികൾ എന്നിവയെ കൂട്ടിയിണക്കി ടെക്നോളജി സംഘങ്ങൾക്ക് രൂപം നൽകും. സംസ്ഥാന സർക്കാരിന്റെയും വിവിധ ഏജൻസികളുടെയും പദ്ധതികളിലും നിർവഹണത്തിലും എ ഐ ഉപയോഗം വ്യാപകമാക്കും.

ഇതിന്റെ ഭാഗമായി മിഷൻ 1000 ലുള്ള കമ്പനികളെ എഐ സാങ്കേതികവിദ്യ ഉപയോഗിക്കാൻ പ്രേരിപ്പിക്കും. പുറമെ മിഷൻ 1000 ൻറെ ഡാറ്റാബേസ് എ ഐ ഉപയോഗിച്ച് വിശകലനം ചെയ്യും. അപേക്ഷാ ഫോമുകൾ, നിക്ഷേപ സംശയനിവാരണം, വിവിധ ഏജൻസികളുടെ അനുമതികൾ എന്നിവയുടെ ഓൺലൈൻ സംവിധാനത്തിൽ എ ഐ ടൂളുകൾ സംയോജിപ്പിക്കുമെന്നും എഐ നയപ്രഖ്യാപനത്തിൽ വ്യക്തമാക്കുന്നു.

## ചൊവ്വയിലേക്കും ചന്ദ്രനിലേക്കും അടുത്ത രണ്ട് നൂറ്റാണ്ടുകളിൽ കുടിയേറ്റങ്ങൾ ഉണ്ടാകില്ലെന്ന് സ്റ്റീവ് സ്മിത്ത്

കൊച്ചി: ബഹിരാകാശ യാത്രികരാകാൻ ആഗ്രഹിക്കുന്നവർക്ക് ശ്രദ്ധയും സ്ഥിരോത്സാഹവും ആർജിക്കാൻ ലളിതജീവിതം അത്യാവശ്യമാണെന്ന് മുതിർന്ന അമേരിക്കൻ ബഹിരാകാശ സഞ്ചാരി സ്റ്റീവ് സ്മിത്ത് പറഞ്ഞു. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെഎസ്ഐഡിസി) ഐബിഎമ്മുമായി സഹകരിച്ച് കൊച്ചിയിൽ സംഘടിപ്പിച്ച ജെൻ എഐ അന്താരാഷ്ട്ര കോൺക്ലേവിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭൂമി മനുഷ്യരാശിക്ക് ജീവിക്കാൻ ഏറ്റവും അനുയോജ്യമായ ഗ്രഹമായി തുടരുകയാണ് . ഭൂമിയിൽ ജനസംഖ്യ വർധിക്കുമ്പോൾ ചൊവ്വയിൽ ആളുകളെ പുനരധിവസിപ്പിക്കാനുള്ള വഴികൾ കണ്ടെത്തിയ സമയമാണിതെന്ന് ചിലർ പറഞ്ഞേക്കാം. എന്നാൽ ഭൂമി തന്നെയാണ് ഇപ്പോഴും മനുഷ്യർക്ക് ജീവിക്കാൻ പറ്റിയ സ്ഥലം.ഭൂമിയിൽ നിന്ന് ചൊവ്വയിലേക്കുള്ള യാത്രക്ക് ഒമ്പത് മാസമാണ് കാലയളവ്. എന്നാൽ ചന്ദ്രനിലേക്ക് മൂന്നു ദിവസത്തിനുള്ളിൽ എത്തിച്ചേരാനാകും. ഇത്തരം കുടിയേറ്റങ്ങൾ സംഭവിക്കാം. എന്നാലത് ദശലക്ഷക്കണക്കിന് വർഷങ്ങൾക്ക് ശേഷം മാത്രമായിരിക്കും. അടുത്ത രണ്ട് നൂറ്റാണ്ടുകളിൽ അങ്ങനെ സംഭവിക്കണമെന്നില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഒരു ബഹിരാകാശ യാത്രികനാകാൻ ആഗ്രഹിക്കുന്ന ഏതൊരാൾക്കും ശാസ്ത്രീയ മനോഭാവവും എഞ്ചിനീയറിംഗ് പരിജ്ഞാനവും അത്യന്താപേക്ഷിതമാണ്. അതിനൊപ്പം ആശയവിനിമയവും വ്യക്തിഗത ബന്ധങ്ങളും ഫലപ്രദമാക്കാനുള്ള കഴിവ് വികസിപ്പിക്കേണ്ടതുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ലോകമെമ്പാടുമുള്ള രാജ്യങ്ങൾ 10,000 റോക്കറ്റുകൾ കഴിഞ്ഞ ദശകത്തിൽ വിക്ഷേപിച്ചിട്ടുണ്ട്. ബഹിരാകാശ ശാസ്ത്രത്തിൽ രാജ്യങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന താൽപ്പര്യത്തിന് തെളിവാണിത്. കഴിഞ്ഞ പത്ത് വർഷത്തിനിടെ 1,800 പുതിയ കമ്പനികളാണ് ഈ മേഖലയിലേക്ക് എത്തിയതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. യുഎഫ്ഒ സംബന്ധിച്ചുള്ള നിഗൂഢതകളെ വെളിപ്പെടുത്താൻ എഐ യ്ക്ക് സാധിക്കുമെന്ന് കരുതുന്നില്ലെന്നും സ്മിത്ത് പറഞ്ഞു.

ബഹിരാകാശ യാത്രകളുടെ ഭാഗമായി സൃഷ്ടിക്കപ്പെടുന്ന അവശിഷ്ടങ്ങൾ ആശങ്കാജനകമാണ്. നമ്മുടെ സമുദ്രങ്ങളിലേക്ക് ഇത്തരം അവശിഷ്ടങ്ങൾ മുങ്ങുന്നത് ഉറപ്പാക്കുന്ന സാങ്കേതികവിദ്യകൾ നമുക്കുണ്ട്. ഭൂമിയുമായുള്ള കൂട്ടിയിടി ഒഴിവാക്കാൻ അവയുടെ വ്യതിചലനം സാധ്യമാക്കുന്നതിനുള്ള പഠനങ്ങൾ നാസയിൽ നടക്കുന്നുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

## എല്ലാ വിഭാഗം സ്ത്രീകളുടെയും ശാക്തീകരണം ലക്ഷ്യം: അൽക്ക ലാംബ

കൊച്ചി: എല്ലാ വിഭാഗം സ്ത്രീകളുടെയും ശാക്തീകരണം ലക്ഷ്യമിട്ട്മഹിളാ കോൺഗ്രസ് പ്രവർത്തന പദ്ധതികൾ ആവിഷ്കരിക്കുമെന്ന്മഹിള കോൺഗ്രസ് ദേശീയ അധ്യക്ഷ അൽക്ക ലാംബ. കേരള പ്രദേശ് മഹിള കോൺഗ്രസ് സംസ്ഥാന ക്യാമ്പ് ' മഹിള സാഹസ്' ആലുവ ശാന്തിഗിരി ആശ്രമത്തിലെ ഉമ്മൻചാണ്ടി നഗറിൽ ഉദ്ഘാടനംചെയ്തു സംസാരിക്കുകയായിരുന്നു അവർ. സംസ്ഥാനത്തെ ഏറ്റവും ശക്തമായ സ്ത്രീ പ്രസ്ഥാനമായി മഹിള കോൺഗ്രസ് മാറിയെന്ന് ക്യാമ്പിൽ സംസാരിച്ച കെ.പി.സി.സി. പ്രസിഡണ്ട്കെ. സുധാകരൻ എം.പി. ചൂണ്ടിക്കാട്ടി. സംസ്ഥാനത്തെ അനുകൂലമായ രാഷ്ട്രീയ സാഹചര്യം ഉപയോഗപ്പെടുത്താൻ സംഘടനയ്ക്ക് സാധിക്കണം. സ്ത്രീകളുടെ സുരക്ഷിതത്വം ചോദ്യം ചെയ്യപ്പെടുന്ന കാലഘട്ടമാണിത്. മണിപ്പൂരിൽ സ്ത്രീകൾക്ക് നേരേ ഒരിക്കലും നടക്കാൻ പാടില്ലാത്ത അതിക്രമങ്ങൾ നടന്നിട്ടും കേന്ദ്ര സർക്കാർ ഒരു നടപടിയും സ്വീകരിച്ചില്ല. മണിപ്പൂരിലെ സ്ത്രീകൾ തന്നെ ഇതിനെതിരെ മുന്നോട്ടു വന്നു.

മഹിള കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് ജെബി മേത്തർ എം.പി അധ്യക്ഷത വഹിച്ചു.കേരളത്തിന്റെ ചുമതലയുള്ള എ.ഐ.സി.സി. ജനറൽ സെക്രട്ടറി ദീപ ദാസ്മുൻഷി, കൊടിക്കുന്നിൽ സുരേഷ് എം.പി , എം. എൽ.എ. മാരായ കെ.ബാബു, ടി.സിദ്ദിഖ്, അൻവർ സാദത്ത്, വി.പി. സജീന്ദ്രൻ, ഡി.സി.സി പ്രസിഡന്റ് മുഹമ്മദ് ഷിയാസ്, ബിന്ദുകൃഷ്ണ, ബി.എ അബ്ദുൽ മുത്തലിബ്, എം. ലിജു, ജെയ്സൺ ജോസഫ്, സംസ്ഥാനവൈസ് പ്രസിഡണ്ട് വി.കെ. മിനിമോൾ എന്നിവർ പ്രസംഗിച്ചു. ക്യാമ്പ് നാളെ സമാപിക്കും.

## കെട്ടിട നിർമ്മാണ ചട്ടം പരിഷ്കരിക്കണം: കുറുക്കോളി മൊയ്തീൻ

തിരുവനന്തപുരം: പരിഷ്കരിച്ച കെട്ടിട നിർമ്മാണ ചട്ടങ്ങൾ സാധാരണക്കാർക്ക് വീട് വെക്കുന്നതിന് വലിയ ബാധ്യത സൃഷ്ടിക്കുന്ന സാഹചര്യം ഒഴിവാക്കണമെന്ന് കുറുക്കോളി മൊയ്തീൻ നിയമസഭയിൽ ആവശ്യപ്പെട്ടു. മൂന്ന് സെന്റിൽ കുറഞ്ഞ ഭൂമിയിൽ വീട് നിർമ്മിക്കുന്നവർ മുൻഭാഗത്ത് രണ്ട് മീറ്ററും പിറകിൽ ഒരു മീറ്ററും വിടണമെന്ന വ്യവസ്ഥ സൗകര്യപ്രദമായ വീട് നിർമ്മാണത്തിന് സാധാരണക്കാർക്ക് തടസ്സം സൃഷ്ടിക്കുന്നതിനാൽ അതിൽ ഇളവ് നൽകണമെന്ന് ഇത് സംബന്ധിച്ച് സബ്മിഷൻ അവതരിപ്പിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. കെട്ടിട നിർമ്മാണത്തിന് പ്ലാൻ അംഗീകരിച്ച കിട്ടുന്നത് മുതൽ കെട്ടിടം പൂർത്തിയാക്കി നമ്പർ ലഭിക്കുന്നതുവരെ വിവിധ ഫീസിനത്തിൽ വലിയ തുക സാധാരണക്കാരിൽ നിന്ന് ഈടാക്കുന്നുണ്ട്. വിസ്തൃതി കുറഞ്ഞ സ്ഥലങ്ങളിൽ സാധാരണ രീതിയിൽ വീട് വയ്ക്കുന്നവരെ ഇത്തരം ഉയർന്ന ഫീസുകളിൽ നിന്ന് ഒഴിവാക്കണമെന്നും കുറുക്കോളി മൊയ്തീൻ ആവശ്യപ്പെട്ടു.

## ഡ്രോൺ ടെക്നോളജിയിൽ വിദഗ്ധ പരിശീലനം

തിരുവനന്തപുരം: സംസ്ഥാനസർക്കാർ ഇലക്ട്രോണിക്സ്, വിവരസാങ്കേതികവിദ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനമായ ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സൊല്യൂഷൻസ് (ഐസിഫോസ്) ഡ്രോൺ ടെക്നോളോജിയുടെ വിവിധ മേഖലയിലുള്ള സാധ്യതകൾ ഉൾക്കൊള്ളിച്ച് അഞ്ച് ദിവസത്തെ പരിശീലന ശില്പശാല ജൂലൈ 17 മുതൽ 21 വരെ നടത്തുന്നു. ഡ്രോൺ അസംബ്ലി, മാനുവൽ ആൻഡ് ഓട്ടോണോമസ് ഫ്ലയിങ് പ്രാക്റ്റീസ് കൂടാതെ ഈ മേഖലയിൽ വളർന്നു കൊണ്ടിരിക്കുന്ന നൂതന സാങ്കേതിക വിദ്യകൾ, തൊഴിൽ സാധ്യതകൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് പരിശീലനം. ഭൗതികശാസ്ത്രം, ഗണിതം തുടങ്ങിയ വിഷയങ്ങൾ പഠിച്ച് പ്ലസ്ടു വിജയിച്ചവർക്കും ഐ.ടി.ഐ, ഡിപ്ലോമ, ബിരുദ, ബിരുദാന്തരബിരുദ വിദ്യാർഥികൾക്കും, വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും അവസരം ഉപയോഗപ്പെടുത്താം. വിശദവിവരങ്ങൾക്കും രജിസ്ട്രേഷനും താഴെകാണുന്ന നമ്പറിൽ ബന്ധപ്പെടുകയോ വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യാം. വെബ്സൈറ്റ്: https://icfoss.in/eventdetails/191, ഫോൺ: 7558837880, 7736118464. ഓൺലൈൻ റെജിസ്ട്രേഷൻ: https://erpnext.icfoss.org/ua.

### രജിസ്റ്റർ ചെയ്തത് 54 കേസുകൾ

## എട്ട് വർഷത്തിനിടെ സ്ഫോടനത്തിൽ മരിച്ചത് 26 പേർ

തിരുവനന്തപുരം: ഒന്നാം പിണറായി സർക്കാർ അധികാരത്തിലേറിയ 2016 മുതൽ ഇതുവരെ ബോംബ് ഉൾപ്പെടെയുള്ള സ്ഫോടക വസ്തു പൊട്ടിത്തെറിച്ച് മരിച്ചത് 26 പേർ. 120 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയെ രേഖാമൂലം അറിയിച്ചതാണ് ഇക്കാര്യം. ഈ കാലയളവിൽ സ്ഫോടക വസ്തുക്കൾ പൊട്ടിത്തെറിച്ചതുമായി ബന്ധപ്പെട്ട് 54 കേസുകളാണ് രജിസ്റ്റർ ചെയ്തത്. അതിൽ 189 പേർ പ്രതികളായി. 54 കേസുകളിൽ 17 കേസുകൾ അന്വേഷണാവസ്ഥയിലാണ്. 28 കേസുകളിൽ കോടതികളിൽ കുറ്റപത്രം സമർപ്പിച്ച് വിചാരണവേളയിലാണെന്നും മുഖ്യമന്ത്രി അറിയിച്ചു. രണ്ട് കേസുകളിലെ പ്രതികൾ മരണപ്പെട്ടിട്ടുണ്ട്. ആറു കേസുകൾ പ്രതികളെ തിരിച്ചറിയാൻ കഴിയാത്തതിനാൽ അവസാനിപ്പിച്ചു. ഒരു കേസിൽ തുടർനടപടി അവസാനിപ്പിക്കാനുള്ള റിപ്പോർട്ട് സമർപ്പിച്ചതായും മുഖ്യമന്ത്രി അറിയിച്ചു. എ.പി അനിൽ കുമാറിന്റെ ചോദ്യത്തിനാണ് മുഖ്യമന്ത്രിയുടെ മറുപടി. സമീപകാലത്ത് ബോംബ് നിർമ്മാണത്തിന്റെ പേരിൽ സി.പി.എം പ്രതിരോധത്തിലായിരുന്നു.

## പി.ജി ഡെന്റൽ (എം.ഡി.എസ്) കോഴ്സ് പ്രവേശനം

തിരുവനന്തപുരം: കേരളത്തിലെ വിവിധ സർക്കാർ ഡെന്റൽ കോളജുകളിലെയും സ്വാശ്രയ ഡെന്റൽ കോളജുകളിലെയും ലഭ്യമായ സീറ്റുകളിൽ പി.ജി ഡെന്റൽ പ്രവേശനത്തിനായി www.cee.kerala.gov.in മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിച്ച വിദ്യാർഥികൾക്ക് അവരുടെ പ്രൊഫൈൽ പരിശോധിക്കുന്നതിനും അപേക്ഷയിൽ ന്യൂനതകൾ പരിഹരിക്കുന്നതിനും ജൂലൈ 15 വൈകുന്നേരം മൂന്ന് മണിവരെ അവസരമുണ്ട്. പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ 'PG Dental 2024- Candidate Portal' എന്ന ലിങ്കിൽ അപേക്ഷാ നമ്പരും പാസ് വേഡും നൽകി പ്രവേശിക്കണം. അപേക്ഷയിൽ ന്യൂനതകൾ ഉണ്ടെങ്കിൽ 'Memo details' എന്ന മെനു ക്ലിക്ക് ചെയ്ത് പരിഹരിക്കാം. ന്യൂനതകൾ പരിഹരിക്കുന്നതിന് ആവശ്യമായ രേഖകൾ/ സർട്ടിഫിക്കറ്റുകൾ എന്നിവ ഓൺലൈനായി അപ്‌ലോഡ് ചെയ്യണം. സർട്ടിഫിക്കറ്റുകളോ അനുബന്ധരേഖകളോ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലേക്ക് അയക്കേണ്ടതില്ല. വിശദ വിവരങ്ങൾക്ക്: www.cee.kerala.gov.in ഹെൽപ് ലൈൻ നമ്പർ: 0471 2525300.

## കൂറുമാറ്റം: ഗ്രാമപഞ്ചായത്ത് അംഗത്തെ അയോഗ്യയാക്കി

തിരുവനന്തപുരം: പത്തനംതിട്ട പുറമറ്റം ഗ്രാമപഞ്ചായത്ത് അഞ്ചാം വാർഡ് അംഗം സൗമ്യവിജയനെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ കൂറുമാറ്റനിരോധന നിയമപ്രകാരം അയോഗ്യയാക്കി. 2022 ജൂലൈ 25ന് നടന്ന വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ വിപ്പ് ലംഘിച്ച് വോട്ട് ചെയ്തതിനാലാണ് കമ്മീഷന്റെ നടപടി. 13ാം വാർഡ് അംഗം ഷിജു പി. കുരുവിള നൽകിയ പരാതിയിലാണ് കമ്മീഷന്റെ ഉത്തരവ്. നിലവിൽ അംഗമായി തുടരുന്നതിനും ജൂലൈ ഒൻപത് മുതൽ ആറ് വർഷത്തേക്ക് ഏതെങ്കിലും തദ്ദേശസ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനും കമ്മീഷൻ അയോഗ്യത പ്രഖ്യാപിച്ചിട്ടുണ്ട്.

## ഡി.സി.എ പ്രവേശന തീയതി നീട്ടി

തിരുവനന്തപുരം: പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്കോൾ കേരള മുഖേന തെരഞ്ഞെടുക്കപ്പെട്ട സർക്കാർ/എയ്ഡഡ് ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളുകളിൽ സംഘടിപ്പിക്കുന്ന ഡി.സി.എ കോഴ്സ് പത്താം ബാച്ചിന്റെ പ്രവേശന തീയതി ജൂലൈ 31 വരെ പിഴയില്ലാതെയും 60 രൂപ പിഴയോടെ ഓഗസ്റ്റ് ഏഴ് വരെയും ദീർഘിപ്പിച്ചു. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ഫീസ് ഒടുക്കി www.scolekerala.org മുഖേന ഓൺലൈനായി രജിസ്റ്റർ ചെയ്യാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### അഭിമുഖം 22 മുതൽ 26 വരെ

## കൊച്ചിയിൽ നഴ്സുമാർക്ക് സൗദി റിക്രൂട്ട്മെന്റ്

തിരുവനന്തപുരം: സൗദി അറേബ്യയിലെ ആരോഗ്യ മന്ത്രാലയത്തിലേക്ക് കേരളത്തിൽ നിന്നുള്ള നഴ്സുമാർക്ക് അവസരങ്ങളുമായി നോർക്ക റൂട്ട്സ് റിക്രൂട്ട്മെന്റ് ജൂലൈ 22 മുതൽ 26 വരെ കൊച്ചിയിൽ നടക്കും. കാർഡിയാക് കത്തീറ്ററൈസേഷൻ, കാർഡിയാക് ഐസിയു (മുതിർന്നവർക്കുള്ളത്), ഡയാലിസിസ്, എമർജൻസി പീഡിയാട്രിക്, എമർജൻസി റൂം, ജനറൽ നഴ്സിംഗ്, ഐ.സി.യു അഡൾട്ട്, മെഡിസിൻ & സർജറി, (പ്രസവചികിത്സ)/ഗൈനക്കോളജി, ഓങ്കോളജി, ഓപ്പറേഷൻ തിയറ്റർ, പീഡിയാട്രിക് ഇന്റൻസീവ് കെയർ യൂണിറ്റ് എന്നീ സ്പെഷ്യാലിറ്റികളിലേക്കാണ് അവസരം.

നഴ്സിങിൽ ബിരുദമോ/ പോസ്റ്റ് ബി.എസ്.സി വിദ്യാഭ്യാസ യോഗ്യതയും കുറഞ്ഞത് ഒരു വർഷത്തെ പ്രവൃത്തിപരിചയവും ഉള്ളവർക്ക് അപേക്ഷിക്കാം. വിശദമായ ബയോഡേറ്റയും, വിദ്യാഭ്യാസം, പ്രവർത്തിപരിചയം, പാസ്സ്പോർട്ട് എന്നിവയുടെ പകർപ്പുകളും സഹിതം rmt3.norka@kerala.gov.in എന്ന ഇ-മെയിൽ ഐ.ഡിയിലേയ്ക്ക് ജൂലൈ 19 രാവിലെ 10 മണിക്കകം അപേക്ഷ നൽകണമെന്ന് നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കോളശ്ശേരി അറിയിച്ചു. കുറഞ്ഞത് ആറുമാസത്തെ കാലാവധിയുള്ള സാധുതയുള്ള പാസ്പോർട്ടും ഉള്ളവരാകണം. അഭിമുഖസമയത്ത് പാസ്സ്പോർട്ട് ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2770536, 539, 540, 577 എന്നീ നമ്പറുകളിലോ 24 മണിക്കൂറും പ്രവർത്തിക്കുന്ന നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിന്റെ ടോൾ ഫ്രീ നമ്പറുകളായ 1800 425 3939 (ഇന്ത്യയിൽ നിന്നും) +91-8802 012 345 (വിദേശത്തു നിന്നും, മിസ്സ്ഡ് കോൾ സർവ്വീസ്) ബന്ധപ്പെടണം.

## വനിതാ സോക്കറിൽ എറണാകുളം

കോഴിക്കോട് : കോർപ്പറേഷൻ സ്റ്റേഡിയത്തിൽ നടന്ന സംസ്ഥാന ജൂനിയർ വനിത ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ എറണാകുളം ജേതാക്കളായി. കണ്ണൂരിനെ ടൈബ്രേക്കറിൽ തോൽപ്പിച്ചാണ് ഏറണാകുളം ചാമ്പ്യന്മാരായത്. ഇരു ടിമുകൾക്കും നിരവധി അവസരങ്ങൾ ലഭിച്ചുവെങ്കിലും മത്സരം ഗോൾരഹിത സമനിലയിൽ അവസാനിച്ചു. തുടർന്ന് ടൈബ്രേക്കറിൽ ഒന്നിനെതിരെ നാല് ഗോളുകൾക്കാണ് ഏറണാകുളം വിജയികളായത്. ഫൈനൽ മത്സരത്തിലെ മികച്ചതാരമായി എറണാകുളത്തിന്റെ ഭാഗ്യ വിനോദിനെ തിരഞ്ഞെടുത്തു.

ലൂസേർസ് ഫൈനലിൽ തൃശൂരിനെ പരാജയപ്പെടുത്തി കാസർഗോഡ് ജില്ല മൂന്നാംസ്ഥാനം കരസ്ഥമാക്കി. ടൈബ്രേക്കറിൽ ഒന്നിനെതിരെ മൂന്ന് ഗോളുകൾക്ക് തൃശൂരിനെ പരാജയപ്പെടുത്തിയാണ് കാസർകോഡ് വിജയിച്ചത്.മുൻ സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ടി..പി. ദാസൻ ട്രോഫികൾ വിതരണം ചെയ്തു. ജില്ല ഫുട്ബോൾ അസോസിയേഷൻ വൈസ് പ്രസിഡണ്ട് എം.എ അബ്ദുൾ അസീസ് ആരീഫിന്റെ അധ്യക്ഷനായി.ഡോ. റജിനോൾഡ് വർക്ഷീസ്, കെകഎഫ്.എ ഡപ്യൂട്ടി സെക്രട്ടറി മുഹമ്മദ് റഫീഖ്, കെ.എഫ്.എ വൈസ്. പ്രസിഡണ്ട് പി.ഹരിദാസ്, . ഭരണ സമിതി അംഗം പ്രിയേഷ് ലാൽ, മോഹൻ കൂര്യാൽ സംബന്ധിച്ചു. കെ.ഡി.എഫ്. എ സെക്രട്ടറി കെ. ഷാജേഷ് കുമാർ സ്വാഗതവും ജോയന്റ് സെക്രട്ടറി സലീം നന്ദിയും പറഞ്ഞു.



CLICK കിരീടം സ്വന്തമാക്കിയ സന്തോഷത്തിൽ എറണാകുളം താരങ്ങൾ കോച്ച് സീനയെ എടുത്തു ഉയർത്തുന്നു

## ലോക കബഡി ചാംപ്യൻഷിപ്പിൽ ഇംഗ്ലണ്ട് ദേശീയ ടീമിന്റെ ജഴ്സിയണിഞ്ഞ് കാസർകോട്ടുകാരൻ

കാഞ്ഞങ്ങാട്: കംബോഡിയയിൽ ആഗസ്റ്റ് 21 മുതൽ 25 വരെ നടക്കുന്ന ലോക കബഡി ചാംപ്യൻഷിപ്പിൽ ഇംഗ്ലണ്ടിന്റെ ദേശീയ ടീമിൽ അംഗമായി മാറിയിരിക്കുകയാണ് കാസർകോട് ചെറുവത്തൂർ തുരുത്തി സ്വദേശി അഭിലാഷ് കൃഷ്ണൻ. ഉപരി പഠനാർഥവും ശേഷം ജോലിയുമായി കഴിഞ്ഞ നാലു വർഷമായി ഇംഗ്ലണ്ടിലുള്ള അഭിലാഷ് അവിടെയുള്ള പ്രാ ദേശിക പ്രോ-കബഡി ടൂർണമെന്റുകളിൽ പ ങ്കെടുത്താണ് ഇംഗ്ലണ്ട് ദേശീയ ടീമിൽ അംഗമായി തിര ഞ്ഞെടുക്ക പ്പെട്ടിരിക്കുന്നത്. പ്രോ-കബഡി ടൂർണമെന്റിൽ നോട്ടിംഹാം റോയൽ ക്ലബ്ബ്, മാഞ്ചസ്റ്റർ റൈ ഡേഴ്സ് പ്രതിനിധീകരിച്ച് അഭിലാഷ് കൃഷ്ണൻ പല തവണകളായി നടത്തിയ മിന്നും ഫോമാണ് ഇയാൾക്ക് ഇംഗ്ലണ്ട് ദേശീയ ടീമിലെത്താൻ അവസര മൊരുക്കിയിരിക്കുന്നത്. 2017-20 കാലത്ത് കാഞ്ഞങ്ങാട് നെഹ്റു കോ ളജിൽ പഠിക്കുന്നകാലത്ത് കണ്ണൂർ സർവകലാശാല കബഡി ടീമിൽ അംഗമായിരുന്നു അഭിലാഷ് കൃഷ്ണൻ. എം.ബി.എ മാർക്കറ്റിംഗ് കഴിഞ്ഞ് ഇംഗ്ലണ്ടിൽ ജോലി തുടരുന്നതിനിടയിൽ ആ പഴയ വിദ്യാർഥി കാലത്തെ കബഡിയെ അഭിലാഷ് മറന്നില്ല. ജോലിയും കബഡിയുമായി നീങ്ങവെയാണ് ഇംഗ്ലണ്ടിനായി ലോക കബഡി ടൂർണ്ണ മെന്റിൽ കളിക്കാനായി സുവർണാവസരം അഭിലാഷിന് കൈവന്നിരിക്കുന്നത്. മുൻ വോളിബോൾ താരവും മുൻ സി.ആർ.പി.എസ് ജവാനുമായ ടി.വി കൃഷ്ണൻ-രാധാമണി ദമ്പതികളു ടെ മകനാണ്. ടി.വി കൃഷ്ണൻ നിലവിൽ കാസർ കോട് ജില്ലാ സ് പോർട്സ് കൗൺസിൽ എക്സിക്യൂട്ടീവ് അംഗമാണ്. ഇംഗ്ലണ്ട് ദേശീയ കബഡി ടീമിൽ അംഗമായുള്ള മക ന്റെ വളർച്ചയിൽ സന്തോഷവനാണ് ടി.വി കൃഷ്ണൻ.



അഭിലാഷ് കൃഷ്ണൻ

## ഗവേഷണ രംഗത്ത് കുതിച്ചുയരാൻ എൻ.ഐ.ടി കാലിക്കറ്റ്

കോഴിക്കോട്: 44 പേറ്റന്റ് അപേക്ഷകളും നിരവധി ഗവേഷണ പദ്ധതികളുമായി രാജ്യത്തെ ഏറ്റവും മികച്ച ഗവേഷണ സ്ഥാപനങ്ങളിലൊന്നായി മാറുകയാണ് കോഴിക്കോട് എൻ.ഐ.ടി 2023ൽ 59 സ്പോൺസർഡ് പ്രോജക്റ്റുകളും ഇൻസ്റ്റിറ്റ്യൂട്ട് നേടിയിട്ടുണ്ട്. നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് 2023 പ്രകാരം ഇന്നൊവേഷൻ റാങ്കിംഗിൽ എൻ.ഐടിസി 8ാം സ്ഥാനം നേടി. സ്ഥാപനം 2020 മുതൽ 40 ഓളം ധാരണാപത്രങ്ങളിൽ ഒപ്പുവെച്ചിട്ടുണ്ട്. സർക്കാർ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുമായും വിവിധ സംഘടനകളുമായും സ്ഥാപനം ധാരണ പത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജ്, ഓക്സ്ഫോർഡ് ബ്രൂക്ക്സ് യൂണിവേഴ്സിറ്റി, സെന്റർ ഫോർ വാട്ടർ റിസോഴ്സ്സ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മന്റ്, ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ്, ന്യൂഡൽഹി, ഡെൽ ടെക്നോളജീസ്, സിആർആർഐ ന്യൂഡൽഹി, എൻഐഐഎസ്ടി തിരുവനന്തപുരം, വിവിധ ഐഐടികൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയുമായി ബഹുമുഖ സഹകരണ ഗവേഷണ പ്രോജക്റ്റുകൾ ആരംഭിക്കാൻ ധാരണാപത്രങ്ങൾ സഹായിക്കും. നിലവിൽ ഇന്ത്യയിൽ രണ്ടാം സ്ഥാനത്തുള്ള എൻഐടിസിയിലെ ആർക്കിടെക്ചർ ആന്റ് പ്ലാനിംഗ് ഡിപ്പാർട്ട്മെന്റ് കോഴിക്കോടിന് 'യുനെസ്കോ സാഹിത്യ നഗരം' പദവി ലഭിക്കുന്നതിൽ നിർണായക പങ്കുവഹിച്ചു. കൂടാതെ ഹൗസിംഗ് ആൻഡ് അർബൻ അഫയേഴ്സ് മന്ത്രാലയം (അമൃത് ഡിവിഷൻ) നഗരാസൂത്രണത്തിലും രൂപകൽപ്പനയിലും മികവിന്റെ കേന്ദ്രമായും എൻ ഐ ടി സിയെ തിരഞ്ഞെടുത്തിട്ടുണ്ട്.ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സെൻറർ ഓഫ് എക്സലൻസിലേക്കുള്ള യാത്രയിലാണ് എൻഐടിസി. ഇതിനായി കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ 2 കോടിയുടെ പ്രാരംഭ ധനസഹായവും ലഭിച്ചു. കമ്പ്യൂട്ടർ സയൻസ്, ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷൻ, സിവിൽ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ ആൻഡ് പ്ലാനിംഗ്, മാനേജ്മെന്റ് സ്റ്റഡീസ് എന്നീ വിഭാഗങ്ങളിൽ നിന്നുള്ള 14 അധ്യാപകരുടെ ഒരു ടീം പദ്ധതിയിൽ പ്രവർത്തിക്കുന്നു.

### ന്യൂനപക്ഷ സ്കോളർഷിപ്പ് തുക

## കാറുവാങ്ങി വിദ്യാഭ്യാസ വകുപ്പ്

തിരുവനന്തപുരം: കേന്ദ്രാവിഷ്കൃത ന്യൂനപക്ഷ പ്രീ മെട്രിക് സ്കോളർഷിപ്പ് നൽകാനുള്ള ഫണ്ടിൽ നിന്നും പൊതു വിദ്യാഭ്യാസ വകുപ്പ് വകമാറ്റി ചിലവഴിച്ചുവെന്ന് സി.എ.ജി കണ്ടെത്തൽ. 2019ൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലേക്കായി 40.28 രൂപയുടെ രണ്ട് ഇന്നോവ ക്രിസ്റ്റ കാറുകൾ വാങ്ങാൻ സ്കോളർഷിപ്പ് ഫണ്ടു വിനിയോഗിച്ചുവെന്നാണ് സി.എ.ജിയുടെ കണ്ടെത്തൽ. 2019 സെപ്റ്റംബർ മുതൽ 2022 മാർച്ച് വരെ ഈ വാഹനങ്ങളുടെ ഇന്ധനം, അറ്റകുറ്റപണി, ഇൻഷുറൻസ് മറ്റു അനുബന്ധ വസ്തുക്കൾ എന്നിവയ്ക്കായി 10.58 ലക്ഷം രൂപയും ഈ അക്കൗണ്ടിൽ നിന്ന് ചെലവഴിച്ചു. 2017 മുതൽ 2022 വരെയുള്ള കാലയളവിൽ ഡി.ജി.ഇ ഓഫിസിലെ ഉപയോഗത്തിനായി മൂന്നു വാഹനങ്ങൾ വാടകയ്ക്ക് ഈടാക്കിയ 40.14 ലക്ഷത്തിന് പുറമേയാണ് പുതിയ കാറുകൾ വാങ്ങാനും മറ്റു ചെലവുകളും കുട്ടികൾക്ക് നൽകാനുള്ള സ്കോളർഷിപ്പ് ഫണ്ടിൽ നിന്നും ചെലവാക്കിയതെന്ന് ഇന്നലെ നിയമസഭയിൽ സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നു. ഇതിന് പുറമെ, നാഷണൽ മീൻസ് കം മെരിറ്റ് സ്കോളർഷിപ്പ് പരീക്ഷ നടത്തുന്നതിനും എസി, ഐപാഡുകൾ, ടെലിവിഷൻ മൊബൈൽ ഫോണുകൾ എന്നിവ വാങ്ങുന്നതിനായി 10.98 ലക്ഷത്തിന്റെ ഫണ്ടും വകമാറ്റി. കാറുകൾ വാങ്ങാനുള്ള ചെലവും മറ്റു അനുബന്ധ ചിലവുകളും സ്കോളർഷിപ്പ് ഫണ്ടിൽ നിന്നാണ് നടത്തിയതെന്ന് സംസ്ഥാന നോഡൽ ഓഫീസർ മറുപടി നൽകിയെന്ന് സി.എ.ജി റിപ്പോർട്ടിൽ പറയുന്നു. നടപടി വിവാദമാകുമെന്ന് കണ്ടതോടെ സംസ്ഥാന നോഡൽ ഓഫീസറെ തള്ളിക്കൊണ്ടുള്ള റിപ്പോർട്ടാണ് സർക്കാർ നൽകിയെന്നും സി.എ.ജി പറയുന്നു. സ്കോളർഷിപ്പ് വിതരണം പൂർത്തിയാക്കാൻ ആവശ്യമായ തുക ഭരണച്ചെലവിന് ഉപയോഗിച്ചിട്ടില്ലെന്നും തുക സ്കോളർഷിപ്പ് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ടെന്നുമാണ് 2023 ജൂണിൽ സർക്കാർ അറിയിച്ചത്. സംസ്ഥാനത്ത് നടപ്പാക്കുന്ന സ്കോളർഷിപ്പ് പദ്ധതികളുടെ നിരീക്ഷണത്തിനാണു കാറുകൾ വാങ്ങിയതെന്നും വിശദീകരിച്ചു. 2017 മുതൽ 2022 വരെ സ്കോളർഷിപ്പ് അക്കൗണ്ടിൽ നിന്നും 347.04 ലക്ഷം അഡ്വാൻസ് എടുക്കുന്നതിന് ഡിജിഇ അനുമതി നൽകി. എന്നാൽ ഇതു സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിച്ചിരുന്നില്ലെന്നും ഓഡിറ്റിങ്ങിൽ കണ്ടെത്തി. 2021 ജനുവരിയിൽ നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് പരീക്ഷ നടത്തുന്നതിന് അഡ്വാൻസായി നൽകിയ 42.50 ലക്ഷം ഇനിയും തിരിച്ചടച്ചിട്ടില്ലെന്നും സി.എ.ജി കണ്ടെത്തി.

## സീറ്റ് ഒഴിവ്

കോഴിക്കോട്: ജെ.ഡി.ടി ഇസ്ലാം കോളേജ് ഓഫ് ആർട്ട്സ് & സയൻസിൽ അഞ്ചാം സെമസ്റ്റർ ബി.എ ട്രാവൽ & ടൂറിസം, ബി. എസ് .സി. മാത് സ്, ബി. എസ് .സി. ബയോടെക്നോളജി, ബി.ബി.എ, ബി.എസ്.സി. ഹോട്ടൽ മാനേജ്മെന്റ്, ബി.എ ഇംഗ്ലീഷ് ലാംഗ്വേജ് & ലിറ്ററേച്ചർ, ബി. കോം ഫിനാൻസ്, ബി. കോം കോഓപ്പറേഷൻ, എന്നീ കോഴ്സുകളിലേക്ക് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താല്പര്യമുള്ളവർ ജൂലായ് 19 ന് മുൻപായി കോളേജ് ഓഫീസുമായി 04952730055 എന്ന ഫോൺ നമ്പറിൽ ബന്ധപെടുക.



ആദരണീയനായ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ നിസ്തുലമായ സംഭാവനകളും ആത്മസമർപ്പണവും ഓർക്കാതെ ഈ ചരിത്രനിമിഷം പൂർത്തിയാകില്ല. വിഴിഞ്ഞം തുറമുഖം കേരളത്തിന്റെ ഭാവിക്ക് അനന്തമായ സാധ്യതകൾ തുറന്നു കാട്ടുന്നു. ഈ പദ്ധതി സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിനു പുതിയ ഏടായി മാറുമെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു.

–എ.എൻ ഷംസീർ



വിഴിഞ്ഞം തുറമുഖ പദ്ധതി യാഥാർഥ്യമാകുന്നതു വൈകിപ്പിച്ചതിന്റെ ക്രെഡിറ്റാണ് എൽ.ഡി.എഫിന് അവകാശപ്പെടാൻ കഴിയുക. 2015ൽ പദ്ധതിക്കു തുടക്കം കുറിക്കുമ്പോൾ 1000 ദിവസത്തിനകം പൂർത്തിയാക്കുമെന്നായിരുന്നു വാഗ്ദാനം. അങ്ങനെയെങ്കിൽ 2019ൽ തീരേണ്ട പദ്ധതി ഇത്രയും താമസിപ്പിച്ചത് ഇടതു സമരം കാരണമാണ്. തറക്കല്ലിടാൻ പോയ മുഖ്യമന്ത്രിയെ കരിങ്കൊടി കാണിച്ചവരാണ് പദ്ധതി നടപ്പാക്കിയതിന്റെ ക്രെഡിറ്റ് അവകാശപ്പെടുന്നത്.

–ചാണ്ടി ഉമ്മൻ

## കേരള വാർത്തകൾ

# വേണോ ഇതിനൊരു സമിതി

## പ്ലസ് വൺ; മലപ്പുറത്ത് ആയിരങ്ങൾ പുറത്ത് തന്നെ

മലപ്പുറം: പ്രത്യേക സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താത്കാലിക ആശ്വാസമെന്ന നിലയിൽ ജില്ലയിലേക്ക് 120 ബാച്ചുകൾ അനുവദിച്ചെങ്കിലും അവസാന പ്രതീക്ഷയും നഷ്ടപ്പെട്ട് ജില്ലയിലെ 2,682 വിദ്യാർഥികൾ.

വിദ്യാഭ്യാസ മന്ത്രിയുടെ താത്കാലിക ബാച്ച് പ്രഖ്യാപനത്തിനു ശേഷം ഇനിയെന്ത് എന്ന ചോദ്യത്തിന് മുമ്പിൽ ഉത്തരംമുട്ടി നിൽക്കുകയാണ് ഇവരുടെ രക്ഷിതാക്കൾ. സപ്ലിമെന്ററി അലോട്ട്മെന്റിലൂടെ സയൻസ് ബാച്ചിനു വേണ്ടി അപേക്ഷിച്ച് കാത്തിരുന്ന ആയിരക്കണക്കിന് വിദ്യാർഥികളും ഇഷ്ടങ്ങൾ മാറ്റിവെച്ച് മറ്റു കോമ്പിനേഷനുകൾ എടുക്കാൻ നിർബന്ധിതരാകും. ജില്ലയിലേക്ക് ഒരു സയൻസ് ബാച്ച് പോലും സർക്കാർ അധികം അനുവദിച്ചിട്ടില്ല. നിരന്തര പ്രക്ഷോഭങ്ങളുടെ ഫലമായി ജില്ലയിലേക്ക് 120 താത്കാലിക ബാച്ചുകളാണ് സർക്കാർ അനുവദിച്ചത്. ജില്ലയിലെ 74 സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിലായി 58 ഹ്യൂമാനിറ്റീസ് ബാച്ചുകളും 62 കൊമേഴ്സ് ബാച്ചുകളുമാണ് വരിക. ഒരു ബാച്ചിൽ 60 പേർക്ക് പ്രവേശനം നൽകുമെന്നാണ് അറിയിച്ചിരിക്കുന്നത്. ഇതുവഴി 7,200 പേർക്കു കൂടി സീറ്റ് ലഭിക്കും. ഹ്യൂമാനിറ്റീസിന് 3,480 സീറ്റുകളും കൊമേഴ്സിനു 3,720 സീറ്റുകളും. ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് കണക്കു പ്രകാരം ജില്ലയിൽ 9,882 പേരാണു പുറത്തുള്ളത്. മുഴുവൻ സീറ്റുകളിലും പ്രവേശനം പൂർത്തിയായാലും 2,682 പേർക്ക് അവസരം ലഭിക്കില്ല. സയൻസിന് നിരവധി അപേക്ഷകരുണ്ടായിട്ടും ബാച്ചുകൾ അനുവദിച്ചില്ല.

ജില്ലയിൽ ഏറ്റവും കൂടുതൽ സയൻസ് ബാച്ചുകളാണ് നിലവിലുള്ളതെന്നും ഹ്യൂമാനിറ്റീസ്, കൊമേഴ്സ് ബാച്ചുകളുടെ കുറവാണുള്ളതെന്നുമാണ് സമിതി റിപ്പോർട്ട് നൽകിയിരുന്നത്. വിദ്യാർഥികൾക്ക് അഭിരുചിയുള്ള കോഴ്സിന് അഡ്മിഷൻ നൽകാത്തത് കടുത്ത വിവേചനമാണ്. ജില്ലയിൽ നിലവിൽ 352 സയൻസ് ബാച്ചുകളാണുള്ളത്. ഹ്യുമാനിറ്റീസ് –210, കൊമേഴ്സ് –277 ബാച്ചുകൾ വീതവും പുതുതായി വരുന്ന ബാച്ചുകൾ കൂടി ചേരുമ്പോൾ ഹ്യൂമാനിറ്റീസ്–268 ഉം കൊമേഴ്സ്–339 ഉം ബാച്ചുകളാകും. ജില്ലയിലെ 85 സർക്കാർ ഹയർസെക്കന്ററി സ്കൂളുകളുടെ ഭൗതിക സാഹചര്യം പരിശോധിച്ചതിൽ 74 എണ്ണത്തിൽ പുതിയ ബാച്ചുകൾ തുടങ്ങുന്നതിനുള്ള ഭൗതിക സാഹചര്യമുണ്ടെന്നാണ് സമിതിയുടെ കണ്ടെത്തൽ.

നിലവിൽ ഹയർസെക്കന്ററി സ്കൂളുകളില്ലാത്ത ഹൈസ്കൂളുകളിൽ പ്ലസ് വൺ ആരംഭിക്കുമെന്ന പ്രതീക്ഷ ആദ്യഘട്ടത്തിലുണ്ടായിരുന്നെങ്കിലും സമിതി അവിടെ പരിശോധന നടത്തിയിരുന്നില്ല. അതുകൊണ്ടുതന്നെ ഇവ ഹയർസെക്കന്ററിയായി അപ്ഗ്രേഡ് ചെയ്യുന്ന വിഷയം പരിഗണിച്ചിട്ടില്ല. താത്കാലിക ബാച്ചുകൾ അനുവദിക്കുന്നതിനു സർക്കാർ സ്കൂളുകൾ മാത്രമാണ് പരിഗണിച്ചത്.

### വീഡിയോകൾ നീക്കം ചെയ്യണം, കോടതിയിൽ യുവതിയുടെ ഹർജി

കൊച്ചി: മോർഫ് ചെയ്ത വീഡിയോകൾ ഇന്റർനെറ്റിൽ നിന്ന് നീക്കം ചെയ്യണമെന്നാവശ്യപ്പെട്ട് കോഴിക്കോട് സ്വദേശിയായ യുവതി ഹൈക്കോടതിയിൽ ഹർജി സമർപ്പിച്ചു. ഹർജി പരിഗണിച്ച ജസ്റ്റിസ് എ.ബദറുദ്ദീൻ ഗൂഗിൾ, മെറ്റാ, യാഹൂ ഇടനിലക്കാർക്കും നോട്ടീസയക്കാൻ ഉത്തരവായി. രാഷ്ട്രീയ വൈരാഗ്യത്തിന്റെ പേരിൽ തന്റെ മോർഫ് ചെയ്ത വീഡിയോകൾ ചിലർ ചോർത്താൻ ശ്രമിക്കുന്നതായി ആരോപിച്ചായിരുന്നു പഞ്ചായത്ത് വൈസ് പ്രസിഡണ്ടായിരുന്ന യുവതി ഹർജി സമർപ്പിച്ചത്. ഉള്ളടക്കം മറ്റ് സൈറ്റുകളിൽ ലഭ്യമായേക്കാവുന്നതിനാൽ അതിലേക്കുള്ള ആക്സസ് അപ്രാപ്തമാക്കണമെന്നും ഹർജിക്കാരി ആവശ്യപ്പെട്ടു.

# വി.സി നിയമനം: സർക്കാർ പാനൽ തള്ളി ഗവർണർ

## ഡോ. പി രവീന്ദ്രൻ കാലിക്കറ്റ് വി.സി

### സർക്കാർ ശുപാർശ വി.സി നിയമനങ്ങളിൽ സർക്കാർ ഇടപെടൽ പാടില്ലെന്ന സുപ്രീം കോടതി വിധി നിലനിൽക്കേ

തിരുവനന്തപുരം: കാലിക്കറ്റ് സർവകലാശാല കെമിസ്ട്രി വിഭാഗം പ്രൊഫസറും മുൻ സയൻസ് ഡീനുമായ ഡോ. പി രവീന്ദ്രനെ കാലിക്കറ്റ് സർവകലാശാല വൈസ് ചാൻസലറായി നിയമിച്ച് ചാൻസലർ കൂടിയായ ഗവർണർ ഉത്തരവിറക്കി.

സംസ്ഥാന സർക്കാർ സമർപ്പിച്ച പാനൽ തള്ളിക്കൊണ്ടാണ് ഡോ. പി രവീന്ദ്രനെ വി.സിയായി നിയമിച്ച് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഉത്തരവിറക്കിയത്. ഡോ. എം.കെ ജയരാജ് വി.സി സ്ഥാനത്തുനിന്ന് വിരമിച്ച ഒഴിവിലേക്കാണ് നിയമനം. സർവകലാശാല വി.സി നിയമനങ്ങളിൽ മന്ത്രിയുടെയോ സർക്കാരിന്റെയോ ഇടപെടൽ പാടില്ലെന്ന സുപ്രീംകോടതി വിധി നിലനിൽക്കേ സർക്കാർ മൂന്ന് പ്രൊഫസർമാരുടെ പാനൽ ഗവർണർക്ക് നൽകിയത്.

കാലിക്കറ്റ് സർവകലാശാല ഫിസിക്സ് പ്രൊഫസർ ഡോ. പ്രദ്യുമ്നൻ, കേരള സർവകലാശാല ഹിന്ദി പ്രൊഫസർ ഡോ. ജയചന്ദ്രൻ, ഇംഗ്ലീഷ് പ്രൊഫസർ ഡോ. മീനാപ്പിള്ള എന്നിവരുടെ പേരുകൾ ഉൾപ്പെടുത്തിയ പാനലാണ് ഉന്നത വിദ്യാഭ്യാസമന്ത്രി ആർ. ബിന്ദു ഗവർണർക്ക് സമർപ്പിച്ചത്. ഈ പാനൽ തള്ളിയാണ് സീനിയർ പ്രൊഫസറായ ഡോ. പി. രവീന്ദ്രന് ഗവർണർ കാലിക്കറ്റ് വി.സിയുടെ പൂർണചുമതല നൽകിയത്. ഡോ. ഗോപിനാഥ് രവീന്ദ്രനെ കണ്ണൂർ വി.സിയായി പുനർ നിയമനം നൽകാനുള്ള മന്ത്രി ഡോ. ബിന്ദുവിന്റെ കത്ത് ഏറെ വിവാദങ്ങൾക്ക് വഴിവച്ചിരുന്നു. പിന്നാലെയാണ് മന്ത്രി വീണ്ടും ഗവർണർക്ക് കത്ത് എഴുതിയത്. നേരത്തെ എം.ജി, സംസ്കൃത, മലയാളം, കണ്ണൂർ, സർവകലാശാലകളിലേക്കും ഗവർണർ വി.സിമാരുടെ ചുമതല നേരിട്ട് നൽകുകയായിരുന്നു.

### അധ്യാപകനാകാൻ സ്വയം വിരമിച്ച് വിജിലൻസ് ഡയറക്ടർ

തിരുവനന്തപുരം: സർക്കാർ സർവീസിൽ നിന്നും അവധിയെടുത്ത് വിദേശ സർവകലാശാലയിൽ അധ്യാപകനാകാൻ കേന്ദ്ര സർക്കാർ അനുമതി നിഷേധിച്ചതോടെ വിജിലൻസ് ഡയറക്ടർ ടി.കെ വിനോദ് കുമാർ സ്വയം വിരമിച്ചു. ടി.കെ വിനോദ് കുമാറിന്റെ വി.ആർ.എസ് അപേക്ഷ സർക്കാർ അംഗീകരിച്ചു. 30 വർഷത്തെ സർവീസ് പൂർത്തിയായെന്നു ചൂണ്ടിക്കാട്ടിയാണ് വിനോദ് കുമാർ വി.ആർ.എസിന് അപേക്ഷിച്ചത്.

2023 ജൂലൈയിലാണ് എ.ഡി.ജി.പിയായിരുന്ന ടി.കെ വിനോദ്കുമാറിനെ ഡി.ജി.പിയായി സ്ഥാനക്കയറ്റത്തോടെ വിജിലൻസ് ഡയറക്ടറായി നിയമിച്ചത്. 2025 ഓഗസ്റ്റുവരെ സർവീസുണ്ടായിരുന്നു. അമേരിക്കയിലെ നോർത്ത് കരോലീന സർവകലാശാലയിൽ പ്രൊഫസറായി നിയമനം ലഭിച്ചതോടെ വിനോദ്കുമാർ അവധിക്ക് അപേക്ഷിച്ചത്. എന്നാൽ കേന്ദ്ര സർക്കാർ അവധി അനുവദിച്ചില്ല. ഇതോടെയാണ് സ്വയം വിരമിക്കാൻ തീരുമാനിച്ചത്. നിലവിലെ ഡി.ജി.പി ഷേഖ് ദർവേഷ് സാഹേബ് വിരമിക്കുന്നതോടെ മുഖ്യമന്ത്രിയുടെ വിശ്വസ്തൻ കൂടിയായ ടി.കെ വിനോദ് കുമാർ ഡി.ജി.പി സ്ഥാനത്തേക്കെത്തുമെന്നായിരുന്നു കരുതിയിരുന്നത്.

എന്നാൽ, കഴിഞ്ഞ മാസം ഷേഖ് ദർവേഷ് സാഹേബിന് ഒരുവർഷത്തേക്ക് കൂടി സർക്കാർ കാലാവധി നീട്ടി നൽകിയതോടെയാണ് വിദേശത്തേക്ക് പോകാൻ വിനോദ് കുമാർ തീരുമാനമെടുത്തത്. ക്രിമിനോളജിയിൽ പി.എച്ച്.ഡി നേടിയ ടി.കെ വിനോദ് 1992 ബാച്ച് ഐ.പി.എസ് ഓഫീസറാണ്. തീവ്രവാദ വിരുദ്ധ പ്രവർത്തനങ്ങളിൽ അമേരിക്കയിൽ പരിശീലനം നേടിയ ടി.കെ വിനോദ്കുമാർ അതിഥി അധ്യാപകനായി അമേരിക്കയിലെ സർവകലാശാലകളിൽ പഠിപ്പിച്ചിരുന്നു. വിനോദ് കുമാറിന് പകരം ഫയർ ഫോഴ്സ് മേധാവി കെ.പത്മകുമാർ വിജിലൻസ് ഡയരക്ടർ ആകുമെന്നാണ് സൂചന. ടി.കെ വിനോദ് കുമാർ ഒഴിയുമ്പോൾ ബെവ്കോ എം.ഡി യോഗേഷ് ഗുപ്തക്ക് ഡി.ജി.പിയായി സ്ഥാനകയറ്റം ലഭിക്കും.

# വിദ്യാഭ്യാസ വകുപ്പിനെതിരെ സമരവുമായി സി.പി.എം അധ്യാപക സംഘടനയും

കണ്ണൂർ: അധ്യാപകർക്കും വിദ്യാർഥികൾക്കും പ്രയാസം സൃഷ്ടിക്കുന്ന ഇടത് സർക്കാറിന്റെ വികലമായ വിദ്യാഭ്യാസ നയങ്ങൾക്കെതിരെ കെ.എസ്.ടി.എയും സമര മുഖത്ത്. പാളയത്തിൽ നിന്നുള്ള പടനീക്കത്തിന് പിന്നിൽ പ്രതിപക്ഷ അധ്യാപകരുടെ ആവശ്യം കോടതിയും അംഗീകരിച്ചേക്കാമെന്ന ഘട്ടത്തിൽ.

അധ്യാപക സംഘടനകളോട് കൂടിയാലോചിക്കാതെ വിദ്യാഭ്യാസ മന്ത്രി സ്വയം നടപ്പാക്കുന്ന തീരുമാനങ്ങളിലും നയങ്ങളിലും പ്രതിഷേധിച്ചാണ് സി.പി.എം അനുകൂല അധ്യാപക സംഘടനയും സമരരംഗത്ത് സജീവമാകുന്നത്. അശാസ്ത്രീയമായ വിദ്യാഭ്യാസ കലണ്ടറുൾപ്പെടെ വിദ്യാർഥികളുടെ പഠനാനുബന്ധ പ്രവർത്തനങ്ങളെയും ബാധിക്കുന്ന വികലമായ നയങ്ങൾക്കെതിരെ ഉപജില്ലാ വിദ്യാഭ്യാസ കാര്യാലയങ്ങൾ കേന്ദ്രീകരിച്ചാണ് സമരതുടക്കം. വിദ്യാഭ്യാസ വകുപ്പിനും സർക്കാറിനുമെതിരെ സംസ്ഥാനത്തുടനീളം നടക്കുന്ന പ്രതിഷേധത്തിന്റെ ഭാഗമായി കണ്ണൂരിൽ മുഖ്യമന്ത്രിയുടെ വീടിന്റെ വിളിപ്പാടകലെയാണ് ഇന്നലെ അധ്യാപക ധർണ നടന്നത്.

ശനിയാഴ്ചകൾ പ്രവൃത്തി ദിവസമാക്കി വിദ്യാഭ്യാസ വകുപ്പ് പ്രസിദ്ധീകരിച്ച കലണ്ടറിനെതിരെ നേരത്തെ കെ.എസ്.ടി.യു ഉൾപ്പെടെ പ്രതിപക്ഷ അധ്യാപക സംഘടനകൾ സമരമുഖത്തായിരുന്നു. സി.പി.ഐ അനുകൂല അധ്യാപക സംഘടനകളും തുടക്കം മുതൽ സമരരംഗത്തുണ്ട്. വിദ്യാഭ്യാസ കലണ്ടറുൾപ്പെടെ വിഷയങ്ങളിൽ കെ.എസ്.ടി.യുവും കോൺഗ്രസ് അധ്യാപക സംഘടനയുമാണ് ഹൈക്കോടതിയെ സമീപിച്ചത്.

ഇതേതുടർന്ന് പത്ത് ദിവസത്തിനകം സംസ്ഥാന സർക്കാറിനോട് വിശദീകരണം നൽകാൻ ഹൈക്കോടതി ആവശ്യപ്പെട്ടിരുന്നു. ഈ സാഹചര്യത്തിൽ സർക്കാർ നയങ്ങൾക്കെതിരായി വിധി വന്നേക്കാമെന്ന ഘട്ടത്തിലാണ് കെ.എസ്.ടി.എയും സമരരംഗത്തിറങ്ങിയതെന്നാണ് അണിയറ സംസാരം. അധ്യാപക സമൂഹത്തെയാകമാനം ബാധിക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കെതിരെ എതിരഭിപ്രായമുയർത്താൻ തയാറാകാത്ത കെ.എസ്.ടി.എ നേതൃത്വത്തിനെതിരെ നേരത്തെ തന്നെ സംഘടനകൾക്കുള്ളിൽ മുറുമുറുപ്പ് ശക്തമാണ്. അധ്യാപകരെ ബാധിക്കുന്ന വിഷയങ്ങളിൽ പോലും സംഘടന സർക്കാർ അനുകൂല നിലപാട് സ്വീകരിക്കുന്നുവെന്നാണ് അംഗങ്ങളിൽ നിന്നുയരുന്ന അഭിപ്രായം.

വിദ്യാഭ്യാസ വകുപ്പിന്റെ അശാസ്ത്രീയവും അധ്യാപക ദ്രോഹകരവുമായ നയങ്ങൾക്കെതിരെ പ്രതിപക്ഷ അധ്യാപക സംഘടനകൾ ജാഗ്രതയോടെ നിലകൊള്ളുമ്പോൾ കെ.എസ്.ടി.എ നിലപാടിൽ വിമർശനവും ശക്തമാണ്. കഴിഞ്ഞ ദിവസം കാസർകോട് നടന്ന കെ.എസ്.ടി.എ പഠനകേമ്പിൽ വനിതാ അംഗങ്ങൾ വിട്ടുനിന്നത് സർക്കാർ നയങ്ങൾക്കെതിരെയും സംഘടനാ തലത്തിൽ സ്വീകരിക്കുന്ന നിലപാടിനെതിരെയും പ്രതിഷേധമുയർത്തിയായിരുന്നു. നിലവിൽ ജനവിരുദ്ധ നയങ്ങളുമായി മുന്നോട്ടുപോകുന്ന രണ്ടാം പിണറായി സർക്കാറിനെതിരെ പാർട്ടി അണികളിൽ നിന്നുയരുന്ന മുറുമുറുപ്പെന്നോളം കെ.എസ്.ടി.എയോടും അകലം പാലിക്കുകയാണ് അംഗങ്ങളിൽ ഭൂരിഭാഗവും.

പുതുമുഖ അധ്യാപകരിൽ പലരും സംഘടനയിൽ പുതുതായി അംഗത്വമെടുക്കാൻ മടിക്കുന്നതും ചർച്ചയാണ്. ഈ സാഹചര്യത്തിലാണ് വിദ്യാഭ്യാസ കലണ്ടറുൾപ്പെടെ വിഷയങ്ങളിൽ പ്രതിപക്ഷ അധ്യാപക സംഘടനകൾ ഉയർത്തിയ ആവശ്യങ്ങൾക്കനുകൂലമായി ഹൈക്കോടതി വിധി വന്നേക്കാമെന്ന ഘട്ടത്തിൽ വിദ്യാഭ്യാസ വകുപ്പിനെതിരെ കെ.എസ്.ടി.എയും സമരരംഗത്തിറങ്ങിയത്. കോടതി ഉത്തരവ് സർക്കാർ അംഗീകരിക്കേണ്ടി വരുന്ന ഘട്ടത്തിൽ പ്രതിപക്ഷ അധ്യാപക സംഘടനകളുടെ പോരാട്ട വിജയത്തിന് മേൽ പിതൃത്വം ഏറ്റെടുക്കുകയെന്ന തന്ത്രമാണ് കെ.എസ്.ടി.എ നീക്കത്തിന് പിന്നിലെന്നുമാണ് വിലയിരുത്തൽ.

### പീഡനക്കേസ്: കോച്ചിനെ സംരക്ഷിക്കാൻ ശ്രമിച്ചിട്ടില്ലെന്ന് കെ.സി.എ

തിരുവനന്തപുരം: പീഡനക്കേസ് പ്രതിയായ കേരള ക്രിക്കറ്റ് അസോസിയേഷനിലെ പരിശീലകൻ മനുവിനെ സംരക്ഷിക്കാൻ ശ്രമിച്ചിട്ടില്ലെന്ന് കേരള ക്രിക്കറ്റ് അസോസിയേഷൻ പ്രസിഡന്റ് ജയേഷ് ജോർജ്ജും സെക്രട്ടറി വിനോദ് കുമാറും. അത്തരത്തിലൊരാളെ സംരക്ഷിച്ചു നിർത്തേണ്ട ആവശ്യം അസോസിയേഷന് ഇല്ലെന്നും അന്വേഷണവുമായി എല്ലാവിധത്തിലും സഹകരിക്കുന്നുണ്ടെന്നും ഇരുവരും വാർത്താസമ്മേളനത്തിൽ അറിയിച്ചു. മനു കേരള ക്രിക്കറ്റ് അസോസിയേഷനിൽ പരിശീലകനായി എത്തിയത് 2012 ഒക്ടോബർ 12നാണ്. 2022ൽ മനുവിനെതിരെ ആദ്യ ആരോപണമുയർന്നു. അപ്പോൾ കുട്ടികളോ രക്ഷിതാക്കളോ അസോസിയേഷനിൽ പരാതി നൽകിയിരുന്നില്ല. പിന്നീട് ചൈൽഡ് ലൈനും പൊലീസും അന്വേഷണം നടത്തിയപ്പോഴാണ് കെ.സി.എ കാര്യങ്ങൾ അറിഞ്ഞത്. മനുവിനെ മാറ്റി നിർത്തിയെങ്കിലും ചില കുട്ടികളും രക്ഷിതാക്കളും തിരിച്ചെടുക്കണമെന്ന് ആവശ്യപ്പെട്ടു. ഇതേത്തുടർന്ന് കേസിൽ ജാമ്യം കിട്ടിയതിന് പിന്നാലെയാണ് മനുവിനെ തിരിച്ചെടുത്തത്. അസോസിയേഷൻ ഭാരവാഹികൾ ഈ വിഷയങ്ങളിൽ പ്രതികരിക്കാതെ മാറി നിന്നിട്ടില്ല. കെ.സി.എക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന് സമ്മതിക്കുന്നു. ചില കാര്യങ്ങൾ അന്വേഷിക്കാതെയും മാതാപിതാക്കളുടെയും കുട്ടികളുടെയും ആവശ്യപ്രകാരവും വീണ്ടും തിരിച്ചെടുക്കേണ്ടി വന്നു.

പോക്സോ കേസിൽ പ്രതിയായ ഒരാളെ ജാമ്യം കിട്ടി പുറത്തിറങ്ങിയതിനു ശേഷം വീണ്ടും പരിശീലകനായി നിയമിച്ചത് കെ.സി.ഐയുടെ തെറ്റാണ്. പുതിയ പരാതി ഉയർന്ന സാഹചര്യത്തിൽ മനുവിനെ പരിശീലകനായി നിയോഗിക്കരുതെന്ന് കെ.സി.എ എല്ലാ സംസ്ഥാന ക്രിക്കറ്റ് അസോസിയേഷനുകളേയും രേഖാമൂലം അറിയിച്ചു.ജില്ലാ അസോസിയേഷനുകളിലുൾപ്പെടെ പുതുതായി പരിശീലകരേയും ജീവനക്കാരേയും നിയമിക്കുമ്പോൾ പൊലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റും നിർബന്ധമാക്കിയിട്ടുമുണ്ട്.

# എൻ.സി.പിയിൽ പൊട്ടിത്തെറി ഒരു വിഭാഗം കേരള കോൺഗ്രസിലേക്ക്

ആലപ്പുഴ: എൻ.സി.പിയിലെ ഗ്രൂപ്പ് പോര് പൊട്ടിത്തെറിയിൽ കലാശിച്ചു. സംസ്ഥാന പ്രസിഡന്റ് പി.സി ചാക്കോയെ അനുകൂലിക്കുന്ന പ്രബല വിഭാഗം പ്രവർത്തകരും നേതാക്കളും കൂട്ടത്തോടെ കേരള കോൺഗ്രസ് ജോസഫ് ഗ്രൂപ്പിന്റെ ഭാഗമാകും.

കുട്ടനാട് എം.എൽ.എ തോമസ് കെ. തോമസിനെ വെട്ടാൻ രംഗത്ത് ഇറക്കിയ റെജി ചെറിയാന്റെ നേതൃത്വത്തിൽ ഒരു വിഭാഗം പാർട്ടി വിടുന്നത് പി.സി ചാക്കോക്ക് കനത്ത തിരിച്ചടിയായി. സംസ്ഥാന ഭാരവാഹികളും കമ്മിറ്റി അംഗങ്ങളും വിവിധ ജില്ലാ ഭാരവാഹികളും അടക്കമുള്ളവർ എൻ.സി.പി വിട്ടവരിൽ ഉൾപ്പെടുന്നു. സംഘടന എന്താണെന്ന് അറിയുന്ന നേതാക്കൾ എൻ.സി.പിയിൽ ഇന്നില്ലെന്നും ജോസഫ് വിഭാഗവുമായി ചർച്ച നടത്തി ധാരണയിലെത്തിയെന്ന് റെജി ചെറിയാൻ പറഞ്ഞു.

എൻ.സി.പി ഒരു ഷെയർ ഹോൾഡിങ് കമ്പനി പോലെ കുറച്ച് പേർക്ക് മാത്രം അനുഭവിക്കാനുള്ളതാണെന്നും പാർട്ടിയുമായി ഒരു ബന്ധവുമില്ലാത്തവരാണ് സ്ഥാനമാനങ്ങൾ നേടിയെടുക്കുന്നതെന്നും അദ്ദേഹം പത്രസമ്മേളനത്തിൽ പറഞ്ഞു. കേരള കോൺഗ്രസുമായുള്ള ലയന സമ്മേളനം അടുത്ത മാസം ആലപ്പുഴയിൽ നടക്കും. പി.സി ചാക്കോ എൻ.സി.പി. അധ്യക്ഷനായി എത്തിയതിന് പിന്നാലെ ആരംഭിച്ച വിഭാഗീയതയാണ് ഇപ്പോഴത്തെ പൊട്ടിത്തെറിയിലേക്ക് എത്തിച്ചത്. പാർട്ടിയിലെത്തിയതിന് പിന്നാലെ ദേശീയ-സംസ്ഥാന നേതൃത്വങ്ങളിൽ ഒരു പോലെ സ്വാധീനം ഉറപ്പിച്ച പി. സി ചാക്കോ പരമ്പരാഗത എൻ.സി.പിക്കാരെ പാടെ അവഗണിച്ചു. നിലവിൽ തോമസ് കെ. തോമസും മുൻപ് സഹോദരൻ തോമസ് ചാണ്ടിയും കൈവശം വെച്ചിരുന്ന കുട്ടനാട് സീറ്റ് ലക്ഷ്യമിട്ട് പി.സി ചാക്കോ വലിയ നീക്കങ്ങളാണ് നടത്തിയത്.

ഇതിനെതിരെ തോമസ് കെ. തോമസ് എം.എൽ.എയുടെ നേതൃത്വത്തിൽ ഒരു വിഭാഗം ശക്തമായ പ്രതിരോധം തീർത്തു. ഇതിനിടെ പാർട്ടിക്ക് എം.എൽ.എയുള്ള ആലപ്പുഴ ജില്ലയിൽ സംഘടന സംവിധാനം കൈപ്പിടിയിൽ ഒതുക്കാനുള്ള പി.സി ചാക്കോയുടെ ശ്രമങ്ങൾ പ്രതിസന്ധി രൂക്ഷമാക്കി. തോമസ് കെ. തോമസ് അനുകൂലിയായ ജില്ലാ പ്രസിഡന്റ് സന്തോഷ്കുമാറിനെ പുറത്താക്കി പുതിയ ജില്ലാ കമ്മിറ്റിയെ പി. സി ചാക്കോ അവതരിപ്പിച്ചെങ്കിലും പ്രതിസന്ധിക്ക് അയവുണ്ടായില്ല. ഇതിനിടെയാണ് തോമസ് കെ. തോമസിനെതിരായ പി.സി ചാക്കോയുടെ നീക്കങ്ങൾക്കെല്ലാം ഒപ്പം നിന്ന റെജി ചെറിയാൻ മുന്നണി വിടുമെന്ന തീരുമാനം പ്രഖ്യാപിച്ചത്. പാർട്ടി താൽപര്യം മറന്ന് പി.സി ചാക്കോ പ്രവർത്തിക്കുന്നുയെന്നതാണ് ഇവരുടെ പ്രധാന ആരോപണം. ഇന്നലെ ആലപ്പുഴയിൽ ചേർന്ന വിമതപക്ഷ യോഗത്തിൽ ദേശീയ-സംസ്ഥാന-ജില്ലാ ഭാരവാഹികളായ 100ഓളം പേർ പങ്കെടുത്തു.



പൂക്കോയ തങ്ങൾ സ്മരണാ വേദി സംഘടിപ്പിച്ച പൂക്കോയ തങ്ങൾ അനുസ്മരണ പരിപാടി പി.കെ കുഞ്ഞാലിക്കുട്ടി ഉദ്ഘാടനം ചെയ്യുന്നു

# പൂക്കോയ തങ്ങൾ; തലമുറകളെ പ്രചോദിപ്പിക്കുന്ന ചരിത്ര പുരുഷൻ: പി.കെ കുഞ്ഞാലിക്കുട്ടി

മലപ്പുറം: തലമുറകളെ പ്രചോദിപ്പിക്കുന്ന ചരിത്ര പുരുഷനാണ് പാണക്കാട് പി.എം.എസ്.എ പൂക്കോയ തങ്ങളെന്നും അദ്ദേഹത്തെ കുറിച്ചുള്ള ഓർമകൾ മായാതെ സൂക്ഷിക്കണമെന്നും മുസ്ലിംലീഗ് ദേശീയ ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടി.

പൂക്കോയ തങ്ങൾ സ്മരണാ വേദി സംഘടിപ്പിച്ച അനുസ്മരണ പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഒരാളോടുള്ള സ്നേഹവും ആദരവും ഒരു പ്രസ്ഥാനമായി മാറുന്നതാണ് മുസ്ലിംലീഗിന്റെ വളർച്ചയിലൂടെ സാക്ഷ്യം വഹിച്ചത്.

പാണക്കാട് നേതൃത്വത്തിൽ മുസ്ലിംലീഗ് ശക്തിയാർജ്ജിച്ചു. അനേകം മനുഷ്യരുടെ ഗതിവിഗതികൾക്ക് കാരണമായ വ്യക്തിയായിരുന്നു പൂക്കോയ തങ്ങൾ.

ജീവിതത്തെ സ്വാധീനിച്ച വ്യക്തിയായിരുന്നുവെന്നും തന്റേയും ജീവിതാനുഭവങ്ങളെഴുതി തുടങ്ങിയാൽ അവസാനം എത്തിച്ചേരുക പൂക്കോയ തങ്ങളിലാണെന്നും കുഞ്ഞാലിക്കുട്ടി അനുസ്മരിച്ചു.

മുസ്ലിംലീഗ് ദേശീയ ഓർഗനൈസിങ് സെക്രട്ടറി ഇ.ടി മുഹമ്മദ് ബഷീർ എം.പി മുഖ്യപ്രഭാഷണം നിർവഹിച്ചു. തിരക്കുകൾക്കിടയിലും ആളുകളുടെ മനസ്സറിയാനും അവർക്ക് ആശ്വാസമേകാനും പൂക്കോയ തങ്ങൾക്ക് കഴിയുമായിരുന്നുവെന്ന് ഇ.ടി പറഞ്ഞു.

പാണക്കാട് കുടുംബത്തിലെ പുതുതലമുറക്കും ആ പാരമ്പര്യത്തിന്റെ പിന്തുടർച്ചയുണ്ട്. പാണക്കാട് കുടുംബത്തിലെ അംഗങ്ങളെ പോലെ യാതൊരു മുഷിപ്പുമില്ലാതെ ജനങ്ങളോട് ഇടപഴകാൻ മറ്റാർക്കെങ്കിലും കഴിയുമോയെന്നത് സംശയമാണെന്നും ഇ.ടി കൂട്ടിച്ചേർത്തു.

മുസ്ലിംലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് സി.പി സൈതലവി അധ്യക്ഷനായി. മുസ്ലിംലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.എം.എ സലാം, കെ.പി.എ മജീദ് എം.എൽ.എ, മുസ്ലിംലീഗ് സെക്രട്ടറി കെ.കെ ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ, പി ഉബൈദുല്ല എം.എൽ.എ, ടി.വി ഇബ്രാഹീം എം.എൽ.എ, പി.എ റഷീദ്, പി.കെ അബ്ദുൽ ഗഫൂർ അൽഖാസിമി, കെ.എം കോയാമു, കെ.പി മുഹമ്മദ് കുട്ടി, കെ.എം അബ്ദുൽ ഗഫൂർ, നൗഷാദ് മണ്ണിശ്ശേരി പ്രസംഗിച്ചു.

പി.എ സലാം സ്വാഗതവും എ.കെ സൈനുദ്ദീൻ നന്ദിയും പറഞ്ഞു. അരിമ്പ്ര അബു, പി.വി അഹമ്മദ് സാജു, സി.എച്ച് ഹംസ മാസ്റ്റർ, അഡ്വ. അബു സിദ്ദീഖ്, കെ.കെ ആലിക്കുട്ടി കൊണ്ടോട്ടി, അഷ്റഫ് മടാൻ, എ.കെ മുസ്തഫ തിരൂരങ്ങാടി, മൊയ്തു എടയൂർ, അലി അക്ബർ വേങ്ങര, കെ ഇസ്മായിൽ മാസ്റ്റർ, സി.എ നുഹ്മാൻ ശിബിലി, അബ്ദുല്ല വാവൂർ, ടി.പി ഹാരിസ്, ശരീഫ് വടക്കയിൽ, യൂസുഫ് വല്ലാഞ്ചിറ, വി. മുസ്തഫ ഓർമകൾ പങ്കുവെച്ചു.

# മഞ്ഞപ്പിത്ത ബാധ: അഞ്ജന ഇപ്പോഴും വെന്റിലേറ്ററിൽ മനുഷ്യാവകാശ കമ്മീഷൻ ഇടപെടണമെന്ന് മാതാവ്

പെരുമ്പാവൂർ: വേങ്ങൂരിൽ മഞ്ഞപ്പിത്തം ബാധിച്ച അഞ്ജന എന്ന 28കാരി വെന്റിലേറ്ററിൽ തുടരവേ സർക്കാർ അനാസ്ഥയിൽ മനുഷ്യാവകാശ കമ്മീഷൻ ഇടപെടണമെന്ന് അഞ്ജനയുടെ മാതാവ് ശോഭന. കഴിഞ്ഞ ഏപ്രിൽ 17 മുതലാണ് വേങ്ങൂരിൽ മഞ്ഞപ്പിത്തം പടർന്ന് പിടിച്ചതിനെ തുർന്ന് ഓരോരുത്തരായി ചികിത്സ തേടിയത്.

ആരോഗ്യ വകുപ്പിന്റെ അനാസ്ഥമൂലം രോഗികളുടെ എണ്ണം ക്രമാതീതമായി വർധിച്ച് പലരുടേയും മരണങ്ങൾക്ക് കാരണമായി. മഞ്ഞപ്പിത്തം ബാധിച്ച് പെരുമ്പാവൂരിലെ ആശുപത്രിയിൽ നിന്നും എറണാകുളം ലിസി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട അഞ്ജന ഏപ്രിൽ 28 മുതൽ വെന്റിലേറ്ററിൽ കഴിയുകയാണ്. കഴിഞ്ഞ 76 ദിവസമായി ക്രിട്ടിക്കൽ ഐ.സി.യു വെന്റിലേറ്ററിൽ കഴിയുന്ന അഞ്ജനയ്ക്ക് കൂട്ടായുള്ളത് പിതാവ് ചന്ദ്രനും മാതാവ് ശോഭനയും സഹോദരി ശ്രീലക്ഷ്മിയുമാണ്. അഞ്ജനക്കൊപ്പം മഞ്ഞപ്പിത്തം പിടിപെട്ട ഭർത്താവ് ശ്രീകാന്ത് 46 ദിവസം ആലുവ രാജഗിരി ആശുപത്രിയിൽ ചികിത്സക്ക് ശേഷം വീട്ടിലേക്ക് മടങ്ങിയെങ്കിലും ഇദ്ദേഹത്തിന്റെ രണ്ട് വൃക്കകളും തകരാറിലായി.

ആഴ്ചയിൽ രണ്ട് ദിവസം ഡയാലിസിസ് ചെയ്താണ് ശ്രീകാന്ത് ജീവിതം മുന്നോട്ട് നീക്കുന്നത്. അഞ്ജനക്ക് പനി കൂടിപ്പോയതിനെ തുടർന്ന് മസിലുകളെ അത് ബാധിച്ചിട്ടുണ്ട്. രക്തത്തിൽ അണുബാധ കൂടുകയും വൃക്കയുടെ പ്രവർത്തനം തകരാറിലാകുകയും ചെയ്തിരിക്കുകയാണ്. ബ്ലഡ് പ്രഷർ നോർമ്മലല്ലാത്തതിനാൽ ഡയാലിസിസ് ചെയ്യാൻ സാധിക്കാത്ത അവസ്ഥയിലാണ്. കട്ടിലിൽ ശരീരം അനക്കാൻ സാധിക്കാതെ കിടക്കുന്ന അഞ്ജന ഇന്നലെ മുതൽ അബോധാവസ്ഥയിലേക്ക് പോയി.

സുമനസുകളുടേയും മറ്റും സഹായത്താലും പള്ളികളും അമ്പലങ്ങളും കയറിയിറങ്ങി അഞ്ജനയുടെ മാതാപിതാക്കൾ പിരിവെടുത്തും കിട്ടിയ 25 ലക്ഷത്തിലധികം രൂപയോളം രൂപ ഇതുവരെ ചെലവഴിച്ചുകഴിഞ്ഞു. മകളുടെ ചികിത്സക്കായി സ്ഥലം വിൽപ്പനയ്ക്ക് ഒരുങ്ങുകയാണ് അഞ്ജനയുടെ പിതാവ് ചന്ദ്രൻ. ഇത്രയൊക്കെ സംഭവിച്ചിട്ടും സർക്കാർ ഇവരെ തിരിഞ്ഞ് നോക്കിയിട്ടില്ല.

അഞ്ജന ഇനി ജീവിവത്തിലേക്ക് തിരിച്ചുവരണമെങ്കിൽ ലക്ഷങ്ങൾ ചെലവഴിക്കണം. ആരോഗ്യ മന്ത്രിക്ക് നേരിൽ കണ്ട് നിവേദനം നൽകിയവർക്ക് പാഴ് ഉറപ്പുകൾ മാത്രമാണ് ലഭിച്ചത്. സംഭവത്തിൽ മനുഷ്യാവകാശ കമ്മീഷൻ ഇടപെട്ട് വേണ്ട നടപടികൾ സ്വീകരിക്കണമെന്നാണ് അഞ്ജനയുടെ മാതാപിതാക്കളുടെ ആവശ്യം.



# നയിക്കാൻ ഞാനില്ല

## ഹസരംഗ രാജി നൽകി


കൊളംബോ: വാനിന്ദു ഹസരംഗ എന്ന ലങ്കൻ ടി-20 നായകനുമേൽ സമ്മർദ്ദങ്ങളൊന്നുമുണ്ടായിരുന്നില്ല. ടി-20 ലോകകപ്പിൽ അദ്ദേഹത്തിന് കീഴിൽ കളിച്ച ശ്രീലങ്ക ആദ്യ റൗണ്ടിൽ തന്നെ പുറത്തായെങ്കിലും നായക സ്ഥാനത്ത് കന്നിക്കാരനായ സ്പിന്നറോട് ആരും രാജിവെക്കാനോ അദ്ദേഹത്തിന്റെ ക്യാപ്റ്റൻസിക്കെതിരെ സംസാരത്തിനോ മുതിർന്നിരുന്നില്ല. പക്ഷേ ഇന്നലെ അദ്ദേഹം രാജിക്കത്ത് നൽകി. കളിക്കാരനായി ലങ്കൻ സംഘത്തിൽ തുടരുമെന്നും നായക സ്ഥാനം വേണ്ടെന്നും പറഞ്ഞുള്ള രാജിക്കത്ത് ലങ്കൻ ക്രിക്കറ്റിൽ മാത്രമല്ല ലോക ക്രിക്കറ്റിലും അൽഭുതമായി. ടി-20 ലോകകപ്പിൽ ടീമിന്റെ പ്രകടനം നിരാശാജനകമായിരുന്നുവെന്ന് രാജിക്കത്തിൽ അദ്ദേഹം പറയുന്നു. രാജ്യം ഞങ്ങളിൽ നിന്നും ധാരാളം പ്രതീക്ഷിച്ചു. എന്നൽ അതൊന്നും നൽകാൻ ഞങ്ങൾക്കായില്ല. ബംഗ്ലാദേശിനെതിരായ മൽസരത്തിൽ ജയിക്കാമായിരുന്നു. ജയിക്കുമെന്ന് ഞാൻ കരുതുകയും ചെയ്തു. എന്നാൽ അവസാനത്തിൽ ആറ് പന്ത് ബാക്കിനിൽക്കെ രണ്ട് വിക്കറ്റിന് തോറ്റുപോയി. ആ മൽസരം ജയച്ചിരുന്നെങ്കിൽ മുന്നേറാനും കഴിയുമായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു.

## പരമ്പരക്ക്



ഹരാരേ: ഇന്ത്യ-സിംബാബ്‌വേ ടി-20 പരമ്പരയിലെ നാലാമത് മൽസരത്തിന് ശുഭ്മാൻ ഗില്ലും സംഘവും ഇറങ്ങുന്നത് വ്യക്തമായ ലക്ഷ്യത്തോടെ. ഇന്ന് ജയിച്ചാൽ 3-1 ന് പരമ്പരയായി. ആദ്യ മൽസരത്തിൽ അപ്രതീക്ഷിതമായി തകർന്നു പോയ ടീം പിന്നീട് നടന്ന രണ്ട് മൽസരത്തിലും ആധികാരിക പ്രകടനം നടത്തിയാണ് വിജയിച്ചത്. മൂന്നാം മൽസരം മുതൽ സഞ്ജു സാംസൺ, യശ്സവി ജയ്സ്വാൾ എന്നീ പ്രമുഖരുടെ സേവനവും ടീമുനുണ്ടായിരുന്നു. ലോകകപ്പ് ആഹ്ലാദ പ്രകടനങ്ങളിൽ പങ്കെടുക്കാനായി വിൻഡീസിൽ നിന്നും ഇന്ത്യയിലേക്ക് തിരിച്ചതിനാൽ ഇവർക്ക് ആദ്യ രണ്ട് മൽസരങ്ങളും നഷ്ടമായിരുന്നു. മൂന്നാം മൽസരത്തിലും ജയ്സ്വാളും സഞ്ജുവും പ്രതീക്ഷ കാക്കുകയും ചെയ്തു. ഇന്നത്തെ മൽസരത്തിൽ വെടിക്കെട്ട് ബാറ്റിംഗിനിനാണ് ഇരുവരും ഒരുങ്ങുന്നത്. ജയ്സ്വാൾ നായകൻ ഗില്ലിനൊപ്പം ഇന്നിംഗ്സിന് തുടക്കമിടുമ്പോൾ നാലോ അഞ്ചോ പൊസിഷനിലായിരിക്കും സഞ്ജു വരുക. ആദ്യ മൽസരത്തിൽ തകർപ്പൻ പ്രകടനം നടത്തിയ സിംബാബ്‌വേക്ക് പക്ഷേ പിന്നീട് ആ മികവ് പുറത്തെടുക്കാൻ കഴിഞ്ഞിരുന്നില്ല. സിക്കന്ദർ റാസ നയിക്കുന്ന സംഘം ബാറ്റിംഗിലാണ് പിറകിൽ പോവുന്നത്.

ചന്ദ്രിക
സ്പോർട്സ്



*ബെർലിനിൽ ജോലി പൂർത്തിയാക്കണം. അതാണ് ഞാനുൾപ്പെടെ ഇംഗ്ലീഷ് നിരയിലെ എല്ലാവരും ആഗ്രഹിക്കുന്നത്. ഫൈനൽ വരെ ഞങ്ങളെത്തി. ഇനി ഫിനിഷിംഗ് ജോബാണ്. അതിനാവും. സെമിയിൽ വാട്ട്കിൻസണ് ഗോൾ നേടാനുള്ള പന്ത് നൽകാനായത് ഭാഗ്യമാണ്. ഇപ്പോൾ ഞങ്ങളെല്ലാം ഫൈനൽ എൻട്രി ആസ്വദിക്കുകയാണ്. ഡ്രസ്സിംഗ് റൂമിലും ടീം ബസ്സിലും ഹോട്ടലിലുമെല്ലാം എല്ലാവരും ഹാപ്പി. ബെർലിനിലെ ഫൈനൽ വലിയ ദിനമാണ്. കിരീടം നേടണം. ഞങ്ങളുടെയെല്ലാം ജീവിതം മാറ്റിമറിക്കുന്ന ദിവസം. ഇംഗ്ലണ്ടിന് ഇത് വരെ യൂറോയില്ല. ഞങ്ങൾക്ക് അത് സമ്മാനിക്കണം*

**-കോൾ പാമർ**

www.chandrikadaily.com

**BREAKING** യൂറോ 2024 : സ്പാനിഷ് മധ്യനിരക്കാരൻ പെഡ്രിക്ക് ഫൈനലും നഷ്ടാമാവുമെന്ന് റിപ്പോർട്ട്



**ഇന്ന്**

**വിംബിൾഡൺ വനിതാ ഫൈനൽ (വൈകീട്ട് 6-30 മുതൽ) സ്റ്റാർ സ്പോർട്സ്, ഡിസ്നേ ഹോട്ട്സ്റ്റാർ ലൈവ്**

**ഇന്ത്യ- സിംബാബ്‌വെ ടി-20 പരമ്പര നാലാം മൽസരം വൈകീട്ട് 4-30 മുതൽ സോണി സ്പോർട്സ് ലൈവ്**

## ഇന്ന് പുതിയ ജേതാവ്

ലണ്ടൻ: വിംബിൾഡൺ ടെന്നിസ് വനിതാ ഫൈനലിൽ ഇന്ന് ഇറ്റലിക്കാരി ജാസ്മിൻ പവോലിനിയും ചെക്ക് താരം ബാർബോറ ക്രെജികോവയും നേർക്കുനേർ. സെന്റർ കോർട്ടിൽ ഇത് വരെ കിരീടം ഉയർത്താത്ത രണ്ട് പേർ. അതിനാൽ ഇന്ന് ആര് ജയിച്ചാലും വിംബിൾഡണ് അത് പുതിയ ജേതാവാകും. രണ്ട് മണിക്കൂറും 51 മിനുട്ടും ദീർഘിച്ച പോരാട്ടത്തിൽ ഡോണ വെകിച്ചിനെ കീഴ്പ്പെടുത്തിയാണ് പവോലിനി കന്നി ഫൈനൽ ടിക്കറ്റ് സ്വന്തമാക്കിയത്. ആരും ജയിക്കുമെന്ന ഘട്ടത്തിലായിരുന്നു പവോലിനി-ഡോണ സെമി ഫൈനൽ. രണ്ട് തവണ മാച്ച് പോയന്റിൽ നിന്നും പവോലിനി അകന്നു. ഒരു വേള ടൈബ്രേക്കറിൽ 8-7 ന് അവർ പിറകിലുമായിരുന്നു. അവസാനം 2-6, 6-4,7-6 (10-8) എന്ന സ്കോറിലായിരുന്നു വിജയം. വിംബിൾഡൺ കണ്ട ഏറ്റവും ദൈർഘ്യമേറിയ വനിതാ സെമി. ഇതിന് മുമ്പ് വിംബിൾഡണിൽ ഒരു മൽസരം പോലും ജയിക്കാത്ത താരമായിരുന്നു പവോലിനി. എന്നാൽ ഇത്തവണ ഇറ്റലിക്കാരുടെ ആവേശം കണ്ട് കാണികൾ എല്ലാ മൽസരങ്ങളിലും നിറഞ്ഞ പിന്തുണ നൽകി. ഓരോ മൽസരം കഴിയും തോറും യുവതാരം ആകെ മാറി. പ്രതിയോഗികൾ ആരെന്ന് നോക്കാറില്ല. ഓരോ പോയിന്റുമാണ് എനിക്ക് പ്രധാനം. എന്റെ സർവുകൾ പലപ്പോഴും മോശമാവാറുണ്ടായിരുന്നു. എന്നാൽ ഇവിടയെത്തിയപ്പോൾ അത് മാറി. നന്നായി സെർവ് ചെയ്യാനാവുന്നു. കിരീടം തന്നെ നേടാനാവുമെന്ന ആത്മവിശ്വാസം ഇപ്പോഴുണ്ട്- പവോലിനി പറഞ്ഞു. വലത് കൈക്കുഴയിലെ പരുക്കിലും നന്നായി കളിക്കാനായതായി ഡോണ പറഞ്ഞു. മൂന്നാം സെറ്റ് കളിക്കുമ്പോൾ ഞാൻ മരിച്ചുപോവുമെന്ന് പോലും തോന്നി. നല്ല വേദന സഹിച്ചാണ് കളിച്ചത്. പലപ്പോഴും കരഞ്ഞ് പോയി. എന്തായാലും ഒരിക്കലും മറക്കാനാവാത്ത ദിവസമായിരുന്നു-കണ്ണീരണിഞ്ഞ ചെക്ക് താരം പറഞ്ഞു. പുരുഷ വിഭാഗത്തിൽ കാർലോസ് അൽകറാസ് ഫൈനലിലെത്തി.

# പെർഫെക്ടാവണം

## സൗത്ത്ഗെയിറ്റ് പറയുന്നു



ബെർലിൻ: പെർഫെക്ടായിരിക്കണം- പറയുന്നത് ഇംഗ്ലീഷ് പരിശീലകൻ ഗ്യാരത്ത് സൗത്ത്ഗെയിറ്റ്. നാളെ രാത്രി നടക്കുന്ന യൂറോ ഫൈനലിൽ സ്പെയിനിനെ നേരിടുന്നതിനുള്ള മുന്നൊരുക്കത്തിലായിരുന്നു സൗത്ത്ഗെയിറ്റ് സ്വന്തം താരങ്ങൾക്ക് മുൻകരുതൽ നിർദ്ദേശം നൽകിയിരിക്കുന്നത്. സ്പെയിനിനാണ് ബെർലിനിലെ ഒളിംപിക് സ്റ്റേഡിയത്തിൽ നടക്കാൻ പോവുന്ന മൽസരത്തിൽ സൗത്ത്ഗെയിറ്റും മുൻത്തൂക്കം നൽകുന്നത്. അവർ മനോഹരമായി കളിക്കുന്നു. അവർക്കാണ് മുൻത്തൂക്കം. നമ്മൾ ജയിക്കണമെങ്കിൽ പെർഫെക്ടായി കളിക്കണം-അദ്ദേഹം വ്യക്തമാക്കി. യൂറോ ഫൈനലിലേക്ക് ഇംഗ്ലണ്ട് തപ്പിതടഞ്ഞാണ് വന്നതെങ്കിൽ തകർപ്പൻ മികവിലായിരുന്നു സ്പാനിഷ് എൻട്രി. കളിച്ച എല്ലാ മൽസരങ്ങളിലും വൻ വിജയമാണ് സ്പെയിൻ നേടിയത്. സെമിയിൽ ഫ്രാൻസിനെ മറിച്ചിട്ടതും വേഗക്കരുത്തിൽ. തുടക്കത്തിൽ ഫ്രാൻസ് ലീഡ് നേടിയെങ്കിൽ ലാമിൻ യമാൽ, ഡാനി ഒൽമോ എന്നിവരുടെ മിന്നും ഗോളുകളിലായിരുന്നു സ്പെയിൻ കലാശക്കളിക്ക് ടിക്കറ്റ് സ്വന്തമാക്കിയത്. ഇംഗ്ലണ്ടാവട്ടെ ആദ്യ മൽസരം മുതൽ ഫോമിലെത്താൻ പ്രയാസപ്പെട്ടു. ഒരു കളിയിൽ സമനില വഴങ്ങിയപ്പോൾ പ്രീക്വാർട്ടറിൽ കടന്നു കയറിയത് ഷൂട്ടൗട്ടിൽ. സെമിയിൽ ഡച്ചുകാരെ തോൽപ്പിച്ചതാവട്ടെ 91-ാം മിനുട്ടിലെ വാട്ട്കിൻസൺ ഗോളിലും. മികവുള്ള താരങ്ങളുണ്ടായിട്ടും ഒത്തൊരുമയില്ലായ്മയാണ് ഇംഗ്ലീഷ് തലവേദന. എന്നാൽ ഓരോ മൽസരം കഴിയും തോറും ടീം മെച്ചപ്പെട്ട് വരുന്നു എന്നത് സൗത്ത്ഗെയിറ്റിന് ആശ്വാസമാണ്.

കഴിഞ്ഞ നാല് മേജർ ചാമ്പ്യൻഷിപ്പുകൾക്കിടെ ഇംഗ്ലണ്ടിനിത് രണ്ടാം ഫൈനലാണ്. മൂന്ന് വർഷം മുമ്പ് സ്വന്തം നാട്ടിൽ നടന്ന യൂറോയിലും ഫൈനലുണ്ടായിരുന്നു. വെംബ്ലിയിൽ പക്ഷേ ഷൂട്ടൗട്ടിൽ ഇറ്റലിക്കാർ തല ഉയർത്തി. ഇംഗ്ലണ്ടിന് യൂറോയിൽ മോശം വിലാസമാണ്. ഇത് വരെ ഒരു തവണ പോലും കിരീടം സ്വന്തമാക്കാനായിട്ടില്ല. ആ മോശം റെക്കോർഡ് തിരുത്താനാണ് സൗത്ത്ഗെയിറ്റ് ശ്രമിക്കുന്നത്. നല്ല പരിശീലകൻ എന്ന വിലാസത്തിലും കിരീടമെന്ന ദൂരത്തിൽ അദ്ദേഹം അകന്ന് പോവുന്നു. വെംബ്ലി ഫൈനലിലെ തോൽവി തന്നെ ഇപ്പോഴും വേട്ടയാടുന്നതായി അദ്ദേഹം പറഞ്ഞു. ആ ചാമ്പ്യൻഷിപ്പിൽ ഏറ്റവും മികച്ച പ്രകടനമാണ് ഞങ്ങൾ നടത്തിയത്. പക്ഷേ ഫൈനൽ ഷൂട്ടൗട്ടിലേക്ക് പോയപ്പോൾ 3-2 ന് ഇറ്റലിയാണ് വിജയിച്ചത്. ഇറ്റലി കപ്പുയർത്തിയ ആ മുഹൂർത്തം എന്റെ ജീവിതത്തിലെ വേദനിക്കുന്ന മുഹൂർത്തമാണ്. വീണ്ടും ഇംഗ്ലണ്ടിന് കപ്പുയർത്താനുള്ള അവസരമാണ് കൈവന്നിരിക്കുന്നത്. പക്ഷേ ഇത്തവണ കരുത്തരാണ് പ്രതിയോഗികൾ. പെർഫെക്ടായി കളിച്ചാൽ ഇംഗ്ലണ്ടിന് കപ്പ് നേടാനാവും. അതാണ് കളിക്കാരോട് താൻ പറയുന്നതെന്നും കോച്ച് പറഞ്ഞു.

# ജാഗ്രതൈ....!

## മെസിയുടെ മുന്നറിയിപ്പ്



ഫ്ളോറിഡ: ഒരു മൽസരം പോലും തോൽക്കാതെയാണ് ലോകകപ്പ് ജേതാക്കളായ അർജന്റീന കോപ്പ അമേരിക്ക ഫുട്ബോളിന്റെ ഫൈനലിലെത്തിയത്. തിങ്കളാഴ്ച്ച പുലർച്ചെ നടക്കുന്ന ഫൈനലിൽ പക്ഷേ വെല്ലുവിളി കാര്യമായുണ്ടെന്ന് പറയുകയാണ് ഇതിഹാസ താരം ലിയോ മെസി. അയൽക്കാരായ കൊളംബിയക്കാരുമായാണ് അർജന്റീന മിയാമിയിൽ കളിക്കുന്നത്. അവരും തോൽവിയറിയാതെ വന്നവർ. സെമിയിൽ തകർപ്പനങ്കത്തിൽ യുറഗ്വായിയെ പരാജയപ്പെടുത്തിയവർ. ചാമ്പ്യൻഷിപ്പിലാകെ ആറ് അസിസ്റ്റുകളുമായി കളം നിറയുന്ന ജെയിംസ് റോഡ്രിഗസ്. ജെഫേഴ്സൺ ലെർമയെ പോലുള്ള അവസരവാദികൾ. വിംഗുകളിലൂടെ പറന്ന് കയറുന്ന ലുയിസ് ഡയസും ജോൺ കോർദോബയുമെല്ലാം. ഇവരെയെല്ലാം സൂക്ഷിക്കണമെന്നാണ് മെസി പറയുന്നത്. കോപ്പയിൽ കാര്യമായി വെല്ലുവിളിക്കപ്പെടാതെയാണ് അർജന്റീന ഫൈനൽ വരെയെത്തിയത്. ആദ്യ മൽസരത്തിലെ പ്രതിയോഗികളായ കാനഡക്കാരായിരുന്നു സെമിയിലും. രണ്ട് മൽസരങ്ങളിലും രണ്ട് ഗോൾ മാർജിനിൽ ജയിക്കാനായി. ക്വാർട്ടറിൽ ഇക്വഡോറുകാരാണ് ഒന്ന് വിറപ്പിച്ചുവിട്ടത്. ഷൂട്ടൗട്ടിലേക്ക് പോയ ആ മൽസരത്തിൽ ഗോൾക്കീപ്പർ എമിലിയാനോ മാർട്ടിനസിന്റെ കരുത്തിലാണ് ടീം ജയിച്ചു കയറിയത്. മെസി ഉൾപ്പെടുന്നവരെല്ലാം ഫോമിലാണെങ്കിലും അവസാന മൽസരത്തിൽ സമ്മർദ്ദം പിടികൂടിയാൽ പ്രശ്നമാണ്. ഈ മുന്നറിയിപ്പാണ് കോച്ച് ലയണൽ സ്കലോനിയും നൽകുന്നത്. ടീം നല്ല സെറ്റപ്പാണ്. എല്ലാ മൽസരങ്ങളിലും എല്ലാവർക്കും അവസരം നൽകിയിരിക്കുന്നു. നാല് ഗോളുകളുമായി ലത്തുറോ മാർട്ടിനസ് മുന്നിൽ നിൽക്കുന്നു. ജൂലിയൻ അൽവാരസ് ഉൾപ്പെടെയുള്ളവർ ഫോമിലാണ്. കാവൽക്കാരനായ മാർട്ടിനസാവട്ടെ എന്നത്തേയും പോലെ മിന്നും മികവിൽ. എയ്ഞ്ചലോ ഡി മരിയയും നിക്കോളോ ഓട്ടോമെൻഡിയും അവസാന മൽസരത്തിനാണ് ഇറങ്ങുന്നത്. മൂന്ന് വർഷം മുമ്പ് കരുത്തരായ ബ്രസീലിനെ മരക്കാനയിൽ നടന്ന ഫൈനലിൽ തോൽപ്പിച്ച് കിരീടം ചൂടിയ മെസിയും സംഘവും കിരീടത്തോടെ ഡി മരിയക്കും ഓട്ടോമെൻഡിക്കും യാത്രയയപ്പ് നൽകാനാണ് മൈതാനത്ത് ഇറങ്ങുക. എന്നാൽ നഷ്ടപ്പെടാൻ ഒന്നുമില്ലെന്ന മുദ്രാവാക്യവുമായി വരുന്ന കൊളംബിയക്കാരെ പേടിക്കണം.

# സിന്ധുവിനും സംഘത്തിനും കടുപ്പം

പാരീസ്: 2016 ൽ റിയോയിലും 2020 ൽ ടോക്കിയോവിലും മെഡലുകൾ സ്വന്തമാക്കിയ ഇന്ത്യൻ ബാഡ്മിന്റൺ സൂപ്പർ താരം പി.വി സിന്ധുവിന് പാരീസ് ഒളിംപിക്സ് കടുപ്പമേറിയ ദൗത്യം. സിന്ധുവിന് മാത്രമല്ല ബാഡ്മിന്റണിൽ ഇന്ത്യൻ പ്രതീക്ഷകളായ എച്ച് എസ് പ്രണോയി, ലക്ഷ്യാസെൻ എന്നിവർക്കും തുടക്കം മുതൽ വെല്ലുവിളികളുണ്ട്. റിയോയിൽ വെള്ളിയും ടോക്കിയോവിൽ വെങ്കലവും നേടിയ സിന്ധുവിന് ആദ്യ റൗണ്ട് പ്രയാസകരമാവില്ല. ഗ്രൂപ്പ് എം-ൽ ഒന്നാം സ്ഥാനത്തുള്ള ഇന്ത്യൻ താരത്തിന് എസ്റ്റോണിയയുടെ ലോക 75-ാം സീഡ് താരം ക്യസ്റ്റിൻ കൂബയും പാക്കിസ്താന്റെ ഫാത്തിമ നബാ അബ്ജദുൾ റസാക്കുമാണ് ആദ്യ റൗണ്ടിൽ. ആദ്യ റൗണ്ട് പ്രതീക്ഷിക്കപ്പെട്ടത് പോലെ മുന്നേറിയാൽ പ്രീക്വാർട്ടറിൽ സിന്ധുവിന് മുന്നിൽ വരുക ചൈനയുടെ ഹി ബിംഗ് ജിയാവോ ആയിരിക്കും. ടോക്കിയോ ഒളിംപിക്സിൽ ഈ ചൈനക്കാരിയെ കീഴടക്കിയാണ് സിന്ധു വെങ്കലം നേടിയത്. പ്രീക്വാർട്ടർ ജയിച്ചാൽ ക്വാർട്ടറിൽ പ്രതിയോഗിയായി മാറുക നിലവിലെ ഒളിംപിക് ജേതാവ് ചെൻ യു ഫൈയായിരിക്കും. ഗ്രൂപ്പ് കെ-യിൽ പ്രണോയിക്ക് തുടക്കത്തിൽ തന്നെ വെല്ലുവിളി വിയറ്റ്നാമിന്റെ ലി ഡുവോ ഫാറ്റാണ്. ഗ്രൂപ്പിൽ ജർമനിയുടെ ഫാബിയാൻ റോത്തിനെയും പ്രണോയി നേരിടണം. ലക്ഷ്യാ സെന്നിന്റെ ഗ്രൂപ്പിലാണ് ലോക മൂന്നാം നമ്പർ താരം ഇന്തോനേഷ്യയുടെ ജോനാഥൻ ക്രിസ്റ്റി കളിക്കുന്നത്. ഇരുവരും തമ്മിൽ ഇതിനകം അഞ്ച് തവണ മുഖാമുഖം വന്നിട്ടുണ്ട്. നാലിലും ജയിച്ചത് ക്രിസ്റ്റിയായിരുന്നു. ആദ്യഘട്ടങ്ങൾ വിജയകരമായി പിന്നിട്ട് വന്നാലും ക്വാർട്ടറിൽ ജപ്പാന്റെ അഞ്ചാം സീഡ് താരം കോദായി നരോകയാവും പ്രതിയോഗി. വനിതാ ഡബിൾസിൽ അശ്വിനി പൊന്നപ്പ, താനിഷ് എന്നിവർ ഗ്രൂപ്പ് സി-യിലാണ്. ഇതേ ഗ്രൂപ്പിലാണ് ജപ്പാന്റെ നാമി മറ്റ്സുയമയും ചിഹാരു ഷിദയും.

# ബൈ ബൈ ജിമ്മി

ലോർഡ്സ്: എത്രയെത്ര വേദികളിലാണ് ആ മുഖം ക്രിക്കറ്റ് പ്രേമികൾ കണ്ടത്. തീ തുപ്പുന്ന വേഗതയിൽ പ്രതിയോഗികളുടെ വിക്കറ്റ് പിഴുതെടുത്ത് ആഹ്ലാദത്തിൽ ഓടിയടുക്കുന്ന ജിമ്മിയുടെ മുഖം ഇനി അതേ കരുത്തിൽ ക്രിക്കറ്റ് മൈതാനങ്ങളിൽ കാണാനാവില്ല. സ്വന്തം ടീമിന് ക്രിക്കറ്റിന്റെ മക്കയിൽ ഇന്നിംഗ്സിന്റെയും 114 റൺസിന്റെയും അവിസ്മരണീയ വിജയം സമ്മാനിച്ച് ജെയിംസ് ആൻഡേഴ്സൺ എന്ന ജിമ്മി ടെസ്റ്റ് ക്രിക്കറ്റിൽ നിന്നും വിരമിച്ചു. വിൻഡീസും ഇംഗ്ലണ്ടും ആദ്യ ടെസ്റ്റിൽ കളിച്ചപ്പോൾ വാർത്തകൾ ആ മൽസരമായിരുന്നില്ല. ജിമ്മിയുടെ വിടവാങ്ങൽ മാത്രമായിരുന്നു. അത് കാണാനായി ജനം ഗ്യാലറികളിലേക്ക് ഒഴുകിയെത്തി. പ്രായത്തിന്റെ പ്രയാസങ്ങൾ കാണിക്കാതെ രാജ്യത്തിന് വേണ്ടി എന്നും ഏറ്റവും മികച്ച പ്രകടനം നടത്തിയിട്ടുള്ള ജിമ്മിക്ക് സ്വന്തം വേദിയിൽ ഇംഗ്ലീഷ് ആൻഡ് വെയിൽസ് ക്രിക്കറ്റ് ബോർഡ് വിരമിക്കാൻ അവസരം നൽകിയത് മുതൽ താരം ആ തയ്യാറെടുപ്പിലായിരുന്നു. 189 ടെസ്റ്റുകൾ രാജ്യത്തിനായി കളിച്ചതിന്റെ സന്തോഷത്തിനൊപ്പം ഇനി ആ ജഴ്സിയിൽ മൈതാനത്തെ പ്രകമ്പനം കൊള്ളിക്കാനാവില്ലല്ലോ എന്ന സങ്കടവും ചേർന്നപ്പോൾ ജിമ്മി മൈക്കിന് മുന്നിൽ സങ്കടക്കാഴ്ച്ചയായി. സത്യം- ഈ മൽസരത്തിൽ ഞാൻ വികാരഭരിതനായിരുന്നു. ആദ്യ ദിവസം മൈതാനത്തിറങ്ങുമ്പോൾ, ഫീൽഡ് ചെയ്യുമ്പോൾ, കാണികളെ നോക്കുമ്പോൾ, സഹകളിക്കാരുടെ അഭിനന്ദനം ലഭിക്കുമ്പോൾ, ബൗളിംഗിനായി പന്തെടുക്കുമ്പോഴെല്ലാം ഇത് എന്റെ അവസാന മൽസരമാണല്ലോ എന്ന വികാരം മനസിനെ വേട്ടയാടി. എന്റെ കുടുംബം ഗ്യാലറിയിലുണ്ടായിരുന്നു. എല്ലാവരുടെയും പിന്തുണയിലാണ് ഇത് വരെയെത്തിയത്. അവസാന മൽസരത്തിൽ നാല് വിക്കറ്റ് നേടാനായി. ടീം വിജയിക്കുകയും ചെയ്തു. റിട്ടേൺ ക്യാച്ച് വിട്ടുപോയി. അതെടുത്തിരുന്നെങ്കിൽ എനിക്ക് തന്നെ അവസാന വിക്കറ്റ് ലഭിക്കുമായിരുന്നു. വളരെ അഭിമാനത്തോടെയാണ് ഞാൻ ലോർഡ്സ് വിടുന്നത്- മൽസരശേഷം സംസാരിക്കവെ അദ്ദേഹം പറഞ്ഞു.

ഇംഗ്ലീഷ് ടീം അദ്ദേഹത്തിന് ഗാർഡ് ഓഫ് ഹോണർ നൽകി. ലോർഡ്സിലെ നിറഞ്ഞ ഗ്യാലറിയിലെ എല്ലാവരും എഴുന്നേറ്റ് നിന്ന് കൈകൾ അടിച്ചു. വിൻഡീസ് താരങ്ങളും ജിമ്മിയെ അഭിനന്ദിച്ചു. 188 ടെസ്റ്റുകൾ കളിക്കാനായി. 704 വിക്കറ്റുകൾ. പ്രായം 41-ലും അദ്ദേഹം ഒരിക്കൽ പോലും വേഗത കുറച്ചില്ല. ടീം ആവശ്യപ്പെടുമ്പോഴെല്ലാം ഏറ്റവും മികച്ച പ്രകടനം. യുവതാരങ്ങൾക്ക് മാതൃകയായി എപ്പോഴും മൈതാനത്ത്. സച്ചിൻ ടെണ്ടുൽക്കർ ഉൾപ്പെടെ ക്രിക്കറ്റ് ലോകത്തെ പ്രമുഖരെല്ലാം ജിമ്മിക്ക് ആശംസകൾ നേർന്നു.



CLICK ക്രിക്കറ്റ് മക്കയായ ലോർഡ്സിൽ ഇന്നലെ വിൻഡീസിനെതിരായ ആദ്യ ടെസ്റ്റിൽ സ്വന്തം ടീമിന് സ്വപ്നതുല്യമായ വിജയം സമ്മാനിച്ച് മൽസരരംഗം വിടുന്ന ഇംഗ്ലീഷ് സീമർ ജെയിംസ് ആൻഡേഴ്സൺ എന്ന ജിമ്മിക്ക് സ്വന്തം ടീം ഗാർഡ് ഓഫ് ഹോണർ നൽകിയപ്പോൾ. ഇയാൻ ബോതം ഉൾപ്പെടെ നിരവധി പേസർമാരെ ലോക ക്രിക്കറ്റിന് സമ്മാനിച്ച ഇംഗ്ലണ്ടിന്റെ കരുത്തനായ ഇതിഹാസമാണ് ജിമ്മി. പ്രായം 41 ലും അദ്ദേഹം രാജ്യാന്തര വേദികളിൽ കരുത്തനായി കളിച്ചു. 188 ടെസ്റ്റുകളാണ് അദ്ദേഹം കളിച്ചത്. 704 ഇരകളെ കണ്ടെത്തി. ടെസ്റ്റ് ക്രിക്കറ്റ് ചരിത്രത്തിൽ ഏറ്റവുമധികം വിക്കറ്റുകൾ സ്വന്തമാക്കിയവർ സ്പിന്നർമാരാണ്. 800 വിക്കറ്റ് സ്വന്തമാക്കിയ ശ്രീലങ്കൻ താരം മുത്തയ്യ മുരളിധരനാണ് ഇപ്പോഴും ഒന്നാമത്. പിറകിൽ 708 വിക്കറ്റ് സ്വന്തമാക്കിയ ഓസീസ് സ്പിന്നർ ഷെയിൻ വോണും. പേസർമാരുടെ പട്ടികയിൽ ആദ്യം വരുന്നത് ജിമ്മിയാണ്. സ്റ്റ്യുവർട്ട് ബ്രോഡ് എന്ന സീമർക്കൊപ്പം ദീർഘകാലമായി ഇംഗ്ലീഷ് ആക്രമണത്തിന് നേതൃത്വം നൽകുന്നത് ജിമ്മിയാണ്. അദ്ദേഹം വിരമിക്കുന്ന മൽസരത്തിൽ തന്നെ അറ്റ്കിൻസൺ എന്ന പുത്തൻ സീമർ കരുത്തനായി അരങ്ങേറിയതും ക്രിക്കറ്റ് ലോകം കണ്ടു

## ഇംഗ്ലണ്ട് അനായാസം

ലോർഡ്സ്:വിൻഡീസിനെ ഇന്നിംഗ്സിനും 114 റൺസിനും തകർത്ത് ആദ്യ ടെസ്റ്റിൽ ഇംഗ്ലണ്ട് തകർപ്പൻ വിജയം സ്വന്തമാക്കി. ആദ്യ ഇന്നിംഗ്സിലെന്ന പോലെ രണ്ടാം ഇന്നിംഗ്സിലും വിൻഡീസ് നാമാവശേഷമായി. 121 റൺസ് മാത്രം ആദ്യ ഇന്നിംഗ്സിൽ നേടാനായ സന്ദർശകർക്കെതിരെ ഇംഗ്ലണ്ട് 371 റൺസ് നേടിയിരുന്നു. വിൻഡീസ് രണ്ടാം ഇന്നിംഗ്സിൽ ഭേദപ്പെട്ട പ്രകടനം നടത്തുമെന്ന് കരുതിയെങ്കിൽ 136 റൺസിന് എല്ലാവരും പുറത്തായി. ആദ്യ ഇന്നിംഗ്സിൽ 27 റൺസ് നേടിയ ലുയിസായിരുന്നു ടോപ് സ്കോറർ. രണ്ടാം ഇന്നിംഗ്സിലാവട്ടെ പുറത്താവാതെ 31 റൺസ് നേടിയ മോതിയയായിരുന്നു അൽപ്പമെങ്കിലും മികവ് കാട്ടിയത്. യുവ സീമർ അറ്റ്കിൻസൺ 61 റൺസ് മാത്രം വഴങ്ങി അഞ്ച് വിക്കറ്റ് നേടിയപ്പോൾ അവസാന ടെസ്റ്റ് കളിച്ച ആൻഡേഴ്സൺ 32 റൺസിന് മൂന്ന് വിക്കറ്റ് സ്വന്തമാക്കി.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 13 ശനി
ഗൾഫ് ചന്ദ്രിക



## അസാപിൽ ഐലൈക്ക് കോഴ്സുകൾ

ആലപ്പുഴ: ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കലവൂരിൽ പ്രവർത്തിക്കുന്ന അസാപ് കേരള സ്കിൽ പാർക്കിൽ അതിനൂതന കോഴ്സുകൾ ആരംഭിക്കുന്നു. അഡ്വാൻസ്ഡ് ടാലി, ജാവ പ്രോഗ്രാമിങ്, മൊബൈൽ ആപ്പ്ഡെവലപ്മെന്റ്, ഫിനാൻഷ്യൽ അക്കൗണ്ടിംഗ്, ഡാറ്റ മാനേജ്മെന്റ് വിത്ത് അഡ്വാൻസ്ഡ് എക്സൽ, ഡിജിറ്റൽ ഫ്രലാൻസിങ്, റീറ്റയിൽ മാനേജ്മെന്റ് തുടങ്ങി 120 മണിക്കൂർ വീതം ദൈർഘ്യമുള്ള 18 കോഴ്സുകളാണ് നിലവിൽ ആരംഭിക്കുന്നത്. ചുരുങ്ങിയ ഫീസാണ് കോഴ്സുകൾക്ക് ഈടാക്കുന്നത്. വിശദവിവരങ്ങൾക്കും രജിസ്ട്രേഷനും ഹശിസ.മമൈുരലു.ശി/ശഹശസല എന്ന ലിങ്ക് സന്ദർശിക്കുക. ഫോൺ: 9495999620.

## സ്കോളർഷിപ്പോടെ പുതുതലമുറ കോഴ്സുകൾ

ആലപ്പുഴ: പുതു തലമുറ കോഴ്സുകൾ സ്കോളർഷിപ്പോടെ പഠിക്കാൻ ആസാപ് അവസരമൊരുക്കുന്നു. ഗെയിം ഡെവലപ്പർ, വി.ആർ. ഡെവലപ്പർ, ആർട്ടിസ്റ്റ്, പ്രോഗ്രാമർ, വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ടെക്നിഷ്യൻ, ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ്, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ട്രെയിനർ കോഴ്സുകളാണ് 1050 ശതമാനം വരെ സ്കോളർഷിപ്പോടെ പഠിക്കാവുന്നത്. ജൂലൈ 31 വരെ അപേക്ഷിക്കാം. മൽസര പരീക്ഷയുടെ അടിസ്ഥാനത്തിലാണ് സ്കോളർഷിപ്പ് അനുവദിക്കുക. അപേക്ഷ https://link.asapcsp.in/scholarship എന്ന ലിങ്കിലൂടെ നൽകാം. കൂടുതൽ വിവരങ്ങൾക്ക് : 9495422535, 9495999620, 7012394449.

## അക്കാദമി ആരംഭിച്ചു

മാന്നാർ : നായർ സമാജം അക്ഷര സ്കൂളിൽ കുട്ടികളുടെ കലാപരമായ കഴിവുകളെ പ്രോൽസാഹിപ്പിക്കുന്നതിനായി ആവിഷ്ക്കാര ആർട്സ് ആൻഡ് മ്യൂസിക് അക്കാദമിയുടെ പ്രവർത്തനം ആരംഭിച്ചു. നായർ സമാജം സ്കൂൾ മാനേജർ ആർ. രാമചന്ദ്രൻ നായർ അദ്ധ്യക്ഷനായ യോഗം പ്രശസ്ത ചലച്ചിത്ര താരം കവിരാജ് ഉദ്ഘാടനം ചെയ്തു. സ്കൂൾ പ്രിൻസിപ്പൽ ജോതി. എൻ.ആർ സ്വാഗതം പറഞ്ഞു. നായർ സമാജം സ്കൂൾ പ്രസിഡന്റ് കെ. ജി . വിശ്വനാഥൻ നായർ മുഖ്യപ്രഭാഷണം നടത്തി.



# എന്ന് മുഴങ്ങും കായംകുളത്തെ സൈറൺ



കായംകുളം: പൊതുജനങ്ങൾക്ക് സമയം അറിയുന്നതിനും പ്രവർത്തി സമയം ഓർമിപ്പിക്കുന്നതിനും വേണ്ടി കാൽനൂറ്റാണ്ടുകൾക്ക് മുൻപ് നഗരസഭ ആസ്ഥാനത്ത് സ്ഥാപിക്കപ്പെട്ട സൈറൺ നിശ്ചലമായിട്ട് എട്ട് വർഷം പിന്നിടുന്നു. സമയം മനസിലാക്കുന്നതിന് എല്ലാവർക്കും വാച്ചും മറ്റു സംവിധാനങ്ങളും സർവ്വ സാധാരണയാകുന്നതിന് മുൻപ് പൊതുജന സഹായിയായി തദ്ദേശ സ്ഥാപനങ്ങൾ പൊതുജനങ്ങൾക്ക് കേൾക്കുന്ന വിധത്തിൽ സൈറണുകൾ സ്ഥാപിച്ചിരുന്നു. കമ്പനികളിലും ഫാക്റ്ററി കളിലും തൊഴിലാളികൾക്ക് പ്രവർത്തി സമയം അറിയിക്കുന്നതിലേക്ക് ഉച്ചത്തിൽ മുഴങ്ങുന്ന സയറനുകളെ അനുകരിച്ചാണ് പഞ്ചായത്തുകളും നഗരസഭകളും സൈറൺ സ്ഥാപിച്ചത്.

ഒരു നൂറ്റാണ്ട് പഴയക്കമുള്ള കായംകുളം നഗരസഭയിൽ ആദ്യകാലത്ത് തന്നെ നഗരസഭ കാര്യാലയങ്ങളിൽ വലിയ മണി മുഴക്കിയിരുന്നു. തുടർന്ന് അഡ്വ. എം ആർ ഗോപാലകൃഷ്ണൻ മുനിസിപ്പൽ ചെയർമാൻ ആയിരിക്കെയാണ് നഗരസഭക്ക് സൈറൺ വാങ്ങി സ്ഥാപിക്കുന്നത്. രാവിലെയും, ഉച്ചക്കും, വൈകുന്നേരവും കൃത്യ സമയത്ത് സമയം അറിയിക്കുന്നതിന് സൈറൺ മുഴക്കാൻ ഇതിനായി ജീവനക്കാരെയും അന്ന് ചുമതല പ്പെടുത്തിയിരുന്നു. ആദ്യം വൈദ്യുതിയിൽ പ്രവർത്തിക്കുന്ന സൈറൺ ആയിരുന്നെങ്കിലും പിന്നീട് വൈദ്യുതിയില്ലെങ്കിലും ശബ്ദം മുഴക്കുന്ന സൈറൺ നഗരസഭ സ്ഥാപിച്ചിരുന്നു.

ഇസ്‌ലാം മതവിശ്വാസികളുടെ നോമ്പ് കാലത്തെ ഇടയത്താഴത്തിനായി വെളുപ്പിന് നാലു മണിക്കും വ്യതം അവസാനിപ്പിക്കുന്ന സമയം അറിയിക്കുന്നതിന് വൈകുന്നേരവും ഒരു മാസക്കാലം സൈറൺ പ്രത്യേകമായ് മുഴക്കുകയും ചെയ്തിരുന്നു.

ഇസ്‌ലാംമത വിശ്വാസികൾക്ക് ഏറെ പ്രയോജനപ്രദമായിരുന്നു. ദീർഘനാൾ പട്ടണത്തിൽ മുഴങ്ങിക്കേട്ടിരുന്ന സൈറൺ ശബ്ദം നിലച്ചിട്ട് , എട്ടുവർഷം പിന്നിടുന്നു, അത് പുനസ്ഥാപിക്കാൻ ഇടതുപക്ഷം നേതൃത്വം കൊടുക്കുന്ന നഗരസഭ കൗൺസിലിന് സാധിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. പട്ടണത്തിന്റെ പൈതൃകമായി മാറിയിരുന്ന സൈറൻ പുനസ്ഥാപിക്കാൻ ഭരണ നേതൃത്വം തയാറാകണമെന്നാണ് ജനങ്ങൾക്കും ആവശ്യപ്പെടാനുള്ളത്.

# ഉമ്മൻചാണ്ടി സ്മൃതികേന്ദ്രം ഉദ്ഘാടനം 15ന്

മാന്നാർ: ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകി ഉമ്മൻചാണ്ടി സ്മൃതി കേന്ദ്രം പാണ്ടനാട് പഞ്ചായത്തിൽ 15ന് രാവിലെ 9.30 ന് ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിക്കുന്നു. ഉദ്ഘാടനം മുൻ കെ.പി.സി.സി. പ്രസിഡന്റ് വി.എം.സുധീരൻ പാണ്ടനാട് അമ്പാട്ട് പാലത്തനു സമീപം പ്രവർത്തിക്കുന്ന ശാന്തിതീരം പാലിയേറ്റീവ് സെന്ററിൽ വച്ച് നിർവ്വഹിക്കുന്നതാണ്.

പ്രസിഡന്റ് കെ.ബി.യശോധരൻ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കും. അനുസ്മരണ പ്രാർത്ഥനയും ഒരു വർഷം നീണ്ടു നിൽക്കുന്ന വിപുലമായ പരിപാടികൾക്ക് ശാന്തിതീരത്ത് വച്ച് തുടക്കം കുറിക്കുന്നതാണ്.

സൗജന്യ മെഗാ മെഡിക്കൽ ക്യാമ്പ്, നേത്രരോഗ ചികിത്സാ ക്യാമ്പ്, സൗജന്യ ശസ്ത്രക്രിയ, അതി ദരിദ്ര വിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യ ഡയാലിസിസ് ചികിത്സ ചെലവുകൾ ഏത് സമയത്തും.

പാണ്ടനാട്ടിലെ പാവപ്പെട്ടവർക്ക് പ്രയോജനകരമാകുന്ന രീതിയിലുള്ള ആംബുലൻസ് സൗകര്യം എന്നിവ ഉൾപ്പെടെയുള്ള ഒരു പ്രസ്ഥാനമായി സുമനസ്സുകളുടെ സഹായത്തോടെ പാവങ്ങളുടെ ഒരു അഭയ കേന്ദ്രമായി ഇതിനെ വളർത്തിയെടുക്കുക എന്നുള്ളതാണ് ഇതിന്റെ സംഘാടകരുടെ ലക്ഷ്യം.

എല്ലാ മാസവും ഒരു നിശ്ചിത തുക സ്ഥിരമായി നൽകി സുമനസ്സുള്ള ആർക്കും ഇതിൽ അംഗത്വം സ്വീകരിക്കാവുന്നതാണ്.

കെ.ബി.യശോധരൻ (പ്രസിഡന്റ്), ജോജി പിണ്ഡംകോട്ട് (സെക്രട്ടറി), മാത്യു ജേക്കബ് (വൈസ് പ്രസിഡന്റ്), എം.ബി.പ്രദീപ് (ട്രഷറാർ), ജയ്സൺ ചാക്കോ, സതീഷ് വി.എൻ., റോയി കണ്ടത്തിൽ എന്നിവരടങ്ങുന്ന കമ്മിറ്റി പ്രവർത്തിച്ചുവരുന്നു.

## ശിലാസ്ഥാപനം നടത്തി

മുഹമ്മ: ചാരമംഗലം കിഴക്ക് 1617 നമ്പർ എൻ എസ് എസ് കരയോഗം നിർമ്മിക്കുന്ന കരയോഗ മന്ദിരത്തിന്റെ ശിലാസ്ഥാപനം എൻ എസ് എസ് താലൂക്ക് യൂണിയൻ പ്രസിഡൻറും ഡയറക്ടർ ബോർഡ് അംഗവുമായ ഇലഞ്ഞിയിൽ രാധാകൃഷ്ണൻ നിർവഹിച്ചു.

എൻ എസ് എസ് താലൂക്ക് യൂണിയൻ സെക്രട്ടറി എസ്.ജയകൃഷ്ണൻ, കൊച്ചനാകുളങ്ങര ക്ഷേത്രം തന്ത്രി കടിയക്കോൽ മന മധുസൂദനൻ നമ്പൂതിരി ,താലൂക്ക് യൂണിയൻ പ്രതിനിധി വിനോദ് കുമാർ കൗസ്തുഭം , കരയോഗം ചെയർമാൻ, കൺവീനർ, ഭരണസമിതി അംഗങ്ങൾ, മറ്റ് കരയോഗാഗംങ്ങൾ തുടങ്ങിയവർ സംബന്ധിച്ചു.



പ്ലസ് വൺ തുല്യത പരീക്ഷയിൽ സംസ്ഥാനത്തെ ഏറ്റവും മുതിർന്ന പഠിതാവ് പി.ഡി. ഗോപിദാസിനെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി രാജേശ്വരി ആദരിക്കുന്നു

### പ്ലസ് വൺ തുല്യത പരീക്ഷ:

# സംസ്ഥാനത്തെ മുതിർന്ന പഠിതാവിന് ആദരവ്

ആലപ്പുഴ: പ്ലസ് വൺ തുല്യത പരീക്ഷയിൽ സംസ്ഥാനത്തെ ഏറ്റവും മുതിർന്ന പഠിതാവിന് ജില്ല പഞ്ചായത്തിന്റെ ആദരം.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി രാജേശ്വരിയുടെ നേതൃത്വത്തിലാണ് 78കാരനായ പി.ഡി. ഗോപിദാസിനെ പരീക്ഷ കേന്ദ്രമായ അമ്പലപ്പുഴ കെ.കെ. കുഞ്ചുപിള്ള മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിലെത്തി ആദരിച്ചത്.

ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷൻ ടി.എസ്. താഹ, അംഗം ആർ. റിയാസ്, അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശോഭാ ബാലൻ, ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷ ശ്രീജ രതീഷ്, അമ്പലപ്പുഴ തെക്ക് പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷ അപർണ സുരേഷ്, ഗ്രാമ പഞ്ചായത്തംഗം മനോജ് കുമാർ, സാക്ഷരതമിഷൻ ജില്ല കോർഡിനേറ്റർ കൊച്ചുറാണി മാത്യു, അസിസ്റ്റന്റ് കോർഡിനേറ്റർ ലേഖ മനോജ്, സെന്റർ കോർഡിനേറ്റർ പ്രകാശ് ബാബു, പഠിതാക്കൾ എന്നിവർ പങ്കെടുത്തു. ജില്ലയിലെ പ്രായം കുറഞ്ഞ പഠിതാവായ 21 കാരൻ ആഷിക് ഹ്യുമാനിറ്റീസ് ഐച്ഛിക വിഷയമായി എടുത്ത് പരീക്ഷ എഴുതുന്നതും ഇതേ സ്കൂളിലാണ്.

## സ്കൂൾ കെട്ടിടങ്ങളുടെ ഉദ്ഘാടനം

ആലപ്പുഴ: നീർക്കുന്നം എസ്.ഡി.വി. ഗവൺമെന്റ് യു.പി. സ്കൂൾ, ആലപ്പുഴ ഗവൺമെന്റ് മോഡൽ എച്ച്.എസ്.എൽ.പി. സ്കൂൾ കെട്ടിടങ്ങളുടെ ഉദ്ഘാടനം 15ന് വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി നിർവഹിക്കും. മുൻ എം.എൽ.എ.യുമായിരുന്ന ജി. സുധാകരന്റെ ആസ്തി വികസന ഫണ്ടിൽ നിന്ന് ഒരു കോടി രൂപ ചെലവഴിച്ചു നിർമ്മിച്ച നീർക്കുന്നം എസ്.ഡി.വി. ഗവ. യു.പി. സ്കൂൾ കെട്ടിടത്തിന്റെ ഉദ്ഘാടനം 15ന് രാവിലെ 9.30ന് നടക്കും. ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഷീബ രാകേഷ്, അമ്പലപ്പുഴ വടക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ്. ഹാരിസ്, വൈസ് പ്രസിഡന്റ് പി.എം. ദീപ, ജില്ല പഞ്ചായത്തംഗം പി. അഞ്ചു, സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷരായ വി. ധ്യാനസുഗതൻ, പ്രജിത്ത് കാരിക്കൽ, ലേഖാമോൾ സനിൽ, ബ്ലോക്ക് പഞ്ചായത്തംഗം പ്രദീപ്തി സജിത്ത് പങ്കെടുക്കും.പൊതുവിദ്യാഭ്യാസ വകുപ്പ് പ്ലാൻഫണ്ട് 2.20 കോടി രൂപ ഉപയോഗിച്ച് നിർമ്മാണം പൂർത്തിയാക്കിയ ആലപ്പുഴ ഗവ. മോഡൽ എച്ച്.എസ്.എസ്.എൽ.പി. സ്കൂൾ കെട്ടിടത്തിന്റെ ഉദ്ഘാടനം പകൽ 11 മണിക്ക് നടക്കും.

# വിഴിഞ്ഞം; യു.ഡി.എഫ് നേതാക്കളെ ഒഴിവാക്കിയതിൽ പ്രതിഷേധം

ആലപ്പുഴ: വിഴിഞ്ഞം തുറമുഖത്ത് ആദ്യത്തെ കപ്പലടുക്കുന്നതിനോട് അനുബന്ധിച്ച് നടന്ന സർക്കാർ പരിപാടിയിൽ പ്രതിപക്ഷ നേതാവടക്കമുള്ള യു.ഡി.എഫ് നേതാക്കളെ ഒഴിവാക്കുകയും പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് നേതൃത്വപരമായ പങ്ക് വഹിക്കുകയും സി.പി.എം ന്റെ ശക്തമായ എതിർപ്പിനെ മറികടന്നുകൊണ്ടു പദ്ധതിയുമായി മുന്നോട്ടു പോകാൻ നേതൃത്വം നൽകിയ മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയെ അനുസ്മരിയ്ക്കാൻ പോലും തയ്യാറാകാത്തതിൽ പ്രതിഷേധിച്ചു കൊണ്ട് യു.ഡി.എഫ് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രതിഷേധ പ്രകടനം സംഘടിപ്പിച്ചു.പതിഷേധ പ്രകടനത്തിനു ശേഷം സംഘടിപ്പിക്കപ്പെട്ട പ്രതിഷേധയോഗത്തിൽ യു.ഡി.എഫ് ചെയർമാൻ സി.കെ.ഷാജിമോഹൻ അധ്യക്ഷത വഹിച്ചു. ഡി.സി.സി പ്രസിഡന്റ് അഡ്വ.ബി.ബാബുപ്രസാദ് യോഗം ഉദ്ഘാടനം ചെയ്തു ജില്ലാ കണവീനർ അഡ്വ. ബി.രാജശേഖരൻ, മുസ്‌ലിംലീഗ് ജില്ലാ പ്രസിഡന്റ് എ.എം.നസീർ, എ.എ.ഷുക്കൂർ, കളത്തിൽ വിജയൻ, തോമസ് ചുള്ളിയ്ക്കൻ, സിറിയക് കാവിൽ, മേടയിൽ അനിൽകുമാർ, രാജു, ടി.സുബ്രഹ്മണ്യദാസ്, ജി.സഞ്ജീവ്ഭട്ട്, സുനിൽ ജോർജ്ജ്, സി.വി.മനോജ്കുമാർ, കെ.എ.സാബു, മോളി ജേക്കബ്, പി.തമ്പി, ചന്ദ്രബോസ്, കെ.സി.ആന്റണി എന്നിവർ പ്രസംഗിച്ചു.

# സർക്കാരിന്റെ മദ്യ നയം ജനദ്രോഹം: ഡോ. ജോർഷ്വ മാർഇഗ്നാതിയോസ്

ആലപ്പുഴ : സർക്കാരിന്റെ പുതിയ മദ്യ നയം ജന ദ്രോഹവും പുതു തലമുറ നശിക്കുന്ന രീതിയിലുമാണെന്ന് കേരള മദ്യ വിരുദ്ധ ജനകീയ മുന്നണി സംസ്ഥാന ചെയർമാൻ ഡോ. ജോഷ്വാ മാർഇഗ്നാത്തിയോസ് പറഞ്ഞു.

ആലപ്പുഴയിൽ നടന്ന മദ്യ വിരുദ്ധ ജനകീയ മുന്നണി സമിതിയുടെ പ്രതിഷേധ യോഗം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിൽ വർധിച്ചു വരുന്ന കുറ്റകൃത്യങ്ങൾ ഭൂരിഭാഗവും മദ്യവും ലഹരിയുടെയും ഉപയോഗം മൂലമാണ്. നാൾക്കു നാൾ വിപണിയിൽ മദ്യ ശാലകൾ കൂടുതൽ തുറന്നു കൊണ്ട് സുലഭമായി കിട്ടുന്ന പുതിയ സംവിധാനങ്ങൾ ആണ് ഓരോ ഘട്ടത്തിലും സർക്കാർ ചെയ്തു കൊണ്ടിരിക്കുന്നത് ഖജനാവിൽ എങ്ങനെയും പണം നിറക്കണം എന്നല്ലാതെ ജനങ്ങൾ നശിക്കുന്നതിലും നാടിന് തിന്മ വരുത്തുന്ന ഇത്തരം കാര്യങ്ങളിൽ യാതൊരു ശ്രദ്ധയും സർക്കാരിന് ഇല്ലെന്നും അദ്ദേഹം പറഞ്ഞു.

ആലപ്പുഴ ജില്ല മദ്യ വിരുദ്ധ ജനകീയ മുന്നണി ചെയർമാൻ ഡോ. എ. പി. നൗഷാദ് അധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ കൺവീനർ പി. എ. ലോറൻസ് സ്വാഗതം ആശംസിച്ചു കേരള മദ്യ വിരുദ്ധ ജനകീയ മുന്നണി സംസ്ഥാന കൺവീനർ ഇയ്യാച്ചേരി കുഞ്ഞികൃഷ്ണൻ മാഷ് മുഖ്യ പ്രഭാഷണം നിർവഹിച്ചു മലപ്പുറത്ത് നടക്കുന്ന അനിശ്ചിത കാല സമരം പോലെ കേരളത്തിൽ എല്ലാ ജില്ലകളിലും സമര പരിപാടികൾ ആരഭിക്കുമെന്ന് സംസ്ഥാന കൺവീനർ പറഞ്ഞു. യോഗത്തിൽ മദ്യ നിരോധന സമിതി സംസ്ഥാന വൈ. ചെയർമാൻ കൈമൾ കരുമാടി ജനകീയ മുന്നണി നേതാക്കളായ അജയകുമാർ, അഡ്വ. ശാന്തിരാജ്, അഡ്വ. എം. എ. ബിന്ദു, ഉമ്മച്ചൻ ചക്കുപറമ്പിൽ, ബി. വിനോദ്, സിദ്ദാർതൻ, ജോസി വഴിച്ചേരി,ഉമ്മൻ കെ മേതാരം തുടങ്ങിയവർ സംസാരിച്ചു. ജില്ലാ കോർഡിനേറ്റർ കെ ജെ. ഷീല നന്ദി രേഖപ്പെടുത്തി.



കേരള മദ്യ വിരുദ്ധ ജനകീയ മുന്നണി നേതൃ യോഗം സംസ്ഥാന ചെയർമാൻ ബിഷപ്പ് ഡോ. ജോഷ്വാ മാർഇഗ്നാത്തി യോസ് ഉദ്ഘാടനം ചെയ്യുന്നു





കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് അസോസിയേഷൻ കായംകുളം നിയോജക മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ പ്രതിഷേധ പ്രകടനം സംസ്ഥാന കമ്മിറ്റി അംഗം പ്രൊഫ:എ.മുഹമ്മദ് ഷെരീഫ് ഉദ്ഘാടനം ചെയ്യുന്നു

# കെ.എസ്.എസ്.പി.എ പ്രതിഷേധ പ്രകടനവും യോഗവും

കായംകുളം: സർവീസ് പെൻഷൻകാരുടെ പോസ്റ്റ് ഓഫീസ് വഴിയുള്ള പെൻഷൻ മുടങ്ങിയതിൽ കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് അസോസിയേഷൻ കായംകുളം നിയോജക മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കായംകുളം ഹെഡ് പോസ്റ്റ്ഓഫിസിന് മുമ്പിൽ പ്രതിഷേധ പ്രകടനവും യോഗവും നടത്തി. ട്രഷറിയിലോ, ബാങ്കിലോ പോയി പെൻഷൻ വാങ്ങുവാൻ കഴിയാത്ത സർവ്വീസ് പെൻഷൻകാർക്കും കുടുംബ പെൻഷൻകാർക്കുമാണ് പോസ്റ്റ്ഓഫീസ് വഴി ലഭിക്കേണ്ട പെൻഷൻ പതിനൊന്ന് ദിവസമായി മുടങ്ങിയിട്ടുള്ളത്. യോഗം സംസ്ഥാന കമ്മിറ്റി അംഗം പ്രൊഫ:എ.മുഹമ്മദ് ഷെരീഫ് ഉദ്ഘാടനം ചെയ്തു. നിയോജക മണ്ഡലം പ്രസിഡന്റ് എം.അബ്ദുൽ ഹക്കിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ അസോസിയേഷൻ സംസ്ഥാന കമ്മിറ്റി അംഗം സി.വിജയൻ മുഖ്യപ്രഭാഷണം നടത്തി.

ജില്ലാ സെക്രട്ടറി എ.സലിം. സംസ്ഥാന കമ്മിറ്റി അംഗം ഡി.ബാബു, ജില്ലാ ജോയിന്റ്സെക്രട്ടറി കെ.ജി.മോഹനൻ പിള്ള, ജില്ലാ സെക്രട്ടറിയേറ്റ് അംഗം പി.കൃഷ്ണകുമാർ, ജില്ലാ കമ്മിറ്റി അംഗങ്ങളായ എർവിൻ ഫെർണാണ്ടസ്, പ്രൊഫ: ബി.ശ്രീകുമാർ, ഒ.എ.ജബ്ബാർ, എം.ചന്ദ്രബാബു, നിയോജക മണ്ഡലം സെക്രട്ടറി ഹബീബ് പൊന്നേറ്റിൽ, നിയോജക മണ്ഡലം, മണ്ഡലം ഭാരവാഹികളായ ബിജു വർഗ്ഗീസ്, സി.രാമചന്ദ്രൻ, എസ്. ഭാർഗവൻ നായർ, മാമ്മൻ ശാമുവൽ, പ്രൊഫ: സുരേഷ് ആമ്പക്കാട്, ടി.ഉമ്മൻ, അന്നമ്മ ജോർജ്, കെ.രാധ, രവിശങ്കർ, ബാഹുലേയൻ, ഉണ്ണികൃഷ്ണൻ നായർ, രവീന്ദ്രൻതാച്ചേതറ, ശങ്കരപിള്ള, സി.പി. തോമസ്, തുടങ്ങിയവർ പ്രകടത്തിലും യോഗത്തിലും സംബന്ധിച്ചു.

## മെഗാ മെഡിക്കൽ ക്യാമ്പ്

കായംകുളം: മുൻ മുഖ്യമന്ത്രിഉമ്മൻചാണ്ടിയുടെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച്കായംകുളത്ത് സംഘടിപ്പിക്കുന്നകാരുണ്യ സ്പർശംമെഗാ മെഡിക്കൽ ക്യാമ്പിന്റെ ഒരുക്കങ്ങൾ പൂർത്തീകരിച്ചു വരുന്നതായി ചീഫ്കോഡിനേറ്റർ കറ്റാനം ഷാജി അറിയിച്ചു.

തിരുവനന്തപുരം ആർസിസികോഴിക്കോട് എംവിആർ ക്യാൻസർ സെൻറർ,ആലപ്പുഴ മെഡിക്കൽ കോളേജ്,ഡോക്ടർ ഉമ്മൻസ് ഐ ഹോസ്പിറ്റൽശങ്കേഴ്സ് ലാബ്,തുടങ്ങിയവർ ക്യാമ്പുകളിൽ നേതൃത്വം നൽകും,മാമോഗ്രാം അടക്കമുള്ള ക്യാൻസർ നിർണയംനേത്ര പരിശോധനജനറൽ മെഡിസിൻ ജീവിതശൈലി രോഗനിർണയംതുടങ്ങിയവ ക്യാമ്പിൽഉണ്ടാകും.ക്യാമ്പിലേക്കുള്ള രജിസ്ട്രേഷൻജൂലൈ 18ന് രാവിലെ 8 മുതൽ 12 വരെയും കായംകുളം കാദീശാ ഓഡിറ്റോറിയത്തിൽരജിസ്ട്രേഷനുള്ള സൗകര്യം ഉണ്ടായിരിക്കും.

ക്യാമ്പ് അന്നേദിവസം രാവിലെ ആരംഭിച്മൂന്നുമണിക്ക് സമാപിക്കും,വൈകിട്ട് 4മണിക്ക്അനുസ്മരണ സമ്മേളനംകെഐസിസി ജനറൽ സെക്രട്ടറി കെ സി വേണുഗോപാൽ എംപി ഉദ്ഘാടനം ചെയ്യും,പ്രമുഖ വ്യക്തിത്വങ്ങൾ അനുസ്മരണ സമ്മേ ളനത്തിൽ പങ്കെടുക്കും

## സ്ത്രീരോഗ നിർണ്ണയ ക്യാമ്പ് നാളെ

മണ്ണഞ്ചേരി: ആലപ്പുഴ കിൻഡർ വിമൻസ് ആന്റ് ചിൽഡ്രൻസ് ക്ലിനിക്കിന്റെയും മണ്ണഞ്ചേരി വിജ്ഞാനോദയം ഗ്രന്ഥശാലയുടെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന സൗജന്യ സ്ത്രീരോഗ നിർണ്ണയ ക്യാമ്പ് ഞായറാഴ്ച രാവിലെ 9 മുതൽ ഗ്രന്ഥശാലയിൽ നടക്കും. ദിനംപ്രതി വർദ്ധിച്ചു കൊണ്ടിരിക്കുന്ന സ്ത്രീജന്യ ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരമാർഗമായാണ് ക്യാമ്പ് സംഘടിപ്പിച്ചിട്ടുള്ളത്.

ഗ്രന്ഥശാല പ്രസിഡന്റ് വി.പി. അശോകൻ അദ്ധ്യക്ഷനാകും. വാർഡ് അംഗം പി.ആർ. സുധർമ ഉദ്ഘാടനം ചെയ്യും. കിൻഡർ ആശുപത്രി ഗൈനക്കോളജിസ്റ്റ് ഡോ. തങ്കച്ചി റോയ് ക്യാമ്പ് വിശകലനം നടത്തും. രജിസ്ട്രേഷനും അന്വേഷണങ്ങൾക്കുമായി ഈ നമ്പരുകളിൽ ബന്ധപ്പെടുക. 94958 83079, 94474 61013, 94466 54500 .

## ഡയമണ്ട് ജൂബിലി ലോഗോ പ്രകാശന സമ്മേളനം

മാവേലിക്കര: ബിഷപ് മൂർ കോളജിൽ നടന്ന മികവ്2024, ഡയമണ്ട് ജൂബിലി ലോഗോ പ്രകാശന സമ്മേളനവും സിഎസ്ഐ മധ്യകേരള മഹായിടവക ബിഷപ് ഡോ. മലയിൽ സാബു കോശി ചെറിയാൻ ഉദ്ഘാടനം ചെയ്തു. കോളജ് പ്രിൻസിപ്പൽ ഡോ. രഞ്ജിത്ത് മാത്യു എബ്രഹാം അധ്യക്ഷനായി.

വജ്രജൂബിലിയുടെ ആമുഖം കൺവീനർ ഡോ. വർഗീസ് അനി കുര്യൻ നടത്തി. മെറിറ്റോറിയസ് നേട്ടങ്ങളുടെ വിശദാംശങ്ങൾ സ്കോളർഷിപ്പ് കമ്മിറ്റി കൺവീനർ ഡോ. റീജാ ജോസ് അവതരിപ്പിച്ചു.

ബർസാർ: ഫിലിപ് എം. വർഗീസ്, പിടിഎ വൈസ് പ്രസിഡന്റ് പി.എം. മുഹമ്മദ് റജീബ്, പൂർവ വിദ്യാർഥി അക്കാദമിക സമിതി കൺവീനർ ഡോ. ഷെർലി പി. ആനന്ദ്, ഐ.ക്യു.എ.സി കോഓർഡിനേറ്റർ ഡോ. ലിനറ്റ് ജോസഫ്, ചാപ്ലിൻ: റവ. ലെവിൻ കോശി മല്ലശ്ശേരിൽ, വൈസ് പ്രിൻസിപ്പൽ ആനി ആഞ്ജലിൻ എബ്രഹാം, നന്ദന എസ്. രാജു എന്നിവർ പ്രസംഗിച്ചു.



മാവേലിക്കര ബിഷപ് മൂർ കോളജിൽ നടന്ന മികവ്2024, ഡയമണ്ട് ജൂബിലി ലോഗോ പ്രകാശന സമ്മേളനവും സിഎസ്ഐ മധ്യകേരള മഹായിടവക ബിഷപ് ഡോ. മലയിൽ സാബു കോശി ചെറിയാൻ ഉദ്ഘാടനം ചെയ്യുന്നു

## അനുസ്മരണവും സുവർണ മുദ്രാ സമർപ്പണവും

അമ്പലപ്പുഴ: കലാരത്നം അമ്പലപ്പുഴ പരമേശ്വരക്കുറുപ്പ് സ്മാരക വാദ്യ കലാ സമിതിയുടെ നേതൃത്വത്തിൽ അനുസ്മരണ സമ്മേളനവും സുവർണ മുദ്രാ സമർപ്പണവും സംഘടിപ്പിക്കുന്നു. ക്ഷേത്രാനുഷ്ഠാന വാദ്യ കലകളിൽ ഏഴ് പതിറ്റാണ്ടോളം അമ്പലപ്പുഴയുടെ യശസുയർത്തിയ കലാരത്നം അമ്പലപ്പുഴ പരമേശ്വരക്കുറുപ്പിന്റെ ഓർമക്കായി മക്കളും ശിഷ്യരും ചേർന്നാണ് സമിതി രൂപീകരിച്ചത്.

ഞായറാഴ്ച വൈകിട്ട് 3ന് അമ്പലപ്പുഴ കിഴക്കേ നട ശ്രീ വാസുദേവം ഹാളിൽ നടക്കുന്ന പുരസ്കാര ദാന സമ്മേളനം തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് വി.പ്രശാന്ത് ഉദ്ഘാടനം ചെയ്യുമെന്ന് സമിതി രക്ഷാധികാരികളായ പി.ഗോപകുമാർ, പി.ജയകുമാർ, പ്രസിഡന്റ് പി.ഗോപാലകൃഷ്ണൻ, സെക്രട്ടറി എസ്.മനോജ്, സജി എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. മുടിയേറ്റ് ക്ഷേത്ര വാദ്യ കലാകാരൻ കീഴില്ലം ഗോപാലകൃഷ്ണ മാരാർക്കാണ് ഈ വർഷത്തെ സുവർണ മുദ്രാ പുരസ്കാരം നൽകുന്നത്. ചോറ്റാനിക്കര വിജയൻ മാരാർ വാദ്യ കലാ രത്ന പുരസ്കാര സമർപ്പണം നടത്തും.

സമിതി പ്രസിഡന്റ് പി.ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിക്കും. കണ്ണമംഗലത്തില്ലം കേശവൻ നമ്പൂതിരി അനുഗ്രഹ പ്രഭാഷണവും തൃക്കാമ്പുറം ജയദേവ മാരാർ അനുസ്മരണ പ്രഭാഷണവും നടത്തും. അമ്പലപ്പുഴ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം അഡ്മിമിനിസ്ട്രേറ്റിവ് ഓഫീസർ ജയലക്ഷ്മി പുരസ്കാര ജേതാവിനെ പൊന്നാടയണിയിക്കും. അമ്പലപ്പുഴ തെക്ക് പഞ്ചായത്ത് പ്രസിഡന്റ് ശോഭാ ബാലൻ കീർത്തി പത്ര സമർപ്പണം നടത്തും.ചെണ്ട അധ്യാപകൻ മുഹമ്മ വിജയ കൃഷ്ണൻ, തായമ്പക വിദ്വാൻ കലാമണ്ഡലം പി.ജി.മുരുകദാസ് , ഇടയ്ക്ക കലാകാരൻ വിനീഷ് കമ്മത്ത്, മാധ്യമ പ്രവർത്തകൻ ബൈജു.സി.വൈ, ഫോട്ടോഗ്രാഫർ മനോജ് എന്നിവരെ ചടങ്ങിൽ ആദരിക്കുമെന്നും ഭാരവാഹികൾ പറഞ്ഞു.

## എൽ.ജി.എം.എൽ ജില്ലാ കമ്മിറ്റി യോഗം ഇന്ന്

കാസർകോട്: ലോക്കൽ ഗവ. മെമ്പേഴ്സ് ലീഗ് (എൽ.ജി.എം.എൽ) ജില്ലാ ഭാരവാഹികൾ, ജില്ലയിൽ നിന്നുള്ള സംസ്ഥാന ഭാരവാഹികൾ, മണ്ഡലം പ്രസിഡന്റ്, സെക്രട്ടറിമാർ എന്നിവരുടെ യോഗം ഇന്ന് ഉച്ചക്ക് രണ്ടു മണിക്ക് കാസർകോട് ടി.എ ഇബ്രാഹിം സ്മാരക മന്ദിരത്തിൽ ചേരുമെന്ന് ജനറൽ സെക്രട്ടറി മുജീബ് കമ്പാർ അറിയിച്ചു.

## അസി. പ്രൊഫസർ നിയമനം

കാസർകോട് എൽ.ബി.എസ് എഞ്ചിനീയറിംഗ് കോളജിൽ സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. യോഗ്യരായ ഉദ്യോഗാർഥികൾ 15ന് യഥാക്രമം രാവിലെ 10നും രാവിലെ 10.30നും കോളജിൽ നടക്കുന്നഎഴുത്തു പരീക്ഷയിലും അഭിമുഖത്തിലും പങ്കെടുക്കണം. ഫോൺ- 04994 250290.




## അഭിമുഖം 19ന്

ബോവിക്കാനം: മുളിയാർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ഡയാലിസിസ് യൂണിറ്റിൽ നിലവിലുള്ള ഒഴിവിൽ പി.ആർ.ഒ കം മാനേജർ തസ്തികയിലേക്ക് താൽക്കാലികാടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. കൂടിക്കാഴ്ച 19ന് രാവിലെ 10.30ന് മുളിയാർ സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ നടക്കും.



# ഇരുട്ടിൽ മുങ്ങി ബേക്കൽ ഉറക്കത്തിൽ അധികൃതർ



വാഹനങ്ങളുടെ വെളിച്ചത്തിൽ ബേക്കൽ കോട്ടക്കുന്നിലെ രാത്രിക്കാഴ്ച

ബേക്കൽ: ബേക്കൽ ബീച്ച് പാർക്കിന്റെ സന്ദർശക സമയം ഒമ്പതു മണി വരെയായി നീട്ടിയതിന് ശേഷം നിരവധി സഞ്ചാരി കൾ പാർക്കിൽ നിന്നും തിരിച്ചു പോവുന്നത് സന്ധ്യ കഴിഞ്ഞ്. ബേക്കൽ റെയിൽവെ ഓവർ ബ്രിഡ്ജ് മുതൽ കോട്ടക്കുന്ന് ബസ് സ്റ്റോപ്പ് വരെ തെരുവു വിളക്കില്ലാത്തതിനാൽ സന്ധ്യ കഴിഞ്ഞാൽ സഞ്ചാരികൾ ഇരുട്ടിൽ തപ്പി തടഞ്ഞാണ് യാത്ര.

റെയിൽവേ മേൽപാലത്തിനടുത്ത് ബിആർഡിസി സ്ഥാപിച്ച മിനി ഹൈമാസ്റ്റ് കത്താതെ മാസങ്ങളായി. പള്ളിക്കര പഞ്ചായത്താണ് ഇതിന്റെ കറണ്ട് ചാർജ് അടക്കുന്നത്. ഓഫീസിന് മുന്നിൽ സ്ഥാപിച്ച ഹൈമാസ്റ്റ് നന്നാക്കാനോ തെരുവുവിളക്ക് സ്ഥാപിക്കാനോ ബേക്കലിന്റെ ടൂറിസം വികസനത്തിനായി രൂപീകരിച്ച ബിആർഡിസിയിൽ നിന്നും നടപടിയില്ല. പള്ളിക്കര പഞ്ചായത്തിൽപെടുന്ന ഈ ഭാഗത്ത് പഞ്ചായത്തിന്റെ ഒരു തെരുവ് വിളക്ക് പോലുമില്ല. സർക്കാറിന്റെ നിലാവ് പദ്ധതിയിൽപെടുത്തി തെരുവുവിളക്ക് കത്തിക്കാൻ പഞ്ചായത്തിനും താൽപര്യമില്ല. ബേക്കൽ റെയിൽവേ മേൽപ്പാലത്തിന് മുകളിൽ പള്ളിക്കര പഞ്ചായത്ത് മുൻകൈയെടുത്ത് സ്വകാര്യ കമ്പനി വിളക്കുകൾ സ്ഥാപിച്ച് കത്തിക്കുന്നുണ്ട്. ബേക്കൽ ബീച്ച് മുതൽ റെയിൽവേ മേൽപ്പാലം വരെ ബിആർഡിസി മുൻകൈയെടുത്ത് സ്ഥാപിച്ച ലൈറ്റുകൾ ബീച്ച് പാർക്കിലെ പുതിയ ട്രാൻസ്ഫോർമർ കണക്ഷൻ നൽകുന്നതോടെ കത്തിത്തുടങ്ങും. ബേക്കൽ റെയിൽവേ മേൽപ്പാലം മുതൽ തെരുവുവിളക്ക് ആര് സ്ഥാപിക്കുമെന്നാണ് ജനം ചോദിക്കുന്നത്. അതുവരെ സഞ്ചാരികൾ ഇരുട്ടിൽ തപ്പി തടഞ്ഞ് സാഹസിക വിനോദം ആസ്വദിച്ച് ചെയ്ത് മടങ്ങട്ടെ.




സുൽത്താൻ ഡയമണ്ട്സ് ആന്റ് ഗോൾഡിന്റെ 12-ാമത് ജ്വല്ലറി ഷോറൂം ബോളിവുഡ് നടി പ്രാചി ദേശായി, സുൽത്താൻ മാനേജിംഗ് ഡയറക്ടർ ഡോ. അബ്ദുൾ റഹൂഫ്, എക്സിക്യൂട്ടീവ് ഡയറക്ടർ അബ്ദുൾ റഹീം എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്യുന്നു. ബംഗ്ലൂരിലെ മൂന്നാമത് ഷോറൂമാണ് എച്ച്ബിആർ ലേഔട്ടിൽ തുറന്നത്.

## വീടിന് സമീപം പുലിയുടേതെന്ന് സംശയിക്കുന്ന കാൽപ്പാടുകൾ

മുള്ളേരിയ: വീടിന് സമീപം പുലിയുടേതെന്ന് സംശയിക്കുന്ന ജീവിയുടെ കാൽപ്പാടുകൾ കണ്ടെത്തി. മുളിയാർ പാണൂരിലെ ശശിധരന്റെ വീടിന് സമീപമാണ് കാൽപ്പാടുകൾ കണ്ടെത്തിയത്. ആന ക്കാര്യം കർഷക കൂട്ടായ്മയുടെ ചെയർമാൻ രാഘവൻ മുല്ലച്ചേരി വനം വകുപ്പ് അധികൃതരെ വിവരമറിയിച്ചു. പല സ്ഥലങ്ങളിൽ നിന്നും നായകളെ കാണാതായിട്ടുണ്ട്. ചില നായകളെ അജ്ഞാത ജീവി കടിച്ചുകൊന്ന നിലയിൽ കണ്ടെത്തിയിരുന്നു. ഈ ജീവി പുലി തന്നെ യാണെന്നാണ് പ്രദേശവാസികൾ പറയുന്നത്. കഴിഞ്ഞ ദിവസം ഒരു പശുവിനെ പുലിയെന്ന് സംശയിക്കുന്ന ജീവി കടിച്ചു കൊന്നിരുന്നു. ആന, കാട്ടുപോത്ത് തുടങ്ങിയവയുടെ ശല്യവും രൂക്ഷമാണ്. കുണ്ടൂച്ചി, എരിഞ്ഞിപ്പുഴ തുടങ്ങിയ ഭാഗങ്ങളിൽ തുടർച്ചയായി മൂന്നാം ദിവസവും കാട്ടാനകൾ കൃഷിനാശം വരുത്തി. ടി. ഗോപിനാഥൻ നായരുടെ കവുങ്ങിൻ തോട്ടത്തിൽ കടന്ന ആനകൾ ഇടവിട്ട് നട്ടുപിടിപ്പിച്ച നൂറോളം വാഴകൾ ചവിട്ടിയും തിന്നും നശിപ്പിച്ചു.

ആശുപത്രിയിലെ വിഷപ്പുക

## കുറ്റക്കാർക്കെതിരെ വധശ്രമത്തിന് കേസെടുക്കണം: എൻ.എ നെല്ലിക്കുന്ന്




അമ്മയും കുഞ്ഞും ആശുപത്രിയിലെ വിഷപ്പുക ദുരന്തത്തിൽ അധികൃതരുടെ അനാസ്ഥയ്ക്കെതിരെ യു.ഡി.എഫ് കാഞ്ഞങ്ങാട് മുനിസിപ്പൽ കമ്മിറ്റി സംഘടിപ്പിച്ച ധർണ എൻ.എ നെല്ലിക്കുന്ന് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

കാഞ്ഞങ്ങാട്: അമ്മയും കുഞ്ഞും ആശുപത്രിയിലെ വിഷപ്പുക ശ്വസിച്ച് വിദ്യാർഥികൾക്ക് പ്രയാസമുണ്ടാക്കിയ സംഭവത്തിൽ കുറ്റക്കാർക്കെതിരെ വധശ്രമത്തിന് കേസെടുക്കണമെന്ന് എൻ.എ നെല്ലിക്കുന്ന് എം.എൽ.എ. അധികൃതരുടെ അനാസ്ഥയ്ക്കെതിരെ കാഞ്ഞങ്ങാട് മുനിസിപ്പൽ യു.ഡി.എഫ് കമ്മിറ്റി സംഘടിപ്പിച്ച ധർണ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മാനദണ്ഡം പാലിക്കാതെയാണ് അമ്മയും കുഞ്ഞും ആശുപത്രിയിലെ ജനറേറ്റർ പ്രവർത്തിച്ചത്. ദുരന്തത്തിന് ശേഷവും കുഞ്ഞുങ്ങൾക്കുണ്ടായ പ്രയാസത്തിൽ കൂടെ നിൽക്കാൻ സ്ഥലം എം.എൽ.എ ഇ. ചന്ദ്രശേഖരനും നഗരസഭയും തയാറായിട്ടില്ല. ഇ. ചന്ദ്രശേഖരൻ നിയമസഭയിൽ ഇക്കാര്യത്തിൽ ഒരു സബ്മിഷൻ പോലും ഉന്നയിച്ചിട്ടില്ലെന്നും എൻ.എ നെല്ലിക്കുന്ന് ആരോപിച്ചു. ചെയർമാൻ അബ്ദുറസാഖ് തായിലക്കണ്ടി അധ്യക്ഷത വഹിച്ചു. കൺവീനർ കെ.പി ബാലകൃഷ്ണൻ സ്വാഗതം പറഞ്ഞു. ബഷീർ വെള്ളിക്കോത്ത്, ഡോ. ഖാദർ മാങ്ങാട്, എം.പി ജാഫർ, കെ.കെ ബദറുദ്ധീൻ, സി.കെ റഹ്മത്തുള്ള, കെ.കെ ജാഫർ, ബി.പി പ്രദീപ് കുമാർ, ബഷീർ ആറങ്ങാടി, എം. കുഞ്ഞികൃഷ്ണൻ, വിനോദ് ആവിക്കര, കെ. മുഹമ്മദ് കുഞ്ഞി, അനിൽ വാഴുന്നോറടി, പുരുഷു നെല്ലിക്കാട്, ഷിബിൻ ഉപ്പിലക്കൈ, ടിറ്റോ ജോസഫ്, പി.വി ചന്ദ്രശേഖരൻ, മനോജ് ഉപ്പിലക്കൈ, കദീജ ഹമീദ്, സി.എച്ച് സുബൈദ, ടി.കെ സുമയ്യ, നദീർ കൊത്തിക്കാൽ, ഹസൈനാർ പടന്നക്കാട്, സി.കെ അഷ്റഫ്, സെവൻസ്റ്റാർ അബ്ദുറഹ്മാൻ, എച്ച്.ആർ വിനീത്, എം.കെ റഷീദ്, ടി. അന്തുമാൻ, കരീം കുശാൽ നഗർ പ്രസംഗിച്ചു.

## വിഴിഞ്ഞം: സർക്കാർ നിലപാടിനെതിരെ യു.ഡി.എഫ് പ്രതിഷേധ പ്രകടനം




മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി തുടക്കമിട്ട വിഴിഞ്ഞം തുറമുഖത്തിന്റെ മദർഷിപ്പ് ട്രയൽ റണ്ണിന് പ്രതിപക്ഷ നേതാവ് വി.ഡി സതീശനെ ക്ഷണിക്കാത്ത സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് യു.ഡി.എഫ് ജില്ലാ കമ്മിറ്റി നടത്തിയ പ്രകടനം

കാസർകോട്: വിഴിഞ്ഞം തുറമുഖത്തിന്റെ ട്രയൽ റൺ ചടങ്ങിലേക്ക് പ്രതിപക്ഷ നേതാവിനെ ക്ഷണിക്കാത്തതിൽ പ്രതിഷേധിച്ച് യു.ഡി.എഫ് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ കാസർകോട് നഗരത്തിൽ പ്രതിഷേധ പ്രകടനം നടത്തി. വിഴിഞ്ഞം പദ്ധതിക്ക് തുടക്കമിട്ട മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെ കുറിച്ചോ യു.ഡി.എഫ് സർക്കാരിനെ കുറിച്ചോ ഒരക്ഷരം പോലും പരാമർശിക്കാതെ വികസന കാര്യത്തിൽ രാഷ്ട്രീയ പാപ്പരത്തം കാണിക്കുന്ന ഇടതു സർക്കാർ നിലപാടിനെതിരെയാണ് പ്രതിഷേധം.

പുതിയ ബസ് സ്റ്റാന്റ് പരിസരത്ത് നിന്നാരംഭിച്ച പ്രകടനത്തിന് യു.ഡി.എഫ് ജില്ലാ ചെയർമാൻ കല്ലട്ര മാഹിൻ ഹാജി, ഡി.സി.സി പ്രസിഡന്റ് പി.കെ ഫൈസൽ, യു.ഡി.എഫ് കൺവീനർ എ. ഗോവിന്ദൻ നായർ, എൻ.എ നെല്ലിക്കുന്ന് എം.എൽ.എ, യു.ഡി.എഫ് നേതാക്കളായ മുൻ എം.എൽ.എ കെ.പി കുഞ്ഞിക്കണ്ണൻ എ. അബ്ദുൽ റഹിമാൻ, ഹരീഷ് ബി.നമ്പ്യാർ, എം സി പ്രഭാകരൻ, കല്ലട്ര അബ്ദുൽ ഖാദർ ,കരുൺ താപ്പ, അബ്ബാസ് ബീഗം, ഹാരിസ് ചൂരി അബ്ദുല്ല കുഞ്ഞി ചെർക്കള .സി വി ജയിംസ്, മാഹിൻ കേളോട്ട്, കെ. ഖാലിദ്, എം. രാജീവൻ നമ്പ്യാർ, കെ. വിഭക്ത വൽസലൻ, എ. വാസുദേവൻ മൂസാബി ചെർക്കള നേതൃത്വം നൽകി. ഹെഡ് പോസ്റ്റാഫീസ് പരിസരത്ത് പ്രതിഷേധ പ്രകടനം സമാപിച്ചു.

ഗവ. കോളജ് മുൻ പ്രിൻസിപ്പലിനെതിരെ നടപടി

## കൂടുതൽ ഇടപെടൽ ആവശ്യമില്ലെന്ന് മനുഷ്യാവകാശ കമ്മീഷൻ

കാസർകോട്: കാസർകോട് ഗവ. കോളജ് മുൻ പ്രിൻസിപ്പൽ ഒരു ഓൺലൈൻ വാർത്താ മാധ്യമത്തിൽ വിദ്യാർഥികൾക്കെതിരെ നടത്തിയ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ സർക്കാർ അധ്യാപികക്കെതിരെ നടപടിയെടുത്ത സാഹചര്യത്തിൽ കൂടുതൽ ഇടപെടൽ ആവശ്യമില്ലെന്ന് മനുഷ്യാവകാശ കമ്മീഷൻ. അധ്യാപികക്കെതിരെ നടപടി ആവശ്യപ്പെട്ട് ബിരുദ വിദ്യാർഥിനി സമർപ്പിച്ച പരാതിയിലാണ് കമ്മീഷൻ ആക്റ്റിങ് ചെയർപേഴ്സണും ജുഡീഷ്യൽ അംഗവുമായ കെ. ബൈജുനാഥിന്റെ ഉത്തരവ്. മുൻ പ്രിൻസിൽ ഡോ. എം. രമക്കെതിരെയാണ് പരാതി. കോളജ് വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചു. ഓൺലൈൻ മാധ്യമത്തിന് നൽകിയ അഭിമുഖത്തിൽ പ്രിൻസിപ്പൽ പരാതിക്കാരിയുടെ പേരു പരാമർശിച്ചിട്ടുണ്ടെന്ന് റിപ്പോർട്ടിൽ പറയുന്നു. സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ മാധ്യമങ്ങളിലൂടെ അഭിപ്രായം പറയുകയും കോളേജിനും വിദ്യാർത്ഥികൾക്കുമെതിരെ സംസാരിക്കുകയും ചെയ്തതിന്റെ പേരിൽ പ്രിൻസിപ്പലിനെ കൊടുവള്ളി കോളജിലേക്ക് സ്ഥലംമാറ്റി. പിന്നീട് കോടതി കേസിന്റെ അടിസ്ഥാനത്തിൽ മഞ്ചേശ്വരം കോളജിലേക്ക് സ്ഥലംമാറ്റി. പ്രിൻസിപ്പലിന്റെ പെരുമാറ്റം കാരണമാണ് വിദ്യാർഥികൾ സമരം ചെയ്യാൻ നിർബന്ധിതരായതെന്ന് പരാതിക്കാരി കമ്മീഷനെ അറിയിച്ചു.

### സെമിനാർ നടത്തി

കാസർകോട്: ലോക ജനസംഖ്യ ദിനത്തിന്റെ ഭാഗമായി പുല്ലൂർ ഗവ. ഐ.ടി.ഐ റെഡ് റിബ്ബൺ ക്ലബിന്റെയും പെരിയ സാമൂഹിക ആരോഗ്യ കേന്ദ്രത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ ഐ.ടി.ഐയിൽ സെമിനാർ സംഘടിപ്പിച്ചു. മെഡിക്കൽ ഓഫീസർ ഡോ. ഡി.ജി രമേശ് ക്ലാസെടുത്തു. പ്രിൻസിപ്പാൾ കെ.വി സുനിൽ അധ്യക്ഷത വഹിച്ചു. യു.സജിത്ത്, എം.വി അശോകൻ, പി. കൃഷ്ണകുമാർ, ട്രെയിനീസ് കൗൺസിൽ ചെയർമാൻ ജിത്തുരാജ് സംസാരിച്ചു.

### റിസോഴ്സ് അധ്യാപക നിയമനം

കാസർകോട്: അധ്യായന വർഷം സർക്കാർ യു.പി സ്കൂളിൽ നടപ്പിലാക്കുന്ന ഇംഗ്ലീഷ് എന്റിച്ച്മെന്റ് പ്രോഗ്രാം പദ്ധതിയുമായി ബന്ധപ്പെട്ട് റിസോഴ്സ് അധ്യാപകരെ നിയമിക്കുന്നതിന് 15ന് രാവിലെ 11ന് കാസർകോട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ കൂടിക്കാഴ്ച നടത്തും.



യന്ത്രവൽകൃത ഞാറുനടീൽ കാണാൻ തൃക്കരിപ്പൂർ വി.പി.പി മുഹമ്മദ് കുഞ്ഞി പട്ടേലർ സ്മാരക ഗവ. വൊക്കേഷനൽ ഹയർ സെക്കന്ററി സ്കൂളിലെ എൻ.എസ്.എസ് വോളന്റിയർമാർ പാടത്തേക്കിറങ്ങിയപ്പോൾ

## കൃഷിയുടെ 'യന്ത്രരീതി' പഠിക്കാൻ പാടത്തേക്കിറങ്ങി വിദ്യാർഥികൾ

തൃക്കരിപ്പൂർ: യന്ത്രവൽകൃത ഞാറുനടീൽ കണ്ടുമനസിലാക്കിയതിന്റെ സന്തോഷത്തിൽ തൃക്കരിപ്പൂർ വി.പി.പി മുഹമ്മദ് കുഞ്ഞി പട്ടേലർ സ്മാരക ഗവ. വൊക്കേഷനൽ ഹയർ സെക്കന്ററി സ്കൂളിലെ എൻ.എസ്.എസ് വോളന്റിയർമാർ. പാഠഭാഗങ്ങളിൽ നവീന യന്ത്രവൽകൃത കൃഷിരീതികളെ കുറിച്ച് പഠിച്ച വിദ്യാർഥികൾക്ക് ഇത് നവ്യാനുഭവമായി. തൃക്കരിപ്പൂർ കൃഷിഭവന്റെ പരിധിയിൽ വരുന്ന കോയൊങ്കര പാടശേഖരത്തിലെ എടാട്ടുമ്മൽ വയലിലാണ് കുട്ടികൾ യന്ത്രമുപയോഗിച്ചുള്ള ഞാറുനടീലും യന്ത്രത്തിന്റെ പ്രവർത്തനവും കുട്ടികൾ പരിചയപ്പെട്ടത്.

പായ് ഞാറ്റടിയിൽ നിന്നും നെൽചെടികൾ അടങ്ങിയ ഷീറ്റ് മുറിച്ചെടുത്ത് നടീൽ യന്ത്രത്തിൽ വെക്കുന്നതും വയലിൽ യന്ത്രം നീങ്ങുന്നതിനിടയിൽ തൈകൾ സ്വയം വേർപെടുന്നതും ആ തൈകളെ യന്ത്രം തന്നെ ചെളിയിൽ നടുന്നതും എല്ലാം കണ്ടനുഭവിച്ചത് വോളന്റീർമാർക്ക് അവിസ്മരണീയമായി. തൃക്കരിപ്പൂർ കൃഷിഭവൻ കൃഷി ഓഫീസർ എ. റജീന, മികച്ച ജൈവ കർഷക അവാർഡ് ജേതാവ് കെവി മുകുന്ദൻ, പാടശേഖരം പ്രസിഡന്റ് ടി അജിത,

വി എച്ച് എസ് ഇ പ്രിൻസിപ്പൽ പി. സീമ എന്നിവർ കുട്ടികൾക്ക് കൃഷി പാഠങ്ങൾ നൽകി. എൻഎസ്എസ് പ്രോഗ്രാം ഓഫീസർ വി കെ രാജേഷ് സ്വാഗതവും വോളന്റീർ സെക്രട്ടറി എം. ശ്രദ്ധ നന്ദിയും പറഞ്ഞു.

### ഡിഗ്രി/പി.ജി പ്രവേശനം

നീലേശ്വരം: ചീമേനി പള്ളിപ്പാറ അപ്ലൈഡ് സയൻസ് കോളജിൽ ബിരുദ കോഴ്സുകളിൽ ഒന്നാം വർഷ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. നാല് വർഷ ബിരുദ കോഴ്സുകൾ ബി.കോം കമ്പ്യൂട്ടർ അപ്ലിക്കേഷൻ, ബി.കോം കോ-ഓപ്പറേഷൻ, ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്. 50ശതമാനം സീറ്റുകളിലേക്ക് കണ്ണൂർ യൂണിവേഴ്സിറ്റി സൈറ്റ് മുഖേനയും 50ശതമാനം സീറ്റുകളിലേക്ക് ഐ.എച്ച്.ആർ.ഡി സൈറ്റ് വഴ്യേ:/ഠഠഠ.ശവൃറ മറാശശൈീ.ി്യ മുഖേന യും അപേക്ഷിക്കണം. ഫോൺ: 8547005052, 9447596129.

### ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു

പെരിയ: കേരള കേന്ദ്ര സർവകലാശാലയിൽ സെന്റർ ഫോർ ഡിഫൻസ് ആന്റ് സെക്യൂരിറ്റി സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് വിഭാഗത്തിന്റെ സഹകരണത്തോടെ മയക്കു മരുന്ന് ഉപയോഗത്തിന്റെ സാമൂഹിക പ്രത്യാഘാതം എന്ന വിഷയത്തിൽ ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു. കാസർകോട് എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ പി.കെ ജയരാജ് ക്ലാസെടുത്തു. മയക്കുമരുന്ന് മാഫിയ സമാന്തര സമ്പദ്‌വ്യവസ്ഥ സൃഷ്ടിക്കുകയാണെന്നും ഈവിപത്ത് തടയാൻ കൂട്ടായ ശ്രമം അനിവാര്യമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. വകുപ്പ് അധ്യക്ഷൻ പ്രൊഫ. ആർ. സുരേഷ് അധ്യക്ഷത വഹിച്ചു. അസിസ്റ്റന്റ് പ്രൊഫ. ഡോ. റെയിൻ ഹാർട്ട് ഫിലിപ്പ്, സെക്യൂരിറ്റി ഓഫീസർ ശ്രീജിത്ത് സംസാരിച്ചു.

## ചുമട്ട് തൊഴിൽ സംരക്ഷിക്കാൻ നിയമഭേദഗതി വേണം: എസ്.ടി.യു




ചുമട്ട് തൊഴിലാളി ഫെഡറേഷൻ (എസ്.ടി.യു) ജില്ലാ നേതൃസംഗമം എസ്.ടി.യു ദേശീയ വൈസ് പ്രസിഡന്റ് എ. അബ്ദുൽ റഹ്മാൻ ഉദ്ഘാടനം ചെയ്യുന്നു

കാസർകോട്: ചുമട്ട് തൊഴിലാളി മേഖലയിൽ തൊഴിൽ സംരക്ഷണം ഉറപ്പാക്കാൻ യൂണിയനുകൾ സംയുക്തമായി നിർദ്ദേശിച്ച നിയമ ഭേദഗതി കൊണ്ടുവരാൻ സർക്കാർ തയാറാവണമെന്ന് ചുമട്ടു തൊഴിലാളി യൂണിയൻ (എസ്.ടി.യു) ജില്ലാ പ്രവർത്തക സമിതി യോഗം ആവശ്യപ്പെട്ടു. എസ്.ടി.യു ദേശീയ വൈസ് പ്രസിഡന്റ് എ. അബ്ദുൽ റഹ്മാൻ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് മുത്തലിബ് പാറക്കെട്ട് അധ്യക്ഷത വഹിച്ചു.

എസ്.ടി.യു സംസ്ഥാന ഭാരവാഹികളായി ജില്ലയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ജനറൽ സെക്രട്ടറി കെ.പി മുഹമ്മദ് അഷ്റഫ്, വൈസ് പ്രസിഡന്റ് അഷ്റഫ് എടനീർ, സെക്രട്ടറി ഷരീഫ് കൊടവഞ്ചി, ഫെഡറേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി വല്ലാഞ്ചിറ അബ്ദുൽ മജീദ് എന്നിവർക്ക് സ്വീകരണം നൽകി. എസ്.ടി.യു ജില്ലാ പ്രസിഡന്റ് എ. അഹമ്മദ് ഹാജി ഉപഹാര സമർപ്പണം നടത്തി. ഷുക്കൂർ ചെർക്കളം, എൻ.എം ഷാഫി, കെ.ടി അബ്ദുൽ റഹ്മാൻ, എ. പ്രശാന്ത് നീലേശ്വരം, പി. ജമാൽ അതിഞ്ഞാൽ, ശിവരാമൻ ഉപ്പള, എ. രഘു, അബ്ബാസ് ടി.എ വിദ്യാനഗർ, എ.പി ഇബ്രാഹിം കാഞ്ഞങ്ങാട്, മധു കെ. കാഞ്ഞങ്ങാട്, അബ്ദുൽ മുനീർ ഒളയത്തടുക്ക പ്രസംഗിച്ചു.

## തളങ്കര പടിഞ്ഞാറിൽ നഗരസഭയുടെ ലൈബ്രറി, റീഡിംഗ് റൂം കെട്ടിടം തുറന്നു



തളങ്കര പടിഞ്ഞാർ കോർണിഷിൽ നഗരസഭയുടെ കുട്ടികളുടെ പാർക്കിന് സമീപം നഗരസഭ നിർമിച്ച ലൈബ്രറി ആന്റ് റീഡിംഗ് റൂം കെട്ടിടം ചെയർമാൻ അബ്ബാസ് ബീഗം ഉദ്ഘാടനം ചെയ്യുന്നു

കാസർകോട്: തളങ്കര പടിഞ്ഞാർ കോർണിഷിൽ നഗരസഭയുടെ കുട്ടികളുടെ പാർക്കിന് സമീപമായി നഗരസഭ നിർമിച്ച ലൈബ്രറി ആന്റ് റീഡിംഗ് റൂം കെട്ടിടം നഗരസഭാ ചെയർമാൻ അബ്ബാസ് ബീഗം ഉദ്ഘാടനം ചെയ്തു. വൈസ് ചെയർപേഴ്സൺ ഷംസീദ ഫിറോസ് അധ്യക്ഷത വഹിച്ചു. നഗരസഭാ ആസൂത്രണ സമിതി വൈസ് ചെയർമാൻ എ അബ്ദുൽ റഹിമാൻ, യഹ്‌യ തളങ്കര, സ്ഥിരം സമിതി ചെയർപേഴ്സൺമാരായ സഹീർ ആസിഫ്, ആർ. റീത്ത, ഖാലിദ് പച്ചക്കാട്, സിയാന ഹനീഫ്, രജനി കെ, മുനിസിപ്പൽ എഞ്ചിനീയർ എൻ.ഡി ദിലീഷ്, അസ്‌ലം പടിഞ്ഞാർ, ടി.എ ശാഫി, മുനീർ പടിഞ്ഞാർ, കെ.എം അബ്ദുല്ല, ഫൈസൽ പടിഞ്ഞാർ, റിയാസ് അഹമ്മദ്, മുഷ്താഖ് കോളിയാട്, സിദ്ദീഖ് പടപ്പിൽ, ശരീഫ് ഒമാൻ, വാർഡ് കൗൺസിലർ സുമയ്യ മൊയ്തീൻ, നഗരസഭ സെക്രട്ടറി പി.എ ജെസ്റ്റിൻ പ്രസംഗിച്ചു.

## കഞ്ചാവ് ബീഡി വലിക്കുന്നതിനിടെ 2 പേർ പിടിയിൽ

ബദിയടുക്ക: കഞ്ചാവ് ബീഡി വലിക്കുന്നതിനിടെ രണ്ടുപേർ പൊലീസ് പിടിയിലായി. പൈക്ക ചൂരിപ്പള്ളത്തെ അബ്ദുൽ നിഷാദ് (34), കുമ്പഡാജെ കർവൾത്തടുക്കയിൽ അബ്ദുൽ ബഷീർ (27) എന്നിവരെയാണ് ബദിയടുക്ക പൊലീസ് അറസ്റ്റു ചെയ്തത്. നെല്ലിക്കട്ടയിലെ പൊതുസ്ഥലത്ത് കഞ്ചാവ് ബീഡി വലിക്കുന്നതിനിടെയാണ് അബ്ദുൽനിഷാദ് പിടിയിലായത്. ചെർളടുക്കയിൽ കഞ്ചാവ് വലിക്കുന്നതിനിടെ അബ്ദുൽ ബഷീറും അറസ്റ്റിലാവുകയായിരുന്നു.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 13 ശനി
ഗൾഫ് ചന്ദ്രിക


## കേരളത്തിൽ ആദ്യം ആനിമൽ ആംബുലൻസ് കണ്ണൂരിൽ

കണ്ണൂർ: കേരളത്തിലെ ആദ്യ വൈൽഡ് ലൈഫ് ആന്റ് ഡൊമെസ്റ്റിക് ആനിമൽ ആംബുലൻസ് സേവനം കണ്ണൂരിൽ ആരംഭിക്കുന്നു. വയനാട് ആസ്ഥാനമായ പഗ് മാർക്ക് വൈൽഡ് ലൈഫ് കൺസർവേഷൻ ആന്റ് റസ്ക്യൂ ഫോഴ്സിന്റെ പുതിയ സംരംഭമാണ് ആനിമൽ ആംബുലൻസ്. പ്രകൃതി, വന്യജീവി സ്നേഹികളും ഒരുകൂട്ടം സാമൂഹ്യ പ്രതിബന്ധരായ മൃഗ സ്നേഹികളും ഉൾപ്പെടെ അടങ്ങിയ കൂട്ടായ്മയാണ് സംസ്ഥാനത്ത് ആദ്യമായി ഇത്തരമൊരു സംരംഭം തുടങ്ങുന്നത്. പഗ്മാർക്ക് വൈൽഡ് ലൈഫ് കൺസർവേഷൻ ആന്റ് റെസ്ക്യൂ ഫോഴ്സ്ന്റെ ആംബുലൻസ് ഉദ്ഘാടനം ഇന്ന് ഉച്ച്ക്ക് 12ന് ജില്ലാ വെറ്ററിനറി ആശുപത്രിയിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നിർവഹിക്കും.

## അഞ്ചിലും ചേലോടെ 14ന്

കണ്ണൂർ: സ്നേഹ സല്ലാപം ചാരിറ്റബിൾ ട്രസ്റ്റ് നവമാധ്യമ കൂട്ടായ്മ അഞ്ചാം വാർഷികാഘോഷത്തിന്റെ ഭാഗമായി അഞ്ചിലും ചേലോടെ ശീർഷകത്തിൽ ദ്വൈമാസ പരിപാടികൾ സംഘടിപ്പിക്കും. 14ന് വൈകുന്നേരം മൂന്ന് മണിക്ക് മുസ്ലിം ജമാഅത്ത് ഹാളിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും, ഭക്ഷ്യമേള, മെഹന്തി മത്സരം, വിദ്യാർഥികളുടെയും വനിതകളുടെയും വിവിധ മത്സരങ്ങൾ, ഗാനമേള എന്നിവയും നടക്കും.

## തലശ്ശേരി സ്റ്റേഡിയം നഗരസഭക്ക് പോരാട്ടങ്ങളുടെ വിജയമെന്ന് കോൺഗ്രസ്

തലശ്ശേരി: സ്റ്റേഡിയം തലശ്ശേരി നഗരസഭയ്ക്ക് മാറാൻ സർക്കാർ തീരുമാനം. തങ്ങൾ നടത്തിയ സമരങ്ങളുടെ വിജയമെന്ന് കോൺഗ്രസ് തലശ്ശേരി ബ്ലോക്ക് കമ്മിറ്റി. സബ് കലക്ടർ ഓഫീസിന് മുന്നിലും താലൂക്ക് വികസന സമിതി യോഗത്തിനിടയിലും സമരം നടത്തിയിരുന്നു. വികസന സമിതി യോഗത്തിലും കോൺഗ്രസ് വിഷയം ഉന്നയിച്ചതായും കോൺഗ്രസ് അവകാശപ്പെട്ടു.

# കണ്ണൂർ വാർത്തകൾ

## ഡിജിറ്റൽ പ്ലാറ്റ് ഫോമിൽ ക്ലാസ് മുറികൾ

## കഥാകാരൻ അകലെനിന്ന് സംവദിച്ചു തത്സമയം

■ യു.പി അബ്ദുറഹ്മാൻ
ഇരിക്കൂർ



*ഇരിക്കൂർ ഗവ:ഹയർസെക്കന്ററി സ്കൂളിൽ എട്ടാം ക്ലാസ് വിദ്യാർഥികളുമായി കഥാകാരൻ പി സുരേന്ദ്രൻ ഓൺലൈനിൽ സംവദിച്ചപ്പോൾ*

ക്ലാസ് മുറികൾ ഡിജിറ്റൽ പ്ലാറ്റ് ഫോമിലായതോടെ മാറുന്നു വിദ്യാഭ്യാസ രീതി. നഗര-ഗ്രാമ വ്യത്യാസമില്ലാതെ പുതുസാങ്കേതിക വിദ്യ നുകർന്ന് വിദ്യാർഥികൾ. പാഠ പുസ്തകത്തിൽ കഥയും കവിതയുമെഴുതിയ രചയിതാക്കളുമായി അവരെത്ര അകലത്താണെങ്കിലും തത്സമയം സംവദിക്കാനുള്ള സൗകര്യവും കൂടി ഒരുക്കിയാണ് ക്ലാസ് മുറികൾ ഡിജിറ്റൽ പ്ലാറ്റ്ഫോമിലേക്ക് മാറുന്നത്. ഇരിക്കൂർ ഗവ.ഹയർസെക്കന്ററി സ്കൂളിൽ എട്ടാം തരത്തിലെ വിദ്യാർഥികൾ കേരള പാഠാവലിയിലെ 'അമ്മമ്മ' എന്ന പാഠഭാഗത്തിലെത്തിയപ്പോൾ ആഗ്രഹം പോലെ അവർക്ക് മുന്നിലുമെത്തി കഥാകാരൻ. കഥാകൃത്ത് പി സുരേന്ദ്രനാണ് വിദ്യാർഥികളുമായി സംവദിച്ചത്.

കഥാകാരനെ നിങ്ങൾക്ക് നേരിൽകണ്ട് സംശയം തീർക്കാമെന്ന മലയാളം അധ്യാപകൻ പി സുനിൽ കുമാറിന്റെ തമാശ വിദ്യാർഥികൾ കാര്യമായി എടുത്തതോടെ ഒടുവിൽ അവരുടെ ആഗ്രഹം സാധിച്ച് കൊടുക്കുകയായിരുന്നു ആ അധ്യാപകൻ. തത്സമയ സംവാദത്തിലൂടെ അമ്മമ്മയെന്ന കഥയുടെ വിശാല തലങ്ങൾ പി സുരേന്ദ്രൻ പങ്കുവെച്ചു. ഓർമക്കുറിപ്പുകൾ വെറും ഓർത്തെടുത്തെഴുതൽ മാത്രമാകാതെ ഓർമകളെ കാവ്യാത്മകമായി അവതരിപ്പിക്കുമ്പോഴാണ് അതിൽ വായനാരസമുണ്ടാകുന്നതെന്നും പാഠഭാഗത്തിലെ അമ്മമ്മയെ തേവിത്തേവി വറ്റിപ്പോയ കിണറെന്ന് വിശേഷിപ്പിച്ചതിലെ പ്രയോഗ ഭംഗിയും കഥാകൃത്ത് വിദ്യാർഥി മനസിലേക്ക് പകർന്നേകി.

എഴുത്തിലേക്ക് കടന്നുവന്ന കാലവും കാരണവും ചോദ്യങ്ങൾക്ക് മറുപടിയായും പങ്കുവെച്ചു. എഴുത്തിലേക്ക് കടന്നു വരാൻ നുറുങ്ങു ചിന്തകളും നൽകിയാണ് അഭിമുഖ പാഠം അവസാനിപ്പിച്ചത്. സി നിഷാറാണി, വി.വി സുനേഷ് എന്നിവരും പങ്കെടുത്തു.




*വിഴിഞ്ഞം പദ്ധതി ഉദ്ഘാടന ചടങ്ങിൽ പ്രതിപക്ഷ നേതാക്കളെ ക്ഷണിക്കാത്തതിൽ പ്രതിഷേധിച്ച് കണ്ണൂരിൽ യു.ഡി.എഫ് പ്രവർത്തകർ നടത്തിയ പ്രകടനം*

### പ്രതിപക്ഷ നേതാവിനെ തഴഞ്ഞ് വിഴിഞ്ഞം ഉദ്ഘാടനം

## യു.ഡി.എഫ് പ്രതിഷേധ പ്രകടനം നടത്തി

കണ്ണൂർ: മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ നിശ്ചയദാർഢ്യത്തിൽ യാഥാർഥ്യമായ വിഴിഞ്ഞം തുറമുഖത്ത് ചരക്ക് കപ്പലടുക്കുമ്പോൾ പ്രതിപക്ഷ നേതാവിനെയും യു.ഡി.എഫ് എംപിയെയും തഴഞ്ഞ സർക്കാർ നിലപാടിനെതിരെ കണ്ണൂരിൽ യു.ഡി.എഫ് പ്രതിഷേധം. നഗരത്തിൽ നടത്തിയ പ്രതിഷേധ പ്രകടനത്തിന് ജില്ലാ ചെയർമാൻ പി.ടി മാത്യുവും കൺവീനർ അബ്ദുൽ കരീം ചേലേരിയും നേതൃത്വം നൽകി.

നേതാക്കളായ കെ.ടി സഹദുല്ല, മേയർ മുസ്ലിഹ് മഠത്തിൽ, എൻ.കെ റഫീഖ്, ടി.ഒ മോഹനൻ, കെ.സി മുഹമ്മദ് ഫൈസൽ, രാജീവൻ എളയാവൂർ, പി സുനിൽ കുമാർ, വി.വി പുരുഷോത്തമൻ, സുരേഷ് ബാബു എളയാവൂർ, ഫാറൂഖ് വട്ടപ്പൊയിൽ, കെ ബാലകൃഷ്ണൻ, റഷീദ് കവ്വായി, ടി ജനാർദ്ദനൻ, കായക്കൽ രാഹുൽ, പി.സി അഹമ്മദ് കുട്ടി, സിവികെ റിയാസ് മാസ്റ്റർ, കൊളേക്കര മുസ്തഫ, സലാം മുണ്ടേരി, കെ സൈനുദ്ദീൻ, കൂക്കിരി രാഗേഷ്, സി എറമുള്ളാൻ, സി.എം ഗോപിനാഥ്, കല്ലിക്കോടൻ രാഗേഷ്, ഉഷാകുമാരി പങ്കെടുത്തു.

### തുടർവിദ്യാഭ്യാസ പരിപാടി

കണ്ണൂർ: മെഡിക്കൽ ലബോറട്ടി ഓണേഴ്സ് അസോസിയേഷൻ ജില്ലാ കമ്മിറ്റി തുടർ വിദ്യാഭ്യാസ പരിപാടിയും ഉന്നത വിജയം നേടിയ വിദ്യാർഥികൾക്കുള്ള അനുമോദനവും നൽകും. 14ന് രാവിലെ 10 മണിക്ക് താവക്കര മലബാർ റസിഡൻസിയിൽ സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ രജീഷ് കുമാർ ഉദ്ഘാടനം ചെയ്യും. വാർത്താസമ്മേളനത്തിൽ വി ഉമേഷ് കുമാർ, കെ.പി ശ്രീനിവാസൻ, കെ.വി സ്മിജ പങ്കെടുത്തു.

# നന്ദി പറഞ്ഞ് ഷാഫി പറമ്പിൽ

പാനൂർ :വടകരയിൽ ചരിത്ര വിജയം സമ്മാനിച്ച വോട്ടർമാരെ നേരിൽ കണ്ട് നന്ദി പറയാൻ ഷാഫി പറമ്പിൽ എം പി എത്തി. കൂത്തുപറമ്പ് മണ്ഡലം ദ്വിദിന പര്യടനം തൃപ്രങ്ങോട്ടൂർ പഞ്ചായത്തിലെ ഇരഞ്ഞീൻ കീഴിൽ നിന്നു തുടങ്ങി. കൂത്തുപറമ്പ് മാറോളിഘട്ടിൽ സമാപിച്ചു. പൊയിലൂരിൽ മുസ് ലിം ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ പര്യടനത്തെ അഭിവാദ്യം ചെയ്തു. മുസ് ലിം ലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് പൊട്ടങ്കണ്ടി അബ്ദുല്ല, വി സുരേന്ദ്രൻ മാസ്റ്റ, കബീർ ബാഖവി കാഞ്ഞാർ, ടി പി മുസ്തഫ, പി പി എ സലാം, പി കെ ഷാഹുൽ ഹമീദ്, കെ പി സാജു, എം ഗഫൂർ, ഹരിദാസ് മുകേരി, മത്തത്ത് അബ്ബാസ് ഹാജി, ഇസ്മായിൽ ചാമാളി, അബ്ദുല്ല പാലേരി, പൊട്ടങ്കണ്ടി ശരീഫ്, യൂനസ് പട്ടാടം, പി കൃഷ്ണൻ മാസ്റ്റർ, കുമാരൻ മാസ്റ്റർ സംബന്ധിച്ചു. കുന്നോത്ത് പറമ്പിൽ പര്യടനത്തിൽ പി എ ഹമീദ്, ആർ അബ്ദുല്ല മാസ്റ്റർ, കെ പി മൂസ ഹാജി, മുത്താറി ഇസ്മായിൽ, സി പുരുഷു, ടി എം നാസർ, അശോകൻ, ടി സി കൃഷ്ണൻ, കെ വി അഹമ്മദ്, തുണ്ടിയിൽ ഇസ്മായിൽ എം പിയെ അനുഗമിച്ചു. മുകേരി പഞ്ചായത്തിൽ കെ അസീസ്, കെ കെ മുനീർ, കെ ടി ശ്രീധരൻ, ജഗജീവൻ എം പിയെ അനുഗമിച്ചു. പാട്യം പഞ്ചായത്തിൽ സി പി റഫീഖ്, ഇ എം സി മുഹമ്മദ്, ടി വി കെ ഇബ്രാഹിം, യു കെ നാസർ മാസ്റ്റർ, വികെ രാജേഷ് തുടങ്ങിയവർ എം പിയെ അനുഗമിച്ചു. രണ്ടാം ദിന പര്യടനം മാക്കൂൽ പീടികയിൽ നിന്നു ആരംഭിച്ച് പാനൂർ മുനിസിപ്പാലിറ്റിയിലെ ഒലിപ്പിൽ സമാപിച്ചു, യു ഡി എഫ് ജില്ലാ മണ്ഡലം നേതാക്കളായ കെ പി സാജു, പി പി എ സലാം, പി കെ ഷാഹുൽഹമീദ്, ഡോ എൻ എ മുഹമ്മദ് റഫീഖ്, ടി മഹറൂഫ്, എം സി അൻവർ, എൻ പി മുനീർ, ബഷീർ ആവോലം, പൊറ്റേരി കുഞ്ഞമ്മദ് ഹാജി, എൻ എ കരീം, പി സുരേഷ് ബാബു, കെ രമേഷൻ മാസ്റ്റർ, ടി കെ ഹാരിസ് എം പി യെ അനുഗമിച്ചു.

## സൈക്കിളിൽ 50 വർഷം വായനയും കൈവിടാതെ അബ്ദുല്ല



*അബ്ദുല്ല*


വളപട്ടണം: അമ്പത് വർഷമായി സൈക്കിളിൽ മാത്രം യാത്ര. ഒടുവിൽ എം.സി .കെ എന്ന് അറിയപ്പെടുന്ന എം.സി.കെ അബ്ദുല്ലയെ പഞ്ചായത്ത് ലൈബ്രറി ആദരിച്ചു. സൈക്കിൾ യാത്രക്കൊപ്പം നല്ല വായനാശീലവും ഉള്ളയാളാണ് അബ്ദുല്ല. 1960 മുതൽ 70 വരെ കോട്ടൻസ് തൊഴിലാളിയായിരുന്നു. തുടർന്ന് സോമില്ലിലേക്ക് മാറി. ഈകാലയളവിൽ സൈക്കിൾ തന്നെയായിരുന്നു ആശ്രയം. വയസ് 81 ആയി. ഇപ്പോഴും സൈക്കിൾ ചവിട്ടുന്നു. നാല് മാസം മുമ്പ് സൈക്കിൾ ഓടിക്കവെ കാലിന് ബലം കുറവ് കാരണം വീണിരുന്നു. സ്കൂൾ പഠനകാലം മുതൽ നോവൽ വായനയുണ്ട്. ഏറ്റവും നല്ല വായന സ്വഭാവമുള്ള ആൾക്ക് നൽകിയ ആദരവും ഇദ്ദേഹം നേടിയിരുന്നു. മുട്ടത്ത് വർക്കിയുടെയും എം.ടി വാസുദേവൻ നായരുടെയും അയ്യനേത്ത്, കാനം എന്ന തൂലിക നാമത്തിൽ എഴുതുന്ന നോവലുകളും അക്കാലത്ത് വായിക്കാറുണ്ടെന്നും അബ്ദുല്ല പറഞ്ഞു. ഇസ്ലാമിക പുസ്തകങ്ങളും വായിക്കും. മാങ്കടവ് സീതി സാഹിബ് മെമ്മോറിയൽ വായനശാലയിൽ നിന്നും ഫാത്തിമ തലശ്ശേരി ബുക്ക് സ്റ്റാളിൽ നിന്നുമാണ് പുസ്തകം എടുക്കാറ്. തൃശൂരിലെ ആമിന ബുക്ക് സ്റ്റാളിൽ നിന്നും പുസ്തകം എത്തിക്കാറുണ്ടായിരുന്നു.

## ചെയ്യാത്ത കുറ്റത്തിന് പെട്ടത് പാനൂർ സ്വദേശിനി

പാനൂർ: മോട്ടോർ വാഹന നിയമ ലംഘനം പിടികൂടാൻ ഏർപ്പെടുത്തിയ എഐ ക്യാമറ കണ്ടെത്തുന്നവരിൽ നിരപരാധികളും. പരാതികൾ കൂടുന്നു ദിനംപ്രതി. ഏറ്റവും ഒടുവിൽ പാനൂരിനടുത്ത് എലാങ്കോട് സ്വദേശിനിക്കാണ് ചെയ്യാത്ത കുറ്റത്തിന് പിഴയടക്കാൻ നോട്ടീസ് ലഭിച്ചത്.

എലാങ്കോട് മൊട്ടേമ്മൽ രജിനയ്ക്ക് അമിത വേഗത്തിൽ വണ്ടി ഓടിച്ചതിനും പിന്നിലെ യാത്രക്കാരൻ ഹെൽമറ്റ് ഇട്ടില്ലെന്നും കാണിച്ചാണ് നോട്ടീസ്. കൂത്തുപറമ്പിൽ വെച്ച് കഴിഞ്ഞ മാസം 20നാണ് നിയമലംഘനം നടന്നതെന്നാണ് നോട്ടീസിലുള്ളത്. കെഎൽ 58 വി 4492 ഹോണ്ടയാണ് രജിനയുടെ വാഹനം. ഭർത്താവ് കനകരാജ് അബുദാബിയിലായതിനാൽ രജിനയും മകളുമല്ലാതെ മറ്റാരും വാഹനം ഓടിക്കാറുമില്ല. നോട്ടീസിലെ ചിത്രത്തിൽ രണ്ട് യുവാക്കളാണ് വാഹനമോടിക്കുന്നത്.

ഇതാകട്ടെ രജിനയുടെ വാഹനമല്ലെന്ന് ഒറ്റനോട്ടത്തിൽ തന്നെ വ്യക്തം. പിന്നെങ്ങനെ അധികാരികൾ തനിക്ക് പിഴ അടക്കാൻ നോട്ടീസ് നൽകുമെന്നാണ് രജിനയുടെ ചോദ്യം. പിഴ ഒഴിവാക്കി കിട്ടാൻ പൊലീസ് സ്റ്റേഷനിലും ആർടി ഓഫീസിലും പോയെങ്കിലും അവരും കൈമലർത്തുകയാണ്. ഏറണാകുളത്തെ ഫോൺ നമ്പർ ലഭിച്ചെങ്കിലും ഫോൺ എടുക്കുന്നില്ലെന്നും രജിന പറഞ്ഞു. മനേക്കരയിലെ വിമുക്ത ഭടൻ സത്യാനന്ദൻ, തളിപ്പറമ്പിലെ മുഹമ്മദ് കുഞ്ഞി എന്നിവർക്കും നേരത്തെ ഇത്തരത്തിൽ ചെയ്യാത്ത കുറ്റത്തിന് പിഴയടക്കാൻ നോട്ടീസ് ലഭിച്ചിരുന്നു. സത്യാനന്ദന്റെ പിഴ എസിപിക്ക് നൽകിയ പരാതിയെ തുടർന്ന് ഒഴിവാക്കിയിരുന്നു.



*കണ്ണൂർ സർവകലാശാല എംഎസ് സി സുവോളജി പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ ഫാത്തിമത്ത് സുഹറ. കുറുമാത്തൂർ പൊക്കുണ്ടിലെ ജലീലിന്റെയും സമീറയുടെയും മകളാണ്.*

## സാന്ത്വന കേന്ദ്രം ഉദ്ഘാടനം നാളെ

തളിപ്പറമ്പ്: കണ്ണൂർ ഗവ.മെഡിക്കൽ കോളജിന് സമീപം സാന്ത്വന കേന്ദ്രം നാളെ വൈകുന്നേരം നാലിന് കാന്തപുരം എ.പി അബൂബക്കർ മുസ്ലിയാർ ഉദ്ഘാടനം ചെയ്യും. മെഡിക്കൽ കോളജ് കേന്ദ്രീകരിച്ച് നടക്കുന്ന സാന്ത്വന സേവന പ്രവർത്തനങ്ങളുടെ സ്ഥിര സംവിധാനമായാണ് എസ്.വൈ.എസ് ജില്ലാ കമ്മിറ്റി തളിപ്പറമ്പ് അൽ മഖറിന്റെ സഹകരണത്തോടെ ഒരുക്കുന്നത്. മയ്യിത്ത് പരിപാലനം, വളണ്ടിയർ സേവനം, ആംബുലൻസ് സർവീസ്, ഡോർമെറ്ററി, ഡയാലിസിസ് സെന്റർ, ഫാർമസി തുടങ്ങിയ സൗകര്യങ്ങൾ വിവിധ ഘട്ടങ്ങളായി ഒരുക്കും. കർണാടക നിയമസഭ സ്പീക്കർ യു.ടി ഖാദർ, മന്ത്രിമാരായ വി അബ്ദുറഹ്മാൻ, രാമചന്ദ്രൻ കടന്നപ്പള്ളി, കെ സുധാകരൻ എംപി, എംഎൽഎമാരായ എം വിജിൽ, എം.വി ഗോവിന്ദൻ പങ്കെടുക്കും. വാർത്താസമ്മേളനത്തിൽ പട്ടുവം കെ.പി അബൂബക്കർ മുസ്ലിയാർ, പി.പി അബ്ദുൽ ഹകീം സഅദി, കെ അബ്ദുൽ റഷീദ്, അബ്ദുൽ റഷീദ് സഖാഫി, എം.ടി നിസാർ പങ്കെടുത്തു.

## ഷാഫി പറമ്പിൽ എംപി ഇന്ന് തലശ്ശേരിയിൽ

തലശ്ശേരി: ചരിത്ര വിജയം നേടിയ ഷാഫി പറമ്പിൽ എംപി ഇന്ന് തലശ്ശേരിയിൽ നന്ദി പ്രകടന യാത്ര നടത്തും. യു.ഡി.എഫ് തലശ്ശേരി മണ്ഡലം കമ്മിറ്റി സംഘടിപ്പിക്കുന്ന പര്യടനം രാവിലെ 8.30ന് വീനസ് കോർണറിൽ നിന്ന് തുടങ്ങും. തുടർന്ന് ആമുക്കാ പള്ളി, വാമൽ ക്ഷേത്രം, മണക്കാ ദ്വീപ്, ജില്ലാ കോടതി, പഴയ ബസ്സ്റ്റാന്റ്, ആശുപത്രി റോഡ്, ഇന്ദിരാ പാർക്ക്, ചാലിൽ, ഗോപാല പേട്ട, ചകൃത്ത് മുക്ക്, തലായി, മാക്കൂട്ടം, പെട്ടിപ്പാലം വഴി പുന്നോലിൽ എത്തും. ഉസൻമൊട്ട, കിടാരം കുന്ന്, പരിമഠം, അഴീക്കൽ ഫിഷ് ലാന്റ് സെന്റർ വഴി മാഹി പാലത്ത് സമാപിക്കും.



*ചൂട്ടാട് മുഹമ്മദലി ശിഹാബ് തങ്ങൾ ചാരിറ്റി ഫൗണ്ടേഷൻ ലോഗോ പ്രകാശനം പാണക്കാട് ബഷീറലി ശിഹാബ് തങ്ങൾ നിർവഹിക്കുന്നു*

## ശിഹാബ് തങ്ങൾ ചാരിറ്റി ഫൗണ്ടേഷൻ ലോഗോ പ്രകാശനം ചെയ്തു

പഴയങ്ങാടി: മാടായി ചൂട്ടാട് മുഹമ്മദലി ശിഹാബ് തങ്ങൾ ചാരിറ്റി ഫൗണ്ടേഷൻ ലോഗോ പ്രകാശനം പാണക്കാട് ബഷീറലി ശിഹാബ് തങ്ങൾ നിർവഹിച്ചു. ടി.പി ഇബ്രാഹിം ഹാജി ലോഗോ ഏറ്റുവാങ്ങി. മുസ്ലിംലീഗ് വാർഡ് പ്രസിഡന്റ് മുജീബ് റഹിമാൻ അധ്യക്ഷനായി. മണ്ഡലം ട്രഷറർ ബി.സി കാസിം ഹാജി, പഞ്ചായത്ത് കമ്മിറ്റി പ്രസിഡന്റ് എസ്.യു റഫീഖ്, പഞ്ചായത്ത് പ്രസിഡന്റ് സഹീദ് കായിക്കാരൻ, വാർഡംഗം കെ.എം അബ്ദുസമദ്, സി.എച്ച് മുഹമ്മദ് റഫീഖ്, അബ്ദുൽ ഷുക്കൂർ, ആഷിഖ്, ജാഫർ അലി, എ.വി നാസർ, കെ.ടി അബ്ദുൽ കരീം ഹാജി, വാർഡ് ജനറൽ സെക്രട്ടറി ഫാസിൽ, ജുനൈദ് പങ്കെടുത്തു.




*മുസ് ലിം ലീഗ് പേരാവൂർ നിയോജക മണ്ഡലം കമ്മിറ്റി സംഘടിപ്പിച്ച തദ്ദേശീയം ഏകദിന ശില്പശാല ജില്ലാ സെക്രട്ടറി അൻസാരി തില്ലങ്കേരി ഉദ്ഘാടനം ചെയ്യുന്നു.*

## തദ്ദേശീയം 25 ഏകദിന ശിൽപശാല

ഇരിട്ടി: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിന് സജ്ജമാകാൻ മുസ് ലിം ലീഗ് പേരാവൂർ നിയോജക മണ്ഡലം കമ്മിറ്റി തദ്ദേശീയം 25 ഏകദിന ശിൽപശാല സംഘടിപ്പിച്ചു. മുസ് ലിം ലീഗിന്റേയും പോഷക സംഘടനകളുടെയും ഭാരവാഹികളും പ്രാദേശിക നേതൃത്വത്തെയും പങ്കെടുപ്പിച്ച് നടന്ന ശിൽപശാല ജില്ലാ സെക്രട്ടറി അൻസാരി തില്ലങ്കേരി ഉദ്ഘാടനം ചെയ്തു. പേരാവൂർ നിയോജക മണ്ഡലം പ്രസിഡന്റ് എം എം മജീദ് അധ്യക്ഷത വഹിച്ചു. ഇബ്രാഹിം മുണ്ടേരി, സി.കെ മുഹമ്മദ് , കൊടിപ്പൊയിൽ മുസ്തഫ, മുസ്തഫ ചെണ്ടയാട് ക്ലാസെടുത്തു. ഒമ്പാൻ ഹംസ, പൊയിലൻ ഇബ്രാഹിം, പി.വി ഇബ്രാഹിം, എം.കെ.ഹാരിസ്, യു പി മുഹമ്മദ്, കെ.വി.റഷീദ്, ഖാദർ ഉളിയിൽ, എം ഗഫൂർ മാസ്റ്റർ , സി. അബ്ദുല്ല ,അരിപ്പയിൽ മുഹമ്മദ് ഹാജി , സമീർ പുന്നാട് , സി.നസീർ , സി.കെ.യഹ് കൂബ്, മൊയ്തീൻ മുല്ലപ്പള്ളി, എൻ മുഹമ്മദ്, സിറാജ് പൂക്കോത്ത് , പി എച്ച് കബീർ , വി പി റഷീദ് , എം. ബഷീർ, ടി.കെ. മായിൻ , ബി.കെ സക്കറിയ , മുനീർ കരിക്കോട്ടക്കരി , നാസർ കേളോത്ത് , തറാൽ ഹംസ, ഫവാസ് പുന്നാട് , അബ്ദുൽ സലാം പെരുന്തയിൽ, പി കെ ബൽക്കീസ്, പി ബഷീർ, കോമ്പിൽ അബ്ദുൽ ഖാദർ , ഇ.കെ.ഷഫാഫ്, ഷമൽ വമ്പൻ , എം.എം നൂർജഹാൻ , ടി.കെ ഷരീഫ , സി സാജിത , റജീന സിറാജ്, എം.കെ. നജ്മുന്നിസ പ്രസംഗിച്ചു.

### മുസ്ലിംലീഗ് തദ്ദേശീയം–25

## കല്യാശ്ശേരി മണ്ഡലം ശിൽപശാല നാളെ പുതിയങ്ങാടിയിൽ

പഴയങ്ങാടി: മുസ്ലിംലീഗ് തദ്ദേശീയം-25ന്റെ ഭാഗമായി കല്യാശ്ശേരി മണ്ഡലം ഏകദിന ശിൽപശാല നാളെ പുതിയങ്ങാടിയിൽ നടക്കും. രാവിലെ 10 മുതൽ ബീച്ചിലെ സ്കൈലൈൻ റിസോർട്ടിൽ ജില്ലാ വൈസ് പ്രസിഡന്റ് കെ.വി മുഹമ്മദലി ഹാജി ഉദ്ഘാടനം ചെയ്യും. വിവിധ സെഷനുകളിൽ പ്രമുഖർ ക്ലാസെടുക്കും. പാർട്ടി പഞ്ചായത്ത് ഭാരവാഹികളും ജനപ്രതിനിധികളും പഞ്ചായത്തിലെ വിദഗ്ധരായ റിട്ട.ഉദ്യോഗസ്ഥരും പങ്കെടുക്കണമെന്ന് മണ്ഡലം പ്രസിഡന്റ് എസ്.കെ.പി സക്കരിയ്യയും ജനറൽ സെക്രട്ടറി പി.വി ഇബ്രാഹിമും അറിയിച്ചു.

## രാജേഷ് നമ്പ്യാർക്കെതിരെ വഞ്ചനാക്കേസ്

തളിപ്പറമ്പ് : വ്യവസായി രാജേഷ് നമ്പ്യാർക്കും കുട്ടാളികൾക്കുമെതിരെ വീണ്ടും വഞ്ചനാക്കേസ്.

പറശിനിക്കടവ് കോടല്ലൂരിലെ കലിക്കോട്ട് വീട്ടിൽ കെ ദേവരാജന്റെ പരാതിയിലാണ് രാജേഷ് നമ്പ്യാർ,വിഘ്നേഷ് നമ്പ്യാർ,സി കെ ജിതിൻ പ്രകാശ് എന്നിവർക്കെതിരെ കേസെടുത്തത്. ടെക്നോളജി സ്ഥാപനത്തിൽ പണം നിക്ഷേപിച്ചാൽ ഡിവിഡന്റ് നൽകാമെന്നും മകൾക്ക് ഉയർന്ന ശമ്പളത്തിൽ ജോലി നൽകാമെന്നും വിശ്വസിപ്പിച്ച് 2022 മാർച്ച് 21 മുതൽ വിവിധ അക്കൗണ്ടുകളിൽ നിന്ന് അഞ്ച് തവണകളിലായി 25 ലക്ഷം രൂപ കൈപ്പറ്റി ഡിവിഡന്റോ പണമോ നൽകാതെ വഞ്ചിച്ചുവെന്നാണ് പരാതി. കൂടാതെ ജോലി ചെയ്ത വകയിൽ മകൾക്ക് 6,05,000 രൂപ ശമ്പള കുടിശികയും നൽകാനുണ്ടത്രെ.ആകെ 31,05,000 രൂപയുടെ വഞ്ചന നടത്തിയെന്നാണ് പരാതി. തളിപ്പറമ്പിലെ എ പി ശിവദാസിനെ 25 ലക്ഷം രൂപ വാങ്ങി വഞ്ചിച്ചതിന് കഴിഞ്ഞ മെയ് മാസം തളിപ്പറമ്പ് പൊലീസ് ഇവർക്കെതിരെ കേസെടുത്തിരുന്നു.



## കുറുമ്പുക്കൽ മാപ്പിള എൽപി സ്കൂളിൽ

### ചന്ദ്രിക അറിവിൻ തിളക്കം

കുറുമ്പുക്കൽ മാപ്പിള എൽപി സ്കൂളിൽ ചന്ദ്രിക അറിവിൻ തിളക്കം പദ്ധതിയിൽ സ്കൂൾ ലീഡർ ഫാത്തിമയ്ക്ക് പ്രധാനാധ്യാപകൻ പി ഷറഫുദ്ദീൻ ചന്ദ്രിക കൈമാറുന്നു. മുസ്ലിം ലീഗ് മാങ്ങാട്ടിടം പഞ്ചായത്ത് ജനറൽ സെക്രട്ടറി ഇബ്രാഹിം പഞ്ചാര, അബ്ദുറഹിമാൻ രസ, മുഹമ്മദ് കൊട്ടാരം, പി.കെ കാസിം, കുഞ്ഞിമായൻ, മുസ്തഫ, അധ്യാപകരായ അയ്യൂബ്, റഹീസ്, ഷാഫി, യദുകൃഷ്ണൻ, അഫീഫ, സുനീറ, വനിതാലീഗ് നേതക്കളായ റഷീദ ബമ്മാനി, സീനത്ത് മംഗലാട്ട്, ജുബൈരത്ത്, കെ.കെ ഫസീല പങ്കെടുത്തു.



## പുതിയതെരു രാമഗുരു യുപി സ്കൂളിൽ

### ചന്ദ്രിക അറിവിൻ തിളക്കം

പുതിയതെരു രാമഗുരു യുപി സ്കൂളിൽ ചന്ദ്രിക അറിവിൻ തിളക്കം പദ്ധതി സ്കൂൾ ലീഡർ തീർഥ റിജിലിന് ചന്ദ്രിക കൈമാറി മേയർ മുസ്ലിഹ് മഠത്തിൽ ഉദ്ഘാടനം ചെയ്യുന്നു.

പ്രധാനാധ്യാപിക കെ.പി ധനലക്ഷ്മി, ചന്ദ്രിക മണ്ഡലം കോ-ഓർഡിനേറ്റർ കെ.പി മുഹമ്മദ് ഹാരിസ്, ജലാലുദ്ദീൻ അറഫാത്ത്, മുസ്ലിംലീഗ് ജില്ലാ പ്രവർത്തക സമിതിയംഗം പി.എം മുഹമ്മദ് കുഞ്ഞി ഹാജി, മണ്ഡലം സെക്രട്ടറി സിദ്ദീഖ് പുന്നക്കൽ, ചിറക്കൽ പഞ്ചായത്ത് അംഗം എസ് സുജീറ, എജന്റ് പി.എം അമീർ, സ്പോൺസർ അരുൺകുമാർ ട്രേഡേഴ്സ് ഉടമ ഹുമയാർ പാഥം, കെ.പി അബ്ദുൽ റഷീദ്, പി.എം ഷുക്കൂർ, അധ്യാപകരായ എം.പി ബിജു, കെ.പി അജ്മൽ, പി.വി ഷീബ പങ്കെടുത്തു.



## കമ്പിൽ ചെറുകുന്ന് എഎൽപി സ്കൂളിൽ

### ചന്ദ്രിക അറിവിൻ തിളക്കം

കമ്പിൽ ചെറുകുന്ന് എഎൽപി സ്കൂളിൽ ചന്ദ്രിക അറിവിൻ തിളക്കം പദ്ധതി പ്രധാനാധ്യാപിക സ്മിത ശ്രീധരന് ചന്ദ്രിക കൈമാറി കെ.എം. സി.സി ജില്ലാ ജിദ്ദ വൈസ് പ്രസിഡന്റ് എം.പി മുനീർ ഉദ്ഘാടനം ചെയ്യുന്നു. കമ്പിൽ ശാഖാ പ്രസിഡന്റ് കെ അബ്ദുറഹിമാൻ, കൊളച്ചേരി പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷൻ എൽ നിസാർ, കമ്പിൽ ശാഖാ ചന്ദ്രിക പ്രചാരണ സമിതി ചെയർമാൻ കെ.പി യൂസഫ്, യൂത്ത് ലീഗ് ശാഖാ സെക്രട്ടറി ടി.പി നിയാസ്, കെ അഷ്റഫ്, അധ്യാപകരായ സി.കെ ജ്യോതിക, അനിൽ ശ്രി, മിഥുൻ, സ്മിത, ഹനിഫ പങ്കെടുത്തു.

## ക്ഷേമ പെൻഷൻ മസ്റ്ററിംഗ് അക്ഷയ കേന്ദ്രങ്ങളിലൂടെ

കാസർകോട്: 2023 ഡിസംബർ 31 വരെയുള്ള സാമൂഹിക സുരക്ഷ/ ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്ക് മസ്റ്ററിംഗ് നടത്തുന്നതിനുള്ള സൗകര്യം അക്ഷയ കേന്ദ്രങ്ങളിൽ ലഭിക്കും. മസ്റ്ററിംഗിനായി അക്ഷയ കേന്ദ്രത്തിൽ എത്തുന്നവർ പെൻഷൻ സ്ലിപ്പ്, ആധാർ എന്നിവ കൈകളിൽ കരുതേണ്ടതാണെന്ന് അക്ഷയ ജില്ലാ പ്രോജക്ട് മാനേജർ അറിയിച്ചു.

## സ്പോട്ട് അഡ്മിഷൻ

പെരിയ: കേരള കേന്ദ്ര സർവകലാശാലയിൽ എം.എ ഇംഗ്ലീഷ് ആന്റ് കംപാരറ്റീവ് ലിറ്ററേച്ചറിൽ എസ്.ടി വിഭാഗത്തിൽ ഒഴിവുകളുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. താത്പര്യമുള്ളവർ 15ന് രാവിലെ 10.30ന് പെരിയ കാമ്പസിലുള്ള പഠന വകുപ്പിൽ എത്തിച്ചേരണം. ഫോൺ: 0467 2309261.

## തൃക്കരിപ്പൂർ മണ്ഡലം വനിതാലീഗ് പര്യടനം സമാപിച്ചു

തൃക്കരിപ്പൂർ: വനിതാലീഗ് ജില്ലാ കമ്മിറ്റിയുടെ ആഹ്വാന പ്രകാരം റൈസ് ആന്റ് ഡ്രൈവ് കാമ്പയിൻ ഭാഗമായി വനിതാലീഗ് പ്രവർത്തനം ശക്തീകരിക്കാൻ മണ്ഡലം വനിതാ ലീഗ് കമ്മിറ്റി ഏഴു പഞ്ചായത്തിലും ഒരു മുനിസിപ്പാലിറ്റിയിലും പര്യടനം നടത്തി. മണ്ഡലം വനിതാ ലീഗ് പ്രസിഡന്റ് റൈഹാനത്ത്, ജനറൽ സെക്രട്ടറി ഷംസീറ മുഹമ്മദ് അലി എന്നിവരുടെ നേതൃത്വത്തിൽ മണ്ഡലം വനിതാ ലീഗ് ഭാരവാഹികളായ ഷരീഫ റൂസിയ, ഷമീമ, ഹാജറ, സുലൈഖ, ഷമീമ, മുംതാസ്, മറിയം, കുഞ്ഞാസിയ, റുക്സാന പങ്കെടുത്തു. ഇന്ന് മണ്ഡലം വനിതാ ലീഗ് തജ്ദീദ് ടു കെ-24 കേമ്പും റൈസ് ആന്റ് ഡ്രൈവ് കാമ്പയിനും നടത്താൻ തീരുമാനിച്ചു.





എസ്.വൈ.എസ് നിലേശ്വരം മുനിസിപ്പൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പ്രാർഥന സംഗമം സംസ്ഥാന വൈസ് പ്രസിഡന്റ് സി.കെ.കെ മാണിയൂർ ഉദ്ഘാടനം ചെയ്യുന്നു

## പ്രാർഥന സംഗമം നടത്തി

നീലേശ്വരം: എസ്.വൈ.എസ് നീലേശ്വരം മുനിസിപ്പൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ടി.കെ സാലിഹ്, മാവിലാടം ഇബ്രാഹിം അനുസ്മരണ സംഗമവും പ്രാർഥന സദസും സംസ്ഥാന വൈസ് പ്രസിഡന്റ് സി.കെ.കെ മാണിയൂർ ഉദ്ഘാടനം ചെയ്തു. നിലേശ്വരം മർക്കസ് ഓഡിറ്റോറിയത്തിൽ നടന്ന സംഗമത്തിൽ പ്രസിഡന്റ് കെ.പി കമാൽ അധ്യക്ഷത വഹിച്ചു. മേഖലാ ജനറൽ സെക്രട്ടറി മുഹമ്മദലി മൗലവി പടന്ന ആമുഖപ്രഭാഷണം നടത്തി. ജില്ലാ സെക്രട്ടറി അബ്ദുസമദ് ഹാജി നെടുങ്കണ്ട, അബ്ദുറസാഖ് തായലക്കണ്ടി, ഫുഹാദ് ഹാജി ഓർച, ഗഫൂർ ഹാജി കണിച്ചിറ, സുബൈർ ഹാജി, നീലേശ്വരം ഇസ്മായിൽ മൗലവി സംസാരിച്ചു.



തൃക്കരിപ്പൂർ പൂക്കോയ തങ്ങൾ ഹോസ്പീസിന് നൽകുന്ന വീൽചെയർ കൈക്കോട്ടുകടവ് 15-ാം വാർഡ് വനിതാ ലീഗ് ഭാരവാഹികൾക്ക് കൈമാറുന്നു

## സന്നദ്ധ രക്തദാന കേമ്പ് അനുവദിക്കണം; ഡി.എം.ഒക്ക് നിവേദനം നൽകി

കാസർകോട്: സന്നദ്ധ രക്തദാന കേമ്പുകൾ നിരന്തരം നിരസിക്കുന്നത് സംബന്ധിച്ച് ബ്ലഡ് ഡോണോർസ് കേരള ജില്ലാ കമ്മിറ്റി ജില്ലാ മെഡിക്കൽ ഓഫീസർക്ക് പരാതി നൽകി. കാസർകോട് ജനറൽ ആശുപത്രിയിൽ ബ്ലഡ് ബാങ്ക് നിരന്തരമായി ബ്ലഡ് ഡോണോർസ് കേരള ജില്ലാ കമ്മിറ്റിയുടെ കേമ്പ് അപേക്ഷകൾ നിരന്തരം നിരസിക്കപ്പെടുന്നതായി ബിഡികെ ജില്ലാ കമ്മിറ്റി ഭാരവാഹികൾ ആരോപിച്ചു.

രണ്ടു ബ്ലഡ് ബാങ്കുകൾ മാത്രമുള്ള ജില്ലയിൽ മതിയായ വിശദീകരണങ്ങളില്ലാതെ കേമ്പ് അപേക്ഷകൾ നിരന്തരം നിരസിക്കപ്പെടുന്നത് ആശുപത്രിയിലെ രക്ത വിതരണത്തെ പിന്തുണയ്ക്കാനുള്ള ബിഡികെയുടെ ആത്മാർഥ ശ്രമങ്ങളെ തടസപ്പെടുത്തുന്നതായും സ്ഥിരമായി രക്തംദാനം ചെയ്ത് ജീവൻ രക്ഷിക്കാൻ പ്രതിജ്ഞാബദ്ധരായ സന്നദ്ധപ്രവർത്തകരെ വിഷമിപ്പിക്കുന്നതായും ചെയ്യുന്നതായി പരാതിയിൽ ചൂണ്ടിക്കാട്ടി. ബ്ലഡ് ഡോണോഴ്സ് കേരള ജില്ലാ സെക്രട്ടറി ഷരിഫ് മാടാപ്പുറം, ട്രഷറർ മനോജ് നീരിടിൽ, സംസ്ഥാന എക്സിക്യൂട്ടീവ് മെമ്പർ ആശാ ബിന്ദി എന്നിവർ ജില്ലാ മെഡിക്കൽ ഓഫീസർ എ.വി രാംദാസിന് നേരിട്ട് ഡി.എം.ഒ ഓഫീസിൽ എത്തിയാണ് പരാതി നൽകിയത്.



ജില്ലാ മെഡിക്കൽ ഓഫീസർ എ.വി രാംദാസിന് ബ്ലഡ് ഡൊണെഴ്സ് കേരള ജില്ലാ കമ്മിറ്റി സെക്രട്ടറി ഷരീഫ് മാടാപ്പുറം നിവേദനം നൽകുന്നു

## ഒ.ആർ.സി പരിശീലക പാനലിലേക്ക് റിസോഴ്സ് പേഴ്സൺ; അപേക്ഷ ക്ഷണിച്ചു

കാസർകോട്: വനിതാശിശു വികസന വകുപ്പ് ശിശു സംരക്ഷണ യൂണിറ്റ് ഒ.ആർ.സി പരിശീലക പാനലിലേക്ക് റിസോഴ്സ് പേഴ്സൺ അപേക്ഷ ക്ഷണിച്ചു. ബിരുദാനന്തര ബിരുദം, കുട്ടികളുടെ മേഖലയിൽ പ്രവർത്തി പരിചയവും പരിശീലന മേഖലയിലെ പ്രവർത്തി പരിചയവും അഥവാ ബിരുദവും കുട്ടികളുടെ മേഖലയിൽ രണ്ട് വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയവും പരിശീലന മേഖലയിലെ പ്രവൃത്തി പരിചയവും അഥവാ ബിരുദാനന്തര ബിരുദത്തിന് പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്ന കഴിവും അഭിരുചിയും താൽപര്യവുമുള്ള വിദ്യാർഥികൾ എന്നീ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം.

അപേക്ഷ 15നകം കാസർകോട് ജില്ലാ ശിശു സംരക്ഷണ ഓഫീസർക്ക് സമർപ്പിക്കണം. ഫോൺ 04994 250990, 7994530811.

# കുമ്പള- മഞ്ചേശ്വരം സ്റ്റേഷൻ പരിധിയിലെ നാലു കവർച്ചക്കേസുകൾ കൂടി തെളിഞ്ഞു

മഞ്ചേശ്വരം: കുമ്പള- മഞ്ചേശ്വരം പൊലീസ് സ്റ്റേഷൻ പരിധികളിൽ ആറു മാസത്തിനിടെ പതിനഞ്ചോളം കവർച്ചകൾ നടത്തിയ സംഘത്തിന്റെ തലവനെ റിമാന്റിൽ കഴിയുന്നതിനിടെ കോടതി മഞ്ചേശ്വരം പൊലീസിന്റെ കസ്റ്റഡിയിൽ വിട്ടുകൊടുത്തു. ബന്തിയോട് അടുക്കയിലെ ബഷീർ അലി(25)യെയാണ് കാസർകോട് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി പൊലീസ് കസ്റ്റഡിയിൽ വിട്ടത്.

നേരത്തെ ബഷീർ അലിയെ കുമ്പള പൊലീസിന്റെയും ബേക്കൽ പൊലീസിന്റെയും കസ്റ്റഡിയിൽ വിട്ടുകൊടുത്തിരുന്നു. ഇവിടങ്ങളിലെ തെളിവെടുപ്പ് പൂർത്തിയാക്കിയതിന് ശേഷം കോടതിയിൽ ഹാജരാക്കിയ പ്രതിയുടെ റിമാന്റ് നീട്ടുകയായിരുന്നു. ഇതിനിടെയാണ് ബഷീർ അലിയെ കൂടുതൽ ചോദ്യം ചെയ്യുന്നതിനും തെളിവെടുപ്പിനും കസ്റ്റഡിയിൽ കിട്ടാൻ മഞ്ചേശ്വരം പൊലീസ് കോടതിയിൽ ഹരജി നൽകിയത്. പാവൂരിൽ മൂന്ന് മാസം മുമ്പ് ഒമ്പത് ലക്ഷം രൂപയുടെ സ്വർണം സൂക്ഷിച്ച ലോക്കറെടുത്ത് സ്കൂട്ടറിൽ കടത്തിക്കൊണ്ടു പോയ കേസ് ബഷീർ അലി സമ്മതിച്ചു.

പാവൂർ മച്ചമ്പാടി സി.എം നഗറിലെ ഖലീലിന്റെ വീട്ടിൽ നിന്നാണ് ലോക്കറിൽ സൂക്ഷിച്ച സ്വർണം കടത്തിയത്. മഞ്ചേശ്വരം ഭാഗത്ത് മൂന്ന് വീടുകളിൽ നടത്തിയ കവർച്ചകൾ കൂടി പ്രതി സമ്മതിച്ചിട്ടുണ്ട്. എന്നാൽ ഈ വീടുകൾ ഏതൊക്കെയാണെന്ന് തനിക്കറിയില്ലെന്നാണ് ബഷീർ പൊലീസിനോട് പറഞ്ഞത്. കവർച്ച നടത്തേണ്ട വീടുകളെ ക്കുറിച്ചുള്ള സ്കെച്ചിട്ടത് കേസിലെ മൂന്നുപ്രതികളാണെന്നും താൻ രാത്രിയിൽ ഇവർക്കൊപ്പം പോകുക മാത്രമാണ് ചെയ്തതെന്നും അതുകൊണ്ട് വീടുകളും സ്ഥലങ്ങളും തനിക്ക് നിശ്ചയമില്ലെന്നും ബഷീർ പൊലീസിനെ അറിയിച്ചു. കേസിലെ മറ്റ് പ്രതികളെ അറസ്റ്റ് ചെയ്താൽ മാത്രമേ കവർച്ച നടന്ന വീടുകൾ കണ്ടെത്താനാ കൂവെന്നാണ് പൊലീസ് പറയുന്നത്.



എം.എസ്.എഫ് അജ്മൻ കെ.എം.സി.സി സംയുക്തമായി നടത്തുന്ന ചന്ദ്രിക ഇഖ്റഅ് കാമ്പയിൻ പിലിക്കോട് പഞ്ചയത്തിൽ സി.കെ.എൻ.എസ് ഗവ. ഹയർ സെക്കന്ററി സ്കൂളിൽ ചന്ദ്രിക ദിനപത്രം പ്രിൻസിപ്പൽ രത്നാവതിക്ക് നൽകി തൃക്കരിപ്പൂർ മണ്ഡലം മുസ്‌ലിം ലീഗ് സെക്രട്ടറി നിഷാം പട്ടേൽ ഉദ്ഘാടനം നിർവഹിക്കുന്നു. അധ്യാപകനായ നന്ദൻ, എം.ടി.പി അൻസാർ, ടി.കെ മുനീർ, എം.ടി.പി ഫഹദ് സംബന്ധിച്ചു.

## അറിയിപ്പ്

കാസർകോട്: കേരള മുനിസിപ്പാലിറ്റി നിയമം, ചട്ടം 245, 246, 247, 248, 250 പ്രകാരം കാസർകോട് നഗരസഭാ പരിധിയിലെ എല്ലാ സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി അടക്കേണ്ടതിലേക്ക് തൊഴിലാളികളുടെ,ജീവനക്കാരുടെ വിവരങ്ങൾ രണ്ടാം നമ്പർ ഫോറത്തിൽ ആഗസ്റ്റ് 31നകം നഗരസഭാ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതും സ്ഥാപനങ്ങളുടെ നികുതി നഗരസഭാ ഓഫീസിൽ സെപ്തംബർ 30നകം അടക്കേണ്ടതുമാണെന്ന് നഗരസഭ സെക്രട്ടറി അറിയിച്ചു.

## ക്ഷേമനിധി അംഗത്വം പുനസ്ഥാപിക്കുന്നതിന് അവസരം

കാസർകോട്: അംശാദായ കുടിശ്ശികയാൽ ഭാഗ്യക്കുറി ക്ഷേമനിധി അംഗത്വം റദ്ദായവർക്ക് ക്ഷേമനിധി അംഗത്വം പുനസ്ഥാപിക്കുന്നതിന് അവസരമൊരുക്കുന്നു. 2022 മാർച്ച് മുതൽ അംശാദായ അടവ് മുടങ്ങിയതിനാൽ അംഗത്വം റദ്ദ് ആയവർക്ക് പത്തു മുതൽ ഓഗസ്റ്റ് 10 വരെ കലക്ടറേറ്റിലെ ജില്ലാ ഭാഗ്യക്കുറി ക്ഷേമനിധി ആഫീസിൽ നേരിട്ടെത്തി അംഗത്വം പുതുക്കാം. അദാലത്ത് വഴി അംഗത്വം പുതുക്കാനുള്ള അവസരം ഇതുവരെ വിനിയോഗിക്കാത്തവർക്ക് മാത്രമേ പുതുക്കുവാൻ അവസരം ഉണ്ടായിരിക്കുകയുള്ളൂ. ഈഅവസരം പരമാവധി ഉപയോഗപ്പെടുത്തണമെന്ന് ജില്ലാ ഭാഗ്യക്കുറി ക്ഷേമ ഓഫീസർ അറിയിച്ചു. ഫോൺ- 04994 256404.

## കൂടിക്കാഴ്ച 17ന്

കോടോം ബേളൂർ: ഗ്രാമപഞ്ചായത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കരാറടിസ്ഥാനത്തിൽ ഓവർസിയർ, അക്കൗണ്ടന്റ് കം ഐറ്റി അസിസ്റ്റന്റ് ഒഴിവുകളിലേക്ക് നിയമനം നടത്തുന്നു. യോഗ്യരായ ഉദ്യോഗാർഥികൾ 17ന് രാവിലെ 10ന് കൂടികാഴ്ചയ്ക്ക് ഹാജരാകണം. ഫോൺ-0467 2246350.

# മുഖം മാറാനൊരുങ്ങി മൊഗ്രാൽ സ്കൂൾ

## നവീകരണ പ്രവൃത്തികൾക്ക് തുടക്കമായി

മൊഗ്രാൽ: മൊഗ്രാൽ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ പി.ഡബ്ല്യു.ഡി റോഡിന് സമീപത്തുള്ള നാലു പതിറ്റാണ്ടുകൾ പഴക്കമുള്ള മതിലുകൾ പൊളിച്ചു മാറ്റി പുതിയ മതിൽ നിർമാണത്തിനും മൈതാനത്തിന് കമാനം നിർമിക്കുന്നതിനുമായുള്ള ജില്ലാ പഞ്ചായത്തിന്റെ നവീകരണ പദ്ധതിക്ക് തുടക്കമായി. ജില്ലാ പഞ്ചായത്ത് അനുവദിച്ച 10 ലക്ഷം രൂപ ചെലവഴിച്ചാണ് മതിലും കമാനവും പണിയുന്നത്. ജില്ലാ പഞ്ചായത്ത് അംഗം ജമീല സിദ്ദീഖ്, വാർഡ് മെമ്പറും മൊഗ്രാൽ സ്പോർട്സ് ക്ലബ് ട്രഷററുമായ റിയാസ് മൊഗ്രാലിന്റെയും ശ്രമഫലമായാണ് ജില്ലാ പഞ്ചായത്ത് ഫണ്ട് അനുവദിച്ചത്. നേരത്തെ സ്കൂൾ പി.ടി.എയും ഇതു സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനും നിവേദനം നൽകിയിരുന്നു.

മൊഗ്രാലിന്റെ ഫുട്ബോൾ ആചാര്യൻ പരേതനായ കുത്തിരിപ്പ് മുഹമ്മദിന്റെ രണ്ടാം ചരമ വാർഷിക ദിനത്തിലാണ് അദ്ദേഹത്തി ന്റെ നിത്യ സ്മരണയ്ക്കായി ജില്ലാ പഞ്ചായത്ത് മൊഗ്രാ ൽ സ്കൂൾ മൈതാനത്തിന് കുത്തിരിപ്പ് മുഹമ്മദിന്റെ പേര് നാമകരണം ചെയ്തിരുന്നു. ഒപ്പം മൈതാനത്തിന് കുത്തിരിപ്പ് മുഹമ്മദിന്റെ പേരും ഫോട്ടോയും അടങ്ങുന്ന കമാനം നിർമിക്കുന്നതിനും സ്കൂൾ റോഡിലെ പഴകി ദ്രവിച്ച മതിൽ നവീകരിക്കുന്നതിനുമായി ജില്ലാ പഞ്ചായത്ത് 10ലക്ഷം രൂപ അനുവദിച്ചത്. ഇതിന്റെ പ്രവൃത്തിക്കാണ് ഇപ്പോൾ തുടക്കം കുറിച്ചത്.



മൊഗ്രാൽ സ്കൂൾ മതിൽ, കമാനം നവീകരണ ജോലികൾ ആരംഭിച്ചപ്പോൾ




കാസർകോട് നഗരസഭയിലെ രണ്ടു സ്കൂളുകളിലേക്ക് പ്ലസ് വൺ അഡീഷണൽ ബാച്ച് നേടി തന്ന എൻ.എ നെല്ലിക്കുന്ന് എം.എൽ.എയെ നഗരസഭ ചെയർമാൻ അബ്ബാസ് ബീഗം അനുമോദിക്കുന്നു

## എൻ.എ നെല്ലിക്കുന്നിനെ അനുമോദിച്ചു

കാസർകോട്: കാസർകോട് നഗരസഭയിലെ രണ്ടു സ്കൂളുകളിലേക്ക് പ്ലസ് വൺ അഡീഷണൽ ബാച്ച് നേടി തന്ന എൻ.എ നെല്ലിക്കുന്ന് എം.എൽ.എയെ നഗരസഭ ചെയർമാൻ അബ്ബാസ് ബീഗം അനുമോദിച്ചു. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സഹീർ ആസിഫ്, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ഖാലിദ് പച്ചക്കാട് സംബന്ധിച്ചു. നഗരസഭ പരിധിയിലെ ി.എം.വി.എച്ച്.എസ്.എസ് തളങ്കര, ജി.എച്ച്.എസ്.എസ് കാസർകോട് എന്നീ സ്കൂളുകളടക്കം കാസർകോട് നിയോജക മണ്ഡലത്തിലെ എട്ടു സ്കൂളുകളിലാണ് എം.എൽ.എയുടെ ഇടപെടലിലൂടെ പ്ലസ് വൺ അഡീഷണൽ ബാച്ച് ലഭിച്ചത്.

## പേപ്പർ ബാഗ് ദിനാഘോഷം; പരിസ്ഥിതി സംരക്ഷണത്തിന്റെ സന്ദേശം നൽകി വിദ്യാർഥികൾ

പടന്ന: ലോക പേപ്പർ ബാഗ് ദിനം ആഘോഷിച്ച് പടന്ന വി.കെ.പി കെ.എച്ച്.എം.എം.ആർ.വി എച്ച്.എസ്.എസ് വിദ്യാർഥികൾ പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെ കുറിച്ച് ശക്തമായ സന്ദേശം നൽകി. പ്രവൃത്തി പരിചയ ക്ലബ് നേതൃത്വത്തിൽ നടന്ന പ്രത്യേക അസംബ്ലിയിൽ, വിദ്യാർഥികൾ സ്വന്തമായി നിർമിച്ച പേപ്പർ ബാഗുകൾ പ്രദർശിപ്പിക്കുകയും പ്ലാസ്റ്റിക് ബാഗുകളുടെ ദോഷകരമായ സ്വാധീനത്തെ കുറിച്ച് ബോധവൽക്കരണം നടത്തുകയും ചെയ്തു. പരിപാടിയുടെ ഭാഗമായി നിർമിച്ച പേപ്പർ ബാഗുകൾ പടന്ന ഗവ: ആശുപത്രിയിലെ മെഡിക്കൽ സ്റ്റോറിന് സംഭാവന ചെയ്തു. ഈപ്രവൃത്തി ആശുപത്രി ജീവനക്കാർക്കും രോഗികൾക്കും സഹായകരമാകുമെന്നും പരിസ്ഥിതി സംരക്ഷണത്തിനുള്ള പ്രതിബദ്ധത കാണിക്കുമെന്നും സ്കൂൾ അധികൃതർ പറഞ്ഞു.

സോഷ്യൽ സയൻസ് ക്ലബ് നേതൃത്വത്തിൽ നടന്ന പ്ലാസ്റ്റിക് വിരുദ്ധ വാർത്താ ലേഖന മത്സരം വിദ്യാർഥികളുടെ സർഗാത്മകതയും പരിസ്ഥിതി ബോധവും വളർത്തിയെടുക്കാൻ സഹായിച്ചു. മത്സരത്തിൽ വിജയിച്ചവർക്ക് സമ്മാനങ്ങൾ നൽകി. മലാല ദിനവുമായി ബന്ധപ്പെട്ട് വിദ്യാരംഗം ക്ലബ് നേതൃത്വത്തിൽ നടന്ന പുസ്തക പരിചയം ചർച്ചയും ഏറെശ്രദ്ധേയമായി. ഹെഡ്മാസ്റ്റർ എം.സി ശിഹാബ് പരിപാടികൾ ഉദ്ഘാടനം ചെയ്തു. മെഡിക്കൽ ഓഫീസൽ ഡോ. നജൂദ, എസ്.ആർ.ജി കൺവീനർ കെ. പ്രകാശ്, വി.കെ ശശികല, നഫീസ അബ്ദുസമദ് സംസാരിച്ചു.



പടന്ന വി.കെ.പി കെ.എച്ച്.എം.എം ആർ.വി.എച്ച്.എസ്.എസിൽ ലോക പേപ്പർ ബാഗ് ദിനാഘോഷം ഹെഡ്മാസ്റ്റർ എം.സി ശിഹാബ് ഉദ്ഘാടനം ചെയ്യുന്നു

## മഞ്ചേശ്വരം- അബുദാബി കെ.എം.സി.സി

# ആറു രോഗികൾക്ക് ചികിത്സാ സഹായധനം നൽകി

ഉപ്പള: അബുദാബി മഞ്ചേശ്വരം മണ്ഡലം കെ.എം.സി.സി പ്രതിമാസ ശിഫാഹു റഹ്മ ചികിത്സാ സഹായധനം വിതരണം ചെയ്തു. മണ്ഡലം മുസ്‌ലിം ലീഗ് ഓഫീസിൽ നടന്ന ചടങ്ങിൽ പ്രസിഡന്റ് അസീസ് മരിക്കെ അധ്യക്ഷത വഹിച്ചു. കെ.എം.സി.സി അബുദാബി മഞ്ചേശ്വരം മണ്ഡലം പ്രസിഡന്റ് അസീസ് പെർമുദെ മണ്ഡലം മുസ്‌ലിം ലീഗ് പ്രസിഡന്റ് അസീസ് മരിക്കെക്ക് തുക കൈമാറി. മണ്ഡലത്തിലെ ആറു പഞ്ചായത്തുകളിലെ കാൻസർ കിഡ്നി രോഗികൾക്ക് പതിനായിരം രൂപ വീതമാണ് കൈമാറിയത്.

മണ്ഡലം സെക്രട്ടറി എ.കെ ആരിഫ് സ്വാഗതം പറഞ്ഞു. മണ്ഡലം മുസ്‌ലിം ലീഗ് നേതാക്കളായ പി.എച്ച് അബ്ദുൽ ഹമീദ് മച്ചംപാടി, അന്തുഞ്ഞി ഹാജി ചിപ്പാർ, സിദ്ദിഖ് ഒളമുഗർ, സെഡ്.എ മൊഗ്രാൽ, ഖലീൽ മരിക്കെ, ബ്ലോക്ക് പഞ്ചായത്ത് അംഗം അശോകൻ ബന്തിയോട്, കെ.എം.സി.സി നേതാക്കളായ അബ്ദുൽ റഹ്മാൻ ഹാജി കമ്പള ബായാർ, ഖാലിദ് ബംബ്രാണ, ഹമീദ് മാസിമാർ, ഹമീദ് കക്കടം, പഞ്ചായത്ത് മുസ്‌ലിം ലീഗ് പ്രസിഡന്റുമാരായ ഷാഹുൽ ഹമീദ് ബന്തിയോട്, ബി.എൻ മുഹമ്മദലി, സാലി ഹാജി കളായി, താജുദ്ധീൻ കടമ്പാർ സംബന്ധിച്ചു.



അബുദാബി മഞ്ചേശ്വരം മണ്ഡലം കെ.എം.സി.സി കാൻസർ, കിഡ്നി രോഗികൾക്ക് നൽകുന്ന പ്രതിമാസ ചികിത്സാ സഹായധനം പ്രസിഡന്റ് അസീസ് പെർമുദെ മണ്ഡലം മുസ്‌ലിം ലീഗ് പ്രസിഡന്റ് അസീസ് മരിക്കെക്ക് കൈമാറുന്നു

## കീം; എസ്.സി വിഭാഗത്തിൽ ഹൃദിന് രണ്ടാം റാങ്ക്



കാഞ്ഞങ്ങാട്: കീം പരീക്ഷയിൽ എസ്.സി വിഭാഗത്തിൽ നീലേശ്വരം പേരോലിലെ ഹൃദിൻ എസ്. ബിജുവിന് സംസ്ഥാനതലത്തിൽ രണ്ടാംറാങ്ക്. 600ൽ 536 മാർക്ക് സ്കോർ ചെയ്ത ഹൃദിൻ പൊതുവിഭാഗത്തിൽ 319ാം റാങ്കാണ് നേടിയത്. സൈലം ഇന്റഗ്രേറ്റഡ് സ്കൂളിൽ നിന്നും പ്ലസ്ടു പഠനം പൂർത്തിയാക്കിയ ഉടൻ തന്നെ പരീക്ഷയെഴുതിയാണ് മികച്ച വിജയം കരസ്ഥമാക്കിയത്. നിലവിൽ കോഴിക്കോട് എൻഐടിയിൽ കമ്പ്യൂട്ടർ സയൻസിൽ പ്രവേശനം നേടിയിട്ടുണ്ട്. എന്നാൽ ഐ.ഐ.ടിയാണ് തന്റെ ലക്ഷ്യമെന്നും അതിനാൽ ഒരുവർഷം ജെഇഇ പരീക്ഷയ്ക്കായി കോച്ചിംഗ് നടത്താനാണ് തീരുമാനിച്ചിരിക്കുന്നതെന്നും ഹൃദിൻ പറയുന്നു. നീലേശ്വരം സെന്റ് പീറ്റേഴ്സ് ഐസിഎസ്ഇ സ്കൂളിൽ നിന്നും 90 ശതമാനം മാർക്കോടെയാണ് പത്താം തരം പാസായത്. കണ്ണൂർ വിമാനത്താവളത്തിലെ കാലാവസ്ഥ വിഭാഗം ഉദ്യോഗസ്ഥനായ വി.ബിജുവിന്റെയും ഉപ്പിലിക്കൈ ജിഎച്ച്എസ്എസിലെ അധ്യാപിക ജി.എസ്.ശ്വേതയുടെയും ഏകമകനാണ്.

## ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതി: 31വരെ അപേക്ഷിക്കാം

കാസർകോട്: മുസ്‌ലിം, ക്രിസ്ത്യൻ, ബുദ്ധ, സിഖ്, പാഴ്സി, ജൈന എന്നീ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെടുന്ന വിധവകൾ/ വിവാഹ ബന്ധം വേർപ്പെടുത്തിയ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്ക് വീട് അറ്റകുറ്റപ്പണികൾക്കായി ധനസഹായം നൽകുന്ന ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ 31നുള്ളിൽ കലക്ടറേറ്റിൽ ലഭിക്കണം. 0483 2739577, 8086 545 686.

# എം.എസ്.എഫിനെതിരെയുള്ള അപവാദ പ്രചാരണം തള്ളിക്കളയണം

കാസർകോട്: തൃക്കരിപ്പൂർ മണ്ഡലം കമ്മിറ്റിയും അജ്മാൻ കെഎംസിസിയും തൃക്കരിപ്പൂർ മണ്ഡലത്തിലെ മുഴുവൻ ഹയർ സെക്കന്ററി സ്കൂളുകളിലും ചന്ദ്രിക ദിനപത്രവും ലൈബ്രറി പുസ്തകങ്ങളും നൽകുന്ന പദ്ധതി ആരംഭിക്കുകയും അതുമായി എല്ലാ സ്കൂൾ അധികാരികളും നല്ല നിലയിൽ സഹകരിച്ചുവരുന്ന സാഹചര്യത്തിൽ ചീമേനി സ്കൂൾ അധികൃതരുടെ സമീപനം പ്രതിഷേധാർഹമാണെന്ന് എം.എസ്.എഫ് നേതാക്കൾ പറഞ്ഞു.

കയ്യൂർ ചീമേനി പഞ്ചായത്തിലെ ചീമേനി ഹയർസെക്കന്ററി സ്കൂളിലെ പ്രിൻസിപ്പൽ എൻ. ഗിരിജയെ കണ്ട് സ്കൂളിൽ ചന്ദ്രിക പത്രവും ലൈബ്രറി പുസ്തകങ്ങളും കൈമാറുന്ന പരിപാടിക്കുള്ള അനുമതിക്കായി എംഎസ്എഫ് ഭാരവാഹികൾ പ്രിൻസിപ്പലിനോട് സംസാരിച്ചപ്പോൾ സ്കൂളിൽ ഒരു വിദ്യാർഥി സംഘടന മാത്രം മതിയെന്നും പരിപാടിക്ക് അനുമതി നൽകില്ലെന്നുമായിരുന്നു മറുപടി. എം.എസ്.എഫ് ഭാരവാഹികൾ എഴുതി നൽകിയ അപേക്ഷ വലിച്ചെറിയുകയും ഭാരവാഹികളോട് തട്ടികയറുകയും ചെയ്യുന്ന സമീപനമാണ് പ്രിൻസിപ്പലിന്റെ ഭാഗത്തു നിന്നുണ്ടായത്. ഇടതുപക്ഷ വിദ്യാർഥി സംഘടനക്ക് മാത്രം അനുമതി നൽകുകയും മറ്റു വിദ്യാർഥി പ്രസ്ഥാനങ്ങൾക്ക് അനുമതി നിഷേധിക്കുന്ന പ്രിൻസിപ്പലിന്റെ പക്ഷപാതപരമായ നിലപാടിനെതിരെയും എം.എസ്.എഫ് നേതാക്കൾക്കെതിരെ കള്ള പ്പരാതി നൽകി നൽകുകയും ദേശാഭിമാനി പത്രത്തിൽ വ്യാജ പ്രചാരണം നടത്തുകയും ചെയ്ത പ്രിൻസിപ്പൽ, പിടിഎ കമ്മിറ്റി നിലപാടിനെതിരെയും ജില്ലാ കമ്മിറ്റി യോഗം പ്രതിഷേധം രേഖപ്പെടുത്തി.

ജില്ലാ പ്രസിഡന്റ് സയ്യിദ് താഹ അധ്യക്ഷത വഹിച്ചു. മുസ്‌ലിം ലീഗ് ജില്ലാ സെക്രട്ടറി ഹാരിസ് ചൂരി യോഗം ഉദ്ഘാടനം ചെയ്തു. വരുംദിവസങ്ങളിൽ സ്കൂൾ മെമ്പർഷിപ്പ് വിതരണം ഊർജിതമാക്കാനും യോഗത്തിൽ തീരുമാനമായി. സംസ്ഥാന പ്രവർത്തക സമിതി അംഗം അസറുദ്ധീൻ മണിയനോടി, ജില്ലാ വൈസ് പ്രസിഡന്റ് സൈഫുദ്ധീൻ തങ്ങൾ, സർഫ്രാസ് ബന്ദിയോട്, ശിഹാബ് പുണ്ടൂർ,സലാം മാങ്ങാദ്, മുർഷിദ് മൊഗ്രാൽ ചർച്ചക്ക് നേതൃത്വം നൽകി. ജില്ലാ ജനറൽ സെക്രട്ടറി ജംഷീദ് സ്വാഗതവും ജംഷീർ മൊഗ്രാൽ നന്ദിയും പറഞ്ഞു.

## നെഹ്റു കോളജിലെ ഇൻഡോർ സ്റ്റേഡിയം ഉദ്ഘാടനം ഇന്ന്

കാഞ്ഞങ്ങാട്: പടന്നക്കാട് നെഹ്റു കോളജിൽ നിർമിച്ച ഇൻഡോർ സ്റ്റേഡിയത്തിന്റെ ഉദ്ഘാടനം ഇന്ന് ഉച്ചക്ക് രണ്ടുമണിക്ക് കേന്ദ്ര ഫിഷറീസ് സഹമന്ത്രി ജോർജ് കുര്യൻ നിർവഹിക്കുമെന്ന് ഭാരവാഹികൾ പത്രസമ്മേളനത്തിൽ അറിയിച്ചു. ഇ. ചന്ദ്രശേഖരൻ എം.എൽ.എ അധ്യക്ഷത വഹിക്കും. നഗരസഭ ചെയർപേഴ്സൺ കെ.വി സുജാത, നെഹ്റു മെമ്മോറിയൽ എജുക്കേഷൻ സൊസൈറ്റി പ്രസിഡന്റ് ഡോ. കെ.സി രാജ മുഖ്യാതിഥികളാകും.

പത്രസമ്മേളനത്തിൽ കോളജ് മാനേജർ കെ. രാമനാഥൻ, കോളജ് പ്രിൻസിപ്പൽ ഡോ കെ.വി മുരളി, നെഹ്റു മെമ്മോറിയൽ എജുക്കേഷൻ സൊസൈറ്റി പ്രസിഡന്റ് കെ.സി.കെ രാജ, ഭരണ സമിതിയംഗങ്ങളായ അഡ്വ. കെ.കെ നാരായണൻ, കെ.വി സതീഷ്, ട്രഷറർ സത്യനാഥ ഷേണായി, കായിക വിഭാഗം മേധാവി എം.കെ സുധീഷ്, പ്രൊഫ. വി. വിജയകുമാർ സംബന്ധിച്ചു.




## പച്ചപ്പ്; ചെടികൾ നട്ടു

പനമരം: പനമരം ബദ്റുൽഹുദയിലെ നാദി ദഅവ സ്റ്റുഡൻസ് യൂനിയൻ സംഘടിപ്പിച്ച 'പച്ചപ്പ്, പരിപാടി പത്മശ്രീ ചെറുവയൽ രാമൻ ഉദ്ഘാടനം ചെയ്തു. പച്ചപ്പിന്റെ ഭാഗമായുള്ള ചെടി നടൽ കർമ്മവും ചെറുവയൽ രാമൻ നിർവ്വഹിച്ചു. പി. ഉസ്മാൻ മൗലവി അധ്യക്ഷത വഹിച്ചു. നൗഫൽ അഹ്സനി പെരുന്തട്ട, ഹർശദ് നൂറാനി കണ്ണൂർ പ്രസംഗിച്ചു. അബ്ദുറബ്ബ് പടിക്കൽ സ്വാഗതവും ഹാദി കുണ്ടാല നന്ദിയും പറഞ്ഞു

## ഇന്റേൺഷിപ്പ് ട്രെയ്നി

കൽപ്പറ്റ: ലക്കിടിയിലെ എൻ ഊര് ചാരിറ്റബിൾ സൊസൈറ്റി, മാനന്തവാടി സബ്ബ് കളക്ടർ ഓഫീസ് എന്നിവിടങ്ങളിൽ ഇന്റേൺഷിപ്പ് ട്രെയ്നിയായി പ്രവർത്തിക്കുന്നതിന് അപേക്ഷകൾ ക്ഷണിച്ചു. ഏതെങ്കിലും വിഷയത്തിൽ ബിരുദമുള്ള പട്ടിക വർഗ്ഗ വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം.

അപേക്ഷകൾ സബ്ബ് കലക്ടർ ആൻഡ് പ്രസിഡണ്ട് എൻ ഊര് ചാരിറ്റബിൾ സൊസൈറ്റി പൂക്കോട്, വയനാട് വിലാസത്തിൽ ജൂലൈ 22ന് വൈകുന്നേരം അഞ്ചിനകം നേരിട്ടോ തപാൽ മുഖേനയോ ലഭിക്കണം. ഫോൺ 04936 292902 –9778783522

# വയനാട് വാർത്തകൾ

### ആകാശ് തില്ലങ്കേരിയുടെ വയനാട്ടിലെ സാന്നിധ്യം

## സ്വർണം പൊട്ടിക്കലിനെന്ന് സംശയം



മാനന്തവാടി: ശുഹൈബ് വധക്കേസ്സിലെ പ്രതി ആകാശ് തില്ലങ്കേരി വയനാട്ടിൽ എന്തിന് എത്തി എന്നതിൽ പൊലിസും രഹസ്യാന്വേഷണവിഭാഗവും അന്വേഷണമാരംഭിച്ചു. വയനാട് ജില്ലയിലെ ആകാശ് തില്ലങ്കേരിയുടെ സാന്നിധ്യമാണ് അന്വേഷിക്കുന്നത്. കഴിഞ്ഞ കുറെക്കാലമായി ആകാശും കൂട്ടാളികളും വയനാട്ടിലുണ്ടോയെന്ന കാര്യവും അന്വേഷിക്കുന്നുണ്ട്. അതിനിടെ ആകാശ് സഞ്ചരിച്ച നമ്പർ പ്ലേറ്റില്ലാത്ത വാഹനം അടിമുടി വ്യാജമാണെന്ന് കണ്ടെത്തിയ മോട്ടോർ വാഹനവകുപ്പ് വാഹനത്തിന്റെ റജിസ്ട്രേഷൻ സ്ഥിരമായി റദ്ദാക്കാൻ ശുപാർശ നൽകി.

വിനോദ യാത്രയ്ക്കാണ് ആകാശ് വയനാട്ടിലെത്തിയതെന്നാണ് പ്രാഥമിക നിഗമനമെങ്കിലും മറ്റു ലക്ഷ്യങ്ങളുണ്ടോയെന്ന കാര്യമാണ് അന്വേഷിച്ചുവരുന്നത്. പനമരം പൊലിസിൽ നിന്നാണ് മുഴക്കുന്ന് പൊലിസ് ഈക്കാര്യത്തിൽ പ്രാഥമിക നിഗമനങ്ങൾ തേടുന്നത്. കൊടുവള്ളിയിലെ സ്വർണക്കടത്ത് സംഘവുമായി ആകാശ് തില്ലങ്കേരിക്ക് ബന്ധമുണ്ടെന്ന ആരോപണം ഉയർന്നിരുന്നു. ആകാശിന്റെയും കൂട്ടാളികളുടെയും സാന്നിധ്യം സ്വർണപൊട്ടിക്കലുമായി ബന്ധമുള്ളതാണോയെന്ന കാര്യമാണ് പൊലിസ് അന്വേഷിച്ചുവരുന്നത്.

എടയന്നൂർ ഷുഹൈബ് വധക്കേസിലെ ഒന്നാം പ്രതി കൂടിയായ ആകാശ് തില്ലങ്കേരി ഓടിച്ച തുറന്ന ജീപ്പിൽ ഒട്ടേറെ ക്രമക്കേടുകളുണ്ടെന്ന് മോട്ടോർ വാഹനവകുപ്പും കണ്ടെത്തിയിട്ടുണ്ട്. ജീപ്പ് അടിമുടി വ്യാജനെന്നാണ് മോട്ടോർ വാഹന വകുപ്പ് റിപ്പോർട്ട് നൽകിയിരിക്കുന്നത്. വാഹനം പൂർണമായും റീ അസംബിൾ ചെയ്തതെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതേ തുടർന്ന് വണ്ടിയുടെ രജിസ്ട്രേഷൻ സ്ഥിരമായി റദ്ദാക്കാൻ മലപ്പുറം ആർടിഒയ്ക്ക് വയനാട് എൻഫോഴ്സ്മെന്റ് ആർടിഒ ശുപാർശ ചെയ്തു. ആകാശ് തില്ലങ്കേരി ഓടിച്ച വാഹനം രൂപമാറ്റം വരുത്താൻ ഉപയോഗിച്ച ടയറുകൾ മോട്ടോർ വാഹന വകുപ്പും പൊലീസും ചേർന്ന് പിടിച്ചെടുത്തിരുന്നു.

ആകാശ് തില്ലങ്കേരിയുടെ സുഹൃത്തിന്റെ വീട്ടിൽ നിന്നാണ് ഇവ പിടിച്ചെടുത്തത്. രൂപമാറ്റം വരുത്തിയത് നേരെയാക്കി ആയിരുന്നു വാഹനം പനമരം സ്റ്റേഷനിൽ എത്തിച്ചത്.

സ്വർണക്കടത്ത്, ക്വട്ടേഷൻ മാഫിയ ബന്ധമുള്ള ആകാശ് തില്ലങ്കേരി കാപ്പ കേസിൽ നേരത്തെ അറസ്റ്റിലായിരുന്നു. ഇതിനു ശേഷം ഹൈക്കോടതിയിൽ ജാമ്യം നേടിയ ഇയാളെ പൊലിസ് നിരീക്ഷിച്ചുവരുന്നതിനിടെയാണ് പുതിയ വിവാദങ്ങളുണ്ടാകുന്നത്. ഷുഹൈബ് വധക്കേസിലെ പ്രതിയായ ആകാശ് തില്ലങ്കേരിയുടെ നിയമലംഘന യാത്രക്കെതിരെ പരാതി നൽകിയ യൂത്ത് കോൺഗ്രസ് നേതാവ് ഫർസീൻ മജീദിന്റെ മട്ടന്നൂരിലെ വീടിനും പൊലിസ് സംരക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. മട്ടന്നൂർ വെള്ളിയാം പറമ്പിലെ വീട്ടിലാണ് നിരീക്ഷണം ഏർപ്പെടുത്തിയത്. നൈറ്റ് പട്രോളിങ്ങും വീട്ടിൽ കാവലും ഏർപ്പെടുത്തിയിട്ടുണ്ട്. അതേസമയം, ചട്ട വിരുദ്ധമായി വാഹനങ്ങളിൽ രൂപവ്യത്യാസം വരുത്തുന്നവർക്കെതിരെ നടപടിയാവശ്യപ്പെട്ട് ഹൈക്കോടതി സ്വമേധയാ എടുത്ത കേസ് ശനിയാഴ്ച വീണ്ടും പരിഗണിക്കും. വയനാട്ടിൽ നമ്പർ പ്ലേറ്റില്ലാത്ത ജീപ്പ് പൊതു നിരത്തിൽ ഓടിച്ച ക്രിമിനൽ കേസ് പ്രതി ആകാശ് തില്ലങ്കേരിക്കെതിരെ സ്വീകരിച്ച നടപടികൾ ചിത്രങ്ങൾ സഹിതം സമർപ്പിക്കാൻ കോടതി ആവശ്യപ്പെട്ടിട്ടുണ്ട്. ഐ.എ.എസ്, ഐപി എസ് ഉദ്യോഗസ്ഥരടക്കമുളളവർ ചട്ടങ്ങൾ ലംഘിച്ച് ബീക്കൺ ലൈറ്റുകൾ ഉപയോഗിക്കുന്നതും തടയണമെന്ന് കോടതി ആവശ്യപ്പെട്ടിരുന്നു.

### വീടുകളുടെ ചുമരുകളിൽ വിള്ളൽ

# ഭീഷണിയായി മരക്കടവിലെ കരിങ്കൽ ക്വാറി

**മരക്കടവ് ഡിപ്പോയിലെ കരിങ്കൽ ക്വാറി പ്രവർത്തനം പ്രദേശവാസികൾക്ക് ഭീഷണിയാകുന്നു**

പുൽപ്പള്ളി: മരക്കടവ് ഡിപ്പോയിലെ കരിങ്കൽ ക്വാറിയുടെ പ്രവർത്തനം പരിസരവാസികൾക്ക് ഭീഷണിയാകുന്നു. ക്വാറിയിൽ പാറപൊട്ടിക്കുന്നതിനായി നടത്തുന്ന വലിയ തോതിലുള്ള സ്ഫോടനമൂലം പ്രദേശത്തെ നിരവധി വീടുകളുടെ ചുമരുകളിൽ

വിള്ളൽ വീണതോടെ വീടുകൾക്കുള്ളിൽ താമസിക്കാൻ കഴിയാത്ത അവസ്ഥയിലാണ്. പ്രദേശത്തെ അമ്പതോളം വീടുകളാണ് ക്വാറിയുടെ പ്രവർത്തനംമൂലം

ദുരിതമനുഭവിക്കുന്നത്. പുലർച്ചെ മൂന്ന് മണിയോടെ ആരംഭിക്കുന്ന ക്വാറിയുടെ പ്രവർത്തനം മൂലം പുലർച്ചെ പോലും വീടിനുള്ളിൽ താമസിക്കാൻ കഴിയാത്ത അവസ്ഥയിലാണ്. പ്രദേശത്തെ മേരി മൂലക്കാട്ടിൽ, സജി പുളിക്കപ്പറമ്പിൽ, വത്സ കാരക്കുന്നേൽ, മോഹനൻ ചെറുകുന്നേൽ ഉൾപ്പെടെയുള്ളവരുടെ വീടുകളിലാണ് വിള്ളൽ വീണിട്ടുള്ളത്.സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളെല്ലാം കാറ്റിൽപ്പറത്തി വലിയ തോതിലുള്ള പാറ ഖനനമാണ് ഇവിടെ നടക്കുന്നതെന്നാണ് നാട്ടുകാർ പറയുന്നത്. ഇത് സംബന്ധിച്ച് കളക്ടർ, ജിയോളജി, പഞ്ചായത്ത്, വില്ലേജ് അധികൃതർക്ക് നാട്ടുകാർ പരാതി നൽകിയിട്ടും യാതൊരു നടപടിയുമുണ്ടായിട്ടില്ല. ഇതിന് പുറമേ അമിത ലോഡുമായി റോഡിലൂടെ വരുന്നതും ജനങ്ങൾക്ക് ഭീഷണിയായിരിക്കുകയാണ്. അടിയന്തിരമായി ക്വാറിയുടെ പ്രവർത്തനം നിയന്ത്രിക്കാനാവശ്യമായ നടപടിയുണ്ടാകണമെന്ന് ആവശ്യപ്പെട്ട് പ്രക്ഷോഭ പരിപാടികൾ ആരംഭിക്കാനുള്ള തയ്യാറെടുപ്പിലാണ് പ്രദേശവാസികൾ. മേഖലയിൽ വീണ്ടും കൂടുതൽ ക്വാറികൾ തുറക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചതോടെ വിവിധ മേഖലകളിൽ നിന്നും പ്രതിഷേധമുയരുന്നുണ്ട്.



കരിങ്കൽ ക്വാറിയിൽ പാറപൊട്ടിക്കുന്നതിനായി നടത്തുന്ന വലിയ തോതിലുള്ള സ്ഫോടനമൂലം പ്രദേശത്തെ വീടുകളിലൊന്നിന്റെ ചുമരുകളിൽ വിള്ളൽ വീണ നിലയിൽ

## ബത്തേരി ടൗണിൽ ഭീതി പരത്തി വൻമരങ്ങൾ

### നപടിയെടുക്കാതെ നഗരസഭ

സുൽത്താൻ ബത്തേരി: ചുങ്കത്ത് പാതയോരത്തെ വൻമരങ്ങൾ വാഹനങ്ങൾക്കും യാത്രക്കാർക്കും ഭീഷണിയാകുന്നു. സുൽത്താൻ ബത്തേരി പാട്ടവയൽ റോഡിൽ ടൂറിസ്റ്റ് ടാക്സി സ്റ്റാന്റ് മുതൽ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി പരിസരം വരെ അഞ്ച് മരങ്ങളാണ് അപകട ഭീഷണിയായി നിൽക്കുന്നത്.

ഗുഡ്സ് സ്റ്റാന്റിന് സമീപത്തെ താന്നിമരത്തിന്റെ വൻ ശിഖരം കഴിഞ്ഞദിവസം പൊട്ടിവീണിരുന്നു. രാത്രിയാണ് സംഭവമുണ്ടായത് എന്നതിനാൽ വലിയ അപകടമാണ് ഒഴിവായത്. ശിഖരം വീണ് ഇതിലൂടെ കടന്നുപോകുന്ന വൈദ്യുതി ലൈനുകൾ പൊട്ടുകയും സമീപത്തെ മുസ്ലിംപള്ളിയുടെ ചുറ്റുമതിൽ തകരുകയും ചെയ്തു. ശിഖരം പൊട്ടിവീണതോടെ സ്റ്റാന്റിൽ വാഹനമിടാനും ഡ്രൈവർമാർ ഭയക്കുകയാണ്. ഒരാഴ്ചമുമ്പ് ശിഖരം പൊട്ടി റോഡിലേക്ക് വീണ് ബൈക്ക് യാത്രക്കാരൻ അപകടത്തിൽപെടുകയും ചെയ്തിരുന്നു. റോഡിലേക്ക് ചരിഞ്ഞ് നിൽക്കുന്ന മരത്തിന്റെ അടിഭാഗത്ത് വലിയ പൊത്തും രൂപപ്പെട്ടിട്ടുണ്ട്. അപകടഭീഷണിയായ മരം മുറിച്ച് നീക്കണമെന്നാവശ്യപ്പെട്ട് അധികൃതർക്ക് പരാതി നൽകിയിട്ടും നടപടിയുണ്ടായിട്ടില്ല. ശിഖരം പൊട്ടിവീണതോടെ ഡ്രൈവർമാർ തഹസിൽദാർക്കും നഗരസഭക്കും വീണ്ടും പരാതി നൽകിയിട്ടുമുണ്ട്. ഈ മരത്തിനുചുവട്ടിലാണ് ചീരാൽ പാട്ടവയൽ ഭാഗങ്ങളിൽ നിന്നെത്തുന്ന കെ.എസ്.ആർ.ടിസി, സ്വകാര്യ ബസ്സുകൾ നിറുത്തി യാത്രക്കാരെ ഇറക്കുന്നത്.



സുൽത്താൻ ബത്തേരി ചുങ്കത്ത് അപകടഭീഷണിയായി നിൽക്കുന്ന മരങ്ങളിലൊന്ന്

## ചാലിഗദ്ദയിൽ കാട്ടാനയിറങ്ങി കൃഷി നശിപ്പിച്ചു

മാനന്തവാടി: പടമല ചാലിഗദ്ദയിൽ കാട്ടാനയിറങ്ങി വ്യാപകമായി കൃഷി നശിപ്പിച്ചു. ചാലിഗദ്ദ ഉപ്പുവീട്ടിൽ സിറിൾ ജോസഫിന്റെ സ്ഥലം പാട്ടത്തിനെടുത്ത് വാഴകൃഷി ചെയ്ത അനീഷ് തൊട്ടിയിൽ, റോണി പൂവത്തിങ്കൽ, ജിജി, സിറിൾ എന്നിവരുടെ 200 ഓളം കുലവെട്ടാറായ വാഴകളാണ് കഴിഞ്ഞ ദിവസം രാത്രിയിൽ ആനകൾ ചവിട്ടി നശിപ്പിച്ചത്. കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട അജീഷിന്റെ വീടിന്റെ സമീപ പ്രദേശമാണിത്. വനംവകുപ്പ് ജീവനക്കാരെ രാത്രി കാവലിന് നിയോഗിച്ചിട്ടുണ്ടെങ്കിലും ആരും കൃത്യ സമയത്ത് നോക്കാൻ വരാറില്ലെന്ന് നാട്ടുകാർ ആരോപിച്ചു. പ്രദേശവാസിയായ ചാലിഗദ്ദ താഴത്തെമുറിയിൽ അനീഷ് കഴിഞ്ഞ ദിവസം രാത്രി ആനയുടെ മുമ്പിൽ നിന്നും തലനാരിഴയ്ക്കാണ് രക്ഷപ്പെട്ടതെന്നും നാട്ടുകാർ പറഞ്ഞു.



കാട്ടാന നശിപ്പിച്ച ചാലിഗദ്ദയിലെ അനീഷ് തൊട്ടിയിൽ, റോണി പൂവത്തിങ്കൽ, ജിജി, സിറിൾ എന്നിവരുടെ വാഴകൾ

### നിയമനം

മാനന്തവാടി: മുൻസിഫ് കോടതിയിലെ പ്ലീഡർ ടു ഡു ഗവൺമെന്റ് വർക്ക് തസ്തികയിലേക്ക് 5അഞ്ച് വർഷത്തെ പ്രവൃത്തി പരിചയമുള്ള യോഗ്യരായ അഭിഭാഷകരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ പേര്, അഡ്രസ്സ്, വയസ്സ്, ജനനതീയതി, മൊബൈൽ നമ്പർ, ഇ-മെയിൽ ഐ.ഡി, യോഗ്യത, അഭിഭാഷകരായുള്ള പ്രവർത്തി പരിചയം,

എൻ റോൾമെന്റ് നമ്പർ ആന്റ് തിയതി എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ജൂലൈ 25 ന് വൈകുന്നേരം അഞ്ചിനകം നേരിട്ടോ തപാൽ മുഖേനയോ ജില്ലാ കളകട്ർക്ക് അപേക്ഷ സമർപ്പിക്കണം. അപേക്ഷകർ ജില്ലയിലെ സ്ഥിര താമസക്കാരും, സർക്കാർ കേസുകൾ കൈകാര്യ ചെയ്യുന്നതിൽ തൽപ്പരരും ആയിരിക്കണം. ഫോൺ-04936 202251

### നിയമനം

കോട്ടത്തറ: ജിഎച്ച്എസ് കോട്ടത്തറയിൽ നിലവിലുള്ള എച്ച് എച്ച് എസ് ടി നാച്ചുറൽ സയൻസ് ഒഴിവിലേക്ക് ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. യോഗ്യരായ ഉദ്യോഗാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റ് സഹിതം 15ന് തിങ്കളാഴ്ച 10 മണിക്ക് സ്കൂൾ ഓഫീസിൽ എത്തണം

## ഹൈമാസ്റ്റ് ലൈറ്റ് കണ്ണടച്ചിട്ട് വർഷങ്ങൾ; സുൽത്താൻ ബത്തേരി ഇരുട്ടിൽ തന്നെ

### അധികൃതരുടെ നിലപാടിനെതിരെ പ്രതിഷേധം

സുൽത്താൻ ബത്തേരി: നഗരത്തിലെ പ്രധാനഇടത്തിലെ ഹൈമാസ്റ്റ് ലൈറ്റ് കണ്ണടച്ചിട്ട് വർഷങ്ങൾ പിന്നിട്ടിട്ടും നന്നാക്കാൻ നടപടിയില്ലാത്തത് പ്രതിഷേധത്തിന് ഇടയാക്കുന്നു. സുൽത്താൻ ബത്തേരി മാനിക്കുനി കോടതിക്ക് സമീപത്തെ ഹൈമാസ്റ്റ് ലൈറ്റാണ് വർഷങ്ങളായി കത്താതെ നോക്കുകുത്തിയായി നിൽക്കുന്നത്. സന്ധ്യയായാൽ കച്ചവടസ്ഥാപനങ്ങളിൽ നിന്നുള്ള വെളിച്ചംമാത്രമാണ് ഇവിടെയുണ്ടാകുക. ഈസ്ഥാപനങ്ങൾ അടക്കുന്നതോടെ പ്രദേശം പൂർണമായും ഇരുട്ടിലാകും. ഇത് സാമൂഹ്യ വിരുദ്ധർക്കും മോഷ്ടാക്കൾക്കും ഏറെ സഹായകമാകുന്നതായുമാണ് ആരോപണം. ലൈറ്റുകൾ കത്താതായതോടെ കാൽനടയാത്രക്കാരും ദുരിതത്തിലാണ്. ലക്ഷങ്ങൾ മുടക്കിയാണ് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചത്. എന്നാൽ കുറഞ്ഞനാളുകൾ മാത്രമേ നാട്ടുകാർക്ക് ഉപകാരപ്പെട്ടിട്ടുള്ളു. ഇതിനുപരിഹാരം കാണാൻ അധികൃതരുടെ ഭാഗത്തുനിന്ന് നടപടിയുണ്ടാകണമെന്ന ആവശ്യമാണ് ഉയരുന്നത്. ടൗണിൽ പലയിടങ്ങളിലും ഹൈമാസ്റ്റ് ലൈറ്റുകൾ കത്താത്ത അവസ്ഥയാണ്.



മാനിക്കുനിയിൽ നോക്കുക്കുത്തിയായി മാറിയ ഹൈമാസ്റ്റ് ലൈറ്റ്

## വാട്ടർ പോളോ; വെള്ളിമെഡൽ നേട്ടവുമായി എൽദോ ആൽവിൻ ജോഷി



കൽപ്പറ്റ: മധ്യപ്രദേശിൽ നടന്ന ദേശീയ വാട്ടർ പോളോ മത്സരത്തിൽ വെള്ളിമെഡൽ നേട്ടത്തിൽ പങ്കാളിയായി എൽദോ ആൽവിൻ ജോഷി.

സുൽത്താൻ ബത്തേരി സർവജന സ്കൂൾ പ്ലസ് ടു വിദ്യാർത്ഥിയാണ് എൽദോ ആൽവിൻ ജോഷി. കഴിഞ്ഞ സ്കൂൾ ഗെയിംസിൽ വാട്ടർ പോളോ മത്സരത്തിൽ മൂന്നാം സ്ഥാനം നേടിയ വയനാട് ടീം അംഗം കൂടിയാണ് എൽദോ ആൽവിൻ. ദേശീയ നീന്തൽ താരം ബിജിമോൾ വർഗീസാണ് മാതാവ്. പിതാവ് പി.കെ ജോഷി. സഹോദരി ആദ്യാ മേരി ജോഷിയും നീന്തൽ താരമാണ്.

## പ്രവർത്തന സജ്ജമാകാതെ പൈതൃക മ്യൂസിയം

സുൽത്താൻ ബത്തേരി: നൂൽപ്പുഴ പഞ്ചായത്തിലെ കല്ലൂർ 67ലുള്ള പൈതൃക മ്യൂസിയം പ്രവർത്തനസജ്ജമായില്ല. ഗോത്ര വിഭാഗത്തിൽപ്പെട്ടവരും ആദ്യകാല കുടിയേറ്റക്കാരും ഉപയോഗിച്ച കാർഷിക-ഗാർഹിക ഉപകരണങ്ങൾ പുതുതലമുറയ്ക്ക് പരിചയപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ നിർമിച്ചതാണ് മ്യൂസിയം.

മാസങ്ങൾ മുൻപ് ഉദ്ഘാടനം നടത്തിയെങ്കിലും സന്ദർശകർക്കായി തുറന്നില്ല. എംഎൽഎ ഫണ്ടിൽനിന്നുള്ള 25 ലക്ഷവും പഞ്ചായത്ത് ഫണ്ടിൽനിന്നുള്ള 10 ലക്ഷവും രൂപ ചെലവഴിച്ച് പൂർത്തിയാക്കിയതാണ് മ്യൂസിയം നിർമാണം.

ഇത് എപ്പോൾ തുറന്നു കൊടുക്കാമെന്നതിൽ പഞ്ചായത്ത് അധികാരികൾക്കു വ്യക്തതയില്ല. നിലവിൽ നൂറോളം ഉപകരണങ്ങൾ മ്യൂസിയത്തിലുണ്ട്. പഴയകാലത്തെ കലപ്പ, നുകം, നരികളെ കുത്തിക്കൊല്ലാൻ ഉപയോഗിച്ചിരുന്ന കുന്തം, എഴുത്താണി, താളിയോലകൾ, മത്സ്യം പിടിക്കാൻ ഉപയോഗിച്ചിരുന്ന ചാട, വിവിധ തരം മുറങ്ങൾ, പുൽപ്പായകൾ, കൊമ്മ, പറ, പാണ്ടിക്കല്ല്, കാലികളുടെ കഴുത്തിൽ കെട്ടിയിരുന്ന തട്ട, പരമ്പരാഗത നെൽവിത്തുകൾ തുടങ്ങിയവയാണ് മ്യൂസിയത്തിലുള്ളത്.



കല്ലൂർ 67ലെ പൈതൃക മ്യൂസിയം

## അഡ്വ.ഹാരിസ് ബീരാൻ എം.പിക്ക് പൗര സ്വീകരണം ഇന്ന്

കോഴിക്കോട്: മുസ്‌ലിം ലീഗ് കോഴിക്കോട് ജില്ലാ കമ്മിറ്റി ഒരുക്കുന്ന അഡ്വ. ഹാരിസ് ബീരാൻ എം.പിയുടെ പൗര സ്വീകരണം ഇന്ന് ഉച്ചക്ക്2.30 ന് കോഴിക്കോട് ടൗൺഹാളിൽ. പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യും. പി.കെ കുഞ്ഞാലിക്കുട്ടി അനുമോദ പ്രഭാഷണം നടത്തും. ഇ.ടി മുഹമ്മദ് ബഷീർ എം.പി, എം.കെ രാഘവൻ എം.പി, ഡോ.എം.കെ മുനീർ, കെ.കെ രമ എം.എൽ.എ കോഴിക്കോട് ജില്ലയിലെ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക മത രംഗത്തെ പ്രമുഖർ, മുസ്‌ലിം ലീഗ് ദേശീയ, സംസ്ഥാന നേതാക്കൾ എന്നിവർ പങ്കെടുക്കും.

## കോഴിക്കോട് വാർത്തകൾ



ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ് കാമ്പയിൻ കോഴിക്കോട് ഹെഡ്ഡ് ഓഫീസിൽ ചന്ദ്രിക ഡയറക്ടറും മുസ്‌ലിംലീഗ് നിയമസഭാ പാർട്ടി ഉപ നേതാവുമായ ഡോ.എം.കെ മുനീർ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

## ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ് വൻ വിജയമാക്കാൻ കർമ്മപദ്ധതി

കോഴിക്കോട്: ജൂലൈ 15 മുതൽ 30 വരെ നടക്കുന്ന ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ് കാമ്പയിൻ വിജയിപ്പിക്കുന്നതിന് കോഴിക്കോട് ഹെഡ്ഡ് ഓഫീസിൽ ചേർന്ന ഗവേണിംഗ് ബോഡി യോഗം തീരുമാനിച്ചു. പാർട്ടി ഭരണഘടനയനുസരിച്ച് മുസ്‌ലിം ലീഗ് പഞ്ചായത്ത്, മുനിസിപ്പൽ, മേഖല കൗൺസിലർമാരും, ശാഖ ഭാരവാഹികളും ചന്ദ്രിക വാർഷിക വരിക്കാരാവേണ്ടതുണ്ട്. അല്ലാത്തവരുടെ സ്ഥാനങ്ങൾ സ്വമേധയാ റദ്ദ് ചെയ്യപ്പെടും. ജൂലൈ 30 നകം കാമ്പയിൻ വിജയിപ്പിക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചു.

ചന്ദ്രിക ഡയറക്ടറും മുസ്‌ലിംലീഗ് നിയമസഭാ പാർട്ടി ഉപ നേതാവുമായ ഡോ.എം.കെ മുനീർ എം.എൽ.എ ഉദ്ഘാടനം ചെയ്തു. ഗവേണിംഗ് ബോഡ് ചെയർമാൻ എം.എ റസാഖ് മാസ്റ്റർ അധ്യക്ഷത വഹിച്ചു. എം.സി മായിൻ ഹാജി, ഉമ്മർ പാണ്ടികശാല, കെ.കെ അഹമ്മദ്, ടി.ടി ഇസ്മായിൽ, ടി മുഹമ്മദ്, സൂപ്പി നരിക്കാട്ടേരി, എൻ.സി അബൂബക്കർ, പി.എം.എ സമീർ, നരിക്കോൾ ഹമീദ് ഹാജി, നജീബ് ആലുക്കൽ, ലുഖ്മാൻ മമ്പാട്, കെ.എ സൽമാൻ, മുനീബ് ഹസ്സൻ സംസാരിച്ചു.

## പന്തീരാങ്കാവ് പീഡനക്കേസിൽ അഞ്ച് പ്രതികൾ; വധശ്രമം, സ്ത്രീപീഡനം, ഗാർഹിക പീഡനം വകുപ്പുകൾ

# ഭർത്താവ് രാഹുൽ ഒന്നാം പ്രതി

കോഴിക്കോട്: പന്തീരാങ്കാവ് ഗാർഹിക പീഡനക്കേസിൽ പൊലീസ് കുറ്റപത്രം സമർപ്പിച്ചു. ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതി മുന്നിലാണ് കുറ്റപത്രം സമർപ്പിച്ചത്. കേസിൽ 5 പ്രതികളാണുള്ളത്. യുവതിയുടെ ഭർത്താവ് രാഹുൽ പി.ഗോപാലാണ് ഒന്നാം പ്രതി. വധശ്രമം, സ്ത്രീപീഡനം, ഗാർഹിക പീഡനം എന്നീ വകുപ്പുകളാണ് രാഹുലിനെതിരെ പി.ഗോപാലാണ് ഒന്നാം പ്രതി. വധശ്രമം, സ്ത്രീപീഡനം, ഗാർഹിക പീഡനം എന്നീ വകുപ്പുകളാണ് രാഹുലിനെതിരെ ചുമത്തിയത്.

രാഹുലിന്റെ അമ്മയും സഹോദരിയുമാണ് രണ്ടും മൂന്നും പ്രതികൾ. രാഹുലിന്റെ സുഹൃത്ത് രാജേഷ് നാലാം പ്രതിയും പൊലീസ് ഓഫീസർ ശരത് ലാൽ അഞ്ചാം പ്രതിയുമാണ്. ഗാർഹിക പീഡനമാണ് അമ്മയ്ക്കും സഹോദരിക്കും എതിരെ ചുമത്തിയത്. രാഹുലിനെ രക്ഷപ്പെടാൻ സഹായിച്ചുവെന്നതാണ് രാജേഷിനും പൊലീസുകാരനും എതിരായ കുറ്റം. സംഭവത്തിനു ശേഷം വിദേശത്തേക്കു കടന്ന രാഹുലിനെ ഇതുവരെ തിരികെ ത്തിക്കാനായിട്ടില്ല. രാഹുൽ കുറ്റക്കാരനല്ലെന്നറിയിച്ച് യുവതി രംഗത്തെത്തിയിരുന്നു. വീട്ടുകാരുടെ നിർബന്ധപ്രകാരമാണ് രാഹുലിനെതിരെ പരാതി നൽകിയതെന്നാണ് പെൺകുട്ടി സമൂഹമാധ്യമത്തിലൂടെ വെളിപ്പെടുത്തിയത്.

## 196 കേന്ദ്രങ്ങളിൽ ഭക്ഷ്യ സുരക്ഷാ വിഭാഗം പരിശോധന

# 125 കിലോ പഴകിയ മത്സ്യങ്ങൾ പിടികൂടി

കോഴിക്കോട്: ട്രോളിങ് നിരോധനത്തിന് പിന്നാലെ അന്യസംസ്ഥാന മത്സ്യങ്ങൾ മാർക്കറ്റിൽ സ്ഥാനം പിടിച്ചതോടെ പരിശോധന ശക്തമാക്കി ഭക്ഷ്യ സുരക്ഷാ വിഭാഗം. കഴിഞ്ഞ മൂന്നുമാസത്തിനിടെ ഭക്ഷ്യസുരക്ഷാ വിഭാഗം ജില്ലയിൽ 196 കേന്ദ്രങ്ങളിൽ പരിശോധന നടത്തി. പരിശോധനയിൽ ചീഞ്ഞതും കൃത്യമായി ഐസ് ഇടാത്തതുമായ 125 കിലോ മത്സ്യം പിടിച്ചെടുത്ത നശിപ്പിച്ചു. ചൂര, എരന്ത്, കിളിമീൻ, ചെമ്മീൻ തുടങ്ങിയവയാണ് പിടിച്ചെടുത്തു നശിപ്പിച്ചത്.

അതേസമയം ഇന്നലെ മാർക്കറ്റുകളിലും റെയിൽവേ സ്റ്റേഷനിലും ഭക്ഷ്യ സുരക്ഷാ വിഭാഗവും കോർപ്പറേഷൻ ഹെൽത്ത് വിഭാഗവും നടത്തിയ പരിശോധനയിൽ കേടായ 80 കിലോ എരന്തും 15 കിലോ ചൂരയും പിടിച്ചെടുത്ത് നശിപ്പിച്ചു. ഇന്നലെ പുലർച്ചെ മൂന്നു മണിമുതൽ ഭക്ഷ്യസുരക്ഷ അസിസ്റ്റന്റ് കമ്മീഷണർ എ. സക്കീർ ഹുസൈന്റെയും കോർപ്പറേഷൻ ഹെൽത്ത് ഓഫീസർ ഡോ. മുനവർ റഹിമാന്റെയും നേതൃത്വത്തിൽ നടന്ന പരിശോധനയിലാണ് കേടായ മത്സ്യം പിടിച്ചെടുത്ത് നശിപ്പിച്ചത്. ലൈസൻസ് ഇല്ലാതെയും ശരിയായി ഐസ് ഇടാതെയും പാക്ക് ചെയ്യാതെയും ചാക്കിൽ കൊണ്ടുവന്ന എരന്താണ് കേടായതായി പരിശോധനയിൽ കണ്ടെത്തിയത്.

കോഴിക്കോട് സെൻട്രൽ മാർക്കറ്റിൽ വിൽപനക്ക് കൊണ്ട് വന്ന ചൂരയിൽ കുറച്ച് ഭാഗം കേടായതായി കണ്ടെത്തിയതിനാൽ 15 കിലോ പിടിച്ചെടുത്ത് നശിപ്പിച്ചു. റെയിൽവേ സ്റ്റേഷൻ, സെൻട്രൽ മാർക്കറ്റ്, വെള്ളയിൽ ഹാർബർ മാർക്കറ്റ്, പുതിയാപ്പ ഹാർബർ മാർക്കറ്റ് എന്നിവിടങ്ങളിലാണ് പരിശോധന നടന്നത്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കൊണ്ട് വന്ന മത്സ്യം മൊബൈൽ ലാബിൽ പരിശോധന നടത്തിയെങ്കിലും രാസവസ്തുക്കളുടെ സാനിധ്യം കണ്ടെത്താനായില്ല. കച്ചവടക്കാർ മറ്റ് സ്റ്റേറ്റിൽ നിന്നും കൊണ്ട് വരുന്ന മത്സ്യം കേടായതല്ലെന്ന് ഉറപ്പാക്കണമെന്ന് ഭക്ഷ്യസുരക്ഷ വകുപ്പ് അറിയിച്ചു. ഒരു കിലോ മത്സ്യം കേടുവരാതെ സൂക്ഷിക്കാൻ ഒരു കിലോ ഐസ് വേണം. എന്നാൽ പലപ്പോഴും കുറഞ്ഞ അളവ് ഐസിൽ കൂടുതൽ മത്സ്യം സൂക്ഷിക്കുന്ന സ്ഥിതിയാണ് പരിശോധനയിൽ കാണുന്നത്. മാർക്കറ്റിൽ നിന്ന് പുറത്ത് ചെറുകിടക്കാരിലേക്ക് ഇതിമ്പോഴാണ് ഐസ് ഇടാത്ത സ്ഥിതി വരുന്നത്. കൂടാതെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും മത്സ്യം കൊണ്ട് വരുന്നവർ വാഹനത്തിൽ ഭക്ഷ്യസുരക്ഷ ലൈസൻസ് എടുത്ത് സൂക്ഷിക്കണമെന്ന് ഭക്ഷ്യസുരക്ഷ അസിസ്റ്റന്റ് കമ്മീഷണർ അറിയിച്ചു.

പരിശോധന വരും ദിവസങ്ങളിലും തുടരുമെന്നും ഭക്ഷ്യസുരക്ഷ ലൈസൻസ് ഇല്ലാതെ മത്സ്യം കൊണ്ട് വരുന്ന വാഹനങ്ങൾക്കെതിരെയും കേടായ മത്സ്യം കൊണ്ട് വരുന്നവർക്കെതിരെയും നിയമ നടപടി സ്വീകരിക്കുമെന്നും ഭക്ഷ്യസുരക്ഷ വകുപ്പ് അറിയിച്ചു. മത്സ്യം വിൽപന നടത്തുന്നവരെല്ലാം ഭക്ഷ്യസുരക്ഷ ലൈസൻസോ രജിസ്ട്രേഷനോ എടുക്കേണ്ടത് നിർബന്ധമാണ്. ഉപഭോക്താക്കൾ ഐസിൽ സൂക്ഷിക്കുന്ന മത്സ്യങ്ങൾ മാത്രമേ വാങ്ങി ഉപയോഗിക്കാൻ പാടുള്ളൂവെന്ന് ഭക്ഷ്യസുരക്ഷ വകുപ്പ് ഉദ്യോഗസ്ഥർ വ്യക്തമാക്കി.



ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ റെയിൽവേ സ്റ്റേഷനിൽ പാഴ്സൽ വിഭാഗത്തിൽ നടത്തിയ പരിശോധന

## വിമാന കമ്പനികളുടെ ക്രൂരത
## മുസ്‌ലിം ലീഗ് ധർണ ഇന്ന്
## കെ.എം ഷാജി ഉദ്ഘാടനം ചെയ്യും

കോഴിക്കോട്: വിമാനക്കമ്പനികളുടെ ക്രൂരതക്കും കേന്ദ്ര-കേരള ഭരണകൂടങ്ങളുടെ നിസംഗതക്കുമെതിരെ മുസ്‌ലിംലീഗ് മുസ്‌ലിം ലീഗ് ഹെഡ് പോസ്റ്റ് ഓഫീസ് ധർണ ഇന്ന് രാവിലെ പത്തിന് സംസ്ഥാന സെക്രട്ടറി കെ.എം ഷാജി ഉദ്ഘാടനം ചെയ്യും. പ്രവാസികളോടും മയ്യിത്തുകളോടുമെല്ലാം കാണിക്കുന്ന നെറികേടിനെതിരെ നടക്കുന്ന പ്രതിഷേധത്തിൽ മുസ്‌ലിം ലീഗിന്റെയും, കെ.എം.സി.സി യുടേയും പ്രവർത്തകർ അണിനിരക്കും. പ്രമുഖർ അഭിവാദ്യം ചെയ്യും.

## 'ഹൗസ് സർജൻമാർക്ക് വിശ്രമ വേളകൾ ലഭിക്കണം'

കോഴിക്കോട്: മെഡിക്കൽ കോളജിൽ ഹൗസ് സർജൻമാരുടെ ജോലി സമയം ക്രമീകരിക്കുമ്പോൾ അവർക്ക് അത്യാവശ്യം വേണ്ട വിശ്രമം അനുവദിക്കണമെന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന് നിർദ്ദേശം നൽകി. ഹൗസ് സർജൻമാരുടെ ആവശ്യങ്ങളും പരാതികളും അനുഭാവപൂർവം കേൾക്കുന്നതിനും പരിഹാരം കാണുന്നതിനുമുള്ള സംവിധാനങ്ങൾ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഫലപ്രദമായി നടപ്പിലാക്കാൻ പ്രിൻസിപ്പൽ ശ്രദ്ധിക്കണമെന്നും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

മെഡിക്കൽ കോളജിലെ ഓർത്തോ പോലുള്ള വകുപ്പുകളിൽ ഇപ്പോഴും 30 മണിക്കൂറിലധികം തുടർച്ചയായി ജോലി ചെയ്യേണ്ട സാഹചര്യമുണ്ടെന്ന പരാതി ഗൗരവമായി പരിശോധിച്ച് ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കണമെന്നും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി. മെഡിക്കൽ കോളേജിൽ കൃത്യമായ വർക്കിംഗ് മാന്വൽ ഇല്ലെന്നും അക്കാദമിക് മികവ് നേടുന്നതിന് പകരം മറ്റ് ജോലികളാണ് ചെയ്യിക്കുന്നതെന്നും പരാതിയുണ്ടായിരുന്നു.

# സി.പി.എം പി.എസ്.സി കോഴക്കേസിൽ യൂത്ത് കോൺഗ്രസ് നേതാവ് മൊഴി നൽകി

കോഴിക്കോട്: സിപിഎം നേതാവിനെതിരെയുള്ള പിഎസ്‌സി കോഴക്കേസിൽ യൂത്ത് കോൺഗ്രസ് നേതാവ് മൊഴി നൽകി. മെഡിക്കൽ കോളജ് എസിപി ഓഫീസിൽ എത്തിയാണ് വൈശാൽ കല്ലാട്ട് മൊഴി നൽകിയത്. വിഷയത്തിൽ പരാതിക്കാരനാണ് വൈശാൽ കല്ലാട്ട്. പരാതിക്ക് ബലം നൽകുന്ന വിവരങ്ങൾ പൊലീസിന് കൈമാറി. ഇടപാടിന് ഉപയോഗിച്ച പണത്തിന്റെ ഉറവിടം അന്വേഷിക്കണം. തെളിവുകളുമായി വരാൻ തയ്യാറായ പലരും പിന്മാറുകയാണ്. എല്ലാം സിപിഎമ്മിന്റെ ഇരുമ്പ് മറയ്ക്കുള്ളിൽ ആണെന്നും വൈശാൽ പറഞ്ഞു.

പ്രമോദ് കോട്ടൂളി പാർട്ടി നേതൃത്വത്തിന് വിശദീകരണം നൽകിയിരുന്നു. കോഴിക്കോട് ജില്ലാ കമ്മിറ്റി ഓഫീസിൽ എത്തിയാണ് പ്രമോദ് വിശദീകരണം നൽകിയത്. ഇന്ന് ചേരുന്ന സിപിഎം ജില്ലാ കമ്മിറ്റി വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കും. കഴിഞ്ഞദിവസം ചേർന്ന ഏരിയ കമ്മിറ്റി യോഗം പ്രമോദ് കോട്ടൂളിയോട് വിവാദത്തിൽ വിശദീകരണം ചോദിക്കാൻ തീരുമാനിച്ചിരുന്നു. പിന്നാലെ രേഖാമൂലം വിശദീകരണം തേടുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിലാണ് പ്രമോദ് ഇന്ന് നേതൃത്വത്തിന് വിശദീകരണം നൽകിയത്.

തന്റെ ഭാഗത്തെ പിഴവില്ലെന്ന് നേതൃത്വത്തെ അറിയിച്ച പ്രമോദ് വനിതാ ഡോക്ടറുടെ പക്കൽ നിന്ന് 22 ലക്ഷം രൂപ വാങ്ങിയെടുക്കുകയും പാർട്ടിക്ക് അവമതിപ്പ് ഉണ്ടാക്കുകയും ചെയ്ത സംഘത്തെക്കുറിച്ച് അന്വേഷണം നടത്തണമെന്ന ആവശ്യവും ഉന്നയിച്ചതായാണ് വിവരം.

## 'ഉമ്മൻചാണ്ടിയില്ലാ വിഴിഞ്ഞം'; യു.ഡി.എഫ് പ്രതിഷേധ സംഗമം




വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട പിണറായി സർക്കാരിന്റെ ധിക്കാരത്തിനെതിരായ ജില്ലാ യു.ഡി.എഫ് പ്രതിഷേധം ചെയർമാൻ കെ ബാലനാരായണൻ ഉദ്ഘാടനം ചെയ്യുന്നു

കോഴിക്കോട്: വിഴിഞ്ഞം തുറമുഖം ഉത്ഘാടനത്തിൽ അതിന്റെ ശിൽപ്പിയായ ഉമ്മൻചാണ്ടിയെ വിസ്മരിക്കുകയും ചടങ്ങിൽ പ്രതിപക്ഷ നേതാവിനെയും യുഡിഎഫ് എംപിയെയും പങ്കെടുപ്പിക്കാതിരുന്ന പിണറായി സർക്കാരിന്റെ ധിക്കാര നടപടിയിൽ പ്രതിഷേധിച്ച് യു.ഡി.എഫ് ജില്ലാ കമ്മിറ്റി പ്രതിഷേധ സംഗമം സംഘടിപ്പിച്ചു. നടക്കാവ് മനോരമ ജംഗ്ഷനിൽ വെച്ച് നടന്ന പ്രതിഷേധ സംഗമം യു.ഡി.എഫ് ജില്ലാ ചെയർമാൻ കെ ബാലനാരായണൻ ഉദ്ഘാടനം ചെയ്തു. ജില്ലാ കൺവീനർ അഹമ്മദ് പുന്നക്കൽ അദ്ധ്യക്ഷത വഹിച്ചു. പിഎം ചന്ദ്രൻ, എസ്‌വി അർശുൽ അഹമ്മദ്, ഷെറിൽ ബാബു, എ അഹമ്മദ് കോയ, എ സഫറി, കെ.എം ഉമ്മർ,എൻ ഷാജിർ അറഫാത്ത്, ആശിഖ് പന്നിയങ്കര, പി കൃഷ്ണകുമാർ, ശ്രീജ തുടങ്ങിയവർ നേതൃത്വം നൽകി.

## കട കുത്തിത്തുറന്ന് കവർച്ച
## അന്തർ സംസ്ഥാന മോഷ്ടാവ് പിടിയിൽ



കോഴിക്കോട്: കോട്ടപറമ്പ് ഹോസ്പ്പിറ്റലിന്റെ മുൻവശമുള്ള മൂന്ന് കടകൾ കുത്തിതുറന്ന് കവർച്ച നടത്തിയ കുപ്രസിദ്ധ മോഷ്ടാവിനെ പൊലീസ് പിടികൂടി. കൊടുവള്ളി കളരാന്തിരി സക്കറിയ (41) യയാണ് സിറ്റി ക്രൈം സ്ക്വാഡും കസബ സബ്ബ് ഇൻസ്പെക്ടർ ജഗ് മോഹൻദത്തന്റെ നേതൃത്വത്തിലുള്ള കസബ പൊലീസും ചേർന്ന് പിടികൂടിയത്. മോഷണം നടന്ന കടകളിലെയും സമീപത്തെ കടകളിലെയും സി.സി.ടി.വി ദൃശ്യങ്ങൾ പരിശോധിച്ചാണ് പൊലീസ് പ്രതിയെ തിരിച്ചറിഞ്ഞത്. പ്രതി വയനാട് ബത്തേരി ഭാഗത്തുണ്ടെന്ന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ ബത്തേരിയിലെ ഒരു ലോഡ്ജിൽ ഒളിവിൽ കഴിഞ്ഞു വരവെയാണ് പ്രതിയെ കസബ പോലീസ് സബ്ബ് ഇൻസ്പെകറും സംഘവും അറസ്റ്റ് ചെയ്തത്. കഴിഞ്ഞ മാസം 6 നാണ് സക്കരിയ തിരുവനന്തപുരം സെൻട്രൽ ജയിൽ നിന്ന് ശിക്ഷ കഴിഞ്ഞ് പുറത്തിറങ്ങിയത്. ഇതിന് ശേഷമാണ് കോഴിക്കോട് എത്തി ലോഡ്ജിൽ റൂം എടുത്ത് താമസിച്ച് കോട്ടപറമ്പിലെ മൂന്ന് കടകളിൽ മോഷണം നടത്തിയത്. മോഷണത്തിന് ശേഷം സുൽത്താൻ ബത്തേരിയിൽ എത്തി ലോഡ്ജിൽ മുറിയെടുത്ത് ആർഭാട ജീവിതം നയിച്ചു വരികയായിരുന്നു.

### 150 ലധികം കേസുകളിൽ പ്രതി

കോഴിക്കോട്: അറസ്റ്റിലായ സക്കരിയ്യ നൂറ്റിഅമ്പതോളം കേസുകളിലെ പ്രതി. കേരളത്തിലെ വിവിധ പോലീസ് സറ്റേഷനുകളിലായി പ്രതിക്ക് 15 ഓളം വാറൻറുകൾ നിലവിൽ ഉണ്ട്. കടകൾ കുത്തിതുറക്കാൻ ഉപയോഗിച്ച കമ്പിപാരയും മോഷണ മുതലുകളും പോലീസ് ഇയാളിൽ നിന്ന് കണ്ടെടുത്തു.




കേരള ലോയേഴ്സ് ഫോറം ജില്ലാ കമ്മിറ്റി അഭിഭാഷകർക്കായി സംഘടിപ്പിച്ച ശില്പശാല ഡോ.എം.കെ മുനീർ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

## പുതിയ നിയമങ്ങൾ ധൃതിയിൽ നടപ്പാക്കിയത് പ്രയാസങ്ങൾ സൃഷ്ടിക്കുന്നു: എം.കെ മുനീർ

കോഴിക്കോട്: പുതുതായി നിലവിൽ വന്ന നിയമങ്ങളിൽ പൊതുജനങ്ങളുടെ ആശങ്ക ദുരീകരിക്കാൻ ആവശ്യമായ സമയം പോലും നൽകാതെ ധൃതിയിൽ നടപ്പിലാക്കിയ കാരണം നിയമ രംഗത്ത് വളരെയേറെ പ്രയാസങ്ങൾ സൃഷ്ടിക്കുന്നതായി ഡോ.എം.കെ മുനീർ എം.എൽ.എ. ഇന്ത്യയിൽ ഇന്ത്യൻ ശിക്ഷ നിയമം, ക്രിമിനൽ നടപടി നിയമം, തെളിവ് നിയമം എന്നിവക്ക് ബദലായി നിലവിൽ വന്ന നിയമങ്ങളെ സംബന്ധിച്ച് കേരള ലോയേഴ്സ് ഫോറം ജില്ലാ കമ്മിറ്റി അഭിഭാഷകർക്കായി സംഘടിപ്പിച്ച ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

അഭിഭാഷകർക്കായുള്ള സൗജന്യ കൈപുസ്തകത്തിന്റെ പ്രകാശനവും അദ്ദേഹം നിർവഹിച്ചു. ജില്ലാ പ്രസിഡന്റ് അഡ്വ.പി.സി നജീബ് അധ്യക്ഷത വഹിച്ചു. പ്രൊഫ.ബിജു, സീനിയർ ഗ്രേഡ് എപിപി സുജയ സുധാകരൻ ക്ലാസെടുത്തു. സെക്രട്ടറി അഡ്വ മുജീബ് റഹ്മാൻ കെ, അഡ്വപിഎം ഹനീഫ്, അഡ്വഎവി അൻവർ, ട്രഷറർ അഡ്വ മുഹമ്മദ് ആരിഫ്, അഡ്വ മുസ്തഫ, അഡ്വ ജലീൽ യു.കെ, അഡ്വ സൗദ, അഡ്വ.നൂർജഹാൻ, അഡ്വ. സക്കീർ, അഡ്വ. അബ്ദുറഹിമാൻ ആവിലോറ, അഡ്വ ജുനൈദ് മൂർക്കനാട് പ്രസംഗിച്ചു.

## താൽപര്യപത്രം ക്ഷണിച്ചു

കോഴിക്കോട്: പിന്നാക്ക വിഭാഗങ്ങളിൽ ഉൾപ്പെട്ട സാങ്കേതിക മേഖലയിൽ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് വാഹന നിർമ്മാണം, വിപണനം, സർവ്വീസ്, ഹോട്ടൽ വ്യവസായം, ലോജിസ്റ്റിക്സ്, പോളിമർ ഇൻഡസ്ട്രി എന്നീ മേഖലകളിൽ പരിശീലനം നൽകുന്നതിനായി പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കി വരുന്ന 'കരിയർ ഇൻ പ്രൈവറ്റ് ഇൻഡസ്ട്രി ത്രൂ പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ' എന്ന പദ്ധതിയുമായി സഹകരിക്കുവാൻ സ്വകാര്യ സംരംഭകരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും താൽപര്യപത്രം ക്ഷണിച്ചു. പരിശീലന കാലയളവ് എട്ട് മുതൽ 10 വരെ മാസമായിരിക്കും. ഒരു ഉദ്യോഗാർത്ഥിക്ക് സ്റ്റൈപ്പന്റ്, ട്യൂഷൻ ഫീ എന്നീ ഇനങ്ങളിലായി പ്രതിമാസം പരമാവധി 8000 രൂപ അനുവദിക്കും. താൽപര്യപത്രം സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 15. ഫോൺ: 04952377786.

## പ്രീ ഡിഗ്രി ബാച്ചുകാരുടെ 50-ാം വാർഷികം വേറിട്ടതായി



വടകര: മടപ്പള്ളി ഗവ. കോളജിൽ 1974-76 കാലത്ത് ഒന്നാം ഗ്രൂപ്പിൽ പഠിച്ചവർ 50 വർഷത്തിനു ശേഷം വീണ്ടും ഒത്തു ചേർന്നു. ഇന്ത്യക്കകത്തും പുറത്തും ഏറെക്കാലം ജോലിയെടുത്തും താമസിച്ചും കഴിഞ്ഞവരുടെ വർഷങ്ങൾക്കു ശേഷമുള്ള കൂടിച്ചേരൽ വികാര തീവ്രതയുള്ള അനുഭവമായി മാറി. സഹപാഠികളിൽ ഒരാളായ മലാവിയിലെ ബിസിനസുകാരനായ ജി. വിജയകുമാറിന്റെ അഭ്യർഥന മാനിച്ച് ചൊക്ലി പള്ളൂരിലെ അദ്ദേഹത്തിന്റെ ഭവനത്തിൽ പ്രത്യേകം സജ്ജമാക്കിയ പവലിയനിൽ വെച്ചാണ് കുടുംബ സംഗമം നടന്നത്.

സാഹിത്യകാരനും നാടകപ്രവർത്തകനുമായ രാജഗോപാലൻ കാരപ്പറ്റ മുഖ്യാതിഥിയായി. സി.പി വിശ്വനാഥൻ അധ്യക്ഷത വഹിച്ചു. കെ. ശശികുമാർ, ആർ വിജയം, ഉദയഭാനു, പ്രഫ. രാജൻ നെല്ലിയൂറ, എ ചന്ദ്രൻ, പ്രസന്നജിത്ത്, സി.എച്ച് ഗീത, എം സുരേഷ് ബാബു, രമേശ്, സുവർണ്ണകുമാരി, വിനോദ്കുമാർ, എം.പി വിജയൻ, വത്സല, സുന്ദർലാൽ എന്നിവർ സംസാരിച്ചു. വിവിധ കലാപരിപാടികളും അരങ്ങേറി.

# കോർപറേഷൻ സെക്രട്ടറിയെ പുറത്താക്കണം; മന്ത്രിക്ക് കത്തയച്ച് യു.ഡി.എഫ്

കോഴിക്കോട്: കോർപറേഷനിലെ അനധികൃത നമ്പർ തട്ടിപ്പ് നടത്തിയ ജീവനക്കാരെ ജോലിയിൽ തിരികെ പ്രവേശിപ്പിക്കണമെന്ന് ട്രിബ്യൂണൽ ഉത്തരവ് ഇറങ്ങിയ സാഹചര്യത്തിൽ കോർപറേഷൻ സെക്രട്ടറി കെ.യു ബിനിയെ പുറത്താക്കണമെന്നാവശ്യപ്പെട്ട് തദ്ധേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷിന് യു.ഡി.എഫ് കോർപറേഷൻ കൗൺസിൽ പാർട്ടി കത്തയച്ചു. നടപടി ക്രമങ്ങൾ പാലിക്കാതെ ജീവനക്കാരെ സസ്പെന്റ് ചെയ്തത് മൂലമാണ് പ്രതികളെ ട്രിബ്യൂണൽ കേസിൽ നിന്നൊഴിവാക്കിയതും ജോലിയിൽ തിരികെ പ്രവേശിപ്പിക്കാൻ ഉത്തരവ് നൽകിയതുമെന്ന് യു.ഡി.എഫ് കത്തിൽ ചൂണ്ടിക്കാട്ടി.

ആറ് പതിറ്റാണ്ട് ചരിത്രമുള്ള കോഴിക്കോട് കോർപ്പറേഷൻ ഭരണത്തിൽ നടന്ന ഏറ്റവും വലിയ തീവെട്ടി കൊള്ളയാണ് കെട്ടിട നമ്പർ തട്ടിപ്പ് കേസ്. ഇരുന്നൂറോളം കെട്ടിടങ്ങൾക്ക് അനധികൃത നമ്പർ നൽകിയെന്ന് മേയർ തന്നെ വ്യക്തമാക്കിയതാണ്. അനധികൃതമായി നമ്പർ നേടിയതായി സംസ്ഥാന ഓഡിറ്റ് വിഭാഗം കണ്ടെത്തിയത് 4427 കെട്ടിടങ്ങളാണ്. ഇതു സംബന്ധിച്ച വിവാദമായ കേസ് ഇപ്പോൾ നാലാം ഘട്ടത്തിൽ വിജിലൻസാണ് കൈകാര്യം ചെയ്യുന്നത്. ആദ്യം കോഴിക്കോട് ടൗൺ പോലീസും തുടർന്ന് സംസ്ഥാന ക്രൈംബ്രാഞ്ചും പിന്നീട് ജില്ലാ ക്രൈംബ്രാഞ്ചും ഇപ്പോൾ വിജിലൻസുമാണ് അന്വേഷിക്കുന്നത്. തുടക്കത്തിൽ ഉണ്ടായിരുന്ന ജാഗ്രതയും നടപടികളും തുടർന്ന് ഉണ്ടായി കാണുന്നില്ല എന്നത് നിർഭാഗ്യകരമാണെന്ന് കത്തിൽ പറഞ്ഞു.

അന്വേഷണത്തിന്റെ ഭാഗമായി 27.6. 2022 ന് ആറ് ജീവനക്കാരെ സസ്പെൻഡ് ചെയ്യുകയുണ്ടായി. അവരിൽ ചിലർ റിട്ടയർ ആയിക്കഴിഞ്ഞു. കേസുമായി അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിച്ച മഠത്തിൽ അനിൽ, സുരേഷ് എന്നിവർക്കാണ് ഇപ്പോൾ അനുകൂല വിധി ലഭിച്ചിട്ടുള്ളത്. ജീവനക്കാരെ സസ്പെൻഡ് ചെയ്യുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ ഒന്നും മുൻസിപ്പൽ ചട്ടപ്രകാരം പാലിച്ചില്ല എന്നാണ് ട്രിബ്യൂണലിന്റെ ജൂൺ 13 ലെ വിധിയിൽ പറയുന്നത്. പൂർവ്വകാല പ്രാബല്യത്തോടെ ഇവർക്ക് ആനുകൂല്യം നൽകാനും ജോലിയിൽ തിരിച്ചെടുക്കാനും ആണ് വിധിച്ചിട്ടുള്ളത്.

ആരോപണ വിധേയരായ ജീവനക്കാരെ സസ്പെൻഡ് ചെയ്യുമ്പോൾ മുൻസിപ്പൽ ആക്ട് പ്രകാരം നടപടി സ്വീകരിച്ചില്ല എന്നാണ് ട്രിബ്യൂണൽ വിധിയിൽ ചൂണ്ടിക്കാണിക്കുന്നത്. ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കാൻ കോർപ്പറേഷൻ മേയർക്കാണ് അധികാരം. അവ നടപ്പാക്കുന്നതിന്റെ ഉത്തരവാദിത്തമാണ് കോർപറേഷൻ സെക്രട്ടറിക്കുള്ളത്. എന്നാൽ ഈ കാര്യത്തിൽ സെക്രട്ടറി തീരുമാനിക്കുകയും 'ശരി'എന്ന് ഫയലിൽ മേയർ രേഖപ്പെടുത്തുകയായിരുന്നു. കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്ന അജണ്ടയിൽ ഇത് സംബന്ധിച്ച തീരുമാനമെടുക്കണം എന്ന് നിർദ്ദേശിക്കുന്നതിന് പകരം 'റിക്കാർഡ് 'എന്ന് രേഖപ്പെടുത്തിയതും ചട്ടവിരുദ്ധമാണെന്ന് വിധിയിൽ പറയുന്നു.

കൗൺസിൽ എടുക്കാത്ത തീരുമാനത്തിന് നിയമപ്രാബല്യം ഇല്ല. മാത്രമല്ല നിയമന അധികാരിയെ (തദ്ദേശസ്വയം ഭരണ വകുപ്പ് ) ചട്ട പ്രകാരം ഇത്തരം തീരുമാനങ്ങൾ അറിയിക്കേണ്ടതുണ്ട്. അങ്ങനെയും ചെയ്തിട്ടില്ല. ബഹുമാനപ്പെട്ട ട്രിബ്യൂണൽ കണ്ടെത്തിയ ഗുരുതരമായ വീഴ്ച കോർപ്പറേഷൻ സെക്രട്ടറിയുടെ ഭാഗത്താണ് ഉണ്ടായിട്ടുള്ളത്. കോർപ്പറേഷൻ മുൻസിപ്പൽ ആക്റ്റിനെ കുറിച്ച് സാമാന്യ വിവരം ഇല്ലാത്ത നടപടിയാണ് സെക്രട്ടറിയിൽ നിന്നുമുണ്ടായത്. ഈ സാഹചര്യത്തിൽ കോർപറേഷൻ സെക്രട്ടറിയെ പുറത്താക്കണമെന്ന് യുഡിഎഫ് കൗൺസിൽ പാർട്ടി ലീഡർ കെ.സി ശോഭിത, ഡെപ്യൂട്ടി ലീഡർ കെ മൊയ്തീൻ കോയ എന്നിവർ കത്തിൽ ആവശ്യപ്പെട്ടു.

## ദേശീയ പാത 66 മലബാർ ചേംബർ നിവേദനം നൽകി

കോഴിക്കോട് : ദേശീയ പാത 66 വിപുലീകരണത്തോടനുബന്ധിച്ചുള്ള വിവിധ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി, പൊതുമരാമത്ത് മന്ത്രി പി.എ. മുഹമ്മദ് റിയാസിനും, നാഷണൽ ഹൈവേ അതോറിറ്റി പ്രൊജക്റ്റ് ഡയറക്ടർ അശുതോഷ് സിൻഹക്കും മലബാർ ചേംബർ ഓഫ് കോമേഴ്സ് നിവേദനം നല്കി. പണി സമയബന്ധിതമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തുവാനും നാഷണൽ ഹൈവേ അതോരിറ്റിയടക്കമുള്ളവർക്ക് നിർദേശം നൽകുക, കരാറുകാരടക്കമുള്ളവരുടെ പ്രവർത്തനങ്ങൾ നിശ്ചിത സമയത്തിൽ ഓരോ ഘട്ടത്തിലും അവലോകനം ചെയ്യുക ബദൽ ഗതാഗതത്തിനായി കണ്ടെത്തിയ സർവീസ് റോഡ് മഴക്കാലമായതോടുകൂടി തകർന്നതിനാൽ നന്നാക്കി ഗതാഗതത്തിനനുയോജ്യമാക്കുക, നിലവിലുള്ള ട്രാഫിക് സംവിധാനത്തിൽ വരുത്തുന്ന മാറ്റങ്ങൾ യഥാസമയം എല്ലാവരെയും അറിയിക്കുവാനുള്ള സംവിധാനമുണ്ടാക്കുക തുടങ്ങിയ ആവശ്യങ്ങളാണ്ചേംബർ ഓഫ് പ്രസിഡണ്ട് എം. മെഹബൂബ് നിവേദനത്തിൽ ആവശ്യപ്പെട്ടത്

## അലിഫ് ടാലന്റ് ടെസ്റ്റ് ഉപജില്ലാ മത്സരങ്ങൾ ഇന്ന്

മലപ്പുറം : പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരത്തോടെ കേരള അറബിക് ടീച്ചേഴ്സ് ഫെഡറേഷൻ നടത്തുന്ന അലിഫ് അറബിക് ടാലന്റ് ടെസ്റ്റിന്റെ മുന്നോടിയായുള്ള ഉപജില്ലാ മത്സരം ഇന്ന് നടക്കും. എൽ.പി, യു.പി, എച്ച്.എസ്, എച്ച്.എസ്.എസ് എന്നീ നാല് വിഭാഗങ്ങളിലായിട്ടാണ് മത്സരം. സ്കൂൾതല മത്സരത്തിൽ നിന്ന് ഒന്നാം സ്ഥാനം നേടുന്ന കുട്ടികൾക്കായുള്ളതാണ് ഉപ ജില്ലാ മത്സരം. 17 ഉപജില്ലകളിലായി മുപ്പായിരം കുട്ടികൾ പങ്കെടുക്കും. ഉപജില്ലാ മത്സരത്തിന് ശേഷം 21ന് ജില്ലാതല മത്സരവും 28ന് സംസ്ഥാന മത്സരവും ഭാഷാ സമര അനുസ്മരണവും ആലപ്പുഴയിൽ നടക്കും.

## മരുന്നുകൾ തെറ്റായി ലേബൽ ചെയ്ത് വിൽപ്പന; കമ്പനിക്കെതിരെ കേസ്

മലപ്പുറം: വിൽപ്പനയിൽ അതീവ നിയന്ത്രണമുള്ള 'ഷെഡ്യൂൾ എക്സ്' വിഭാഗത്തിൽ പെട്ട മരുന്ന് 'ഷെഡ്യൂൾ എച്ച്' എന്ന് തെറ്റായി ലേബൽ ചെയ്ത് വിൽപ്പന നടത്തിയ മരുന്നു നിർമ്മാതാക്കൾക്കെതിരെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് കേസെടുത്തു. കോഴിക്കോട് റീജിയണൽ ഡ്രഗ്സ് ഇൻസ്പെക്ടർ വി.എ വനജയുടെ നേതൃത്വത്തിൽ തിരൂരിൽ വ്യാഴാഴ്ച നടത്തിയ പരിശോധനയിലാണ് തെറ്റായി ലേബൽ ചെയ്ത മരുന്നുകൾ കണ്ടെടുത്തത്. കെറ്റ്ഫ്ലിക്സ് (KETFLIX) എന്ന ബ്രാൻഡിൽ പുറത്തിറങ്ങുന്ന, അനസ്തേഷ്യക്ക് ഉപയോഗിക്കുന്ന മരുന്നായ കെറ്റാമിൻ ഇൻജക്ഷൻ ആണ് ഡ്രഗ്സ് കൺട്രോൾ വിഭാഗം പിടിച്ചെടുത്തത്. മഹാരാഷ്ട്രയിലെ വൈറ്റൽ ഹെൽത്ത് കെയർ പ്രൈ. ലിമിറ്റഡ് എന്ന കമ്പനി നിർമ്മിച്ച് തെലുങ്കാന ആസ്ഥാനമായ ഹെറ്റെറോ ഹെൽത്ത് കെയർ ലിമിറ്റഡ് എന്ന കമ്പനിയാണ് ഈ മരുന്ന് മാർക്കറ്റ് ചെയ്യുന്നത്. തിരൂരിലെ രണ്ട് സ്ഥാപനങ്ങളിൽ നിന്നാണ് മരുന്ന് പിടിച്ചെടുത്തത്. സംഭവത്തിൽ രണ്ട് കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഗുണനിലവാര പരിശോധനക്കായി സാമ്പിളുകൾ ശേഖരിക്കുകയും മരുന്നിന്റെ തുടർ വിൽപ്പന തടയുകയും ചെയ്തിട്ടുണ്ട്.
ജില്ലാ ഡ്രഗ്സ് ഇൻസ്പെകർ ഡോ. എം.സി നിഷിത്, ഡ്രഗ്സ് ഇൻസ്പെകർമാരായ ടി.എം അനസ്, ആർ. അരുൺ കുമാർ തുടങ്ങിയവർ പരിശോധനയിൽ പങ്കെടുത്തു.

**മലപ്പുറം വാർത്തകൾ**



വിഴിഞ്ഞം പദ്ധതി സാക്ഷാത്കരിച്ച വികസന നായകൻ മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിക്ക് അഭിവാദ്യമർപ്പിച്ച് യു.ഡി.എഫ് ജില്ലാ കമ്മിറ്റി മലപ്പുറത്ത് നടത്തിയ പ്രകടനം

### വിഴിഞ്ഞം വികസന നായകനെ മറന്നതിൽ

# പ്രതിഷേധമിരമ്പി

മലപ്പുറം: വിഴിഞ്ഞം പദ്ധതി സാക്ഷാത്കരിച്ച വികസന നായകൻ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്ക് അഭിവാദ്യമർപ്പിച്ച് യു.ഡി.എഫ് ജില്ലാ കമ്മിറ്റി മലപ്പുറത്ത് പ്രകടനം നടത്തി.
മുസ്‌ലിംലീഗ് ജില്ലാ ജനറൽ സെക്രട്ടറി പി അബ്ദുൽ ഹമീദ് എം.എൽ.എ, ഡി.സി.സി പ്രസിഡന്റ് വി.എസ് ജോയ്, യു.ഡി.എഫ് ചെയർമാൻ പി.ടി അജയ്മോഹൻ, കൺവീനർ അഷ്റഫ് കോക്കൂർ, ഇസ്മായിൽ മൂത്തേടം, അൻവർ മുള്ളമ്പാറ, പി.സി വേലായുധൻകുട്ടി, മധുസൂധനൻ, എൻ.എ കരീം, ബാബു മോഹനകുറുപ്പ്, ഹംസ, ടി.ഡി ജോയി, എലിക്കോട്ടിൽ ആലിക്കുട്ടി, ഗഫൂർ, എ.ജെ ആന്റണി പങ്കെടുത്തു.
തുടർന്ന് കെ.എസ്.ആർ.ടി.സി പരിസരത്ത് നടന്ന പ്രതിഷേധ യോഗം പി. അബ്ദുൽ ഹമീദ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. പി.ടി അജയ്മോഹൻ അധ്യക്ഷനായി.
വിഴിഞ്ഞം പദ്ധതി കടൽക്കൊള്ളയാണെന്ന് പരിഹസിച്ച സി.പി.എം സെക്രട്ടറിയായിരുന്ന പിണറായി വിജയൻ മുഖ്യമന്ത്രിയായപ്പോൾ ഉദ്ഘാടന ചടങ്ങിന് പ്രതിപക്ഷ നേതാക്കളെ ക്ഷണിക്കാത്തത് അൽപത്തരമാണെന്ന് പ്രതിഷേധ സംഗമം കുറ്റപ്പെടുത്തി.
പിണറായി വിജയൻ സർക്കാർ അന്വേഷണ കമ്മീഷനെ വെച്ചിട്ട് പോലും ഒരു അഴിമതി പോലും തെളിയിക്കാൻ സാധിച്ചിരുന്നില്ല. ഉമ്മൻചാണ്ടിയുടെ ഇച്ഛാശക്തിയുടെയും യു.ഡി.എഫിന്റെ കൂട്ടായ പ്രവർത്തനത്തിന്റെയും ഫലമായിരുന്ന പദ്ധതിയുടെ ഉദ്ഘാടന ചടങ്ങിൽ പ്രതിപക്ഷത്തെ മാറ്റിനിർത്തിയത് കടുത്ത ജനാധിപത്യ വിരുദ്ധമാണെന്ന് നേതാക്കൾ കുറ്റപ്പെടുത്തി.
ഉമ്മൻചാണ്ടിയെ അനുസ്മരിക്കാത്ത ചടങ്ങ് പദ്ധതിക്കുവേണ്ടി അത്യധ്വാനം ചെയ്ത മുൻ മുഖ്യമന്ത്രിയോടുള്ള കടുത്ത അനീതിയാണ്. പ്രതിപക്ഷത്തായിരുന്നപ്പോൾ പദ്ധതിയെ കുറിച്ച് ജനങ്ങളിൽ തെറ്റിദ്ധാരണ പടർത്താൻ ശ്രമിക്കുകയും തകർക്കാൻ ശ്രമിക്കുകയും ചെയ്ത ഇടതുപക്ഷം തന്നെ ഇപ്പോൾ വികസന നേട്ടമായി ഉന്നയിക്കുന്നത് പരിഹാസ്യമാണ്.

## പ്രതിപക്ഷത്തെ മാറ്റി നിർത്തിയത് ജനാധിപത്യ വിരുദ്ധം: പി അബ്ദുൽ ഹമീദ്

മലപ്പുറം: വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ട്രയൽ പരിപാടിയിൽ കേന്ദ്ര മന്ത്രിമാരും വിവിധ വിഭാഗം പ്രതിനിധികളേയും പങ്കെടുപ്പിച്ച് നടത്താൻ നേതൃത്വം നൽകിയ കേരള സർക്കാർ ഉദ്ഘാടന സദസ്സിനെ രാഷ്ട്രീയവത്കരിച്ച് പ്രതിപക്ഷത്തെ മാറ്റിനിർത്തിയത് ജനാധിപത്യവിരുദ്ധമാണെന്ന് പി. അബ്ദുൽ ഹമീദ് എം.എൽ.എ അഭിപ്രായപ്പെട്ടു. യു.ഡി.എഫ് സംസ്ഥാന വ്യാപകമായി ആഹ്വാനം ചെയ്ത സമരത്തിന്റെ ഭാഗമായി മലപ്പുറത്ത് നടന്ന പ്രതിഷേധ സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.
വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ തുടക്കക്കാരനും ആ പദ്ധതിക്കുവേണ്ടി ത്യാഗസന്നദ്ധതയോടെ പ്രവർത്തിക്കുകയും ചെയ്ത മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ പേരുപോലും മുഖ്യമന്ത്രി പരാമർശിക്കാതെ പോയി. എത്ര ഒളിപ്പിച്ച് ചെയ്താലും മറച്ചു വെച്ചാലും ജനകീയനും വികസന നായകനുമായ ഉമ്മൻ ചാണ്ടിയുടെ സ്മരണ നിറഞ്ഞു നിൽക്കുന്ന ഒന്നാണ് വിഴിഞ്ഞം പദ്ധതിയെന്ന് മലയാളികൾക്ക് ബോധ്യമായതാണ്.
വിഴിഞ്ഞം പദ്ധതിയുടെ തുടക്കത്തിൽ തന്നെ എതിർപ്പുകൾക്ക് നേതൃത്വം കൊടുത്തവരാണ് ഇന്ന് പിതൃത്വം ഏറ്റെടുക്കുന്നതെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

## കാലിക്കറ്റിൽ 340 വിദ്യാർഥികൾക്ക് അവിഹിത മോഡറേഷൻ; എല്ലാം മറക്കാൻ സർവകലാശാല

തേഞ്ഞിപ്പലം: കാലിക്കറ്റ് സർവകലാശാലയിൽ 340 വിദ്യാർഥികൾക്ക് തെറ്റായി മോഡറേഷൻ നൽകി. തെറ്റ് പൂർണമായും ബോധ്യമായിട്ടും എല്ലാം മറക്കാനാണ് പരീക്ഷാ സ്റ്റാന്റിങ് കമ്മിറ്റി. അഞ്ചാം സെമസ്റ്റർ ബികോം നവംബർ 2021 റഗുലർ സപ്ലിമെന്ററി വിദൂര വിദ്യാഭ്യാസ വിഭാഗം പരീക്ഷയുടെ ഫലത്തിൽ മോഡറേഷൻ സോഫ്റ്റ്‌വെയർ തയ്യാറാക്കിയതിലെ പിഴവുമൂലം പാസ് ബോർഡ് മിനുറ്റ്സിൽ നിന്നും വ്യത്യസ്തമായി മോഡറേഷൻ നൽകിയതായാണ് കണ്ടെത്തിയിട്ടുള്ളത്. ഇക്കാര്യത്തിൽ പരീക്ഷ സ്ഥിര സമിതിയുടെ അന്വേഷണ സമിതിയുടെ റിപ്പോർട്ട് പരിഗണിച്ച് പരീക്ഷാ കാര്യ സ്ഥിരം സമിതി തുടർനടപടികൾ നിർദേശിക്കുന്നതിന് സിൻഡിക്കേറ്റിനോട് ശുപാർശ ചെയ്തിരിക്കുകയാണ്. 2022 മെയ് 24ന് പ്രസിദ്ധീകരിച്ച അഞ്ചാം സെമസ്റ്റർ ബികോമിന്റെ റെഗുലർ സപ്ലിമെൻററി, ഇംപ്രൂവ്മെന്റ് നവംബർ 2021 പരീക്ഷയുടെ കൂടെ 2014 അഡ്മിഷൻ 2019 നവംബർ, 2015 അഡ്മിഷൻ, 2020 നവംബർ എന്നീ സെഷനുകളിൽ രജിസ്റ്റർ ചെയ്യാൻ അവസരം നൽകിയിരുന്നു.
ഈ പരീക്ഷയിൽ നവംബർ 2019 സപ്ലിമെന്ററി പരീക്ഷ എഴുതിയ ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് എന്ന വിഷയം മാത്രം എഴുതിയ ഒരു വിദ്യാർത്ഥി പുനർ മൂല്യനിർണയത്തിൽ 36 മാർക്ക് കിട്ടിയപ്പോൾ 40 മാർക്ക് കിട്ടാൻ വേണ്ടി മോഡറേഷന് അപേക്ഷിച്ചിരുന്നു. തുടർന്ന് പരീക്ഷ പാസ് ബോർഡ് മുഴുവൻ വിഷയങ്ങളും എഴുതുന്നവർക്ക് ആറുമാർക്ക് സിംഗിൾ സബ്ജക്ട് മോഡറേഷന് അനുമതിയും നൽകിയിരുന്നു.
എന്നാൽ പരീക്ഷാഫലം പ്രസിദ്ധീകരിച്ചപ്പോൾ മോഡറേഷൻ സോഫ്റ്റ്‌വെയർ തയ്യാറാക്കിയതിലെ പിഴവ്മൂലം ചില വിഷയങ്ങൾ എഴുതിയ വിദ്യാർഥികൾക്കും മോഡറേഷൻ നൽകുകയായിരുന്നു. 2014 അഡ്മിഷനിലെ 28 കുട്ടികൾക്കും 2015 അഡ്മിഷനിലെ 21 പേർക്കും 2016 -18 അഡ്മിഷനിലെ 285 വിദ്യാർഥികൾ ഉൾപ്പെടെ 334 കുട്ടികൾക്കാണ് അവിഹിതമായി മോഡറേഷൻ മാർക്ക് നൽകിയിട്ടുള്ളത്.
മോഡറേഷൻ ലഭിച്ച 167 പേർ വിജയിക്കുകയും ഇതിൽ 88 പേർക്ക് ഡിഗ്രി ഒറിജിനൽ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ട്. 2014 അഡ്മിഷൻ അനുസരിച്ച് നൽകിയത് 28 വിദ്യാർഥികൾക്കും പ്രൊവിഷണൽ സർട്ടിഫിക്കറ്റ് 14 പേർക്കും ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റ് 6 പേർക്കും നൽകി.
2015 അഡ്മിഷനിൽ മോഡറേഷൻ നൽകിയത് 21 പേർക്കും കൺസോളിഡേറ്റ് ഗ്രേഡ് കാർഡ് 18 പേർക്കും പ്രൊവിഷണൽ സർട്ടിഫിക്കറ്റ് 10 പേർക്കും ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റ് 6 പേർക്കും നൽകി. 2016- 18 അഡ്മിഷൻ 285 പേർക്ക് മോഡറേഷൻ നൽകി. ഗ്രേഡ് കാർഡ് 245 പേർക്കും പ്രൊവിഷണൽ സർട്ടിഫിക്കറ്റ് 143 പേർക്കും ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റ് 76 പേർക്കും നൽകി. ഇത്തരത്തിൽ ആകെ 334 പേർക്ക് മോഡറേഷൻ മാർക്ക് നൽകി. 290 പേർക്ക് കൺസോളിഡേറ്റ് ഗ്രേഡ് കാർഡ് നൽകി. 167 പേർക്ക് പ്രൊവിഷണൽ സർട്ടിഫിക്കറ്റ് നൽകി. 88 പേർക്ക് ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റും നൽകിയതാണ് യഥാർത്ഥ വിവരം. ഇവർ മറ്റ് കോഴ്സുകൾക്കും ജോലിക്കും ചേർന്നതിനാൽ നൽകിയ മോഡറേഷൻ തിരിച്ചു പിടിക്കേണ്ടന്നാണ് ഇപ്പോൾ പറയുന്നത്.

## കനത്ത മഴയിലും വിജയാവേശം



വോട്ടർമാർക്ക് നന്ദി പറഞ്ഞുകൊണ്ടുള്ള ഡോ. എം.പി അബ്ദുസ്സമദ് സമദാനി എം.പിയുടെ നന്ദി പ്രകടന പരിപാടി പൊന്നാനി ടൗണിൽ എത്തിയപ്പോൾ

പൊന്നാനി: തിമർത്ത് പെയ്ത മഴയിൽ പോലും പിന്മാറാതെ നൂറ് കണക്കിനാളുകൾ പൊന്നാനിയിൽ വിജയാവേശത്തിന് സാക്ഷിയായി. രണ്ടര ലക്ഷത്തോളം വോട്ടിന്റെ ഭൂരിപക്ഷത്തിൽ വിജയിപ്പിച്ച വോട്ടർമാരെ നേരിൽ കണ്ട് നന്ദി പറയാനായി പൊന്നാനി കുണ്ടുകടവ് ജങ്ഷനിൽ നിന്നും ബസ് സ്റ്റാന്റ് പരിസരത്തേക്ക് സംഘടിപ്പിച്ച ഘോഷയാത്ര പാതി വഴി പിന്നിട്ടതോടെയാണ് ശക്തമായ മഴ പെയ്തത്.
പ്രകടനത്തിൽ അണിനിരന്നവരുടെ ആത്മാർഥതയും റോഡിനിരുവശങ്ങളിലും തിങ്ങിനിറഞ്ഞ സ്ത്രീകളും കുട്ടികളുമടക്കമുള്ള ജനങ്ങളുടെ ആവേശവും ചോരാതെ നിലനിന്നതോടെ മഴയത്തും ആളുകൾ റോഡിലൂടെ പരന്നൊഴുകി. ഇതിനിടയിലൂടെ ഡോ. എം.പി അബ്ദുസ്സമദ് സമദാനി എം.പിയും ആളുകളെ അഭിവാദ്യം ചെയ്തും കുശലാന്വേഷണം നടത്തിയും നടന്ന് നീങ്ങി. കുട്ടികൾ അദ്ദേഹത്തിന്റെ കൈപിടിച്ച് സ്നേഹം ചൊരിഞ്ഞും വയോവൃദ്ധർ ചേർത്ത് നിർത്തി പ്രാർഥനാ വാക്കുകൾ ചൊല്ലിയും സമദാനിക്ക് കരുത്തേകി. മണ്ഡലം,മുനിസിപ്പൽ യു.ഡി.എഫ് നേതാക്കൾ നേതൃത്വം നൽകി.

## കുപ്രസിദ്ധ മോഷ്ടാവ് പൊലീസ് പിടിയിൽ



സഫ്‌വാൻ

താനൂർ:മുപ്പതോളം കേസുകളിൽ പ്രതിയായ കുപ്രസിദ്ധ മോഷ്ടാവ് താനൂർ പൊലീസിന്റെ പിടിയിൽ കൂട്ടായി മാസ്റ്റർപടി കാക്കോച്ചിന്റെ പുരക്കൽ സഫ്‌വാൻ (33) നെയാണ് പിടികൂടിയത്. ഏഴാം തിയ്യതി കണ്ണന്തളിയിലുള്ള വാടക ക്വാർട്ടേഴ്സിൽ താമസിക്കുന്ന പ്രായപൂർത്തി ആവാത്ത പെൺകുട്ടിയുടെ വീട്ടിൽ കടന്നു കയറി പെൺകുട്ടിയെ ലൈംഗികമായി പീഡിപ്പിക്കുകയും തുടർന്ന് പെൺകുട്ടി വിവരം ക്ലാസിലെ അധ്യാപികയെ അറിയിക്കുകയും തുടർന്ന് രക്ഷിതാക്കളും അധ്യാപകരും ചേർന്ന് താനൂർ പൊലീസിൽ പരാതി നൽകുകയും ചെയ്തു. താനൂർ പൊലീസ് പോക്സോ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചത് അറിഞ്ഞ് പ്രതി ഒളിവിൽ പോയിരുന്നു. എന്നാൽ സി.സി.ടി.വി കാമറകളുടെയും ഒട്ടനവധി മൊബൈൽ നമ്പറുകൾ ട്രെയ്സ് ചെയ്യുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രതിയെ തന്ത്രപരമായി ദേവധാർ എന്ന സ്ഥലത്ത് വെച്ച് അറസ്റ്റ് ചെയ്യുകയായിരുന്നു. താനൂർ സി.ഐ.ജെ. മാത്യു, എസ്.ഐ എൻ.ആർ സുജിത്ത്, എ.എസ്.ഐ മാരായ നിഷ, സജിനി, സി.പി.ഒമാരായ സുജിത്ത്, ലിബിൻ, സനൂപ്, രാകേഷ്, രമ്യ എന്നിവരടങ്ങിയ അന്വേഷണ സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. പ്രതിക്ക് തിരൂർ, പരപ്പനങ്ങാടി, കോഴിക്കോട് എന്നിവിടങ്ങളിൽ ഇരുപതോളം മോഷണ കേസുകളും, ഒട്ടനവധി വധശ്രമ കേസുകളും ഉള്ള ആളാണ്. പരപ്പനങ്ങാടി കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാന്റ് ചെയ്തു.

### ഭിന്നശേഷി അവാർഡ്

മലപ്പുറം: ഭിന്നശേഷി മേഖലയിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച വ്യക്തികൾക്കും/സർക്കാർ/സർക്കാരിതര സ്ഥാപനങ്ങൾക്കും സാമൂഹ്യനീതി വകുപ്പ് ഏർപ്പെടുത്തിയ സംസ്ഥാന ഭിന്നശേഷി അവാർഡിന് നോമിനേഷൻ ക്ഷണിച്ചു.
ഫോൺ: 0483 2735324

## നെറ്റ് പരീക്ഷാ സെന്ററുകൾ തിരഞ്ഞെടുക്കാൻ വിദ്യാർഥികൾക്ക് അവസരം വേണം: ഡോ. സമദാനി

കോട്ടക്കൽ: നാഷണൽ ടെസ്റ്റിങ് ഏജൻസിയുടെ റദ്ദാക്കിയ യു.ജി.സി നെറ്റ് പരീക്ഷയുടെയും മാറ്റിവെച്ച സി.എസ്.ഐ.ആർ നെറ്റ് പരീക്ഷയുടെയും പുതുക്കിയ തിയ്യതികൾ വിദ്യാർഥികൾക്ക് വലിയ രീതിയിൽ അസൗകര്യം സൃഷ്ടിക്കുന്നതാണെന്നും സൗകര്യപ്രദമായ സെന്റർ തിരഞ്ഞെടുക്കാൻ വിദ്യാർഥികൾക്ക് അവസരമൊരുക്കണമെന്നും ആവശ്യപ്പെട്ട് ഡോ. എം.പി അബ്ദുസ്സമദ് സമദാനി എം.പി കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ, ദേശീയ ടെസ്റ്റിങ് ഏജൻസി ഡയറക്ടർ ജനറൽ പ്രദീപ് സിങ് കറോള എന്നിവർക്ക് കത്തയച്ചു. പരീക്ഷയുടെ പഴയ തിയ്യതികളിൽ സൗകര്യപ്രദമായ സ്ഥലങ്ങളിൽ സെന്ററുകൾ തിരഞ്ഞെടുത്ത വിദ്യാർഥികളിൽ പലരും തുടർപഠനത്തിനും മറ്റ് ആവശ്യങ്ങൾക്കുമായി നിലവിൽ വിദൂരസ്ഥലങ്ങളിലായതിനാൽ പുതുക്കിയ സമയത്ത് അതാത് സ്ഥലങ്ങളിലെ പരീക്ഷക്കെത്തുകയെന്നത് അവരുടെ നിലവിലുള്ള പഠനത്തെ ബാധിക്കുമെന്ന് സമദാനി കത്തിലൂടെ ആവശ്യപ്പെട്ടു. പുതുക്കിയ പരീക്ഷക്ക് സൗകര്യപ്രദമായ സെന്ററുകൾ തിരഞ്ഞെടുക്കാനും വിദ്യാർഥികൾക്ക് അവസരം നൽകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.



മന്ത്രി എം.ബി. രാജേഷിന് തൊഴിലുറപ്പ്, കുടുംബശ്രീ ഫെഡറേഷൻ (എസ്.ടി.യു.) സംസ്ഥാന ഭാരവാഹികൾ നിവേദനം നൽകുന്നു

## തൊഴിലുറപ്പ്, കുടുംബശ്രീ ഫെഡറേഷൻ നിവേദനം നൽകി

മലപ്പുറം: സംസ്ഥാനത്ത് തൊഴിലുറപ്പ് തൊഴിലാളികളും കുടുംബശ്രീ അയൽകൂട്ടാംഗങ്ങളും നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്നാവശ്യപ്പെട്ട് തൊഴിലുറപ്പ് ആന്റ് കുടുംബശ്രീ ഫെഡറേഷൻ (എസ്.ടി.യു.) സംസ്ഥാന കമ്മിറ്റി, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷിന് നിവേദനം നൽകി. തൊഴിലുറപ്പ് തൊഴിലാളികളുടെ തൊഴിൽ ദിനവും വേതനവും വർധിപ്പിക്കുക, ആകർഷകമായ ക്ഷേമനിധി ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുക, പി.എഫ്, ഇ.എസ്.ഐ നടപ്പാക്കുക, ജനകീയ ഹോട്ടലുകളുടെ സാമ്പത്തികാനുകൂല്യം തുടർന്നും നൽകുക തുടങ്ങി ഇരുപതോളം കാര്യങ്ങളാണ് നിവേദനത്തിലൂടെ ആവശ്യപ്പെട്ടത്. എം.എൽ.എമാരായ പി. ഉബൈദുല്ല, എൻ.എ. നെല്ലിക്കുന്ന്, ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് എ. അഹമ്മദാജി, സംസ്ഥാന ജനറൽ സെക്രട്ടറി കെ. മൻസൂർ എന്ന കുഞ്ഞിപ്പു, സഹഭാരവാഹികളായ എം.ടി. ബഷീർ കോഡൂർ. താസ്കൻഡ് കാട്ടിശ്ശേരി, സംസ്ഥാന കമ്മിറ്റിയംഗം മൂസ പടികുത്ത് എന്നിവർ ചേർന്നാണ് നിവേദനം സമർപ്പിച്ചത്.

## ഒപ്പു മതിൽ സംഘടിപ്പിച്ചു

വിളയൂർ: ഇടതുപക്ഷ സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് കാണിക്കുന്ന നിഷേധാത്മക നിലപാടുകളിൽ പ്രതിഷേധിച്ച് ലോക്കൽ ഗവൺമെന്റ് മെമ്പേഴ്സ് ഓഫ് ലീഗിന്റെ ആഭിമുഖ്യത്തിൽ വിളയൂർ ഗ്രാമപഞ്ചായത്ത് ഓഫീസിന് മുന്നിൽ ഒപ്പ് മതിൽ സംഘടിപ്പിച്ചു.
മുസ്‌ലിംലീഗ് മണ്ഡലം ജനറൽസെക്രട്ടറി അഡ്വ.മുഹമ്മദലി മറ്റാംതടം ഉദ്ഘാടനം ചെയ്തു. ഹുസൈൻ കണ്ടെങ്കാവ് അധ്യക്ഷത വഹിച്ചു. മുബഷിറ സാബിർ, നീലടി സുധാകരൻ, ഇസ്മയിൽ വിളയൂർ, വി.പി ഉസ്മാൻ, സി.മുഹമ്മദ് കുട്ടി, പാലോളി അബ്ദുറഹ്മാൻ, യൂസഫ് മാസ്റ്റർ, ഒ.ടി സുബൈർ, ഷാഫി വരമംഗലം, വി.കെ ഇസ്മയിൽ, കബീർ തേളത്ത്, എസ്.പി റിയാസ്, കാദർ കോരക്കോട്ടിൽ സംബന്ധിച്ചു.

## മമ്പുറം നേർച്ച: ഇന്ന് ചരിത്ര സെമിനാറും പ്രാർഥനാ സംഗമവും



മമ്പുറം മഖാമിൽ നടന്ന സ്വലാത്തിൽ പങ്കെടുക്കാനെത്തിയ വിശ്വാസികൾ

തിരൂരങ്ങാടി : 186-ാം മമ്പുറം ആണ്ടുനേർച്ചയുടെ ഭാഗമായി കഴിഞ്ഞ ദിവസം മഖാമിൽ നടന്ന സ്വലാത്ത് സദസിൽ പങ്കെടുത്തത് ആയിരക്കണക്കിന് വിശ്വാസികൾ. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് മഖാമിലെത്തിയ തീർഥാടകരാൽ മമ്പുറം മഖാമും പരിസരവും നിബിഡമായി. കോഴിക്കോട് വലിയ ഖാദി സയ്യിദ് നാസർ അബ്ദുൽ ഹയ്യ് ശിഹാബ് തങ്ങൾ സ്വലാത്ത് മജ്‌ലിസിന് നേതൃത്വം നൽകി.
ഇന്ന് രാവിലെ പത്ത് മണിക്ക് 'മമ്പുറം തങ്ങളുടെ ലോകം' ചരിത്ര സെമിനാർ നടക്കും. ഡോ. അബ്ദുസ്സമദ് സമദാനി എം.പി ഉദ്ഘാടനം ചെയ്യും. ദാറുൽഹുദാ ഇസ്‌ലാമിക് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി അധ്യക്ഷനാവും. മലബാറിലെ തങ്ങൾ പാരമ്പര്യവും സാമൂഹ്യനീതിക്കായുള്ള മുന്നേറ്റങ്ങളും' എന്ന വിഷയത്തിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി ചരിത്ര വിഭാഗം അസോസിയേറ്റ് പ്രഫസർ ഡോ. കെ.എസ് മാധവൻ മുഖ്യപ്രഭാഷണം നടത്തും. 'മമ്പുറം തങ്ങളും മലബാറിലെ സമൂഹ നിർമിതിയും' വിഷയത്തിൽ ഡോ. മോയിൻ ഹുദവി മലയമ്മ, 'നാട്ടുകഥകളും തിരുശേഷിപ്പുകളും; മമ്പുറം തങ്ങളുടെ പിൽക്കാല ജീവിതം' വിഷയത്തിൽ അനീസ് ഹുദവി കംബ്ലക്കാട് പ്രബന്ധങ്ങൾ അവതരിപ്പിക്കും.
രാത്രി നടക്കുന്ന മമ്പുറം തങ്ങൾ അനുസ്മരണവും ഹിഫ്ള് സനദ് ദാനവും പ്രാർഥനാ സദസ്സും സമസ്ത കേന്ദ്ര മുശാവറ അംഗം എം.പി മുസ്തഫാ ഫൈസി തിരൂർ ഉദ്ഘാടനം ചെയ്യും.
സയ്യിദ് അലവി മൗലദ്ദവീല ഹിഫ്ളുൽ ഖുർആൻ കോളജിൽ നിന്നു ഖുർആൻ മനഃപാഠമാക്കിയ ഹാഫിളീങ്ങൾക്കുള്ള സനദ് ദാനം സമസ്ത ജന. സെക്രട്ടറി പ്രഫ. കെ ആലിക്കുട്ടി മുസ്‌ലിയാർ നിർവഹിക്കും. ദാറുൽഹുദാ വൈസ് ചാൻസലർ ഡോ.ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി അധ്യക്ഷനാകും. സമാപന ദിവസമായ 14ന് രാവിലെ എട്ട് മണി മുതൽ അന്നദാനം നടക്കും. പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യും. സയ്യിദ് അബ്ദുറഹ്മാൻ ജിഫ്രി തങ്ങൾ കോഴിക്കോട് അധ്യക്ഷനാവും. ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി, പ്രതിപക്ഷ ഉപനേതാവ് പി.കെ കുഞ്ഞാലിക്കുട്ടി, സയ്യിദ് ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ പങ്കെടുക്കും. ഉച്ചക്ക് 1.30ന് നടക്കുന്ന മൗലിദ് ഖത്മ് ദുആയോടെ മമ്പുറം ആണ്ടുനേർച്ചക്ക് പരിസമാപ്തിയാവും. സമാപന പ്രാർഥനക്ക് സമസ്ത പ്രസിഡന്റ് സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുക്കോയ തങ്ങൾ നേതൃത്വം നൽകും.
മമ്പുറം ആണ്ടുനേർച്ചയോടനുബന്ധിച്ച് നടത്തപ്പെടുന്ന മത പ്രഭാഷണ പരമ്പരയുടെ സമാപന ദിനം പാണക്കാട് സയ്യിദ് ബഷീറലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്തു. മമ്പുറം സയ്യിദ് അലവി തങ്ങൾ ജാതീയതക്കെതിരെയും സാമ്രാജ്യത്വ ബ്രിട്ടീഷുകാർക്കെതിരെയും പോരാടിയ നേതാവാണെന്ന് തങ്ങൾ പറഞ്ഞു. സി യൂസുഫ് ഫൈസി മേൽമുറി അധ്യക്ഷനായി. അബ്ദുസ്സമദ് പൂക്കോട്ടൂർ മുഖ്യപ്രഭാഷണം നടത്തി.
യു.ജി വിദ്യാർഥി സംഘടന അസാസ് പുറത്തിറക്കിയ വിശേഷം സപ്ലിമെന്റ് വി.സി.പി ബാവ ഹാജിക്കും ഡി.എസ്.യു പുറത്തിറക്കിയ സാക്ഷി കെ.കെ നാസറിനും നൽകി തങ്ങൾ പ്രകാശനം ചെയ്തു. സി.എച്ച് ത്വയ്യിബ് ഫൈസി പുതുപ്പറമ്പ്, കെ.എം സൈദലവി ഹാജി പുലിക്കോട്, യു. ശാഫി ഹാജി ചെമ്മാട്, കെ,സി മുഹമ്മദ് ബാഖവി കിഴിശ്ശേരി, ഇസ്ഹാഖ് ബാഖവി ചെമ്മാട്, ഉമറുൽ ഫാറൂഖ് ഹുദവി പാലത്തിങ്ങൽ, ഹംസ ഹാജി മൂന്നിയൂർ പങ്കെടുത്തു.



മത പ്രഭാഷണ പരമ്പരയുടെ സമാപന ദിനം പാണക്കാട് സയ്യിദ് ബഷീറലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു

## ദേശീയ ആരോഗ്യ ദൗത്യത്തിന് കീഴിൽ നിയമനം

പാലക്കാട്: ദേശീയ ആരോഗ്യ ദൗത്യത്തിന് കീഴിൽ ജില്ലയിൽ മെഡിക്കൽ ഓഫീസർ, സ്റ്റാഫ് നേഴ്സ് (പാലിയേറ്റീവ് കെയർ), ഒപ്റ്റോമെട്രിസ്റ്റ്/ഒപ്താൽമിക് അസിസ്റ്റന്റ്, ഓഡിയോളജിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് എന്നീ തസ്തികകളിലേക്ക് ജൂലൈ 19ന് കൂടിക്കാഴ്ച നടത്തുമെന്ന് ജില്ലാ പ്രോഗ്രാം മാനേജർ അറിയിച്ചു.




സമസ്ത പൊതുപരീക്ഷയിൽ ഉന്നതവിജയം നേടിയവർക്കുള്ള സൈത്തൂൻ എക്സലൻസി അവാർഡുകൾ ക്യാമ്പസ് ചെയർമാൻ സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ വിതരണം ചെയ്യുന്നു

## ഐ.ടി.ഐ പ്രവേശനം

പാലക്കാട്: മലമ്പുഴ ഗവ ഐ.ടി.ഐയിൽ അപേക്ഷ സമർപ്പിച്ച് വെരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടില്ലാത്ത അപേക്ഷകർ തൊട്ടടുത്തുള്ള ഗവ ഐ.ടി.ഐയിൽ എത്തി 15ന് വൈകീട്ട് അഞ്ചിന് മുൻപായി വെരിഫിക്കേഷൻ പൂർത്തീകരിക്കണം. വെരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടില്ലാത്തതും ഫീസ് ഒടുക്കാത്തുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

പാലക്കാട് വാർത്തകൾ

### പ്ലസ് വൺ ബാച്ച്; പാലക്കാടിന് അവഗണന

# പ്രതിഷേധം ശക്തമാക്കി എം.എസ്.എഫ് ഡി.ഡി.ഇ യെ ഉപരോധിച്ചു, അറസ്റ്റിൽ

പാലക്കാട്: പ്ലസ്‌വൺ സീറ്റ് പാലക്കാട് ജില്ലയോട് അവഗണന എം.എസ്.എഫ് ജില്ലാകമ്മിറ്റി വിദ്യാഭ്യാസ ഉപഡയറക്ടറെ പൂട്ടിയിട്ട്, നേതാക്കൾ അറസ്റ്റിൽ. സംസ്ഥാനത്തു പുതുതായി അനുവദിച്ച 138 ബാച്ചുകളിൽ പാലക്കാട് ജില്ലയെ അവഗണിച്ച് ഒരു ബാച്ച് പോലും അനുവദിക്കാത്തതിൽപ്രതിഷേധിച്ചായിരുന്നു സമരം. 350ലധികം ബാച്ച് വേണ്ട മലബാറിൽ പകുതി പോലും നൽകിയില്ല എന്നത് സർക്കാരിന്റെ ചതി തുറന്ന് കാണിക്കുന്നതാണ്. പാലക്കാട് 4,383 സീറ്റിന്റെ കുറവിലേക്ക് 87 ബാച്ച് നൽകേണ്ടിടത്ത് ഒരു ബാച്ച് പോലും അനുവദിക്കാത്തതിൽ പ്രതിഷേധിച്ചായിരുന്നു ഇന്നലെ സമരം. ജില്ലാ വിദ്യാഭ്യാസ ഓഫീസ് പൂട്ടിയിട്ടവരെ പൊലീസ് അറസ്റ്റ് ചെയ്തു. ജില്ലാ എം.എസ്.എഫ് പ്രസിഡന്റ് കെ.യു ഹംസയുടെ നേതൃത്വത്തിൽ ജില്ലാ ഭാരവാഹികളായ റാഷിഖ് കൊങ്ങത്ത്, വസീം മാലിക്, അശീഫ് കള്ളിക്കാട്, പ്രവർത്തകസമിതി അംഗങ്ങളായ ഷമീർ പൊമ്പ്ര, ഷഹനാസ് കരിമ്പ,ഫസൽ തങ്ങൾ തുടങ്ങിയവരെയാണ് അറസ്റ്റ് ചെയ്തത്.




CLICK പാലക്കാടിന് പ്ലസ് വൺ ബാച്ചുകൾ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് എം.എസ്.എഫ് ജില്ലാ കമ്മിറ്റി ഡി.ഡി.ഇ ഓഫീസിന് മുന്നിൽ സമരം നടത്തുന്നു

## പ്ലസ് വൺ ബാച്ച്: സർക്കാറിന്റേത് കുറ്റകരമായ അവഗണന: മുസ്‌ലിംലീഗ്

പാലക്കാട്: പ്ലസ് വൺ അഡ്മിഷന് മതിയായ ബാച്ചുകൾ അനുവദിക്കാതെ പാലക്കാട് ജില്ലയെ അവഗണിച്ചത് പ്രതിഷേധാർഹമാണെന്ന് മുസ്‌ലിംലീഗ് ജില്ലാ പ്രസിഡന്റ് മരക്കാർ മാരായമംഗലം, ജനറൽ സെക്രട്ടറി അഡ്വ.ടി.എ സിദ്ദീഖ് എന്നിവർ പറഞ്ഞു. 4383 അവസരം നിഷേധിക്കപ്പെട്ടെന്ന കണക്കുകൾ നിലനിൽക്കുമ്പോഴാണ് പുതിയ ഒരു ബാച്ച് പോലും ജില്ലക്ക് അനുവദിക്കാതിരുന്നത്. കാർഷിക പിന്നാക്ക ജില്ല യായ പ്രദേശത്തോട് സർക്കാർ കാണിക്കുന്ന കുറ്റകരമായ അവഗണനക്കുള്ള ഒരു ഉദാഹരണം കൂടിയാണിത്. പ്രശ്നപരിഹാരത്തിന് സർക്കാർ ഉടൻ നടപടി സ്വീകരിക്കണം. ജില്ലയിലുള്ള രണ്ട് മന്ത്രിമാർ ഇക്കാര്യത്തിൽ തുടരുന്ന മൗനം അംഗീകരിക്കാനാവില്ല. വിദ്യാഭ്യാസ പുരോഗതിക്ക് തുരങ്കം വെക്കുന്ന സർക്കാറിന്റ ഇത്തരം നീക്കങ്ങൾക്കെതിരെ ശക്തമായ പ്രക്ഷോഭ പരിപാടികൾ മുസ്‌ലിംലീഗ് സംഘടിപ്പിക്കുമെന്ന് നേതാക്കൾ പറഞ്ഞു.

# നഗരത്തിൽ കവർച്ച ആറംഗ സംഘം അറസ്റ്റിൽ

പാലക്കാട്: രാത്രികാലങ്ങളിൽ നഗരത്തിലെത്തുന്ന യാത്രക്കാരെ ആക്രമിച്ച് പണവും മൊബൈൽ ഫോണുകളും മറ്റ് വിലപിടിപ്പുള്ള വസ്തുക്കളും തട്ടുന്ന സംഘം അറസ്റ്റിൽ. ഒലവക്കോട് സ്വദേശി ശിവപ്രസാദ്(24), ശങ്കുവാരമേട് സ്വദേശി സുബിൻ(18), ആലംകോട് ഒലവക്കോട് സ്വദേശി കൃഷ്ണ(23), പുത്തൂർ സ്വദേശി അർജുൻ(20), കൽപാത്തി വലിയപാടം സ്വദേശി വിശാൽ (18) പ്രായപൂർത്തിയാകാത്ത ഒരാളെയുമാണ് പാലക്കാട് ടൗൺ സൗത്ത് പൊലീസ് അറസ്റ്റ് ചെയ്തത്. ചൊവ്വാഴ്ച രാത്രി പാലക്കാട് ടൗണിലേക്ക് എത്തിയ കൊല്ലങ്കോട് സ്വദേശിയെ ആറ് പേരടങ്ങുന്ന സംഘം മൂന്ന് ബൈക്കുകളിലായി എത്തി ആളെ അടിച്ചുവീഴ്ത്തി ആളുടെ കൈവശം ഉണ്ടായിരുന്ന 7200 രൂപയും, വിലപിടുപ്പുള്ള മൊബൈൽ ഫോണും കവർന്ന കേസിലാണ് പ്രതി അറസ്റ്റ് ചെയ്തത്. പാലക്കാട് എ.എസ്.പി അശ്വതി ജിജി യുടെ നിർദേശപ്രകാരം പാലക്കാട് ടൗൺ സൗത്ത് പൊലീസ് സബ് ഇൻസ്പെകടർ സി ഐശ്വര്യയുടെ നേതൃത്വത്തിലുള്ള പൊലീസ് സംഘമാണ് പ്രതികളെ പിടികൂടിയത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ കോടതി 14 ദിവസത്തേക്ക് റിമാന്റ് ചെയ്തു.



അർജുൺ, കൃഷ്ണ, ശിവപ്രസാദ്, സുബിൻ, വിഷാൽ

## ബസ് കാത്തുനിന്നയാളുടെ പണം തട്ടിയ സംഭവം: രണ്ട് പേർ പിടിയിൽ

പാലക്കാട്: നഗരത്തിൽ രാത്രി ബസ് കാത്തു നിന്നയാളെ തടഞ്ഞുനിർത്തി പണവും മൊബൈൽ ഫോണും കവർച്ച ചെയ്ത സംഘത്തിലെ രണ്ടുപേർ ടൗൺ നോർത്ത് പൊലീസിന്റെ പിടിയിൽ. പറക്കുന്നം സ്വദേശി ദീപക്, പ്രായപൂർത്തിയാകാത്ത മറ്റൊരാൾ എന്നിവരാണ് പിടിയിലായത്. ഞായറാഴ്ച രാത്രി ജോലി കഴിഞ്ഞു മുണ്ടൂരുള്ള വീട്ടിലേക്ക് പോകുന്നതിനായി താരേക്കാട് പിഡബ്ല്യുഡി റസ്റ്റ്ഹൗസ് സമീപത്തുള്ള സ്റ്റോപ്പിൽ ബസ് കാത്തുനിൽക്കുകയായിരുന്ന ആളെ സ്കൂട്ടറിൽ വന്ന നാലാംഗ സംഘം തടഞ്ഞുനിർത്തി ബലമായി പണവും മൊബൈൽ ഫോണും കവർന്ന കേസിലാണ് പ്രതികൾ പിടിയിലായത്. പ്രായപൂർത്തിയാകാത്തയാൾ 2023ൽ ടൗൺ സൗത്ത് പൊലീസ് സ്റ്റേഷൻ പരിധിയിൽ സമാനമായ കുറ്റകൃത്യത്തിൽ ഉൾപ്പെട്ടയാളാണെന്നും പ്രതികൾ മയക്കുമരുന്ന് ഉപയോഗിക്കുന്നവരാണെന്നും പാലക്കാട് നഗരം കേന്ദ്രീകരിച്ച് കഞ്ചാവ് വിൽപ്പന സംഘത്തിലെ കണ്ണികളാണെന്നും കണ്ടെത്താൻ കഴിഞ്ഞു. സംഭവത്തിനുശേഷം ഒളിവിൽ പോയ പ്രതികളെ ശാസ്ത്രീയ അന്വേഷണത്തിലൂടെയാണ് നോർത്ത് പൊലീസ് പിടികൂടിയത്. ടൗൺ നോർത്ത് സബ് ഇൻസ്പെക്ടർ എം.ബി രാജേഷ്, സീനിയർ സിവിൽ പൊലീസ് ഓഫീർമാരായ മനീഷ്, സുധീർ,സുജേഷ്, മണികണ്ഠദാസ്, അജേഷ്, സുധീഷ് എന്നിവരടങ്ങുന്ന സംഘമാണ് പ്രതികളെ പിടികൂടിയത്. കേസിൽ രണ്ടുപേർകൂടി പിടികൂടാനുണ്ട്.

## അലിഫ് അറബിക് ടാലന്റ് ടെസ്റ്റും ഭാഷാസമര അനുസ്മരണവും ഇന്ന്

പാലക്കാട്: കേരള സർക്കാർ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അനുമതിയോടെ സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിലെ എൽ.പി, യു.പി, ഹൈസ്ക്കൂൾ,ഹയർ സെക്കണ്ടറി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി നടത്തപ്പെടുന്ന അലിഫ് അറബിക് ടാലന്റ് ടെസ്റ്റ് ഉപജില്ലാതല മത്സരങ്ങൾ ഇന്ന് രാവിലെ പത്ത് മണി മുതൽ ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ നടക്കും. ജില്ലയിൽ നിന്നും നിയോഗിക്കപ്പെട്ട ചീഫ് ഇൻവിജിലേറ്റർമാരുടെ നേതൃത്വത്തിലാണ് ടാലന്റ് ടെസ്റ്റ് നടത്തപ്പെടുന്നത് മണ്ണാർക്കാട്: ജി.എം.യു.പി.എസ് മണ്ണാർക്കാട്, ചെർപ്പുളശ്ശേരി : എ.എൽ.പി.എസ് കച്ചേരിക്കുന്ന്, പട്ടാമ്പി: ജി.എച്ച്.എസ്.എസ് പട്ടാമ്പി, തൃത്താല: ജി.എച്ച്.എസ്.എസ് തൃത്താല, ഷൊർണൂർ: വല്ലപ്പുഴ, ഒറ്റപ്പാലം : എ.എം.എൽ.പി.എസ് പനമണ്ണ, ആലത്തൂർ: ജി.എച്ച്.എസ്.എസ് ആലത്തൂർ, കുഴൽമന്ദം: എ.യു.പി.എസ് ചെങ്ങണിയൂർ, കൊല്ലങ്കോട് : ഐ.സി.എം.എസ് പുതുനഗരം, ചിറ്റൂർ: ഐ.സി.എം.എസ് പുതുനഗരം, സ്കൂൾതല മത്സരങ്ങളിൽ ഒന്നാം സ്ഥാനം ലഭിച്ച വിദ്യാർത്ഥികൾ പങ്കെടുക്കണമെന്ന് റവന്യൂ ജില്ലാ ചെയർമാൻ അലി മാസ്റ്റർ ആര്യമ്പാവ് കൺവീനർ എം.പി ഷിഹാബ് എന്നിവർ അറിയിച്ചു. ഉപജില്ലാ കേന്ദ്രങ്ങളിൽ നടക്കുന്ന ഭാഷാസമര അനുസ്മരണ പരിപാടിയിൽ കേരള അറബിക് ടീച്ചേഴ്സ് ഫെഡറേഷൻ (കെ.എ.ടി.എഫ്) സംസ്ഥാന ജില്ലാ നേതാക്കളായ എം.ടി സൈനുൽ ആബിദീൻ, കെ.നൂറുൽ അമീൻ, മുഹമ്മദലി മിഷ്കാത്തി, കരീം മുട്ടുപാറ, അബ്ദുല്ലക്കീം മണ്ണൂർ, റസാഖ് പട്ടാമ്പി, സൽമാൻ കൂടമംഗലം, എം.ടി.എ.നാസർ, സൈതാലി പട്ടാമ്പി, എം.കെ. മുബാറക്, അബ്ദുല്ലത്തീഫ്.എം, അബ്ദുറബ്ബ് കെ.എ, ശിഹാബ് ആലത്തൂർ, കുഞ്ഞുമുഹമ്മദ് ഷൊർണൂർ, റഷീദ് പുതുക്കോട്,ഹൈദരാലി ചിറ്റൂർ എന്നിവർ സംസാരിക്കും.



CLICK പന്നിയങ്കരയിൽ അനധികൃത കരിങ്കല്ല് ഖനനത്തിനിടെ പൊലീസ് പിടികൂടിയ ടോറസ് ലോറികൾ.

## പന്നിയങ്കരയിൽ അനധികൃത കരിങ്കല്ല് ഖനനം പിടികൂടി

വടക്കഞ്ചേരി: വടക്കഞ്ചേരി പന്നിയങ്കരയിൽ നിന്നും അനധികൃത കരിങ്കല്ല് ഖനനം പിടികൂടി. പന്നിയങ്കരയ്ക്ക് സമീപത്ത് സ്വകാര്യ വ്യക്തിയുടെ പത്തേക്കറോളം സ്ഥലത്ത് അനധികൃതമായി കരിങ്കല്ല് ഖനനം നടത്തുന്നുവെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ വടക്കഞ്ചേരി പൊലീസ് നടത്തിയ പരിശോധനയിലാണ് കരിങ്കല്ല് ഖനനം പിടികൂടിയത്. ഇവിടെ നിന്നും മൂന്ന് ടോറസ് ലോറികളും ഒരു ജെ.സി.ബിയും പിടിച്ചെടുത്തു.വടക്കഞ്ചേരി എസ്.ഐ ജീഷ്മോൻ വർഗീസിന്റെ നേതൃത്വത്തിലുള്ള സംഘമാണ് വാഹനങ്ങൾ പിടിച്ചെടുത്തത്.

## സംസ്ഥാന പാത കയ്യടക്കി തെരുവുനായ്ക്കൾ

### നായ കുറുകെ ചാടി ബൈക്ക് മറിഞ്ഞ് രണ്ടുപേർക്ക് പരിക്ക്

വണ്ടിത്താവളം: പള്ളിമൊക്ക് ചുള്ളിപ്പെരുക്കമേട് സംസ്ഥാന പാതയിൽ തെരുവ് നായകളുടെ വിളയാട്ടം. കാൽനട ഇരുചക്രവാഹന സഞ്ചാരികളാണ് ഏറെ വിഷമം നേരിടുന്നത്. ഇന്നലെ ചുള്ളിപ്പെരുക്കമേട് പാറക്കളം തിരിവു റോഡിനു സമീപം നായ കുറുകെ ഓടി ബൈക്ക് മറിഞ്ഞ് രണ്ടുപേർക്ക് ഗുരുതരമായ പരിക്കേറ്റു. ഗോപാലപുരം സ്വകാര്യ ധനകാരസ്ഥാപന ജീവനക്കാരാണ് ബൈക്ക് യാത്രികർ. അപകടസ്ഥലത്തുണ്ടായിരുന്നവർ ഇരുവരെയും സ്വകാര്യ ആശുപത്രിയിലെത്തിച്ച് പ്രാഥമിക ചികിത്സ നൽകി. ഇന്നലെ രാവിലെ 12.30 നാണ് അപകടം. വണ്ടിത്താവളം സ്കൂളിലേക്ക് വിദ്യാർത്ഥികൾ ഇതുവഴി സഞ്ചരിക്കുന്നത് രക്ഷിതാക്കൾക്കൊപ്പമാണ്. പള്ളിമൊക്ക് പാലത്തിനു സമീപം മുമ്പ് രണ്ടു ബൈക്കുകൾ കൂട്ടിയിടിച്ച് നാലുപേർ മരണപ്പെട്ട അപകടം നടന്നിരുന്നു. മുന്നുപേർ സംഭവസ്ഥലത്തും ഒരാൾ ചികിത്സക്കിടെയുമാണ് മരണപ്പെട്ടത്. തെരുവുനായ കണ്ട് ബൈക്ക് വെട്ടിത്തിരിച്ചതാണ് ബൈക്കുകൾ നേർക്കുനേർ കൂട്ടിയിടിക്കാൻ കാരണമെന്നായിരുന്നു നാട്ടുകാരുടെ നിഗമനം. ടൗണിൽ വ്യാപാര സ്ഥാപനങ്ങൾക്കു മുന്നിലും നിർത്തിയിട്ട വാഹനങ്ങൾക്കടിയിലുമാണ് നായകൾ തമ്പടിക്കുന്നത്. വാഹനങ്ങൾ വരുമ്പോൾ പെട്ടെന്ന് ചാടി വീഴുന്നതാണ് അപകടത്തിനു കാരണമാവുന്നത്. മുമ്പ് പേയിളകിയ നായ പതിനഞ്ച് പേരെ കടിച്ച സംഭവം നടന്നിരുന്നു. ഇരുചക്രവാഹന യാത്രക്കാർ ചുള്ളിപ്പെരുക്കമേട് റോഡിൽ നായശല്യം ഭയന്ന് പട്ടഞ്ചേരി റോഡിൽ അധികദൂരം സഞ്ചരിച്ചാണ് തത്തമംഗലത്തെത്തുന്നത്. തെരുവുനായ പ്രശ്നത്തിൽ ബന്ധപ്പെട്ട അധികൃതർ അടിയന്തരമായി നടപടി സ്വീകരണമെന്ന ജനകീയാവശ്യം ശക്തമായിരിക്കുകയാണ്.



## ഡ്രാഗൺ ഫ്രൂട്ടും വിളഞ്ഞ് നെല്ലിയാമ്പതിയിലെ ഓറഞ്ച്ഫാമും

നെല്ലിയാമ്പതി: സർക്കാർ ഓറഞ്ച് ആൻഡ് വെജിറ്റബിൾ ഫാമിൽ പരീക്ഷണാടിസ്ഥാനത്തിൽ ആദ്യമായി ആരംഭിച്ച ഡ്രാഗൺ ഫ്രൂട്ട് കൃഷിയിൽ മികച്ച വിളവെടുപ്പ്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബിനുമോൾ വിളവെടുപ്പ് ഉദ്ഘാടനം നിർവഹിച്ചു. പ്രിൻസിപ്പൽ കൃഷി ഓഫീസർ .എം.എൻ. പ്രദീപൻ, കൃഷി ഡെപ്യൂട്ടി ഡയറക്ടർ അറുമുഖ പ്രസാദ് സംബന്ധിച്ചു. ഫാം സൂപ്രണ്ട് സാജിദലി.പി.സ്വാഗതവുംകൃഷി ഓഫീസർ ദേവി കീർത്തന നന്ദിയും പറഞ്ഞു. മലേഷ്യൻ റെഡ് എന്ന ഇനത്തിന്റെ 450 തൈകളാണ് 2023 ഏപ്രിൽ മാസത്തിൽ നട്ടത്. 750 ഗ്രാം വരെ തൂക്കം ലഭിക്കുന്നുണ്ട്. കൃഷി അസിസ്റ്റന്റുമാരായ സി.നാരായണൻകുട്ടി , മഹേഷ് വി.എസ്, വസീം ഫജ്‌ല്, കൃഷ്ണകുമാർ, ജിനേഷ്, കൃഷ്ണദാസ്, ആതിര എന്നിവർ സംസാരിച്ചു. ഫാം ഫെസ്റ്റിന് മുന്നോടിയായി വൈവിധ്യമാർന്ന ഫാം ബ്യൂട്ടിഫിക്കേഷൻ, പുതുമയുള്ള, ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനം,ഹൈടെക്, ഓപ്പൺ പ്രിസിഷൻ ഫാമിംഗ് കൃഷികൾ,ടിഷ്യൂ കൾച്ചർ ബനാന ഹർഡനിങ്, വിയറ്റ്നാം മോഡൽ കുരുമുളക് കൃഷി, വൈവിധ്യമാർന്ന മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ നിർമാണം മുതലായ പ്രവർത്തനങ്ങൾ ഫാമിൽ ഊർജിതമായി പുരോഗമിച്ചു വരുന്നു .വിവിധ ഇനം സ്വദേശി വിദേശി ഇനം പഴവർഗങ്ങളുടെയും പച്ചക്കറികളുടെയും വിത്ത് മുതൽ സംസ്കരണവും മൂല്യ വർധനയും ഉൾപ്പെടെ പഠിക്കാനും മനസ്സിലാക്കാനും പ്രായോഗിക പരിജ്ഞാനം നേടാനും പറ്റുന്ന രീതിയിൽ ഫാം ടൂറിസത്തിന്റെ ഒരു ഉത്തമ മാതൃകയാണ് നെല്ലിയാമ്പതി ഓറഞ്ച് ഫാം.



CLICK നെല്ലിയാമ്പതി ഫാമിൽ ഡ്രാഗൺ ഫ്രൂട് വിളവെടുപ്പ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബിനുമോൾ ഉദ്ഘാടനം ചെയ്യുന്നു

## ഐ.പി.പി.യു യോഗം ഇന്ന്

മണ്ണാർക്കാട്: ഇന്ത്യൻ പ്രൊജക്റ്റ് പ്രൊഫഷണൽ യൂണിയൻ (ഐ.പി.പി.യു) ജില്ലാ കമ്മിറ്റി യോഗം ഇന്ന് രാവിലെ 10മണിക്ക് കുമരംപുത്തൂർ വട്ടമ്പലം ഉബൈദ് ചങ്ങലീരി സ്മാരകാ കമ്മ്യൂണിറ്റി ഹാളിൽ നടക്കും. മുസ്‌ലിംലീഗ് സംസ്ഥാന കമ്മിറ്റിയുടെ നിയന്ത്രണത്തിൽ സർക്കാർ പ്രോജക്ടുകളിൽ താത്ക്കാലികമായി പ്രവർത്തിക്കുന്നവരുടെ കൂട്ടായ്മയാണിത്. കേരളത്തിലെ ഗവ., പൊതുമേഖല മറ്റു പ്രൊജക്ടുകളിലെ താത്കാലിക ജീവനക്കാർ, വിവിധ എൻ.ജി.ഒകളിൽ ജോലി ചെയ്യുന്നവർ, തൊഴിലുറപ്പ് പദ്ധതി – കുടുംബശ്രീ ജീവനക്കാർ, വിവിധ പദ്ധതികളിലെ റിസോഴ്സ് പേഴ്സൺമാർ, ഡ്രൈവർമാർ, പ്രൊമോട്ടർമാർ, യൂത്ത് കോർഡിനേറ്റർമാർ, സാക്ഷരത പ്രേരക്മാർ, സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ താത്കാലിക അധ്യാപകർ തുടങ്ങിയവരാണ് അംഗങ്ങൾ.

## വനിതാ വിജ്ഞാനവേദി

കൊടുവായൂർ: വിസ്ഡം ഇസ്‌ലാമിക് വിമൻസ് ഓർഗനൈസേഷൻ കൊടുവായൂർ യൂണിറ്റ് മദ്രസത്തു സലഫിയ ഹാളിൽ വനിതാ വിജ്ഞാന വേദി സംഘടിപ്പിച്ചു. വിസ്ഡം വിമൻസ് പുതുനഗരം യൂണിറ്റ് പ്രസിഡന്റ് എ.ഷംന ഉദ്ഘാടനം ചെയ്തു. യൂണിറ്റ് സെക്രട്ടറി സീനത്ത് അധ്യക്ഷത വഹിച്ചു. ഇസ്‌ലാമിക ഭവനവും മുസ്‌ലിം സ്ത്രീയും' എന്ന വിഷയത്തിൽ ഷഫീഖ് സ്വലാഹി മണ്ണാർക്കാട് പ്രഭാഷണം നടത്തി. വിസ്ഡം വിമൻസ് ആലത്തൂർ മണ്ഡലം പ്രസിഡന്റ് ഷക്കീല മൊയ്തീൻ, വിസ്ഡം ഗേൾസ് മണ്ഡലം പ്രസിഡന്റ് നിഷാന സൽമാൻ എന്നിവർ പ്രസംഗിച്ചു.




CLICK ചന്ദ്രിക സ്പെഷൽ ഡ്രൈവ് ഷൊർണൂർ നിയോജകമണ്ഡലം യോഗം ജില്ലാ മുസ്‌ലിംലീഗ് പ്രസിഡന്റ് മരക്കാർ മാരായമംഗലം ഉദ്ഘാടനം ചെയ്യുന്നു

## ചന്ദ്രിക സ്പെഷൽ ഡ്രൈവ് വിജയിപ്പിക്കും

ഷൊർണൂർ: ചന്ദ്രിക സ്പെഷൽ ഡ്രൈവ് വിജയിപ്പിക്കാൻ ഷൊർണൂർ നിയോജകമണ്ഡലം മുസ്‌ലിംലീഗ് പ്രവർത്തക സമിതി യോഗം തീരുമാനിച്ചു. ജില്ലാ പ്രസിഡന്റ് മരക്കാർ മാരായമംഗലം ഉദ്ഘാടനം ചൈതു. പ്രസിഡന്റ് പി.അബ്ദുറഹിമാൻ അധ്യക്ഷത വഹിച്ചു. ജില്ലാ ജനറൽ സെക്രട്ടറി ടി.എ സിദ്ദീക്ക്, മണ്ഡലം ജനറൽസെക്രട്ടറി എൻ.കെ ബഷീർ, യൂസഫ് ഷൊർണൂർ, സി.എ ബക്കർ, ഷുക്കൂർ ചളവറ, മുഹമ്മദ്കുട്ടി (മോട്ടി), എം.കെ നജീബ്, ടി.ഹംസ മുഹമ്മദ്, കെ.അബ്ദുസ്സലാം മാസ്റ്റർ, താഹിർ ഷൊർണൂർ, ഇബ്രാഹിം ചളവറ, ജാഫർമാരായമംഗലം, മുഹ്സിൻ ചളവറ പ്രസംഗിച്ചു.

## വനിതാലീഗ് കൺവൻഷൻ ഇന്ന്

തൃത്താല: മണ്ഡലം വനിതാ ലീഗ് കൺവൻഷൻ ഇന്ന് തൃത്താലയിൽ നടക്കും. രാവിലെ 10 ന് സംസ്ഥാന പ്രസിഡന്റ് സുഹ്റ മമ്പാട് ഉദ്ഘാടനം ചെയ്യും. നഫീസ വാകയിൽ അധ്യക്ഷതവഹിക്കും. സംസ്ഥാന ഭാരവാഹികളായ ഷംല ഷൗഖത്ത്, ഫരീദ ടീച്ചർ, ജമീല ടീച്ചർ പ്രസംഗിക്കും.

## പിണറായിയുടെ പ്ലാൻ ബി എന്നാൽ നോ പ്ലാൻ: സി.പി ജോൺ

പാലക്കാട്: സാമൂഹിക ക്ഷേമ പെൻഷൻ വിതരണം പുനരാരംഭിക്കാൻ കേരളത്തിന്റെ വികസനപദ്ധതികൾ സ്തംഭിപ്പിക്കുന്ന സർക്കാർ നയം വ്യക്തമായ ആസൂത്രണമില്ലായ്മയുടെ തെളിവാണെന്നും പിണറായിയുടെ പ്ലാൻ ബി എന്നാൽ 'നോ പ്ലാൻ' എന്നാണ് മനസ്സിലാക്കേണ്ടതെന്നും സി.എം.പി ജനറൽസെക്രട്ടറി സി.പി ജോൺ. സി.എം.പി ജില്ലാ പ്രവർത്തക കൺവൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജില്ലാസെക്രട്ടറി പി.കലാധരൻ അധ്യക്ഷനായി. സംസ്ഥാന അസിസ്റ്റന്റ് സെക്രട്ടറി കെ.എ കുര്യൻ, സംസ്ഥാന കൗൺസിൽ അംഗങ്ങളായ എസ്.അനിൽകുമാർ, കെ.അരവിന്ദാക്ഷൻ, കെ.സുമ, ജില്ലാ കമ്മിറ്റി അംഗങ്ങളായ കുഞ്ഞുമോൻ, രവി മണ്ണടി, പി.കെ ഭക്തൻ, എ.ദിലീപ് കുമാർ, ഹരിദാസ്, രാധാകൃഷ്ണൻ എന്നിവർ സംസാരിച്ചു. ജില്ലയിൽ നൂറു കുടുംബയോഗങ്ങൾ നടത്താൻ കൺവൻഷൻ തീരുമാനിച്ചു.




CLICK സി.എം.പി പാലക്കാട് ജില്ലാ പ്രവർത്തക കൺവെൻഷൻ ജനറൽ സെക്രട്ടറി സി.പിജോൺ ഉദ്ഘാടനം ചെയ്യുന്നു

## ദർഘാസ് ക്ഷണിച്ചു

പാലക്കാട്: ജില്ല ടി.ബി സെന്ററിലേക്ക് ലാബ് റീഏജന്റുകൾ, ലാബ് കൺസ്യൂമബിൾസ് എന്നിവ വാങ്ങുന്നതിലേക്കായി ദർഘാസ് ക്ഷണിച്ചു. അവസാന തീയതി ഓഗസ്റ്റ് രണ്ടിന്. വിവരങ്ങൾക്ക് പാലക്കാട് ജില്ല ടി.ബി സെന്റർ ഓഫീസുമായി ബന്ധപ്പെടണമെന്ന് ജില്ല ടി.ബി ഓഫീസർ അറിയിച്ചു. ഫോൺ: 0491 2529545, 7593843506.

## റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു

പാലക്കാട്: കേരള പബ്ലിക് സർവീസ് കമ്മീഷൻ ജില്ലയിൽ ഭാരതീയ ചികിത്സാ വകുപ്പിൽ ഫാർമസിസ്റ്റ് ഗ്രേഡ് 2 (സിദ്ധ) തസ്തികയിൽ (കാറ്റഗറി നം.719/2022) നിയമനത്തിനായി 2023 ഡിസംബർ 14ന് നടത്തിയ ഓൺലൈൻ പരീക്ഷയുടെ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചതായി ജില്ല ഓഫീസർ അറിയിച്ചു.

## ക്രൈസ്റ്റ് കോളജിൽ സംഘർഷം; 9 വിദ്യാർത്ഥികളെ സസ്പെന്റ് ചെയ്തു

ഇരിങ്ങാലക്കുട: ക്രൈസ്റ്റ് കോളജിൽ സംഘർഷത്തെ തുടന്ന് ഒൻമ്പത് വിദ്യാർത്ഥികളെ സസ്പെന്റ് ചെയ്തു. കോളജിലെ ഹോസ്റ്റലിൽ താമസിക്കുന്ന വിദ്യാർത്ഥികളും മറ്റ് വിദ്യാർത്ഥികളുമായാണ് സംഘർഷം നടന്നത്.

കഴിഞ്ഞ ദിവസം ഇരു കൂട്ടരും തമ്മിൽ തുറിച്ച് നോക്കിയെന്ന് പറഞ്ഞ് ചെറിയ തോതിൽ സംഘർഷം നടന്നിരുന്നു. ഇതിന്റെ തുടർച്ചയായാണ് ഇന്നലെ ഗാർഡൻ ഏരിയയിലും പിന്നീട് കോളേജിന് മുന്നിലെ റോഡിലുമായി ചേരി തിരിഞ്ഞ് വിദ്യാർത്ഥികൾ ഏറ്റുമുട്ടുകയായിരുന്നു. മൂർച്ചയുള്ള ആയുധം കൊണ്ടുള്ള ആക്രമണത്തിൽ മൂന്നാം വർഷ വിദ്യാർത്ഥിയായ മലപ്പുറം സ്വദേശിയ സിനാൻ എന്ന വിദ്യാർഥിയ്ക്ക് കൈയ്ക്ക് പരിക്കേറ്റു.

സംഭവത്തിൽ കോളേജ് അധികൃതർ സി സി ടി വി ദൃശ്യങ്ങളുടെ അടിസ്ഥാനത്തിൽ 9 വിദ്യാർത്ഥികളെ സസ്പെന്റ് ചെയ്തു. ഇരിങ്ങാലക്കുട പൊലീസിൽ പരാതി നൽകിയതിനെ തുടർന്ന് കോളേജ് അദ്ധ്യാപകരെ വിശദമായ സംഭവത്തിൽ കൂടുതൽ വിദ്യാർഥികൾ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് അന്വേഷണത്തിന് ചുമതലപെടുത്തിയിട്ടുണ്ട്. റോഡിൽ വച്ച് നടന്ന സംഘർഷത്തിന്റെ വിഡിയോ ദൃശ്യങ്ങളും പുറത്ത് വന്നിട്ടുണ്ട്.

## കേച്ചേരിയിൽ പുലിയുടെ സാദൃശ്യമുള്ള ജീവിയെ കണ്ടെത്തി

കേച്ചേരി: പുലിയുടെ സാദൃശ്യമുള്ള ജീവിയെ കണ്ടെത്തി. കഴിഞ്ഞ ദിവസം അൽ അമീൻ ഹയർ സെക്കന്ററി സ്ക്കൂളിനു പുറകു വശത്തെ റോഡിലൂടെ നടന്നു നീങ്ങുന്ന ദൃശ്യമാണ് പരിസരത്തെ വീട്ടിലെ ക്യാമറയിൽ പതിഞ്ഞത്. ഗൾഫിലുള്ള കുടുംബനാഥൻ വീട്ടിലേക്ക് ഓൺലൈനിൽ വിളിക്കാൻ ശ്രമിക്കുന്നതിനിടെയാണ് പുലിയെന്നു സംശയിക്കുന്ന ജീവിയുടെ ദൃശ്യം കണ്ടത്. ഉടനെ ഗൾഫിലുള്ള സുഹൃത്തുക്കൾക്ക് ക്യാമറ ദൃശ്യം കൈമാറിയതോടെ നാട്ടിൽ പരത്തുകയായിരുന്നു. പുലിയെന്നു സംശയിക്കുന്ന ജീവിയെ കണ്ട പ്രദേശം ജനസാന്ദ്രത ഉള്ളതിനാൽ എല്ലാവരും പുറത്തിറങ്ങാൻ ഭയപ്പെടുന്നുണ്ട്.

## തൃശൂർ വാർത്തകൾ

# കടക്ക് പുറത്ത്; മേയറോട് കടുപ്പിച്ച് സി.പി.ഐ

തൃശൂർ: കോർപറേഷൻ മേയർക്ക് സി.പി.ഐ പിന്തുണയില്ലെന്നും മേയർ രാജി വെയ്ക്കണമെന്നും ആവശ്യപ്പെട്ട് എൽ.ഡി.എഫ് ലോകസഭ സ്ഥാനാർത്ഥി വി.എസ് സുനിൽകുമാർ വീണ്ടും രംഗത്തുവന്നതോടെ സി.പി.ഐ നേതൃത്വം നിലപാട് കടുപ്പിക്കുകയാണെന്ന് വ്യക്തം.

തിരഞ്ഞെടുപ്പ് കാലത്ത് എൽ.ഡി.എഫിനുവേണ്ടി പ്രവർത്തിക്കാതിരുന്ന മേയർ പിന്നിൽ നിന്നും ചതിക്കുകയായിരുന്നു. മേയറുടെ കാര്യത്തിൽ എൽ.ഡി.എഫ് തീരുമാനം എടുക്കണം. സി.പി.ഐയുടെ തീരുമാനവും തന്റെ വ്യക്തിപരമായ തീരുമാനവും എം.കെ വർഗീസിനെ മേയർ സ്ഥാനത്തുനിന്നും മാറ്റണമെന്നാണെന്നും വി.എസ് സുനിൽകുമാർ യാതൊരു അർത്ഥശങ്കക്കിടയില്ലാത്തെയാണ് വ്യക്തമാക്കിയത്.

തുടർച്ചയായി സുരേഷ് ഗോപിയെ പുകഴ്ത്തികൊണ്ടിരക്കുന്ന തൃശൂർ മേയർ എം.കെ വർഗീസ് രാജിവെച്ച് പുതിയ മേയർക്ക് പിന്തുണ നൽകണമെന്ന് ആവശ്യപ്പെട്ട് ഒരാഴ്ചമുൻപ് സി.പി.ഐ ജില്ലാ സെക്രട്ടറി കെ.കെ വത്സരാജും മാധ്യമ പ്രവർത്തകരെ കണ്ടിരുന്നു. ഇടതുപക്ഷം പിന്തുണയ്ക്കുന്ന തൃശൂർ കോർപറേഷൻ മേയറുടെ ബി.ജെ.പി അനുകൂല നിലപാട് പ്രതിഷേധാർഹമാണ്. ബി.ജെ.പി എം പി സുരേഷ്ഗോപിയോടുള്ള ആരാധനയും അതിലൂടെ ബി.ജെ.പി രാഷ്ട്രീയത്തെ പ്രെമോട്ട് ചെയ്യുന്ന നടപടിയും ഇടതുപക്ഷം പിന്തുണയ്ക്കുന്ന മേയർ ഒരിക്കലും ചെയ്യാൻ പാടില്ലാത്തതാണെന്ന് കെ.കെ വത്സരാജ് മാധ്യമങ്ങളോട് പറഞ്ഞിരുന്നു. നിശ്ചിത കാലയളവിനുശേഷം സ്ഥാനം ഒഴിഞ്ഞ് ഇടതുപക്ഷ ജനാധിപത്യ മുന്നണി മുന്നോട്ടു വെയ്ക്കുന്ന പകരം സംവിധാനത്തെ പിന്തുണയ്ക്കണമെന്ന ധാരണ മേയർ നടപ്പാക്കിയില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ രാഷ്ട്രീയം അംഗീകരിച്ച് അതിന്റെ പിന്തുണ സ്വീകരിക്കുന്ന മേയറാണ് താനെന്ന് ആവർത്തിച്ചു പറയുന്ന അദ്ദേഹം, മേയർ പദവിയൊഴിഞ്ഞ് ഇടതുപക്ഷത്തിന്റെ പുതിയ മേയർക്ക് പിന്തുണ നൽകണമെന്ന് കെ കെ വത്സരാജ് പറഞ്ഞു.

എന്നാൽ ഇതിനുശേഷവും മിണ്ടാതിരിക്കുന്ന സി.പി.എം നേതൃത്വത്തെ കൂടുതൽ സമ്മർദ്ദത്തിലാക്കുകയെന്ന ലക്ഷ്യത്തോടെ തന്നെയാണ് വി.എസ് സുനിൽകുമാറിനെ രംഗത്തിറക്കി സി.പി.ഐ കളം ചൂടുപിടിപ്പിക്കുന്നത്.

## ഗുരുവായൂരിൽ പേപ്പർ-പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾക്ക് നിയന്ത്രണം

ഗുരുവായൂർ: ഒറ്റത്തവണ ഉപയോഗമുള്ള ഉത്പന്നങ്ങളുടെ വില്പനയും ഉപയോഗവും നഗരസഭാ പരിധിയിൽ നിർത്തലാക്കാൻ തീരുമാനിച്ചു. നഗരസഭാ ചെയർമാൻ എം. കൃഷ്ണദാസിൻറെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് തീരുമാനം. ആരോഗ്യ പ്രവർത്തകർ, വ്യാപാരി സംഘടന പ്രതിനിധികൾ, ഹരിതകർമ്മ സേന കൺസോർഷ്യം അംഗങ്ങൾ, ഹോട്ടൽ, ലോഡ്ജ് അസോസിയേഷൻ പ്രതിനിധികൾ, പൂക്കച്ചവടക്കാർ പങ്കെടുത്തു. ആഗ.15 മുതൽ പേപ്പർ, പ്ലാസ്റ്റിക്, തെർമോകോൾ എന്നിവ കൊണ്ടുള്ള കപ്പ്, പ്ലേറ്റ്, ഐസ് ക്രീം ബൗളുകൾ എന്നിവ വില്പനയും ഉപയോഗവും കുറ്റമായി കണക്കാക്കും.



വെങ്കിടങ്ങ് കെ.എസ്.ഇ.ബി ഓഫീസർക്ക് മുസ്‌ലിം ലീഗ് പഞ്ചായത്ത് കമ്മിറ്റി നിവേദനം സമർപ്പിക്കുന്നു

## നിവേദനം നൽകി

വെങ്കിടങ്ങ്: വൈദ്യുത ലൈനിലേക്ക് ചാഞ്ഞു നിൽക്കുന്ന വൃക്ഷ ശിഖിരങ്ങൾ മുറിച്ച് അവിടെ തന്നെ ഉപേക്ഷിച്ചു പോവുന്ന കെ.എസ്.ഇ.ബിയുടെ തെറ്റായ പ്രവണതക്കെതിരെയും ഇതിൽ ശാസ്ത്രീയ മാർഗങ്ങൾ അവലംബിക്കണം എന്നാവശ്യപ്പെട്ടു കൊണ്ടും മുസ്‌ലിം ലീഗ് വെങ്കിടങ്ങ് പഞ്ചായത്ത് ജനറൽ സെക്രട്ടറി മുഹ്സിൻ മാസ്റ്റർ, സെക്രട്ടറി ഹബീബ് പാടൂർ എന്നിവർ കെ.എസ്.ഇ.ബി അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിവേദനം നൽകി.

നാട്ടിൻ പുറങ്ങളിൽ വൈദ്യുത ലൈനിലേക്ക് ചാഞ്ഞ് നിൽക്കുന്ന വൃക്ഷങ്ങളുടെ ശിഖിരങ്ങൾ കെ എസ് ഇ ബി യുടെ നേതൃത്വത്തിൽ മുറിച്ച് മാറ്റുന്നത് മൺസൂൺ കാലത്ത് സ്വാഭാവികമാണ്. പക്ഷെ ആ മുറിക്കപ്പെട്ട ചില്ലകൾ മുറിച്ചിടത്ത് തന്നെ ഉപേക്ഷിച്ച് കാനകളിലെ വെള്ളത്തിന്റെ ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന രീതിയിൽ വ്യാപകമായി വെങ്കിടങ്ങ് പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ വെള്ളക്കെട്ട് രൂപപ്പെടുകയും വിദ്യാർത്ഥികൾക്കും കാൽ നടന്ന യാത്രക്കാർക്കും ദുരിതം പേറേണ്ടി വരികയും ചെയ്തു. മഴക്കാലത്തിന്റെ മുന്നോടിയായി കാനകൾ വൃത്തിയാക്കുന്ന പ്രവൃത്തികൾ ഒരു ഭാഗത്തും ഇത് പോലെ വേയ്സ്റ്റുകൾ വെട്ടിയിട്ട് കാനകൾ നിറക്കുന്ന പ്രവൃത്തികൾ മറുഭാഗത്തും നടത്തുന്നത് നീതീകരിക്കാവുന്നതല്ലെന്നും നിവേദനത്തിൽ പറയുന്നു.

## ഡി.ടി.പി ഫോട്ടോസ്റ്റാറ്റ് വർക്കേഴ്സ് ആൻഡ് ഓണേഴ്സ് അസോസിയേഷൻ സംസ്ഥാന സമ്മേളനം

തൃശൂർ: ഇന്റർനെറ്റ്, ഡി.ടി.പി.. ഫോട്ടോസ്റ്റാറ്റ് വർക്കേഴ്സ് ആൻഡ് ഓണേഴ്സ് അസോസിയേഷൻ സംസ്ഥാന സമ്മേളനം 13, 14 തീയതികളിൽ ജവഹർ ബാലഭവനിൽ നടക്കുമെന്ന് സംഘാടകർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. നാളെ രാവിലെ 10ന് ജവഹർ ബാലഭവനിൽ നടക്കുന്ന കൺവെൻഷൻ പി.ബാലചന്ദ്രൻ എം.എൽ.എ ഉദ്ഘാടനം ചെയും.

സംസ്ഥാന പ്രസിഡണ്ട് കെ.ജി സെൽമാ ബായി അദ്ധ്യക്ഷത വഹിക്കും. വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ ജന.സെക്രട്ടറി എൻ.ആർ വിനോദ് കുമാർ, സി.എസ്.സി തൃശൂർ ജില്ലാ മാനേജർ ബ്രിട്ടോ ജോയ്സ് തുടങ്ങിയവർ പങ്കെടുക്കും. മേഖലയിൽ പ്രവർത്തിക്കുന്ന സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി നാനൂറോളം പ്രതിനിധികൾ കൺവെൻഷനിൽ പങ്കെടുക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു. ഐ.ടി വിഭാഗത്തിൽ പ്രവർത്തിക്കുന്ന അസംഘടിത സമൂഹത്തെ ഒന്നിച്ച് നിർത്തി അർഹതയുള്ളതും ന്യായമായ അവകാശങ്ങൾ നേടിയെടുക്കുന്നതുമായ ലക്ഷ്യത്തിലാണ് സംഘടന പ്രവർത്തിക്കുന്നത്. വാർത്താ സമ്മേളനത്തിൽ ഐ.ഡി.പി.ഡബ്ലിയു.ഒ.എ സംസ്ഥാന പ്രസിഡണ്ട് കെ.ജി സെൽമാ ബായി, ജനറൽ സെക്രട്ടറി രാജൻ പൈക്കാട്ട്, സംഘാടക സമിതി പബ്ലിസിറ്റി ചെയർമാൻ ശംസുദ്ദീൻ വാത്യേടത്ത്, ജില്ലാ പ്രസിഡന്റ് സോമൻ വർഷ, സെക്രട്ടറി സുരേഷ് മണ്ടത്ര തുടങ്ങിയവർ പങ്കെടുത്തു.



ജലശുദ്ധീകരണ സാങ്കേതിക വിദ്യയെ വിദ്യാർത്ഥികൾ പരിചയപ്പെടുത്തുന്നു

## മലിനജലശുദ്ധീകരണത്തിന് നവീനമാതൃകയുമായി റോയൽ എഞ്ചിനീയറിംഗ് കോളജ് വിദ്യാർത്ഥികൾ

കുന്നംകുളം: ശുദ്ധജലത്തിന്റെ ദൗർലഭ്യതയും, മലിനജലത്തിന്റെ ആധിക്യവും വർദ്ധിച്ചുവരുന്ന കാലഘട്ടത്തിൽ മലിനജലം ശുദ്ധീകരിച്ച് പാചകം ചെയ്യാനും, കുടിക്കാനും ഒഴികെയുള്ള എല്ലാ ആവശ്യങ്ങൾക്കും ഉപയോഗിക്കാവുന്ന രീതിയിൽ ജലം ശുദ്ധീകരിക്കുന്ന നൂതന സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്തിരിക്കുകയാണ് ആക്കിക്കാവ് റോയൽ എൻജിനീയറിങ് കോളജ് വിദ്യാർത്ഥികൾ.

ആശുപത്രികളിലാണ് വലിയ തോതിൽ മലിനജലം അനുദിനം പുറന്തള്ളപ്പെടുന്നതെന്നും . ഇതു ശുദ്ധീകരിച്ചെടുക്കുകയാണെങ്കിൽ ഫ്ലഷിംഗിനും, പൂന്തോട്ട പരിപാലനത്തിനും മറ്റ് ആവശ്യങ്ങൾക്കും പ്രയോജനപ്പെടുത്തി കുടിവെള്ളത്തിന്റെ ഉപയോഗം പരമാവധി ലാഭിക്കാമെന്നും വിദ്യാർത്ഥികൾ പറയുന്നു. അക്കിക്കാവ് റോയൽ എഞ്ചിനീയറിംഗ് കോളേജ് സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ അബ്ദുൽ ഹാദി, കുത്ബുദ്ധീൻ, അരവിന്ദ് എൻ അജയ്, ഫർസാന പി.ആർ. ഫാത്തിമ സൻഹ, നിള പി.എ എന്നീ വിദ്യാർത്ഥികൾ വകുപ്പ് മേധാവിയായ ഡി.സിയാലക്ഷ്മിയുടെ കീഴിൽ എം.ബി.ബി.ആർ സാങ്കേതികവിദ്യയിൽ അതിഷ്ഠിതമായി പ്രവർത്തിക്കുന്ന മലിനജലശുദ്ധീകരണ പ്ലാൻറിനാണ് രൂപകൽപ്പന നൽകിയിരിക്കുന്നത് .ഹോസ്പിറ്റലിൽ പദ്ധതിയുടെ ആദ്യമോഡൽ അവതരിപ്പിച്ചു. ഒരു ദിവസം ആയിരം കിലോലിറ്റർ ആശുപത്രിമലിനജലം ശുദ്ധീകരിക്കുന്ന പ്ലാന്റിന്റെ രൂപകൽപ്പന ഏറെ ജനശ്രദ്ധ നേടിയിട്ടുണ്ട്.



എം.എസ്.എഫ് സ്കൂൾ തല മെമ്പർഷിപ്പ് ക്യാമ്പയിൻ ജില്ലാ തല ഉദ്ഘാടനം വെന്മേനാട് എം.എ.എസ്.എം സ്കൂളിൽ വിദ്യാർത്ഥി ഉമർ ഹംദിക്ക് നൽകികൊണ്ട് ജില്ലാ പ്രസിഡന്റ് ആരിഫ് പാലയൂർ നിർവഹിക്കുന്നു

## എം.എസ്.എഫ് സ്കൂൾ തല മെമ്പർഷിപ്പ് ക്യാമ്പയിന് തുടക്കം

പാവറട്ടി: ഐക്യം, അതിജീവനം, അഭിമാനം എന്ന മുദ്രാവാക്യം ഉയർത്തി പിടിച്ചു കൊണ്ട് എം എസ് എഫ് സ്കൂൾ തല മെമ്പർഷിപ്പിന് തുടക്കം കുറിച്ചു.

തൃശൂർ ജില്ലാ തല ഉദ്ഘാടനം വെന്മേനാട് എം.എ.എസ്.എം സ്കൂളിൽ വിദ്യാർത്ഥി ഉമർ ഹംദിക്ക് മെമ്പർഷിപ്പ് നൽകികൊണ്ട് ജില്ലാ പ്രസിഡന്റ് ആരിഫ് പാലയൂർ നിർവഹിച്ചു.

ജില്ലാ കമ്മിറ്റി അംഗങ്ങളായ സുഹൈൽ നാട്ടിക, നിഹാൽ നൗഷാദ്, ഉമർ ഹനി കെ എ, മുഹമ്മദ് സഹീർ എൻ കെ , അബ്ദുൽ ഫഹീം, അനസ്, സ്കൂൾ വിദ്യാർത്ഥികൾ എന്നിവർ പങ്കെടുത്തു.



മീഡിയ അക്കാദമിയും പ്രസ്ക്ലബ്ബും സംഘടിപ്പിച്ച കെ.എസ്. പ്രവീൺകുമാർ ഫോട്ടോ പ്രദർശനവും അവാർഡ് വിതരണ സമ്മേളനവും മന്ത്രി ഡോ. ആർ. ബിന്ദു ഉദ്ഘാടനം ചെയ്യുന്നു.

## ക്യാമറയെ മനുഷ്യപക്ഷത്ത് നിർത്തുന്ന സമരായുധമാക്കണം: മന്ത്രി ആർ. ബിന്ദു

തൃശൂർ: സമൂഹത്തിന്റെ മൂന്നാംകണ്ണായ ക്യാമറയെ മനുഷ്യപക്ഷത്ത് നിർത്തുന്ന സമരായുധമാക്കി മാറ്റാൻ ഫോട്ടോഗ്രാഫർമാർ ശ്രമിക്കണമെന്ന് മന്ത്രി ഡോ. ആർ. ബിന്ദു പറഞ്ഞു.

കേരള മീഡിയ അക്കാദമി തൃശൂർ പ്രസ്ക്ലബ്ബുമായി സഹകരിച്ച് നടത്തുന്ന ദേശാഭിമാനി ചീഫ് ഫോട്ടോഗ്രാഫറായിരുന്ന അന്തരിച്ച കെ.എസ് പ്രവീൺകുമാറിന്റെ ചിത്രങ്ങളുടെ പ്രദർശനത്തോടനുബന്ധിച്ച് സാഹിത്യ അക്കാദമി ഹാളിൽ നടത്തിയ സമ്മേളനവും പ്രഥമ ഫോട്ടോഗ്രാഫി അവാർഡും വിതരണം ചെയ്ത് പ്രസംഗിക്കുകയായിരുന്നു മന്ത്രി.

പ്രഥമ പ്രവീൺകുമാർ അവാർഡ് നേടിയ ന്യൂ ഇന്ത്യൻ എക്സ്പ്രസ് പ്രിൻസിപ്പൽ ഫോട്ടോഗ്രാഫർ എ. സനേഷിന് മന്ത്രി പുരസ്കാരം സമ്മാനിച്ചു. സംവിധായകൻ പ്രിയനന്ദനൻ പ്രദർശനം ഉദ്ഘാടനം ചെയ്തു. മീഡിയ അക്കാദമി വൈസ് ചെയർമാൻ ഇ.എസ്. സുഭാഷ് അധ്യക്ഷത വഹിച്ചു. പി. ബാലചന്ദ്രൻ എംഎൽഎ, മീഡിയ അക്കാദമി സെക്രട്ടറി അനിൽ ഭാസ്കർ, അവാർഡ് കമ്മിറ്റി കൺവീനർ റസൽ ഷാഹുൽ, പ്രസ് ക്ലബ് പ്രസിഡന്റ് ഒ. രാധിക, സെക്രട്ടറി പോൾ മാത്യു, പ്രവീൺ കുമാറിന്റെ ഭാര്യ ഡോ. രത്ന കുമാരി എന്നിവർ സംസാരിച്ചു.

പ്രവീൺ കുമാർ ക്യാമറയിൽ പകർത്തിയ ലക്ഷകണക്കിന് ചിത്രങ്ങളിൽ വിരലിലെണ്ണാവുന്നവ മാത്രമാണ് പ്രദർശനത്തിലുള്ളതെങ്കിലും അവയെല്ലാം കഴിഞ്ഞുപോയ കാലഘട്ടത്തെ സൂചിപ്പിക്കുന്നവയാണ്. ഓരോ ഫ്രെയിമുകൾക്കും ഓരോ കഥപറയാനുണ്ട്. ദുരന്തത്തെ അതിജീവിച്ച ജനതയുടെ.. സമരകാലങ്ങളുടെ.. തെരുവിന്റെയും കലയുടെയും തുടങ്ങി ഓരോ ഫ്രെയിമുകളും കഴിഞ്ഞ കാലത്തിന്റെയും പ്രവീണിന്റെയും കഥകൾ പറയുകയാണ്.കലോത്സവ വേദികൾ, സമ്മേളനങ്ങൾ, കായിക മേളകൾ, തെരുവുകൾ, സമരമുഖങ്ങൾ തുടങ്ങി കഴിഞ്ഞ കാൽ നൂറ്റാണ്ടുകാലം പ്രവീൺ പകർത്തിയവയിൽ 100 ചിത്രങ്ങളാണ് പ്രദർശനത്തിലുള്ളത്.

യാത്രാചിത്രങ്ങളും പോർട്രെയിറ്റുകളും ഗ്രാമഭംഗിയും ഇവയിലുണ്ട്. മൂന്നു ദിവസം നീണ്ടുനിൽക്കുന്ന പ്രദർശനം ഞായറാഴ്ച സമാപിക്കും. രാവിലെ 9.30 മുതൽ വൈകീട്ട് 6.30 വരെയാണ് പ്രദർശനം.



വൈദ്യരത്നം ഗ്രൂപ്പിന്റെ സ്ഥാപകദിനാഘോഷം യുണൈറ്റഡ് നേഷൻസ് ജി20 ഗ്ലോബൽലാൻഡ് ഇനിഷ്യേറ്റീവ് ഡയറക്ടർ ഡോ. മുരളി തുമ്മാരുകുടി ഉദ്ഘാടനം ചെയ്യുന്നു

## നിർമിതബുദ്ധി ആയുർവേദത്തിന് മുതൽകൂട്ടാകും: മുരളി തുമ്മാരുകുടി

തൃശൂർ: വൈദ്യരത്നം ഗ്രൂപ്പിന്റെ സ്ഥാപകദിനാഘോഷം യുണൈറ്റഡ് നേഷൻസ് ജി20 ഗ്ലോബൽ ലാൻഡ് ഇനിഷ്യേറ്റീവ് ഡയറക്ടർ ഡോ. മുരളി തുമ്മാരുകുടി ഉദ്ഘാടനം ചെയ്തു. ബിഗ്ഡേറ്റഅനലിറ്റിക്സിന്റെ അനന്തസാധ്യതകൾഉപയോഗപ്പെടുത്തിക്കൊണ്ട്ആയുർവേദത്തിന് മുന്നേറ്റംനടത്താനാകുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. തെളിവുകൾഅടിസ്ഥാനമാക്കിയുള്ളവൈദ്യശാസ്ത്രശാഖയല്ലആയുർവേദമെന്നആരോപണത്തെനേരിടാൻനിർമ്മിതബുദ്ധിഉപയോഗിച്ചുള്ളഗവേഷണങ്ങളിലൂടെസാധിക്കുമെന്ന് മുരളി തുമ്മാരുകുടി പറഞ്ഞു. ഒല്ലൂർ ശ്രീപാർവത Iഓഡിറ്റോറിയത്തിലാണ്സ്ഥാപകദിനാഘോഷംസംഘടിപ്പിച്ചത്. വിദ്വത്ത പുരസ്കാരങ്ങളുടെ വിതരണവും ഡോ. മുരളി തുമ്മാരുകുടി നിർവഹിച്ചു.

വൈദ്യരംഗത്തെ പ്രജാപതിയായിരുന്ന നീലകണ്ഠൻ മൂസ്സിന്റെ ദീർഘവീക്ഷണമാണ വൈദ്യരത്നം ഗ്രൂപ്പിന്റെ ഇന്നത്തെ വളർച്ചയ്ക്ക് പിന്നിലെന്ന് കേരളകലാമണ്ഡലംകൽപ്പിത സർവകലാശാലയുടെ മുൻ വൈസ് ചാൻസലർ ഡോ. കെ.ജി. പൗലോസ്പറഞ്ഞു. 60 വർഷംമുൻപ് രചിച്ച പുഷ്പാഞ്ജലി എന്നഗ്രന്ഥത്തിന്റെ രണ്ടാംപതിപ്പിന്റെപ്രകാശനം ആദ്യപ്രതി ഡോ. കെ.വി. രാമൻകുട്ടിവാരിയർക്ക് കൈമാറിക്കൊണ്ട് അദ്ദേഹം നിർവ്വഹിച്ചു.

പത്മശ്രീ അഷ്ടവൈദ്യൻ ഇ.ടി.നീലകണ്ഠൻ മൂസ്സിന്റെ ഇരുപത്തിയേഴാം ചരമവാർഷിക ദിനത്തോടനുബന്ധിച്ചാണ് സ്ഥാപകദിനം ആചരിച്ചത്. വൈദ്യരത്നം ഗ്രൂപ്പ്മാനേജിംഗ് ഡയറക്ടർ അഷ്ടവൈദ്യൻ ഡോ.ഇ.ടി.നീലകണ്ഠൻമൂസ്സ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കേരള ആരോഗ്യസർവകലാശാല രജിസ്ട്രാർ ഡോ. എസ്. ഗോപകുമാർ വിദ്യാർത്ഥികൾക്കുള്ള അക്കാദമിക പുരസ്കാരങ്ങൾ വിതരണംചെയ്യുകയും ഡിജിറ്റൽ ത്രൈമാസികയുടെ പ്രകാശനം നിർവ്വഹിക്കുകയും ചെയ്തു.

വൈദ്യരത്നംഗ്രൂപ്പ്എക്സിക്യൂട്ടീവ്ഡയറക്ടർമാരായഅഷ്ടവൈദ്യൻഡോ.ഇ.ടി.യദുനാരായണൻമൂസ്സ്, അഷ്ടവൈദ്യൻ ഡോ.ഇ.ടി.കൃഷ്ണൻമൂസ്സ്, സിഇഒ. പ്രദീപ്നായർ, കോർപറേഷൻ കൗൺസിലർ സി.പി.പോളി, വൈദ്യരത്നം സാങ്കേതിക ഉപദേഷ്ടാവൈദ്യൻഎ.പി.ഡി.നമ്പീശൻ, വൈദ്യരത്നം ആയുർവേദകോളജ് പ്രിൻസിപ്പൽപ്രൊഫ. ഡോ. പ്രസന്നവി.എൻ, കോളേജ്യൂണിയൻ ചെയർപേഴ്സൺ രവീണ ബി തുടങ്ങിയവർ പങ്കെടുത്തു. സ്ഥാപകദിനാചരണത്തോടനുബന്ധിച്ച്നടന്ന സെമിനാറുകളിൽഡോ. കിരാതമൂർത്തി പി.പി, ഡോ. ആനന്ദ്പി. കെ.വി, ഡോ. ആനന്ദലക്ഷ്മി കെ.എൻ, ഡോ. മേഘഎന്നിവർ ക്ലാസ്സെടുത്തു. ഡോ. രാഹുൽ എച്ച് മോഡറേറ്ററായി.




മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ നാമധേയത്തിൽ ഉള്ള ചിറക് പദ്ധതിയുടെ ഉദ്ഘാടനം ചാലക്കുടി സേക്രട്ട് ഹാർട്ട് കോളജ് ഓഡിറ്റോറിയത്തിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ നിർവ്വഹിക്കുന്നു.

## നിർധന വിദ്യാർത്ഥികൾക്ക് ഗവർണർ സ്കോളർഷിപ്പ് വിതരണം ചെയ്തു

ചാലക്കുടി:- മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ നാമധേയത്തിൽ ഉള്ള ചിറക് പദ്ധതിയുടെ ഉദ്ഘാടനം ചാലക്കുടി സേക്രട്ട് ഹാർട്ട് കോളജ് ഓഡിറ്റോറിയത്തിൽ വെച്ച് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ നിർവ്വഹിച്ചു.

തെരഞ്ഞെടുക്കപ്പെട്ട നിർദ്ധനരായ 500 വിദ്യാർത്ഥിൾക്കായി ഇരുപത്തിയഞ്ച് ലക്ഷം രൂപ ആണ് വിതരണം ചെയ്തത്. സനീഷ് കുമാർ ജോസഫ് എംഎൽഎ അദ്ധ്യക്ഷത വഹിച്ചു. ബെന്നി ബഹനാൻ എംപി മുഖ്യ പ്രഭാഷണം നടത്തി. ചാണ്ടി ഉമ്മൻ എംഎൽഎ, ഉമ്മൻ ചാണ്ടിയുടെ ഭാര്യ മറിയാമ്മ ഉമ്മൻ ചാണ്ടി, മുനിസിപ്പൽ ചെയർമാൻ എബി ജോർജ്ജ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വേണു കണ്ഠരുമഠത്തിൽ, വാർഡ് കൗൺസിലർ ബിന്ദു ശശികുമാർ എന്നിവർ പ്രസംഗിച്ചു. സേക്രട്ട് ഹാർട്ട് പ്രിൻസിപ്പൽ റവ.ഡോ.റീന ഇട്ടിയച്ചൻ സ്വാഗതം പറഞ്ഞു.

## ദയ റോയൽ ആശുപത്രി ഉദ്ഘാടനം നാളെ

കുന്നംകുളം: ദയ റോയൽ ആശുപത്രിയുടെ ഉദ്ഘാടനം ജൂലൈ 14 ഞായറാഴ്ച വൈകിട്ട് 4 മണിക്ക് നടക്കുമെന്ന് ഭാരവാഹികൾ കുന്നംകുളം പ്രസ് ക്ലബ്ബിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

ആധുനിക സജ്ജീകരണങ്ങളോടെ ദയ റോയൽ ആശുപത്രി ആൻഡ് ട്രോമാ സെന്ററാണ് പ്രവർത്തനമാരംഭിക്കുന്നത്. തൃശൂർ ആസ്ഥാനമായുള്ള ദയ ആശുപത്രി മാനേജ്മെന്റിന് കീഴിലാണ് കുന്നംകുളം ദയ റോയൽ ആശുപത്രി പ്രവർത്തിക്കുക. നടനും എഴുത്തുകാരനും സാമൂഹിക പ്രവർത്തകനുമായ ജോയ് മാത്യു ആശുപത്രിയുടെ ഉദ്ഘാടനം നിർവഹിക്കും. ദയ ആശുപത്രി ചെയർമാൻ ടികെ രവീന്ദ്രൻ അധ്യക്ഷത വഹിക്കും. വികെ അബ്ദുൽ അസീസ്, നടനും എഴുത്തുകാരനുമായ വികെ ശ്രീരാമൻ, കുന്നംകുളം എംഎൽഎ എസി മൊയ്തീൻ നഗരസഭ ചെയർപേഴ്സൺ സീതാ രവീന്ദ്രൻ, കുന്നംകുളം എസ്എച്ച്ഒ യുകെ ഷാജഹാൻ, തുടങ്ങിയവർ പങ്കെടുക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു. പരിപാടികൾ വിശദീകരിച്ച് നടത്തിയ വാർത്താസമ്മേളനത്തിൽ ആശുപത്രി മെഡിക്കൽ സൂപ്രണ്ട് ഡോ. ജെറിൻ ജെ.വടക്കൻ, അഡ്മിനിസ്ട്രേറ്റർ മാരായ കെ ജയരാജൻ, കൃഷ്ണപ്രഭ മധു, അസിസ്റ്റൻറ് മാനേജർ വിധു ശേഖർ എന്നിവർ പങ്കെടുത്തു.

## വിത്തു പന്തേറ് പദ്ധതി

ചാലക്കുടി: ഹരിത സമേതം വിത്തു പന്തേറ് പദ്ധതി ഉപജില്ലാതല ഉദ്ഘാടനം വേളൂക്കര സെൻറ് ജോർജസ് യുപി സ്കൂളിൽ പരിയാരം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡൻറ് ഡെസ്റ്റിൻ ഡേവിസ് താക്കോൽക്കാരൻ ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ ഫാ.അഡ്വ.തോമസ് പുതുശേരി അധ്യക്ഷത വഹിച്ചു. പരിസ്ഥിതി പ്രവർത്തകൻ വി.കെ ശ്രീധരൻ മുഖ്യ പ്രഭാഷണം നടത്തി. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിഷ പി.ബി , ജില്ലാ പഞ്ചായത്ത് മെമ്പർ ജെനീഷ് പി ജോസ്, വാർഡ് മെമ്പർ ഡെന്നി ആൻറണി, ഹെഡ്മിസ്ട്രസ് റാണി ജോൺ, ബിജു കെ.വി, ജോസ്മി ബിജു പ്രസംഗിച്ചു. ഔഷധസസ്യങ്ങളുടെയും വിവിധതരം ഇലകളുടെ പ്രദർശനവും ഉണ്ടായി. മരങ്ങളും മനുഷ്യനും തമ്മിലുള്ള അഭേദ്യ ബന്ധത്തെയും അതിൻറെ പ്രാധാന്യത്തെയും ഉൾപ്പെടുത്തി കുട്ടികൾ ദൃശ്യാവിഷ്കാരം നടത്തി.

## സഹൽ ബാവ മെമ്മോറിയൽ ഫുട്ബോൾ ടൂർണമെന്റ്

കൊച്ചി: എം എസ് എഫ് കലൂർ യൂണിറ്റ് കമ്മിറ്റിയുടെ അഭിമുഖ്യത്തിൽ ഫുട്ബോൾ ടൂർണമെന്റ് സംഘടിപ്പിക്കുന്നു. വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ പൊതുപ്രവർത്തന രംഗങ്ങളിൽ നിറസാന്നിധ്യമായിരുന്ന ജില്ലയിലെ കാരുണ്യ, സേവന പ്രവർത്തനങ്ങളിലും, വിദ്യാർത്ഥി സമര പോരാട്ടങ്ങൾക്കും നേതൃത്വം നൽകിയിരുന്ന സഹൽ ബാവയുടെ സ്മരണാർത്ഥം ഇന്ന് വൈകിട്ട് 6 മണിക്ക് നാഷണൽ പബ്ലിക് സ്കൂൾ റോഡിലുള്ള സാരഥി ടർഫിൽ നടക്കുന്ന ഫുട്ബോൾ ടൂർണ്ണമെന്റിന്റെ ഉദ്ഘാടനം ടി.ജെ.വിനോദ് എം.എൽ.എ. നിർവഹിക്കും. വിജയിക്കുന്ന ടീമിന് ഒന്നാം സമ്മാനം ട്രോഫിയും,15000രൂപയും രണ്ടാം സമ്മാനം 7500രൂപയും ട്രോഫിയും നൽകും. നാളെ വൈകിട്ട് 7മണിക്ക് സെമി ഫൈനൽ മത്സരങ്ങളുടെ ഉദ്ഘാടനം മുസ്‌ലിം ലീഗ് എറണാകുളം ജില്ലാ ജനറൽ സെക്രട്ടറി അഡ്വ: വി.ഇ. അബ്ദുൾ ഗഫൂർ നിർവഹിക്കും. വിജയികളായ ടീമിന് സമ്മാനവിതരണം മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറി അഡ്വ: മുഹമ്മദ് ഷാ നിർവഹിക്കുമെന്ന് ചെയർമാൻ നവാസ് മുള്ളേളാത്ത്, കൺവീനർ കെ എസ് ബാദുഷ, ട്രഷറർ സഹദ് സലാം തുടങ്ങിയവർ അറിയിച്ചു.

## വിമതരെ സഭയിൽ നിന്ന് മാറ്റി നിർത്തണമെന്ന് ആവശ്യം

കൊച്ചി: സഭയോടൊപ്പം നിൽക്കുന്ന വിശ്വാസികളെ കയ്യേറ്റം ചെയ്യാൻ ശ്രമിച്ചവരെയും, ഏകീകൃത വിശുദ്ധ കുർബാനക്കെതിരായി വിമതരോടൊപ്പം നിൽക്കുന്ന മെത്രാൻമാരേയും വൈദികരേയും പള്ളികളിൽ കലാപത്തിന് ശ്രമിക്കുന്ന വിമത നേതാക്കളെയും സഭയിൽ നിന്ന് തന്നെ മാറ്റി നിർത്തണമെന്ന് കാത്തലിക് നസ്രാണി അസോസിയേഷൻ വാർത്താ സമ്മേളനത്തിൽ ആവശ്യപ്പെട്ടു.
ഓഗസ്റ്റ് 18ന് നടക്കുന്ന സിനഡിന് മുമ്പ് ഇതിനുള്ള നടപടികൾ ആരംഭിച്ചില്ലെങ്കിൽ സിനഡ് ചേരാൻ വിശ്വാസികൾ അനുവദിക്കില്ല. ഏകീകൃത കുർബാന വിഷയത്തിൽ സഭാപരമായി നീതി ലഭിക്കാത്ത സഭയോടും മാർപാപ്പയോടും ഒപ്പം നിൽക്കുന്ന മുഴുവൻ വിശ്വാസികളേയും സംഘടനകളേയും പങ്കെടുപ്പിച്ച് മൗണ്ട് സെന്റ് തോമസിന് മുന്നിൽ ഓഗസ്റ്റ് 15 മുതൽ കുടിൽകെട്ടി നീതി സമരം ആരംഭിക്കുമെന്നും നേതാക്കൾ അറിയിച്ചു. വാർത്താ സമ്മേളനത്തിൽ ചെയർമാൻ ഡോ എം പി ജോർജ്, ജോസ് പാറേക്കാട്ടിൽ, പോൾസൺ കുടിയിരിപ്പിൽ, ഷൈബി പാപ്പച്ചൻ, ഡെയ്സി ജോയി എന്നിവർ പങ്കെടുത്തു.

# എറണാകുളം വാർത്തകൾ



കേരള പ്രദേശ് മഹിള കോൺഗ്രസ് സംസ്ഥാന ക്യാമ്പ് എക്സിക്യൂട്ടീവ് 'മഹിള സാഹസ്' ആലുവ ശാന്തിഗിരി ആശ്രമത്തിലെ ഉമ്മൻചാണ്ടി നഗറിൽ ദേശീയ പ്രസിഡന്റ് അൽക്ക ലാംബ ഉദ്ഘാടനം ചെയ്യുന്നു

## സ്ത്രീകളുടെ ശാക്തീകരണം പദ്ധതികൾ ആവിഷ്ക്കരിക്കും; അൽക്ക ലാംബ

ആലുവ : സമൂഹത്തിലെ എല്ലാ വിഭാഗം സ്ത്രീകളുടെ ശാക്തീകരണം ലക്ഷ്യമിട്ട് മഹിളാ കോൺഗ്രസ് പ്രവർത്തന പദ്ധതികൾ ആവിഷ്ക്കരിക്കുമെന്ന് മഹിള കോൺഗ്രസ് ദേശീയ അധ്യക്ഷ അൽക്ക ലാംബ. കേരള പ്രദേശ് മഹിള കോൺഗ്രസ് സംസ്ഥാന ക്യാമ്പ് എക്സിക്യൂട്ടീവ് 'മഹിള സാഹസ്' ആലുവ ശാന്തിഗിരി ആശ്രമത്തിലെ ഉമ്മൻചാണ്ടി നഗറിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അവർ .
സംസ്ഥാനത്തെ ഏറ്റവും ശക്തമായ സ്ത്രീ പ്രസ്ഥാനമായി മഹിള കോൺഗ്രസ് മാറിയെന്ന് ക്യാമ്പിൽ സംസാരിച്ച കെ.പി.സി.സി. പ്രസിഡണ്ട് കെ. സുധാകരൻ എം.പി പറഞ്ഞു. മഹിള കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് ജെ.ബി. മേത്തർ എം.പി അധ്യക്ഷത വഹിച്ചു. കൊടിക്കുന്നിൽ സുരേഷ് എംപി, എം.എൽ.എ. മാരായ കെ.ബാബു, ടി. സിദ്ദിഖ്, അൻവർ സാദത്ത്, മഹിള കെ.പി.സി.സി വൈസ് പ്രസിഡന്റ് വി.പി. സജീന്ദ്രൻ, ഡി.സി.സി പ്രസിഡന്റ് മുഹമ്മദ് ഷിയാസ്, ബിന്ദു കൃഷ്ണ, അബ്ദുൾ മുത്തലിബ്, എം. ലിജു, ജെയ്സൺ ജോസഫ്, സംസ്ഥാന വൈസ് പ്രസിഡണ്ട് വി.കെ. മിനി മോൾ എന്നിവർ പ്രസംഗിച്ചു. സംസ്ഥാന ഭാരവാഹികൾ ജില്ലാ പ്രസിഡണ്ടുമാർ, അഡ്വൈസറി കമ്മറ്റി അംഗങ്ങൾ എന്നിവർ പങ്കെടുക്കുന്ന ക്യാമ്പ് ഞായറാഴ്ച സമാപിക്കും.



ആലുവ സേവന പബ്ലിക് ലൈബ്രറി, എടത്തല അൽ അമീൻ കോളജ് എന്നിവ ചേർന്ന് അഞ്ച് ദിവസങ്ങളിലായി നടത്തുന്ന വൈക്കം മുഹമ്മദ് ബഷീർ ചലച്ചിത്രോത്സവം മാപ്പിളകല അക്കാദമി സെക്രട്ടറി ബഷീർ ചുങ്കത്തറ ഉദ്ഘാടനം ചെയ്യുന്നു

## വൈക്കം മുഹമ്മദ് ബഷീർ ചലച്ചിത്രോത്സവം

ആലുവ : സേവന പബ്ലിക് ലൈബ്രറി, എടത്തല അൽ അമീൻ കോളേജ് എന്നിവ ചേർന്ന് അഞ്ച് ദിവസങ്ങളിലായി നടത്തുന്ന വൈക്കം മുഹമ്മദ് ബഷീർ ചലച്ചിത്രോത്സവം തുടങ്ങി. ബഷീർ കഥകൾ ആസ്പദമാക്കി നിർമ്മിച്ച ഭാർഗവീനിലയം, മതിലുകൾ, ബാല്യകാലസഖി, നീലവെളിച്ചം എന്നീ ചലച്ചിത്രങ്ങളാണ് ചലച്ചിത്രോത്സവത്തിൽ പ്രദർശിപ്പിക്കുന്നത്. ചലച്ചിത്രോത്സവം മാപ്പിള കല അക്കാദമി സെക്രട്ടറി ബഷീർ ചുങ്കത്തറ ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പൽ ഡോ. സിനി കുര്യൻ അധ്യക്ഷയായി. ഫൈസൽ എളേറ്റിൽ മുഖ്യാതിഥിയായി. വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് അംഗം സുധീർ മീന്ത്രയ്ക്കൽ, ആലുവ ജനചിത്ര ഫിലിം സൊസൈറ്റി സെക്രട്ടറി അബ്ദുൾ ലത്തീഫ്, അധ്യാപകരായ എ പി അബ്ദുൾ സലാം, ഡോ. അഖിൽ ശിവാനന്ദൻ എന്നിവർ സംസാരിച്ചു. ഉദ്ഘാടനത്തോടനുബന്ധിച്ച് ബഷീർ ദ മാൻ ഡോക്യുമെന്ററിയും പ്രദർശിപ്പിച്ചു.

## കാപ്പ ചുമത്തി നാട് കടത്തി



അനന്തു വിജയൻ

പെരുമ്പാവൂർ : നിരവധിക്കേസുകളിലെ പ്രതിയെ കാപ്പ ചുമത്തി നാട് കടത്തി. കോടനാട് വേങ്ങൂർ മുടക്കുഴ വേലൻ പറമ്പിൽ വീട്ടിൽ അനന്തു വിജയൻ (44) നെയാണ് ആറ് മാസത്തേക്ക് നാട് കടത്തിയത്. ജില്ലാ പോലീസ് മേധാവി ഡോ. വൈഭവ് സക്സേനയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എറണാകുളം റേഞ്ച് ഡി ഐ ജി പുട്ട വിമലാദിത്യയാണ് ഉത്തരവിട്ടത്. കോടനാട്, എറണാകുളം റെയിൽവേ പോലീസ് സ്റ്റേഷൻ പരിധികളിൽ കൊലപാതക ശ്രമം, ന്യായവിരോധമായി സംഘം ചേർന്ന് മാരക ആയുധങ്ങളുമായി അടിപിടി ഉണ്ടാക്കുക, മയക്ക് മരുന്ന് വിൽപ്പന, തുടങ്ങി നിരവധി കേസുകളിൽ പ്രതിയാണ് കഴിഞ്ഞ ഫെബ്രുവരിയിൽ കോടനാട് പോലീസ് രജിസ്റ്റർ ചെയ്ത അടിപിടിക്കേസിൽ പ്രതിയായതിനെ തുടർന്നാണ് നടപടി.

## പ്രഗൽഭരായ കുട്ടി ഗവേഷകരുടെ ആഗോള സമ്മേളനം കൊച്ചിയിൽ

കൊച്ചി: ആഗോള പ്രഗൽഭരായ കുട്ടി ഗവേഷകരുടെ ഐആർസിസി (ഇന്റർനാഷണൽ റിസർച്ച് കോൺഫറൻസ് ഫോർ ചിൽഡ്രൻ) 2024, കൊച്ചിയിലെ കളമശേരി ആശിഷ് കോൺവെൻഷൻ സെന്ററിൽ ആരംഭിച്ചു. എറണാകുളം ഡെപ്യൂട്ടി കളക്ടർ പ്രമോദ് ജി.വി. സമ്മേളനം ഉദ്ഘാടനം ചെയ്തു. 12 മുതൽ 14 വരെ നീണ്ടുനിൽക്കുന്ന ഈ മൂന്നുദിന പരിപാടി, ഗ്ലോബൽ യങ് റിസർചേഴ്സ് അക്കാദമിയും ഓറിഗൺ, യുഎസിലെ സ്റ്റെം 4 ഗേൾസ് യും സംയുക്തമായാണ് സംഘടിപ്പിച്ചിരിക്കുന്നത്. കുഫോസ് വൈസ് ചാൻസലർ ടി. പ്രദീപ് കുമാർ മുഖ്യാതിഥിയായി, രാജീവ് ഗാന്ധി ബയോടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ പ്രൊഫ. ചന്ദ്രഭാസ് നാരായൺ മുഖ്യ പ്രഭാഷണം നടത്തി. ഞായറാഴ്ച നടക്കുന്ന സമാപന സമ്മേളനത്തിൽ ഹൈബി ഈഡൻ എംപി മുഖ്യാതിഥിയായി പങ്കെടുക്കും.
ഐആർസിസി 2024 ന്റെ പ്രഥമദിനപ്രവർത്തനങ്ങൾ ഒരു കൃത്രിമ ബുദ്ധിശേഷിയുള്ള (എഐ) റോബോട്ടായ ഐറിസ് പ്രകാശനം ചെയ്തു. സ്കൂൾ കുട്ടികളിൽ ഗവേഷണ അഭിരുചിയും കഴിവുകളും വികസിപ്പിക്കുന്നതിൽ ലക്ഷ്യമിടുന്ന ഒരു ലാഭരഹിത സംഘടനയാണ് ഐആർസിസി.

## യുസി കോളജിൽ സീറ്റ് ഒഴിവ്

ആലുവ : യുസി കോളജിൽ ബി.എസ്.സി, ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്, ബോട്ടണി, സുവോളജി, ബയോളജിക്കൽ ടെക്നിക്സ് ആൻഡ് സ്പെസിമെൻ പ്രിപ്പറേഷൻ (ബി.റ്റി.&എസ്.പി.), ബി. കോം എം.എസ്.സി. മാത്തമാറ്റിക്സ് എക്കണോമിക്സ് കോഴ്സുകളിൽ ഏതാനം സീറ്റുകൾ ഒഴിവുണ്ട്. താല്പര്യമുള്ളവർ www.uccollege.edu.in സന്ദർശിക്കുക. ഫോൺ: 6238413303



വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ പങ്ക് വ്യക്തമാക്കുന്നതിനായി എറണാകുളം ഹൈക്കോടതി ജംഗ്ഷനിൽ യു ഡി എഫ് സംഘടിപ്പിച്ച വിശദീകരണ ജനകീയ കൂട്ടായ്മ പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ഉദ്ഘാടനം ചെയ്യുന്നു.

## സിപിപിആർ 20ാം വാർഷികം: ആഘോഷ പരിപാടികൾ 18 മുതൽ

കൊച്ചി: കൊച്ചി ആസ്ഥാനമായ സെന്റർ ഫോർ പബ്ലിക് പോളിസി റിസർച്ചിന്റെ (സിപിപിആർ) 20ാം വാർഷിക പരിപാടികളുടെ ഉദ്ഘാടനം 18ന് കൊച്ചിയിൽ നടക്കും. എം.ജി റോഡിലെ ഗ്രാന്റ് ഹോട്ടലിൽ നെടക്കുന്ന ചടങ്ങിൽ മേയർ എം അനിൽകുമാർ മുഖ്യാതിഥിയായി പങ്കെടുക്കും. അമേരിക്കയിലെ ബ്രൗൺ യൂണിവേഴ്സിറ്റിയിലെ പൊളിറ്റിക്കൽ സയൻസ് പ്രൊഫസർ അശുതോഷ് വർഷ്നി ഇന്ത്യയുടെ ജനാധിപത്യം: പരിണാമവും വെല്ലുവിളികളും എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തും. വൈകിട്ട് 4 മുതൽ 6 മണി വരെയാണ് പരിപാടി. 20ാം വാർഷികത്തിന്റെ ഭാഗമായി ഒരു വർഷം നീണ്ടുനിൽക്കുന്ന കാര്യപരിപാടികളാണ് സിപിപിആർ പദ്ധതിയിടുന്നത്. പബ്ലിക് പോളിസി ഫെസ്റ്റിവൽ, കൊച്ചി ഡയലോഗ്, കേരള വിഷൻ 2040, തുടങ്ങിയ പരിപാടികളാണ് പദ്ധതിയിലുള്ളത്. 2040ലേക്കുള്ള കേരളത്തിന്റെ വികസനം, സമ്പദ്‌വ്യവസ്ഥ, നിക്ഷേപങ്ങൾ, ഗതാഗതം, അടിസ്ഥാന സൗകര്യങ്ങൾ, നഗരവൽക്കരണം, സാഹിത്യം തുടങ്ങിയവയെക്കുറിച്ചുള്ള സംഭാഷണങ്ങളാണ് കേരള വിഷൻ 2040ൽ ഉണ്ടാവുക. അന്താരാഷ്ട്രീയ വിഷയങ്ങളും ചർച്ചകളും ഉൾക്കൊള്ളുന്നതാണ് കൊച്ചി ഡയലോഗ്. ദേശീയ തലത്തിലുള്ള വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്ന പരിപാടിയാണ് പബ്ലിക് പോളിസി ഫെസ്റ്റിവൽ. പദ്ധതികളുടെ ഔദ്യോഗിക പ്രഖ്യാപനം ഉദ്ഘാടന ചടങ്ങിൽ നടത്തും.

## എം.എം അബ്ദുൽ റഹ്മാൻ മെമ്മോറിയൽ ഓപ്പൺ ചെസ് ടൂർണമെന്റ്

കൊച്ചി: കേരള ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റും ചെസ് അസോസിയേഷൻ സെക്രട്ടറിയുമായിരുന്ന എം.എം അബ്ദുൽ റഹ്മാന്റെ ഓർമക്കായി കൊച്ചിൻ സർവീസ് സഹകരണ ബാങ്ക് അഖില കേരള ഓപ്പൺ ചെസ് ടൂർണമെന്റ് സംഘടിപ്പിക്കുന്നു. കലൂർ മണപ്പാട്ടി പറമ്പിലുള്ള ബാങ്ക് ഓഡിറ്റോറിയത്തിൽ ജൂലൈ 21ന് രാവില 10നാണ് മത്സരം. ഓപ്പൺ, അണ്ടർ 15, അണ്ടർ 12, അണ്ടർ 9 എന്നിങ്ങനെ നാല് വിഭാഗങ്ങളിലായാണ് ടൂർണമെന്റ്. ഏറ്റവും കൂടുതൽ പേർ പങ്കെടുക്കുന്ന രണ്ട് സ്കൂളുകൾക്കും ഉയർന്ന പോയിന്റ് നേടുന്ന രണ്ട് സ്കൂളുകൾക്കും സമ്മാനങ്ങൾ നൽകും. ട്രോഫികളും സർട്ടിഫിക്കറ്റുകളും മെഡലുകളും വിജയികൾക്ക് സമ്മാനിക്കും. ഒരു ലക്ഷം രൂപയാണ് സമ്മാനത്തുക. വിശദ വിവരങ്ങൾക്ക് 9895173241, 9995324429.

### ദിശാനിർണയ ക്ലാസ് നടത്തി

കാലടി:കാഞ്ഞൂർ ആറങ്കാവ് സാംസ്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി ദിശാനിർണയ ക്ലാസ് നടത്തി. പഠനക്ലാസ് പഞ്ചായത്ത് വൈസ് പ്രസിഡൻറ് സിമി ടിജോ ഉദ്ഘാടനം ചെയ്തു. സാംസ്കാരികവേദി ചെയർമാൻ എം.ഐ ദേവസിക്കുട്ടി അധ്യക്ഷത വഹിച്ചു. കേരള ശാന്തിസമിതി ജില്ലാ പ്രസിഡന്റ് പി.ഐ നാദിർഷ മുഖ്യപ്രഭാഷണം നടത്തി. റോയ് പടയാട്ടി ക്ലാസ് നയിച്ചു.സജി പള്ളിപ്പാടൻ,നോയൽ ബിജു,ജോബിയൻ ജോഷി,വി.വി രാജു എന്നിവർ സംസാരിച്ചു.

## നഴ്സിങ് വിദ്യാർഥികൾ സമരത്തിലേക്ക്

കൊച്ചി: കേരളാ ആരോഗ്യ സർവകലാശാലയുടെ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് സ്റ്റുഡന്റ്സ് നഴ്സസ് അസോസിയേഷൻ ഓഫ് ഇന്ത്യ സമരത്തിലേക്ക്. 2021 സ്കീം പ്രകാരം ബിഎസ്‌സി നഴ്സിങ് ആരോഗ്യ സർവകലാശാലക്ക് കീഴിലുള്ള കോളജുകളിൽ അഡ്മിഷൻ നേടിയ വിദ്യാർഥികളിൽ നാലാം സെമസ്റ്റർ വിജയിക്കാത്തവർക്ക് സപ്ലിമെന്ററി പരീക്ഷ നടത്തുകയോ അല്ലെങ്കിൽ അഞ്ചാം സെമസ്റ്റർ പരീക്ഷ എഴുതിക്കുകയോ ചെയ്യണമെന്ന് അസോസിയേഷൻ അംഗങ്ങൾ കൊച്ചിയിൽ വാർത്താ സമ്മേളനത്തിൽ ആവശ്യപ്പെട്ടു. ഈ വിഷയം ചൂണ്ടിക്കാട്ടി അസോസിയേഷൻ സർക്കാരിനും ആരോഗ്യവകുപ്പിനും നേരിട്ടും അല്ലാതെയും നിവേദനം നൽകിയിരുന്നു. ഇതേതുടർന്ന് സർവകലാശാല കഴിഞ്ഞ ജൂൺ 11ന് കൂടിയ യുണിവേഴ്സിറ്റി അക്കാദമിക് കൗൺസിൽ യോഗത്തിൽ വിദ്യാർഥികൾക്ക് അനുകൂലമായ തീരുമാനം കൈക്കൊള്ളുന്നതിനായി സബ്ജക്ട് കമ്മറ്റിയെയും നിയോഗിച്ചിരുന്നു. എന്നാൽ അഞ്ചാം സെമസ്റ്റർ ബിഎസ്‌സി നഴ്സിങ് പരീക്ഷകൾ ജൂലൈ 27ന് ആരംഭിക്കാനിരിക്കെ സബ്ജക്ട് കമ്മറ്റി തീരുമാനം ഇതുവരെ വിദ്യാർഥികളെ അറിയിച്ചിട്ടില്ലെന്ന് അസോസിയേഷൻ ആരോപിച്ചു.
അടിയന്തര തീരുമാനം ഉണ്ടായില്ലെങ്കിൽ കേരളത്തിലെ മുഴുവൻ നഴ്സിങ് വിദ്യാർഥികളെ ഉൾപ്പെടുത്തി യൂണിവേഴ്സിറ്റി മാർച്ച് ഉൾപ്പെടയുള്ള സമര രംഗത്തേക്ക് കടക്കുമെന്ന് അസോസിയേഷൻ അറിയിച്ചു. ഇതുസംബന്ധിച്ച് ആരോഗ്യ മന്ത്രി, ആരോഗ്യ സർവകലാശാല വിസി ഉൾപ്പെടെയുള്ളവർക്ക് നിവേദനം നൽകിയതായി അസോസിയേഷൻ സെക്രട്ടറി നവീന എ.പി, ചെയർമാൻ അമൽ വർഗീസ് എന്നിവർ അറിയിച്ചു.

## ധാരണാപത്രം ഒപ്പുവച്ചു

ആലുവ : യു.സി. കോളേജ് ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി തുടക്കം കുറിച്ച ത്രിമുഖ സംരംഭമായ തണലിടവും ഇന്ത്യയിൽ ഉടനീളം, അവഗണിക്കപ്പെട്ട സമൂഹങ്ങൾക്കും കുടിയേറ്റ തൊഴിലാളികൾക്കും വേണ്ടി പ്രവർത്തിക്കുന്ന എൻ.ജി.ഒ. അമർ സാഥ് ഫൗണ്ടേഷനും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചു.
അസൗകര്യത്താലും ആർഭാടത്താലും ഉപേക്ഷിക്കപ്പെടുന്ന പുനരുപയോഗ സാധ്യതയുള്ള വസ്ത്രങ്ങൾ മുതൽ ഇലക്ട്രോണിക് ഉൽപ്പന്നങ്ങൾ വരെയുള്ള വസ്തുക്കളുടെ കൈമാറ്റത്തിനും വിതരണത്തിനും ലക്ഷ്യം വയ്ക്കുന്നതാണ് ധാരണാപത്രം. യു.സി. കോളേജ് തണലിടത്തിൽ ലഭിക്കുന്ന ത്രിഫ്റ്റ് വസ്തുക്കൾ അമർ സാഥ് ഫൗണ്ടേഷൻ ശേഖരിക്കുകയും അവ ഇന്ത്യയിൽ ഉടനീളമുള്ള ചേരികളിലും ഗ്രാമപ്രദേശങ്ങളിലും ഉള്ള ആവശ്യക്കാർക്ക് വിതരണം ചെയ്യും.
അതുപോലെ അമർ സാഥ് ഫൗണ്ടേഷനു ലഭിക്കുന്ന വസ്തുക്കൾ യു.സി. കോളേജ് തണലിടത്തിലൂടെ വിതരണം ചെയ്യും. ത്രിഫ്റ്റ് വസ്തുക്കളുടെ ആദ്യത്തെ കൈമാറ്റവും നടന്നു.
കോളേജ് മാനേജർ ഡോ. കെ.പി. ഔസേപ്പ് ഐ.എഫ്.എസ്. ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. മിനി ആലീസ് അധ്യക്ഷത വഹിച്ചു.
ചടങ്ങിൽ തണലിടം കോർഡിനേറ്റർ ഡോ. അനുമോൾ ജോസ്, അമർ സാഥ് ഫൗണ്ടേഷൻ സ്ഥാപകരായ ഡോ. സുധാകർ മുത്യാല, ഡോ. മനിത ബി. നായർ, തണലിടം സ്റ്റുഡൻഡ് കോഡിനേറ്റർ ആദിത്യൻ ശ്രീജിത്ത്, എൻ.എസ്.എസ്. വോളണ്ടിയർ സെക്രട്ടറി ആഗ്നസ് തെരേസ, എയ്ഞ്ചൽ മരിയ തുടങ്ങിയവർ സംസാരിച്ചു.

## അക്രമാസക്തരായി തെരുവുനായ്ക്കൾ
### അനങ്ങാതെ ഭരണാധികാരികൾ

പറവൂർ: നഗരസഭയിലും സമീപ പ്രദേശങ്ങളിലും തെരുവുനായ്ക്കളുടെ ആക്രമണം ഭയന്ന് ജനങ്ങൾ നട്ടം തിരിയുമ്പോഴും കണ്ടില്ലെന്നു നടിക്കുന്ന അധികാരികൾക്കെതിരെ അമർഷം പുകയുന്നു. കഴിഞ്ഞ രണ്ടു ദിവസം 9 പേരാണ് തെരുവുനായ്ക്കളുടെ ആക്രമണത്തിനിരയായത്.
ഇന്നലെ രാവിലെ പെരുവാരം കിഴേക്കേ
പ്രം മേഖലയ
ച്ചു. നന്തികു
സ്വദേശി സു
ബ്രഹ് മ
ണ്യൻ, തമി
നാട് സ്വദേ
ശി കുമാര
സ്വാമി,
ഡിഗ്രി വി
ദ്യാർഥി
നി കൃഷ്
ണപ്രിയ, റിട്ട.
എക്സൈസ് ഉദ്യോഗ
സ്ഥൻ രവി എന്നിവർക്കാണ് കടിയേറ്റത്. ഏഴിക്കരയിൽ വ്യാഴാഴ്ച വൈകിട്ട് ആശുപത്രിപ്പടി മുതൽ ആയപ്പിള്ളിപ്പടി വരെയുള്ള ഭാഗത്തായിരുന്നു നായയുടെ ആക്രമണം. ആശുപത്രിപ്പടി ഭാഗത്തു വച്ചു സുലൈമാൻ, സുറുമിന എന്നിവരെയും ആയപ്പിള്ളി പടിയിൽ വച്ചു ഷീമോൾ ബാബു തളിയപ്പുറത്ത്, ആഗ്നസ് മാമ്പിള്ളി എന്നിവരെയും കടിച്ചു. ഇടിമൂല കവലയിൽ വച്ചാണ് മുകുന്ദൻ പുല്ലേലിനു കടിയേറ്റത്. സുലൈമാന്റെ കാലിൽ ആഴത്തിൽ മുറിവേറ്റിട്ടുണ്ട്. കടിയേറ്റവരെല്ലാം പറവൂർ താലൂക്ക് ആശുപത്രിയിലും എറണാകുളം ജനറൽ ആശുപത്രിയിലുമായി ചികിത്സ തേടി. ഏഴിക്കരയിൽ ആക്രമണം നടത്തിയത് ഉപേക്ഷിക്കപ്പെട്ട വളർത്തുനായ ആണെന്നാണ് നിഗമനം. നഗരസഭയിലും സമീപ പഞ്ചായത്തുകളിലും തെരുവുനായ്ക്കളുടെ നിയന്ത്രണ പദ്ധതികൾ ഒ
ന്നും നടപ്പാക്കുന്നി
ാനും ആഴ്ച
ർക്ക് മുൻപു
ചന്ദമംഗലം
പഞ്ചായ
ത്തിലെ
ഗോതു
രു
ത്തിൽ
ആറ് തെ
രുവുനാ
യ്ക്കൾ കൂട്ട
മായി ആക്രമി
ക്കാൻ വരുന്നതു കണ്ടു ഭയന്നു സൈക്കിളിൽ നിന്നു വീണു യുവാവിനു പരുക്കേറ്റിരുന്നു. ഏതാനും ദിവസങ്ങൾക്കു മുമ്പ് കോട്ടുവള്ളി, കൂനമ്മാവ് പ്രദേശങ്ങളിൽ കടിയേറ്റവരും ചികിത്സയിലാണ്. തെരുവുനായ്ക്കളെ നിയന്ത്രിക്കാൻ പദ്ധതികളുണ്ടെങ്കിലും നടപ്പാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാകുന്നില്ല. കടിയേറ്റവർ അനുഭവിക്കുന്ന ബുദ്ധിമുട്ടും ചികിത്സ ചിലവും ഭരണാധികാരികളെ ബാധിക്കുന്നുമില്ല.



## ഐ.എച്ച്.കെ ജില്ല തല ശാസ്ത്ര സെമിനാർ ആലുവയിൽ

ആലുവ: ദി ഇൻസ്റ്റിട്യൂഷൺ ഓഫ് ഹോമിയോപ്പത്സ് കേരള ജില്ല തല ശാസ്ത്രസെമിനാറും ജില്ല ഭാരവാഹി കളുടെ സ്ഥാനാരോഹണവും നാളെ നടക്കുമെന്ന് സംഘാടകർ വാർത്ത സമ്മേളനത്തിൽ അറിയിച്ചു. ആലുവ വൈ.എം.സി.എ ഹാളിൽ രാവിലെ ഒമ്പതു മണിക്ക് സംസ്ഥാന വൈസ്പ്രസിഡന്റ് ഡോ. എ.എസ്. മൃതുൽ ഉദ്ഘാടനം ചെയ്യും. ജില്ല പ്രസിഡന്റ് ഡോ. ഷിജു തോമസ് അധ്യക്ഷത വഹിക്കും. ശാസ്ത്ര സമ്മേളനത്തിൽ മഴക്കാല രോഗങ്ങൾക്ക് ഹോമിയോപ്പതി ചികിത്സയും പ്രതിരോധമാർഗ്ഗങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി ചർച്ചകളും, പഠന ക്ലാസ്സും നടത്തും. ഡോ. എം.ബി. ശ്രീകുമാർ 'വിവിധ തരം ഇൻഫ്ളമേറ്ററി രോഗങ്ങളും അവക്കുള്ള ഹോമിയോപ്പതി ചികിത്സയും എന്ന വിഷയത്തിലും, ഡോ. എസ്. സുമത ഹോമിയോപ്പതി ചികിത്സയിലെ നൂതന ആശയങ്ങളെക്കുറിച്ചും ക്ലാസ്സെടുക്കും. ജില്ല തല നേതൃത്വ പരിശീലനത്തിന് ഐ.എച്ച്.കെ മുൻ സംസ്ഥാന പ്രസിഡന്റ് ഡോ. ഇ.എ. ഷൈബുരാജ് നേതൃത്വം നൽകും. വാർത്ത സമ്മേളനത്തിൽ ജില്ല പ്രസിഡന്റ് ഡോ. ഷിജു തോമസ്, സെക്രട്ടറി, ഡോ. എസ്. സുമത, ട്രഷറർ ഡോ. വിൽസൻ വർഗീസ്, സെമിനാർ കോഓഡിനേറ്റർ ഡോ. ഹരീഷ് കുമാർ എന്നിവർ പങ്കെടുത്തു.

### ആമസോൺ പുനരുപയോഗ ഊർജ ലക്ഷ്യം കൈവരിച്ചു

കൊച്ചി: 2019ൽ ആരംഭിച്ച് 2030ൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ട പുനരുപയോഗ ഊർജലക്ഷ്യം ഏഴുവർഷം മുമ്പേ കൈവരിച്ച് ആമസോൺ.
ലോകവ്യാപകമായ ആമസോണിന്റെ ഡാറ്റാ സെന്ററുകൾ, കോർപ്പറേറ്റ് കെട്ടിടങ്ങൾ, പലചരക്ക് കടകൾ, ഫുൾഫില്മെന്റ് സെന്ററുകൾ എന്നിവിടങ്ങളിലെ പുനരുപയോഗ ഊർജലക്ഷ്യമാണ് ഏഴുവർഷം മുമ്പേ കൈവരിച്ചതായി ആമസോൺ പ്രഖ്യാപിച്ചത്. ബ്ലൂംബെർഗ് ന്യൂ എനർജി ഫിനാൻസ് പറയുന്നതനുസരിച്ച് നാല് വർഷത്തേക്ക് (2020 മുതൽ) ലോകത്തിലെ ഏറ്റവും വലിയ പുനരുപയോഗ ഊർജം വാങ്ങുന്ന കമ്പനിയായി ആമസോൺ മാറി. ആഗോളതലത്തിൽ 500ലധികം സോളാർ, കാറ്റാടി പദ്ധതികളിൽ ബില്യൺ കണക്കിന് ഡോളറും ആമസോൺ നിക്ഷേപിച്ചിട്ടുണ്ട്.

### 1200 നഗരങ്ങളിൽ എയർടെൽ അതിവേഗ വൈഫൈ

കൊച്ചി: രാജ്യത്തെ 1200ൽ അധികം നഗരങ്ങളിൽ ഇപ്പോൾ എയർടെല്ലിന്റെ അതിവേഗ വൈഫൈ കണക്ഷൻ ലഭ്യമാണ്.
വൈഫൈ കണക്ഷനോടൊപ്പം 22ലധികം ഒടിടിപ്ലാറ്റ്ഫോമുകളും 350 ധികം ടിവിചാനലുകളും ഉണ്ടാവുമെന്ന് എയർടെൽചീഫ്എക്സിക്യൂട്ടീവ് ഓഫീസർ ഗോപാൽ വിട്ടൽപറഞ്ഞു.
ഒട്ടനവധി സിനിമകൾ, ടിവി ഷോകൾ, വെബ്സിരീസുകൾ എന്നിവ ഇതുവഴി ആസ്വദിക്കാൻകഴിയും.

## സിയാലിന്റെ ഏവിയേഷൻ കോഴ്സുകൾക്ക് കുസാറ്റിന്റെ അംഗീകാരം

നെടുമ്പാശ്ശേരി : കൊച്ചിൻ ഇന്റർനാഷണൽ ഏവിയേഷൻ സർവീസസ് ലിമിറ്റഡ് (സി.ഐ.എ.എസ്.എൽ) നടത്തുന്ന എവിയേഷൻ അനുബന്ധ കോഴ്സുകൾക്ക് കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി (കുസാറ്റ്) യുടെ അംഗീകാരം ലഭിച്ചു. ഇതോടെ സിയാൽ അക്കാദമി കുസാറ്റിന്റെ അംഗീകൃത സ്ഥാപനമായി മാറും. അക്കാദമിയിൽ പരിശീലനം നേടിയവർക്ക് പരീക്ഷയുൾപ്പെടെയുള്ള കാര്യങ്ങളിൽ കുസാറ്റിന്റെ അംഗീകാരത്തോടു കൂടി കോഴ്സുകൾ പൂർത്തീകരിക്കാനാവും. വ്യോമയാന രംഗത്ത് മികച്ച ഉദ്യോഗാർഥികളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ 2009 ൽ സ്ഥാപിതമായ സിയാൽ ഏവിയേഷൻ അക്കാദമി ഈ മേഖലയിൽ വിവിധ പരിശീലന കോഴ്സുകൾ നൽത്തിവരുന്നുണ്ട്. ഓരോ വർഷവും ഇന്ത്യയിലെ വിവിധ സ്ഥാപനങ്ങളിൽ നിന്നായി 4000 ത്തിലധികം വിദ്യാർത്ഥികളാണ് പരിശീലനത്തിനായി അക്കാദമിയിൽ എത്തുന്നത്. കാനഡയിലെ മോൺട്രിയലിലുള്ള എയർപോർട്ട് കൗൺസിൽ ഇന്റർനാഷണലിന്റെ (എ.സി.ഐ) അംഗീകൃത പരിശീലന പങ്കാളി കൂടിയാണ് സി.ഐ.എ.എസ്.എൽ അക്കാദമി. കുസാറ്റുമായുള്ള പങ്കാളിത്തം സി.ഐ.എ.എസ്.എല്ലിന്റെ അക്കാദമിക പ്രവർത്തനങ്ങൾക്ക് കരുത്ത് പകരുമെന്ന് സിയാൻ എം.ഡി എസ്. സുഹാസ് പറഞ്ഞു. മന്ത്രി പി. രാജീവ്, സിയാൽ മാനേജിങ് ഡയറക്ടറും സി.ഐ.എ.എസ്.എൽ ചെയർമാനുമായ എസ്. സുഹാസ് ഐ.എ.എസ്, കുസാറ്റ് വൈസ് ചാൻസലർ ഡോ. പി.ജി ശങ്കരൻ എന്നിവരുടെ സാന്നിധ്യത്തിൽ കൊച്ചി വിമാനത്താവളത്തിൽ നടന്ന ചടങ്ങിൽ ഇതു സംബന്ധിച്ച ധാരണാപത്രം ഒപ്പുവെച്ചു. കുസാറ്റിനെ പ്രതിനിധീകരിച്ച് രജിസ്ട്രാർ ഡോ. വി. ശിവാനന്ദൻ ആചാരിയും സി.ഐ.എ.എസ്.എൽ അക്കാദമിക്ക് വേണ്ടി മാനേജിങ് ഡയറക്ടർ സന്തോഷ് ജെ. പൂവട്ടിലുമാണ് ധാരണാപത്രത്തിൽ ഒപ്പുവച്ചത്. ബെന്നി ബഹനാൻ എം.പി, എം.എൽ.എമാരായ റോജി എം. ജോൺ, അൻവർ സാദത്ത്, സിയാലിലെയും കുസാറ്റിലെയും ഉദ്യോഗസ്ഥർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.



മന്ത്രി പി. രാജീവിന്റെ സാന്നിധ്യത്തിൽ സി.ഐ.എ.എസ്.എൽ അക്കാദമിയെ കുസാറ്റിന്റെ അംഗീകൃത സ്ഥാപനമായി മാറ്റുന്നതിനുള്ള ധാരണാപത്രം സിയാൽ എം.ഡിയും സി.ഐ.എ.എസ്.എൽ ചെയർമാനുമായ എസ്. സുഹാസും കുസാറ്റ് വൈസ് ചാൻസലർ ഡോ. പി.ജി ശങ്കരനും കൈമാറുന്നു

ഗൾഫ് ചന്ദ്രിക

gulfchandrikanews@gmail.com

2024 ജൂലൈ 13 ശനി

ഗൾഫ് ചന്ദ്രിക



## ബാറിനുള്ളിൽ അതിക്രമം: ഒരാൾ അറസ്റ്റിൽ



ഹരീഷ്

വൈക്കം: ബാറിനുള്ളിൽ അതിക്രമിച്ചു കയറി ജീവനക്കാരനെ ആക്രമിച്ച് മദ്യം തട്ടിയെടുത്ത കേസിൽ ഒരാളെ പോലീസ് അറസ്റ്റ് ചെയ്തു. തലയാഴം, തോട്ടകം മണ്ണമ്പള്ളിൽ വീട്ടിൽ ഹരീഷിനെയാണ് (34) വൈക്കം പോലീസ് അറസ്റ്റ് ചെയ്തത്. ഇയാളും സുഹൃത്തുക്കളും ചേർന്ന് കഴിഞ്ഞ ദിവസം രാത്രി 11:10 മണിയോടുകൂടി തോട്ടകം ഭാഗത്ത് പ്രവർത്തിക്കുന്ന ബാറിലെത്തി വാതിൽ ചവിട്ടി പൊളിച്ച് അകത്ത് കടന്നു., ജീവനക്കാരനെ ആക്രമിക്കുകയും, അവിടെ ഉണ്ടായിരുന്ന ബിയർ കുപ്പികൾ എടുത്തു കടന്നുകളയുകയുമായിരുന്നു. പരാതിയെ തുടർന്ന് വൈക്കം പോലീസ് നടത്തിയ തിരിച്ചിലിൽ ഇയാളെ പിടികൂടുകയുമായിരുന്നു. കോടതിയിൽ ഹാജരാക്കിയ ഇയാളെ റിമാണ്ട് ചെയ്തു. മറ്റു പ്രതികൾക്ക് വേണ്ടി തിരച്ചിൽ ശക്തമാക്കി.

## കർഷകതൊഴിലാളി ക്ഷേമനിധി ബോർഡ് സിറ്റിംഗ്

കോട്ടയം: കേരള കർഷകതൊഴിലാളി ക്ഷേമനിധി ബോർഡിൽ പുതിയ അംഗങ്ങളെ ചേർക്കുന്നതിനും നിലവിലുള്ള അംഗങ്ങളുടെ അംശദായം സ്വീകരിക്കുന്നതിനും ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ സിറ്റിങ് നടത്തുന്നു. ഓഗസ്റ്റ് അഞ്ചിന് കാഞ്ഞിരപ്പള്ളി, എട്ടിന് വെളിയന്നൂർ, 12ന് രാമപുരം, 14ന് കൂട്ടിക്കൽ, 17ന് കടനാട്, 21 ന് നീണ്ടൂർ, 24ന് മരങ്ങാട്ടുപള്ളി, 29ന് കുറവിലങ്ങാട് എന്നീ ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ വച്ചാണ് സിറ്റിംഗ്. അംശദായം അടക്കാൻ വരുന്നവർ ആധാർ, ബാങ്ക് പാസ്സ്ബുക്ക് എന്നിവ കരുതണം. പുതിയ അംഗത്വം ആവശ്യമുള്ളവർ ജില്ലാ ഓഫിസുമായി ബന്ധപ്പെട്ട് ആവശ്യമായ രേഖകൾ കൊണ്ടുവരണം. ഫോൺ 0481 2585604.

## ഈരാറ്റുപേട്ട കെ.എസ്.ആർ.ടിസി ഡിപ്പോ ഇരുട്ടിൽ

ഈരാറ്റുപേട്ട. കേടായ ബൾബുകൾ മാറ്റിയിടാത്തതിനാൽ ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി ഡിപ്പോ ഇരുട്ടിൽ. ഇതുസംബന്ധിച്ച് ഹെഡ് ഓഫീസിൽ അറിയിക്കുകയും മാറ്റിയിടാൻ ആവശ്യപ്പെടുകയും ചെയ്തിട്ടും ഒരു നടപടിയുമുണ്ടായില്ലെന്ന് ജീവനക്കാർ പറയുന്നു.ആഴ്ചകളായി ഈ സ്ഥിതി തുടരുകയാണ്. ഇതു മൂലം രാത്രിയിൽ എത്തുന്ന യാത്രക്കാർ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്.അടിയന്തരമായി ഇതിന് പരിഹാരം ഉണ്ടാവണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു.

## സ്കോൾ കേരളയിൽ യോഗ കോഴ്സ്: പ്രവേശനം നീട്ടി

കോട്ടയം: പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്കോൾ കേരളയിൽ നാഷണൽ ആയുഷ് മിഷന്റെയും സംസ്ഥാന ആയുഷ് മിഷന്റെയും അംഗീകാരത്തോടെ ആരംഭിച്ച ഡിപ്ലോമ ഇൻ യോഗിക് സയൻസ് ആൻഡ് സ്പോർട്സ് യോഗ കോഴ്സിന്റെ രണ്ടാം ബാച്ച് പ്രവേശനത്തിനുള്ള അപേക്ഷ ജൂലൈ 31 വരെ സമർപ്പിക്കാം. 100 രൂപ ഫൈനോടുകൂടി ഓഗസ്റ്റ് 12 വരെയും ***.രീഹല സല്യമഹ.ീൃഴ വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യാം. ഹയർ സെക്കൻഡറി / തത്തുല്യ കോഴ്സിലെ വിജയമാണ് യോഗ്യത. പ്രായപരിധി 1750. കൂടുതൽ വിവരങ്ങൾക്ക് സ്കോൾ കേരളാ ജില്ലാ കേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ 0481 2300 443, 9496094157,9947985329

## പ്രവേശന നടപടി പൂർത്തീകരിക്കണം

കോട്ടയം: പെരുവ സർക്കാർ ഐ.ടി.ഐ പ്രവേശനവുമായി ബന്ധപ്പെട്ട് ഓൺലൈൻ അപേക്ഷ സമർപ്പിച്ചവരിൽ ഫീസ് അടക്കാത്തവരും അപേക്ഷയുടെ വെരിഫിക്കേഷൻ നടത്താത്തവരും ജൂലൈ 15 ന് മുൻപായി ഫീസ് ഒടുക്കി തൊട്ടടുത്ത ഐ.ടി.ഐയിൽ ഹാജരായി വെരിഫിക്കേഷൻ നടപടികൾ പൂർത്തീകരിക്കണം. ഫോൺ: 04829 292678,8592055889

## താത്കാലിക നിയമനം

കോട്ടയം:മഹാത്മാ ഗാന്ധി സർവകലാശാലയിൽ ശുചീകരണ ജോലിക്കാരെ മൂന്നു മാസത്തേക്ക് താത്കാലികമായി നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. വെള്ള കടലാസിൽ തയ്യാറാക്കിയ അപേക്ഷ, തിരിച്ചറിയൽ കാർഡിന്റെയോ ആധാർ കാർഡിൻറെയോ പകർപ്പ് സഹിതം അസിസ്റ്റൻറ് രജിസ്ട്രാർക്ക് (1 ഭരണ വിഭാഗം) ജൂലൈ 22ന് മുൻപ് നൽകണം. )

## ഓർമ്മപ്പെരുന്നാൾ സമാപിച്ചു

കോട്ടയം: ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവായുടെ മൂന്നാം ഓർമ്മപ്പെരുന്നാൾ സമാപിച്ചു.

ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ നടന്ന മൂന്നിന്മേൽ കുർബ്ബാനയ്ക്ക് ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ പ്രധാന കാർമികത്വവും, ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ, എബ്രഹാം മാർ സ്തേഫാനോസ് മെത്രാപ്പോലീത്താ എന്നിവർ സഹകാർമികത്വവും വഹിച്ചു.

തുടർന്ന് അനുസ്മരണ പ്രസംഗവും, കബറിങ്കൽ ധൂപ പ്രാർത്ഥനയും, പ്രദക്ഷിണവും നടന്നു. മെത്രാപ്പോലീത്താമാർ, നിയുക്ത മെത്രാപ്പോലീത്താമാർ, വൈദികർ അടക്കമുള്ള വൻ ജനസമൂഹം പെരുന്നാൾ ചടങ്ങുകളിൽ പങ്കെടുത്തു.

## ആയുർവേദ മെഡിക്കൽ ക്യാമ്പ്

ഇളങ്ങുളം: ജില്ലാ ഭാരതീയ ചികിത്സാ വകുപ്പ്, എലിക്കുളം പഞ്ചായത്ത് ആയുർവേദ ഡിസ്പൻസറി, നിറവ് ണ്ട 60 പ്ലസ് എന്നിവ സംയുക്തമായി സംഘടിപ്പിക്കുന്ന സൗജന്യ മെഡിക്കൽ ക്യാമ്പ് 15 ന് ഇളങ്ങുളത്ത് നടക്കും. രാവിലെ 9.30 മുതൽ ഒന്നുവരെ ഇളങ്ങുളം ശാസ്താ ആഡിറ്റോറിയത്തിലാണ് ക്യാമ്പ്. വിദഗ്ധ ഡോക്ടറന്മാർ പരിശോധിക്കുന്നതിനൊപ്പം മരുന്നുകൾ സൗജന്യമായും നൽകുമെന്ന് മെഡിക്കൽ ഓഫീസർ ഡോ.ഡോണ എബ്രഹാം അറിയിച്ചു.

## ഐ. ടി ഐ. പ്രവേശനം

കോട്ടയം:വിവിധ സർക്കാർ ഐ.ടി.ഐകളിൽ 2024 ലെ പ്രവേശനവുമായി ബന്ധപ്പെട്ട് ഓൺലൈൻ അപേക്ഷ സമർപ്പിച്ചവരിൽ ഇനിയും വെരിഫിക്കേഷൻ പൂർത്തിയാക്കാത്തവർ ജൂലൈ 15ന് വൈകിട്ട് അഞ്ചുമണിക്കു മുൻപായി തൊട്ടടുത്ത ഐ.ടി.ഐയിൽ ഹാജരായി വെരിഫിക്കേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്. ഫോൺ:9495080024,9496800788,9847271858

## 'ഓണത്തിന് ഒരു മുറം പച്ചക്കറി ';കങ്ങഴ മുസ്ലിം എച്ച്എസ്എസിൽ

കങ്ങഴ :കങ്ങഴ കൃഷിഭവന്റെ നേതൃത്വത്തിൽ കൃഷിവകുപ്പിന്റെ പച്ചക്കറി വികസന പദ്ധതി പ്രകാരം സ്കൂൾ എൻഎസ്എസ് യൂണിറ്റിന്റെ സഹകരണത്തോടെ 'ഓണത്തിന് ഒരു മുറം പച്ചക്കറി ' എന്ന സ്കീം കങ്ങഴ മുസ്ലിം ഹയർ സെക്കന്ററി സ്കൂളിൽ ആരംഭിച്ചു.കങ്ങഴ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് റംല ബീഗം പദ്ധതി ഉദ്ഘാടനം നിർവഹിച്ചു.കൃഷി ഓഫീസർ സൂര്യമോൾ ടി ആർ പദ്ധതി വിശദീകരിച്ചു. സ്കൂൾ മാനേജർ ടിഎം നസീർ താഴത്തെടത്ത്, പിടിഎപ്രസിഡന്റ് ഷൈബു പാലക്കാട്ട്, പ്രിൻസിപ്പൽ സാജിദ് എകരീം,ഷിനു, എൻഎസ്എസ് പ്രോഗ്രാം ഓഫീസർ ജോഷി തോമസ്, വോളന്റീർമാർ തുടങ്ങിയവർ സംബന്ധിച്ചു.

# ചപ്പാത്തിൽ ഒഴുകിപ്പോയ ബൈക്ക് യാത്രക്കാരെ നാട്ടുകാർ രക്ഷിച്ചു



അപകടവഴി... വെച്ചൂച്ചിറ ചെമ്പനോലി മലയിൽ നിന്ന് തുടങ്ങി എരുമേലിയിലേക്ക് ഒഴുകുന്ന വലിയതോട്ടിലെ പൊന്നരുവി എന്നറിയപ്പെടുന്ന തോട്ടിലെ കുളമാങ്കുഴി റോഡിലുള്ള ചപ്പാത്ത്

മുക്കൂട്ടുതറ : ഒരാഴ്ചക്കുള്ളിൽ അപകടത്തിൽ പെട്ട് ഒഴുകി പോയത് രണ്ട് ബൈക്കുകൾ. ബൈക്കിൽ ഉണ്ടായിരുന്നവരെ ഒഴുക്കിൽ നിന്നും രക്ഷിച്ച നാട്ടുകാർ ബൈക്കുകൾ തോട്ടിൽ നിന്ന് എടുത്ത് കരയിൽ കയറ്റി നൽകി.

പ്രദേശത്ത് ആദ്യമായി വരുന്ന പരിചയം ഇല്ലാത്തവരാണ് അപകടത്തിൽ പെടുന്നത്. എരുമേലി വെൺകുറിഞ്ഞി കുളമാങ്കുഴി റോഡിലെ ചപ്പാത്ത് ആണ് അപകടത്തിലാക്കുന്നത്. വെച്ചൂച്ചിറ ചെമ്പനോലി മലയിൽ നിന്ന് ഉദ്ഭവിച്ച് എരുമേലിയിലേക്ക് ഒഴുകുന്ന വലിയ തോട്ടിലെ പൊന്നരുവി എന്നറിയപ്പെടുന്ന തോട്ടിലെ കുളമാങ്കുഴി റോഡിലുള്ള ചപ്പാത്ത് ആണ് മഴക്കാലത്ത് നാട്ടുകാരുടെ പേടിസ്വപ്നമാകുന്നത്.

മഴക്കാലത്ത് തോട്ടിൽ വെള്ളം നിറയുമ്പോൾ ചപ്പാത്ത് കവിഞ്ഞൊഴുകും.ശക്തമായ ഒഴുക്കാണ് അനുഭവപ്പെടുക. ബൈക്കിൽ വരുന്നവർ ഒഴുക്കിൽ പെട്ട് തോട്ടിലേക്ക് വീഴും. നീന്തി ഇവർ രക്ഷപെടുമ്പോൾ ബൈക്ക് ഒഴുകിപ്പോകും. പിന്നെ നാട്ടുകാർ ചേർന്നാണ് ബൈക്ക് തോട്ടിൽ നിന്ന് എടുത്തു നൽകുക. സുരക്ഷാ മുന്നറിയിപ്പ് ബോർഡുകൾ ഉണ്ടെങ്കിൽ അപകടങ്ങൾ ഒഴിവാകുമെന്ന് നാട്ടുകാർ പറയുന്നു.

സുരക്ഷാ വേലിയും ചപ്പാത്ത് പാലത്തിൽ കൈവരികളും സ്ഥാപിച്ചാൽ അപകടങ്ങളിൽ നിന്ന് രക്ഷ നൽകാൻ സാധിക്കുമെന്ന് സമീപവാസികളും രക്ഷാ പ്രവർത്തകരുമായ ആലുംമൂട്ടിൽ ജോർജ് (ബോസ്), ചെല്ലംതറ ജെയിംസ്, രത്നാകരൻ എന്നിവർ പറഞ്ഞു.

ഇന്നലെ വെച്ചൂച്ചിറ സ്വദേശി ബൈക്കിൽ എത്തി അപകടത്തിൽപെട്ടപ്പോഴും കഴിഞ്ഞ ദിവസം ചാത്തൻതറ സ്വദേശികളായ യുവാക്കൾ ബൈക്കിൽ അപകടത്തിൽ പെട്ടപ്പോഴും ഇവരാണ് രക്ഷപെടുത്തിയത്. സ്കൂളിൽ പോകാൻ കൊച്ചുകുട്ടികളും വിദ്യാർത്ഥികളും ഇതുവഴിയാണ് എത്തുന്നത്. മഴക്കാലത്ത് ശക്തമായ ഒഴുക്ക് ആയാൽ ഇവർ മറ്റ് വഴികൾ തേടണം. മണിപ്പുഴ വഴിയും വെച്ചൂച്ചിറ സെന്റ് തോമസ് സ്കൂൾ ഭാഗത്തെ റോഡ് വഴിയുമാണ് പകരം സഞ്ചരിക്കാൻ വഴിയുള്ളത്. ഏറെ ദൂരം സഞ്ചരിച്ചു വേണം ഈ റോഡുകളിൽ എത്താൻ. അതേസമയം ചപ്പാത്ത് പാലം ഉയർത്തി വലിയ പാലം നിർമിച്ചാൽ അപകട സാധ്യത ഒഴിയും. പഞ്ചായത്ത് ഇതിന് നടപടികൾ സ്വീകരിക്കണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു. അതുവരെ സുരക്ഷ ക്രമീകരണങ്ങളായി മുന്നറിയിപ്പ് ബോർഡുകളും കൈവരികളും സ്ഥാപിക്കണമെന്ന് ആവശ്യം ശക്തമാണ്.




വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാകുന്നതിന് കാരണക്കാരനായ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയോടുള്ള അവഗണനയിൽ പ്രതിഷേധിച്ച് യു.ഡി.എഫ് ജില്ലാ കമ്മറ്റിയുടെ നേതൃത്വത്തിൽ കോട്ടയം തിരുനക്കര ഗാന്ധിസ്ക്വയറിൽ നടത്തിയ പ്രതിഷേധ പരിപാടി

# വിഴിഞ്ഞം പദ്ധതി : സി.പി.എം ഉമ്മൻചാണ്ടിയോട് മാപ്പ് പറയണമെന്ന് ഫ്രാൻസിസ് ജോർജ്

കോട്ടയം: വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമായപ്പോൾ പിതൃത്വം ഏറ്റെടുത്ത സി.പി.എം ഉമ്മൻ ചാണ്ടിയോട് മാപ്പ് പറയാൻ തയാറാകണമെന്ന് ഫ്രാൻസിസ് ജോർജ് എം.പി.

വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാകുന്നതിന് കാരണക്കാരനായ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയോടുള്ള അവഗണനയിൽ പ്രതിഷേധിച്ച് യു.ഡി.എഫ് ജില്ലാ കമ്മറ്റിയുടെ നേതൃത്വത്തിൽ നഗരത്തിൽ നടത്തിയ പ്രതിഷേധ പരിപാടി ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ഉമ്മൻ ചാണ്ടിയെന്ന മുഖ്യമന്ത്രിയുടെ ഇച്ഛാശക്തിയുടെ പ്രതീകമാണ് വിഴിഞ്ഞം തുറമുഖം. വിഴിഞ്ഞം പദ്ധതി കൊണ്ടു വന്നപ്പോൾ റിയൽ എസ്റ്റേറ്റ് അഴിമതിയെന്ന് അപഹസിച്ചവർ ഇന്ന് വിഴിഞ്ഞം പദ്ധതിയുടെ ക്രഡിറ്റ് എറ്റെടുക്കാൻ നടത്തുന്ന നാടകം അവസാനിപ്പിക്കണമെന്നും ഫ്രാൻസിസ് ജോർജ് ആവശ്യപ്പെട്ടു.

പ്രതിപക്ഷ നേതാവ് വി.ഡി.സതീശനെയും തിരുവനന്തപുരം എം .പി .ശശി തരൂരിനെയും വിഴിഞ്ഞത്തെ പരിപാടിയിൽ പങ്കെടുപ്പിക്കാതിരുന്നത് ഇടതു സർക്കാരിന്റെ കാപട്യത്തിന് തെളിവാണെന്നും അദേഹം പറഞ്ഞു.

യു.ഡി.എഫ് ജില്ലാ കൺവീനർ ഫിൽസൺ മാത്യൂസ് അധ്യക്ഷത വഹിച്ചു.

പ്രതിഷേധ യോഗത്തിൽ യു.ഡി. എഫ് നേതാക്കളായ മോൻസ് ജോസഫ് എം എൽ എ, പി. സി. തോമസ്. ജോയ് എബ്രഹാം,സതീഷ് ചെള്ളാനി, എം.പി സന്തോഷ് കുമാർ, കെ എ മാഹീൻ,അഡ്വ.വി പി നാസർ,യുജിൻ തോമസ്, ജെയ്സൺ ജോസഫ്,ടോമി വേദഗിരി, സാജു എം ഫിലിപ്പ്, അബ്ദുൽ സലാം, എസ്. രാജീവ്, ഷാനവാസ് പാഴൂർ, വി കെ അനിൽകുമാർ സിസി ബോബി, രാഹുൽ മരിയപ്പള്ളി, എൻ ജെ പ്രസാദ്, ടീ സി റോയ്, തങ്കച്ചൻ വേഴക്കാട്, സാബു മാത്യൂ, മിഥുൻ എം തോമസ് എന്നിവർ പ്രസംഗിച്ചു

# ജീവാനന്ദം പദ്ധതി ഉപേക്ഷിക്കണം – എൻജിഒ അസോസിയേഷൻ



എൻ ജി ഒ അസോസിയേഷൻ 39 മത് പത്തനംതിട്ട ജില്ലാ സമ്മേളനം ആന്റോ ആന്റണി എം പി ഉദ്ഘാടനം ചെയ്യുന്നു .

പത്തനംതിട്ട :ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും നിശ്ചിത ശതമാനം തുക ഓരോ മാസവും കൊള്ളയടിക്കുന്നതിന് വേണ്ടി സർക്കാർ തുടങ്ങുന്ന ജീവാനന്ദം പദ്ധതി ഉപേക്ഷിക്കണമെന്ന് കേരള എൻജിഒ അസോസിയേഷൻ പത്തനംതിട്ട ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു. ജീവനക്കാരുടെ ആരോഗ്യ പരിരക്ഷ സർക്കാരിന്റെ ബാധ്യതയാണെന്ന് വ്യക്തമാക്കി ഉമ്മൻചാണ്ടി സർക്കാർ പത്താം ശമ്പള പരിഷ്കരണം റിപ്പോർട്ടിൽ കൊണ്ടുവന്ന മെഡിസെപ്പ് പദ്ധതി അവസാനിപ്പിക്കാനുള്ള നീക്കം ജീവനക്കാരോടുള്ള വഞ്ചനയാണ്. ശമ്പളപരിഷ്കരണ കുടിശ്ശിക 22% ക്ഷാമബത്ത കുടിശ്ശിക, ലീവ് സറണ്ടർ തുടങ്ങി തടഞ്ഞു വച്ചിരിക്കുന്ന ആനുകൂല്യങ്ങൾ അടിയന്തരമായി അനുവദിക്കുവാനും സമ്മേളനം സർക്കാരിനോട് ആവശ്യപ്പെട്ടു.

അസോസിയേഷൻ 39 -ാം ജില്ലാ സമ്മേളനം പത്തനംതിട്ട എസ് എൻ ഡി പി ഓഡിറ്റോറിയത്തിൽ ആന്റോ ആന്റണി എംപി ഉദ്ഘാടനം ചെയ്തു.ജില്ലാ പ്രസിഡണ്ട് അജിൻ ഐപ്പ് ജോർജ് അധ്യക്ഷത വഹിച്ചു. കെ പി സി സി ജനറൽ സെക്രട്ടറി പഴകുളം മധു, ഡിസിസി പ്രസിഡണ്ട് സതീഷ് കൊച്ചുപറമ്പിൽ, അസോസിയേഷൻ ജില്ലാ സെക്രട്ടറി ഷിബു മണ്ണടി, സംസ്ഥാന കമ്മിറ്റി അംഗം ബിജു ശാമുവേൽ എന്നിവർ പ്രസംഗിച്ചു.

പ്രതിനിധി സമ്മേളനം എൻ ജി ഒ അസോസിയേഷൻ സംസ്ഥാന പ്രസിഡണ്ട് ചവറ ജയകുമാറും, സംഘടനാ ചർച്ച സംസ്ഥാന ജനറൽ സെക്രട്ടറി എ എം ജാഫർഖാനും, യാത്രയയപ്പ് സമ്മേളന സംസ്ഥാന ട്രഷറർ തോമസ് ഹെർബിറ്റും ഉദ്ഘാടനം ചെയ്തു.

വിവിധ സമ്മേളനങ്ങളിൽ എൻജിഒ അസോസിയേഷൻ സംസ്ഥാന സെക്രട്ടറി രഞ്ജു കെ മാത്യു, പ്രദീപ്കുമാർ ബി ,ബോബിൻ വി പി , സംസ്ഥാന സെക്രട്ടറിയേറ്റം പി എസ് വിനോദ് കുമാർ, സംസ്ഥാന കമ്മിറ്റി അംഗം ബി പ്രശാന്ത് കുമാർ, കെ ജി ഒ യു ജില്ലാ പ്രസിഡണ്ട് ജോസ് ഫിലിപ്പ്, കെ പി എസ് ടി എ ജില്ലാ പ്രസിഡണ്ട് ഫിലിപ്പ് ജോർജ്, കെ എസ് എസ് പി എ ജില്ലാ പ്രസിഡണ്ട് എം എ ജോൺ, അസോസിയേഷൻ ജില്ലാ വൈസ് പ്രസിഡണ്ട് ജി ജയകുമാർ, എസ് കെ സുനിൽകുമാർ, ജില്ലാ ജോയിൻ സെക്രട്ടറി വിഷ്ണു സലീം കുമാർ, ഡി ഗീത, അനിൽകുമാർ ജി, നൗഫൽ ഖാൻ, അബു കോശി പിക്കു വി സൈമൺ, ദിലീപ് ഖാൻ, അനു കെ, അനിൽകുമാർ, പ്രസാദ് ആർ , ദർശൻ ഡി കുമാർ, സുനിൽ വി കൃഷ്ണൻ, അൽ അമീൻ, ജിഷ്ണു ജെ, ഷെബിൻ വി ഷെയ്ഖ് എന്നിവർ പ്രസംഗിച്ചു.

## കുറഞ്ഞ ചിലവിൽ നൂതന പ്ലാൻറ് ഗ്രോവിംഗ് ചേംബർ നിർമിച്ച് എം.ജിയിലെ സ്റ്റാർട്ടപ്പ്

കോട്ടയം: കാർഷിക ഗവേഷണത്തിനുള്ള ചെലവ് ഗണ്യമായി കുറയ്ക്കുന്ന കണ്ടുപിടിത്തവുമായി മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്റ്റാർട്ടപ്പ്. ബിസിനസ് ഇന്നവേഷൻ ആൻറ് ഇൻകുബേഷൻ സെൻററിൻറെ(ബിഐഐസി) പിന്തുണയോടെ പ്രവർത്തിക്കുന്ന അഗ്രോടീൻ ലാബ് ആണ് ഗവേഷണ ആവശ്യങ്ങൾക്കായി താപനില ക്രമീകരിച്ച് സസ്യങ്ങൾ വളർത്തുന്നതിന് അനുയോജ്യമായ ചേംബറുകൾ വളരെ കുറഞ്ഞ ചിലവിൽ വികസിപ്പിച്ചെടുത്തത്.

നിലവിൽ വിപണിയിൽ ലഭിക്കുന്ന പ്ലാൻറ് ഗ്രോവിംഗ് ചേംബറുകൾക്ക് ഒരു ലക്ഷം രൂപയ്ക്കു മുകളിലാണ് വില. നൂതന സാങ്കേതിക സംവിധാനഘങ്ങളോടെ രണ്ടു ചേംബറുകളാണ് അഗ്രോടീൻ തയ്യാറാക്കിയത്. അഡ്വാൻസ്ഡ് ചേംബറിന് അറുപതിനായിരം രൂപയും സെമി അഡ്വാൻസ്ഡ് ചേംബറിന് നാൽപ്പതിനായിരം രൂപയുമാണ് വില.

സർവകലാശാലയിലെ അഡ്വാൻസ്ഡ് സെൻറർ ഫോർ എൻവയോൺമെൻറ് സയൻസ് ആൻറ് സസ്റ്റൈനബിൾ ഡവലപ്മെൻറിനു വേണ്ടിയാണ് ഇവ തയ്യാറാക്കിയത്.

ഇത്തരം ചേംബറുകൾ വ്യാവസായിക അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നത് പരിഗണനയിലുണ്ടെന്ന് അഗ്രോടീൻ ലാബ് സിഇഒ പ്രവീൺ അലോഷ്യസ് പറഞ്ഞു.

നൂതന കൃഷിരീതികൾ പിന്തുടരുന്നവർക്ക് ആവശ്യമായ സാങ്കേതിക ഉപകരണങ്ങളും സംവിധാനങ്ങളും അഗ്രോടീൻ ലാബ് തയ്യാറാക്കി നൽകുന്നുണ്ട്. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ(www.agrowtein.com) ലഭിക്കും. ഫോൺ9562603120. ബിഐഐസിയുടെ പിന്തുണയോടെ സർവകലാശാലാ കാമ്പസിലും വിർചൽ ഇൻകുബേഷൻ സംവിധാനത്തിലുമായി നിലവിൽ 34 സ്റ്റാർട്ടപ്പുകൾ പ്രവർത്തിക്കുന്നുണ്ട്.

## ഡോ. സി.ജെ. റോയ് സ്മാരക പഠനപീഠത്തിന്റെ ഉദ്ഘാടനവും സ്മാരകപ്രഭാഷണവും 15ന്

കോട്ടയം: ഭാഷാശാസ്ത്രജ്ഞനും നിരൂപകനും ഗവേഷണമാർഗദർശിയും മധുരൈ കാമരാജ് യൂണിവേഴ്സിറ്റി മുൻ മേധാവിയുമായിരുന്ന ഡോ. സി.ജെ. റോയ് യുടെ സ്മരണയ്ക്കായി ബസേലിയസ് കോളജ് മലയാളവിഭാഗത്തിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന 'ഡോ. സി.ജെ. റോയ് സ്മാരകപഠനപീഠ'ത്തിന്റെ ഉദ്ഘാടനവും പ്രഥമ സ്മാരകപ്രഭാഷണവും ജൂലൈ 15ന് രാവിലെ 11.30ന് ഡോ. എ.പി. മാണി മീഡിയ സെന്ററിൽ നടക്കും. ഡോ. തോമസ് മാർ അത്തനാസ്യോസ് മെത്രാപ്പൊലീത്ത പഠനപീഠം ഉദ്ഘാടനം ചെയ്യും. 'മാനവികതയും സാഹിത്യവും' എന്ന വിഷയത്തിൽ പ്രഥമ സ്മാരക പ്രഭാഷണം സാസംസ്കാരിക വിമർശകനും പ്രഭാഷകനുമായ പ്രഫ. എം.എൻ. കാരശ്ശേരി നിർവഹിക്കും. കോളജ് പ്രിൻസിപ്പൽ പ്രഫ. ഡോ. ബിജു തോമസ് അധ്യക്ഷത വഹിക്കും. ഡോ. സി.ജെ. റോയിയുടെ ഗ്രന്ഥശേഖരങ്ങളും ഗവേഷണപ്രബന്ധങ്ങളും ബസേലിയസ് കോളജ് മലയാളവിഭാഗം റഫറൻസ് ലൈബ്രറിക്ക് കൈമാറും. ഗ്രന്ഥശേഖരങ്ങളുടെ കൈമാറ്റം സി.ജെ. റോയ്യുടെ മകൻ സുനിൽ റോയ് നിർവഹിക്കും. ഡോ. ഡേവിസ് സേവ്യർ ഗുരുസ്മരണ നടത്തും. പുത്തൻകാവ് മാത്തൻ തരകൻ ട്രസ്റ്റ് ചെയർമാനും നിരൂപകനുമായ ഡോ. പോൾ മണലിൽ, ബസേലിയസ് കോളജ് മലയാളവിഭാഗം മേധാവി ഡോ. തോമസ് കുരുവിള, റബർ ബോർഡ് പ്രിൻസിപ്പൽ സയിന്റിസ്റ്റ് ഡോ. ബിന്ദു റോയ്, മലയാളസമാജം വൈസ് പ്രസിഡന്റ് ഡോ. നിബുലാൽ വെട്ടൂർ എന്നിവർ പ്രസംഗിക്കും.

## ജില്ലാ പൊലീസിന് കരുത്തായി മൾട്ടി ജിംനേഷ്യം

കോട്ടയം: ജില്ലാ പൊലീസിന്റെ നേതൃത്വത്തിൽ ജില്ലയിലെ പൊലീസ് സേനാംഗങ്ങൾക്കും അവരുടെ കുടുംബാഗങ്ങൾക്കുമായി മൾട്ടി ജിംനേഷ്യം ആരംഭിച്ചു.

ജില്ലാ പൊലീസ് ഹെഡ് കോട്ടേഴ്സിൽ കാവൽക്കരുത്ത് എന്ന പേരിൽ ആരംഭിച്ച മൾട്ടി ജിംനേഷ്യത്തിന്റെ ഉദ്ഘാടനംജില്ലാ പൊലീസ് മേധാവി കെ.കാർത്തിക് ഐ.പി.എസ് നിർവഹിച്ചു. പൊലീസ് ഉദ്യോഗസ്ഥർക്ക് ശാരീരിക ആരോഗ്യം വീണ്ടെടുക്കുന്നതിനും ഇതുവഴി പൊതുജനങ്ങൾക്ക് നല്ല സേവനം നൽകുന്നതിന് ഇവരെപ്രാപ്തരാക്കുക എന്നൊരു ലക്ഷ്യത്തോടുകൂടിയാണ് ഇത് ആരംഭിച്ചിരിക്കുന്നതെന്നും എസ്.പി പറഞ്ഞു.ജില്ലാ പൊലീസും,സൗത്ത് ഇന്ത്യൻ ബാങ്കും ചേർന്നാണ് ഈ പദ്ധതി നടപ്പാക്കിയിരിക്കുന്നത്. ചടങ്ങിൽ എം.മുരളി( ഡിവൈഎസ്പി കോട്ടയം)സി.ജോൺ ( ഡിവൈഎസ്പി നർക്കോട്ടിക് സെൽ), സജി മാർക്കോസ് ( ഡിവൈഎസ്പി സ്പെഷ്യൽ ബ്രാഞ്ച് ), ജ്യോതികുമാർ.പി ( ഡിവൈഎസ്പി ഡി.സി.ആർ.ബി ),പ്രദീപ് വി.എൻ ( സൗത്ത് ഇന്ത്യൻ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ ആൻഡ് റീജണൽ ഹെഡ് കോട്ടയം ), എം.എസ് തിരുമേനി( ജില്ലാ പോലീസ് ഓഫീസേഴ്സ് അസോസിയേഷൻ സെക്രട്ടറി), ബിനു ഭാസ്കർ ( ജില്ലാ പ്രസിഡണ്ട് കേരള പൊലീസ് അസോസിയേഷൻ), മറ്റ് പോലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവരും പങ്കെടുത്തു.

## വിദ്യാർഥികൾക്ക് ധനസഹായം

കോട്ടയം: എസ്.എസ്.എൽ.സി. / ടി.എച്ച്.എസ്.എൽ.സി, പ്ലസ് ടു/ വി.എച്ച്.എസ്.സി. പരീക്ഷയിൽ 2023-24 അധ്യയനവർഷത്തിൽ ഉയർന്ന മാർക്ക് നേടിയ കേരള കർഷകതൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവരുടെ കുട്ടികൾക്ക് ധനസഹായം നൽകുന്നു.

പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെടുന്ന അംഗങ്ങളുടെ മക്കൾക്ക് മാർക്ക് മാനദണ്ഡത്തിൽ 5% ഇളവുണ്ട്. 2024 മാർച്ച് മാസത്തിൽ നടത്തിയ എസ്.എസ്.എൽ.സി. / ടി.എച്ച്.എസ്.എൽ.സി പരീക്ഷയിൽ എഴുപത്തിയഞ്ചോ കൂടുതലോ പോയിന്റ് നേടിയ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് അപേക്ഷിക്കാം. 202324 അധ്യയന വർഷത്തെ പ്ലസ്ടു/വി.എച്ച്.എസ്.ഇ. അവസാന വർഷ പരീക്ഷയിൽ 85% മാർക്കിൽ കുറയാതെ മാർക്ക് നേടിയ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് അപേക്ഷിക്കാം. വിദ്യാർത്ഥികൾ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ സംസ്ഥാന സിലബസിൽ പഠിച്ചവരും ആദ്യചാൻസിൽ ജയിച്ചവരും ആകണം. പരീക്ഷ തീയതിക്ക് തൊട്ടുമുൻപുള്ള മാസത്തിൽ അംഗം 12 മാസത്തെ അംഗത്വകാലം പൂർത്തീകരിക്കണം. പരീക്ഷാ തീയതിയിൽ 24 മാസത്തിൽ കൂടുതൽ കുടിശിക ഉണ്ടാകരുത്. അപേക്ഷ തീയതിയിലും അംഗത്തിന് കുടിശ്ശിക പാടില്ല. കുടിശ്ശിക നിവാരണത്തിലൂടെ അംഗത്വം പുന:സ്ഥാപിച്ച അംഗങ്ങൾക്ക് കുടിശ്ശിക കാലയളവിൽ നടന്ന പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കാനാവില്ല. അപേക്ഷ ജൂലൈ 31 വൈകിട്ട് അഞ്ചുമണി വരെ ജില്ലാ ഓഫീസിൽ സ്വീകരിക്കും. അപ്പീൽ അപേക്ഷ ഓഗസ്റ്റ് 12വരെ ചീഫ് എക്സിക്യൂട്ടീവ് ഓഫിസറുടെ കാര്യാലയത്തിൽ സ്വീകരിക്കും. വിശദവിവരങ്ങൾക്ക് കോട്ടയം ജില്ലാ എക്സിക്യൂട്ടീവ് ഓഫിസുമായി ബന്ധപ്പെടുക. ഫോൺ 0481 2585604. അപേക്ഷാ ഫോം www.agriworkersfund.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

## സൗജന്യ നേത്രപരിശോധനാ ക്യാമ്പ്

കാഞ്ഞിരപ്പള്ളി :കോട്ടയം അഹല്യാ ഐ ഹോസ്പിറ്റലും മുണ്ടക്കയം എൻ. എസ്. എസ്. കരയോഗവും സംയുക്താഭിമുഖ്യത്തിൽ നേത്രപരിശോധനാ ക്യാമ്പ് ചിറ്റടി എൻ.എസ്.എസ്. ഹാളിൽ ജൂലൈ 14നു രാവിലെ ഒൻപതു മുതൽ ഉച്ചയ്ക്ക് ഒന്നുവരെ നടക്കും. പാറത്തോട് പഞ്ചായത്ത് പ്രസിഡന്റ് കെ.കെ ശരികുമാർ ഉദ്ഘാടനം ചെയ്യും. ഡയസ്സ് കോക്കാട്ട് അധ്യക്ഷനാകും.

## പ്രതിഷ്ഠാദിനം നാളെ

തമ്പലക്കാട് : മഹാകാളി പാറ ധർമ്മശാസ്താ ക്ഷേത്രത്തിലെ പ്രതിഷ്ഠാദിന മഹോത്സവം ഞായറാഴ്ച രാവിലെ 5 30ന് ഗണപതി ഹോമത്തോടെ തുടങ്ങും. തന്ത്രി പറമ്പൂരില്ലത്തു ത്രിവിക്രമൻ നാരായണൻ ഭട്ടതിരിപ്പാടിന്റെ മുഖ്യ കാർമികത്വത്തിലാണ് ചടങ്ങുകൾ നടക്കുക.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 13 ശനി
ഗൾഫ് ചന്ദ്രിക

## യാനങ്ങൾ ഭൗതിക പരിശോധനക്കായി എത്തണം

ആലപ്പുഴ: ട്രോൾബാൻ കാലയളവിൽ യന്ത്രവൽകൃത ബോട്ടുകളുടെയും ഇൻബോർഡു വള്ളങ്ങളുടെയും ഭൗതിക പരിശോധന നടത്താനായി എല്ലാ വള്ളം ഉടമകളും യാനങ്ങളും യാനങ്ങളുടെ ബന്ധപ്പെട്ട രേഖകളുമായി പരിശോധനക്ക് എത്തണമെന്ന് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. യാനങ്ങളുടെ എണ്ണം തിട്ടപ്പെടുത്തി റിയൽ ക്രാഫ്റ്റ് സോഫ്റ്റ് വെയർ അപഡേറ്റ് ചെയ്യുന്നതിനായി ജില്ലയിൽ 14ന് തോപ്പുംപടി ഹാർബറിലും 16ന് മണിവേലിക്കടവ് പടിഞ്ഞാറേ കര, കള്ളിക്കാട് വില്ലേജ് ഓഫീസിന് സമീപം, തൃക്കുന്നപ്പുഴ ചീപ്പ്, പതിയാങ്കര വീരൻപറമ്പ് എന്നിവിടങ്ങളിൽ വെച്ച് യാനങ്ങളുടെ ഭൗതിക പരിശോധന നടത്തുന്നതാണ്.

## ബ്രൈറ്റ് അക്കാദമി ഉദ്ഘാടനം

അമ്പലപ്പുഴ : മോണ്ടി സോറി ടീച്ചർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടായ ബ്രൈറ്റ് അക്കാദമിയുടെ ഉദ്ഘാടനം അമ്പലപ്പുഴ വടക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ് ഹാരിസ് നിർവ്വഹിച്ചു. ബ്രെയ്റ്റ് അക്കാദമി ട്രസ്റ്റ് ഡയറക്ടർ ഹംസ എ കുഴുവേലി അധ്യക്ഷനായ യോഗത്തിൽ സുരേഷ് കുമാർ തോട്ടപ്പള്ളി മുഖ്യ പ്രഭാഷണം നിർവ്വഹിച്ചു. എച്ച്.ഒ.ഡി മുബീന ടീച്ചർ സ്വാഗതം ആശംസിച്ചു. വാർഡ് മെമ്പർമാരായ ലേഖമോൾ സനൽ, റസിയമോൾ കൂടാതെ അനിൽ വെല്ലൂർ, കുമാരി രേഷ്മ എന്നിവർ ആശംസകൾ അർപ്പിച്ച യോഗത്തിൽ അമീറാ ടീച്ചർ നന്ദി പറഞ്ഞു. സ്വദേശത്തും വിദേശത്തും ജോലി ലഭിക്കുന്ന അന്താരാഷ്ട്ര അംഗീകാരമുള്ള എം.എ.സി.റ്റിയുടെ അഫിലിയേഷനോടെ പ്രവർത്തിക്കുന്നബ്രയിറ്റ് അക്കാദമിയുടെ ആഭിമുഖ്യത്തിൽ അടുത്ത വർഷം ആരംഭിക്കുന്ന പ്രീ പ്രൈമറി സ്കൂളുകളിൽ അധ്യാപകരായി ഇവിടെ നിന്നും പഠിച്ചിറങ്ങുന്നവർക്ക് മുൻഗണന ഉണ്ടായിരിക്കുമെന്ന് ഡയറക്ടർ ഹംസ എ കുഴുവേലി അറിയിച്ചു.

## ബിരുദ പ്രവേശനം

ആലപ്പുഴ: 2024ൽ പ്ലസ്ടു സേ പരീക്ഷ ജയിച്ച വിദ്യാർഥികൾക്ക് കേരള സർവ്വകലാശാല പ്രാദേശിക കേന്ദ്രമായ യു.ഐ.ടി. മുഹമ്മ റീജിയണൽ സെന്ററിൽ ഡിഗ്രി പ്രവേശനത്തിന് ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. വിവരങ്ങൾക്ക് 9744696141, 8547909956.

# ആലപ്പുഴ വാർത്തകൾ



സ്വദേശി റെയ്ഞ്ച് സംഗമം ജംഇയ്യത്തുൽ മുഅല്ലിമീൻ ജില്ലാ പ്രസിഡന്റ് പി.എ ശിഹാബുദ്ദീൻ മുസ്‌ലിയാർ ഉദ്ഘാടനം ചെയ്യുന്നു

## സ്വദേശി റെയ്ഞ്ച് സംഗമം

ആലപ്പുഴ: സ്വദേശി റെയ്ഞ്ച് സംഗമം ചേലാട്ടുഭാഗം ഖുവ്വത്തുൽ ഇസ്‌ലാം മദ്റസയിൽ ജില്ലാ ജംഇയ്യത്തുൽ മുഅല്ലിമീൻ പ്രസിഡന്റ് പി.എ ശിഹാബുദ്ദീൻ മുസ്‌ലിയാർ ഉദ്ഘാടനം നിർവഹിച്ചു.

മുഅല്ലിം മൻസിൽ പദ്ധതി പ്രകാരം യോഗത്തിൽ രണ്ടാമത്തെ ഗഡു നൽകി. റെയ്ഞ്ച് പ്രസിഡന്റ് സുലൈമാൻ ദാരിമി അധ്യക്ഷനായി. സയ്യിദ് സീതി കോയ തങ്ങൾ പതാക ഉയർത്തി. മുഹമ്മദ് ഹാരിസ് അൽ അബ്രാരി ഖുർആൻ പാരായണവും സമസ്ത മുജാവ്വിദ് മുഹമ്മദ് മീരാൻ ഹൈത്തമി അമ്പലപ്പുഴ വിഷയാവതരണവും നടത്തി.

എൻ. പി നാസറുദ്ദീൻ മുസ്‌ലിയാർ, മുസൽ ഫൈസി, സലിം ഫൈസി , റെയിഞ്ച് സെക്രട്ടറി കെ. ബഷീർ മൗലവി,ശിഹാബ് മുസ്ലിയാർ തേവർ വട്ടം പ്രസംഗിച്ചു.സ്വദേശി റെയിഞ്ച് പുതിയ ഭാരവാഹികളായി സലിം ഫൈസി ( ചെയർമാൻ),ഹാരിസ് അബ്രാരിവടുതല, ഫൈസൽ ജലാലി ,വൈസ് ചെയർമാൻമാർ,ജഅഫർ സുഹ്‌രി ( കൺവീനർ),കാസിം അൻവരി പാണാവള്ളി, ഷംസുദ്ദീൻ മുസ്‌ലിയാർ വടുതല, ജോയിൻ കൺവീനർമാർ എൻ.പി നാസറുദ്ദീൻ മുസ്‌ലിയാർ ( ട്രഷറർ ) എന്നിവരെ തെരഞ്ഞെടുത്തു.

## ലോക പേപ്പർ ബാഗ് ദിനം ഗേൾ സ്കൂൾ സമചിതമായി ആചരിച്ചു

ചേർത്തല: ലോക പേപ്പർ ബാഗ് ദിനമായ ജൂലൈ 12 ന് പേപ്പർ ബാഗുകളുടെ ഉപയോഗം വ്യാപകമാക്കുക , പേപ്പർ ബാഗുകൾ സ്വയം നിർമ്മിക്കാനുള്ള ശേഷി ആർജിക്കുക ,പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം കുറയ്ക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി എൻസിസി പ്രവർത്തി പരിചയ ക്ലബ്ബ് എന്നിവയുടെ ആഭിമുഖ്യത്തിൽ ഗവൺമെൻറ് ഗേൾസ് ഹയർസെക്കൻഡറി സ്കൂളിൽ പേപ്പർ ബാഗ് നിർമ്മാണ ക്യാമ്പ് സംഘടിപ്പിച്ചു.

30ലധികം കുട്ടികളാണ് ക്യാമ്പിന്റെ ഭാഗമായി ബാഗുകൾ നിർമ്മിച്ചത്. പ്രവർത്തനങ്ങൾക്ക് എൻ സി സി ചുമതലവഹിക്കുന്ന അധ്യാപകരായ മിഷാ, ശ്രീലേഖ എന്നിവർ നേതൃത്വം നൽകി

## കുടുംബ സംഗമം

ആലപ്പുഴ: വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ആലപ്പുഴ മണ്ഡലം കമ്മിറ്റി സംഘടിപ്പിക്കുന്ന കുടുംബ സംഗമം ഇന്ന് വൈകിട്ട് വൈകുന്നേരം നാലിന് അന്നൂർ ജുമുഅ മസ്ജിദിൽ നടക്കും.

മുൻ എം എൽ എ എ എ ഷുക്കൂർ സംഗമം ഉദ്ഘാടനം ചെയ്യും. ഫറൂഖ് കോളേജ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. ജൗഹർ മുനവ്വർ 'ഇസ്ലാമിക കുടുംബം' എന്ന വിഷയത്തിൽ ക്ലാസ്സ് നയിക്കും. അന്നൂർ ഖുർആൻ ലേണിംഗ് സെന്റർ ഡയറക്ടർ എ ആർ സലീം അധ്യക്ഷത വഹിക്കും.

## പി.എസ്.സി. പരിശീലനം സീറ്റൊഴിവ്

ആലപ്പുഴ: ജനറൽ ആശുപത്രി ജംഗ്ഷനു സമീപമുള്ള നിസാ സെന്റർ ബിൽഡിങ്ങിൽ പ്രവത്തിക്കുന്ന സംസ്ഥാന ന്യൂനപക്ഷക്ഷേമവകുപ്പിന്റെ ന്യൂനപക്ഷ യുവജനങ്ങൾക്കുള്ള പരിശീലന കേന്ദ്രത്തിൽ ജൂലൈയിൽ ആരംഭിച്ച സൗജന്യ പി.എസ്.സി. പരീക്ഷ പരിശീലനത്തിൽ റെഗുലർ, ഹോളിഡേ ബാച്ചിലേക്ക് നിശ്ചിത സീറ്റൊഴിവുണ്ട്.

ന്യൂനപക്ഷ വിഭാഗത്തിൽ ഉൾപ്പെട്ട 18-39 ഇടയിൽ പ്രായമുള്ള ഉദ്യോഗാർഥികൾ അസൽ സർഫിക്കറ്റും രണ്ട് ഫോട്ടോയും ഉൾപ്പെടെ 10 ദിവസത്തിനകം ഓഫീസിൽ എത്തണം. ഫോൺ നമ്പർ: 8157869282, 8075989415, 9495093930, 04772252869.

## റോഡിൽ വെള്ളക്കെട്ടിൽ കോൺഗ്രസ് പ്രതിഷേധിച്ചു

മാന്നാർ : ഗ്രാമ പഞ്ചായത്ത് 14ാംവാർഡിൽ കുളഞ്ഞി കാരാഴ്മ വലിയകുളങ്ങരയിലെ വെള്ളക്കെട്ടിന് പരിഹാരം കാണത്തതിൽ പ്രതിഷേധിച്ച് കോൺഗ്രസ് ധർണ്ണ നടത്തി.

പഞ്ചായത്ത് പ്രസിഡന്റിന്റെ വാർഡുകൂടിയായ ഈ പ്രദേശത്ത് മാസങ്ങളായുള്ള വെള്ളക്കെട്ടുകാരണം ഇരുചക്ര വാഹന യാത്രക്കാരും, കാൽനട യാത്രക്കാരും ഏറെ ബുദ്ധിമുട്ടിയാണ് ഈ വഴി യാത്ര ചെയ്യുന്നത്. പലതവണ അധികൃതരെ ഈ വിവരം അറിയിച്ചെങ്കിലും യാതൊരുവിധ നടപടിയുമുണ്ടാകാത്ത സഹചര്യത്തിലാണ് കോൺഗ്രസ് പ്രതിഷേധിച്ചത്. വാർഡ് പ്രസിഡന്റ് ശ്യാമപ്രസാദ് അധ്യക്ഷത വഹിച്ച യോഗം ഡി.സി.സി സെക്രട്ടറി തോമസ് ചാക്കോ ഉദ്ഘാടനം ചെയ്തു.

സുജിത്ത് ശ്രീരംഗം, അജിത്ത് പഴവൂർ, ടി.കെ ഷാജഹാൻ, മധു പുഴയോരം, ഹരി കുട്ടംപേരൂർ, മത്തായി, അനുരാഗ്, യോഹന്നാൻ, സാമുവേൽ കുട്ടി, സന്തോഷ് ഇരമത്തൂർ, രാമചന്ദ്രൻ, തോമസ് പി.എബ്രഹാം, മാത്യു കോശി, രാമവർമ്മ രാജ എന്നിവർ പ്രസംഗിച്ചു



ഗതാഗത പ്രശ്നങ്ങളുള്ള തുറവൂർ-അരൂർ എലിവേറ്റഡ് ഹൈവേ നിർമ്മാണ സ്ഥലങ്ങൾ സന്ദർശിക്കാനെത്തിയ ജില്ലാ കലക്ടർ അലക്സ് വർഗീസിനോട് നാട്ടുകാർ പരാതി പറയുന്നു

### തുറവൂർ മുതൽ അരൂർ വരെ

# ഹെവി വാഹനങ്ങൾക്ക് പ്രവേശനമില്ല

ഹൈവേ നിർമാണം നടക്കുന്ന തുറവൂർ മുതൽ അരൂർ വരെയുള്ള ഭാഗത്ത് കണ്ടെയ്നർ ഉൾപ്പെടെയുള്ള വലിയ ചരക്ക് വാഹനങ്ങൾ കടത്തി വിടാതിരിക്കാൻ ഉള്ള നടപടികൾ കർശനമായി നടപ്പാക്കാൻ തീരുമാനിച്ചു. നിലവിൽ തെക്കു നിന്നു (ആലപ്പുഴ നിന്ന്) വരുന്ന വാഹനങ്ങൾ തുറവൂരിൽ നിന്ന് ടി ഡി ഹൈസ്കൂൾ വഴി തിരിഞ്ഞു കുമ്പളങ്ങി വഴി മരട് ജംഗ്ഷനിൽ എത്തുന്ന ക്രമീകരണവും വടക്കു നിന്നും(അരൂർ ഭാഗത്തുനിന്ന്) വരുന്ന വാഹനങ്ങൾ അരൂക്കുറ്റി മാക്കേകടവ് വഴി തുറവൂർ വരുന്ന ക്രമീകരണവും ഏർപ്പെടുത്തിയിട്ടുള്ളതാണ്. വലിയ വണ്ടികൾ( കണ്ടെയ്നർ പോലുള്ള വലിയ ഹെവി വാഹനങ്ങൾ) തൃശ്ശൂരിൽ നിന്നും വരുന്നത് അങ്കമാലി വഴി പെരുമ്പാവൂരിലൂടെ തിരിച്ചുവിടും.

എറണാകുളം ഭാഗത്തുനിന്ന് വരുന്ന വലിയ കണ്ടെയ്നറുകൾ കുണ്ടന്നൂർ ജംഗ്ഷനിൽ നിന്ന് തിരിച്ചു വിട്ടു തൃപ്പൂണിത്തുറ വഴി എംസി റോഡിലേക്ക് കടത്തിവിടും. ഈ ക്രമീകരണം കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ, പോലീസ് ഉദ്യോഗസ്ഥർ എന്നിവർ നടപടി സ്വീകരിക്കും.

കൊല്ലം ഭാഗത്തുനിന്ന് വരുന്ന വാഹനങ്ങൾ അമ്പലപ്പുഴയിൽ വച്ച് തിരിച്ച് വിട്ട് തിരുവല്ല കടത്തിവിടും. എന്നാൽ ഇവിടെ റെയിൽവേ ക്രോസ് പ്രശ്നം ഉള്ളതിനാൽ ദീർഘദൂര കണ്ടെയിനർ ഹെവി വാഹനങ്ങൾ ചവറ ടൈറ്റാനിയം ഭാഗത്തുനിന്ന് തിരിച്ച് ശാസ്താംകോട്ട വഴി തിരിച്ചുവിടും .അമ്പലപ്പുഴ, അരൂർ ജംഗ്ഷനുകളിൽ വാഹന ഗതാഗതം വഴിതിരിച്ചു വിടുന്നതിന് ഹൈവേ പെട്രോൾ സംഘത്തെ നിയോഗിക്കാനും തീരുമാനിച്ചിട്ടുണ്ട്.

റോഡ് നിർമാണത്തിലെ പ്രതിസന്ധികൾ ചർച്ച ചെയ്യുന്നതിന്

രണ്ടാഴ്ച കൂടുമ്പോൾ യോഗം ചേരാനും തീരുമാനിച്ചു. ഈ ഭാഗത്തെ സ്കൂളുകൾ തടസ്സമില്ലാതെ തിങ്കളാഴ്ച മുതൽ പ്രവർത്തിക്കണമെന്നും കളക്ടർ പറഞ്ഞു.

## കലക്ടർ സന്ദർശിച്ചു

ആലപ്പുഴ: ജില്ലാ കലക്ടർ അലക്സ് വർഗീസ് ഗതാഗത പ്രശ്നങ്ങൾ ഉള്ള തുറവൂർഅരൂർ എലിവേറ്റഡ് ഹൈവേ നിർമ്മാണ സ്ഥലങ്ങൾ സന്ദർശിച്ചു. കോടതിയുടെ നിർദ്ദേശം പരിഗണിച്ചായിരുന്നു സന്ദർശനം. തുടർന്ന് ചേർത്തല റസ്റ്റ് ഹൗസിൽ ജനപ്രതിനിധികളുടെയും ദേശീയപാത അധികൃതരുടെയും യോഗം ചേർന്നു.

യോഗത്തിൽ തുറവൂർ മുതൽ അരൂർ വരെയുള്ള സ്കൂളുകളുടെ മുൻവശം നടപ്പാത തയ്യാറാക്കാനും കുട്ടികൾക്ക് സ്കൂളിൻറെ മുൻപിലുള്ള ദേശീയപാത മുറിച്ചു കടക്കുന്നതിന് സുഗമമായ സംവിധാനം ഒരുക്കാനും തീരുമാനിച്ചു.

അമിക്കസ് ക്യൂറിയുടെ നിർദ്ദേശം കൂടി പരിഗണിച്ചാണ് തീരുമാനം.സ്കൂളുകൾക്ക് മുന്നിൽ ഗതാഗത നിയന്ത്രണത്തിനായി ട്രാഫിക് മാർഷൽമാരെ നിയോഗിക്കും. പൈലിംഗ് സമയത്ത് പുറത്തു വരുന്ന അഴുക്കില്ലാത്ത ജലം സ്ഥാപനങ്ങൾക്കോ ജനത്തിനോ ബുദ്ധിമുട്ടില്ലാതെ കാനയിലേക്ക് ഒഴുക്കും.

## കുഴിക്കുമ്പോൾ ഉണ്ടാകുന്ന ചെളി എത്രയും വേഗത്തിൽ നീക്കം ചെയ്യും

**നിലവിലെ ചെളി നീക്കുന്നതിന് സ്ഥലം നോക്കി വരികയാണെന്ന്**

ആലപ്പുഴ: തുറവൂർ അരൂർ എലിവേറ്റഡ് ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് കുഴിയെടുക്കുമ്പോൾ പുറന്തള്ളുന്ന ചെളി റോഡിലേക്ക് ഒഴുകി കാൽനട പോലും ബുദ്ധിമുട്ടിലാവുന്നത് ഒഴിവാക്കാൻ അടിയന്തിര നടപടി സ്വീകരിക്കാൻ ജില്ലയുടെ ചുമതലയുള്ള മന്ത്രി പി.പ്രസാദ് ഓൺലൈനായി പങ്കെടുത്ത യോഗത്തിൽ തീരുമാനിച്ചു. ഇതിന് ഈ ആഴ്ച സമയം അനുവദിച്ചു. പണി പുരോഗമിക്കുമ്പോൾ അത് റോഡിലേക്ക് ഒഴുകാതെ കുഴിയെടുത്ത് ഒഴുക്കിമാറ്റണം. നിലവിലെ ചെളി നീക്കുന്നതിന് സ്ഥലം നോക്കി വരുകയാണെന്ന് ദേശീയ പാത അധികൃതർ യോഗത്തിൽ പറഞ്ഞു. ജില്ല കളക്ടർ അലക്സ് വർഗ്ഗീസ് വിളിച്ച യോഗത്തിൽ ദലീമ ജോജോ എം.എൽ.എയും ദേശീയ പാതാ അധികൃതരും പങ്കെടുത്തു.ആലപ്പുഴ ജില്ല പോലീസ് മേധാവി ചൈത്ര തെരേസ ജോൺ, എറണാളം ജില്ല കളക്ടർ എൻ.എസ്.കെ ഉമേഷ്, എറണാകുളം പോലീസ് കമ്മീഷണർ, എസ്.പി., പത്തനംതിട്ട, കൊല്ലം ജില്ലകളിലെ പോലീസ് മേധാവികൾ,മറ്റ് ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തു.

# പടിഞ്ഞാറേ റോഡിന്റെ നിർമാണത്തിന് തുടക്കം

### ഗതാഗതം രാത്രി മുതൽ തടഞ്ഞു

ആലപ്പുഴ: തുറവൂർ അരൂർ എലിവേറ്റഡ് ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് എലിവേറ്റഡ് ഹൈവേയുടെ പടിഞ്ഞാറു ഭാഗത്തെ റോഡ് സഞ്ചാരയോഗ്യമാക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചു. ഇന്നലെ രാത്രി 10 മണിയോടെ ആരംഭിച്ചത്. ഈ റോഡിലൂടെയുള്ള ഗതാഗതം രാത്രിമുതൽ തടഞ്ഞു. ഗതാഗതപ്രശ്നങ്ങൾ കുറയ്ക്കാൻ ആരംഭിച്ച കിഴക്കേ റോഡ് സഞ്ചാരയോഗ്യമാക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കി ഗതാഗതത്തിനായി തുറന്നുനൽകിയിട്ടുണ്ട്. ഇതുവഴി വടക്ക് അരൂർ ഭാഗത്തേക്കുള്ള സിംഗിൾ ലൈൻ ട്രാഫിക്ക് ആണ് അനുവദിക്കുക. വരുന്ന രണ്ടുമൂന്നു ദിവസങ്ങൾ അവധി ആയതിനാൽ അത് പരമാവധി ഉപയോഗപ്പെടുത്തി റോഡ് സഞ്ചാരയോഗ്യമാക്കുന്ന പ്രവർത്തികൾ പൂർത്തിയാക്കാനാണ് ലക്ഷ്യം വയ്ക്കുന്നത്. നിലവിൽ രണ്ടു ദിവസത്തേക്കാണ് പടിഞ്ഞാറ് ഭാഗത്തെ റോഡ് ഗതാഗതം തടസ്സപ്പെടുത്തുക. ഫ്ലൈഓവറിന്റെ പടിഞ്ഞാറുഭാഗത്തെ റോഡ് ഗതാഗതം തടയുന്നതോടെ തുറവൂരുനിന്നും അരൂർ ഭാഗത്തേക്ക് പോകുന്ന വാഹനങ്ങൾ പണി പൂർത്തിയാക്കിയ കിഴക്കേ റോഡിലൂടെ സിങ്കിൽ ലൈൻ ട്രാഫിക്കായി വടക്കോട്ട് പോകാൻ അനുവദിക്കും. നിലവിൽ അരൂരിൽ നിന്നും തുറവൂർ ഭാഗത്തേക്ക് പോകുന്ന വാഹനങ്ങൾ നേരത്തെ ക്രമീകരിച്ചിട്ടുള്ളതുപോലെ അരൂർ ക്ഷേത്രത്തിന്റെ ഭാഗത്തുനിന്ന് വളഞ്ഞ് അരൂക്കുറ്റി വഴി തൈക്കാട്ടുശേരി വഴി തിരിഞ്ഞു തന്നെ പോകണം. തെക്ക് നിന്നുവരുന്ന വാഹനങ്ങൾ തുറവൂരുനിന്ന് കുമ്പളങ്ങി വഴി തിരിച്ചുവിടുന്നത് റെയിൽവേ ക്രോസ് ഉള്ളതിനാൽ പ്രായോഗികമല്ല എന്ന് കണ്ടതിനാലാണ് പുതിയ ക്രമീകരണം ഏർപ്പെടുത്തുന്നത്.

## മാന്നാർ കൊലപാതകം; സി.പി.എം നേതാവ് പ്രതികളുടെ വക്കാലത്ത് ഒഴിഞ്ഞു

മാന്നാർ: 15 വർഷം മുമ്പ് കാണാതായ ചെന്നിത്തല ഇരമത്തൂർ പായിക്കാട്ട് മീനത്തേതിൽ കലയെ കൊന്നു കുഴിച്ചുമൂടിയ സംഭവത്തിലെ പ്രതിഭാഗം അഭിഭാഷകൻ വക്കാലത്ത് ഒഴിഞ്ഞു. പ്രതിഭാഗം അഭിഭാഷകനായ അഡ്വ.സുരേഷ് മത്തായി ആണ് വക്കാലത്ത് ഒഴിഞ്ഞത്. ഇനി പ്രതികൾക്ക് ജാമ്യത്തിനായി മേൽക്കോടതിയെ ആണ് സമീപിക്കേണ്ടത്. പ്രതിഭാഗത്തിനായി പുതിയ അഭിഭാഷകൻ വക്കാലത്ത് ഏറ്റെടുത്ത ശേഷമേ ജാമ്യാപേക്ഷ സമർപ്പിക്കാൻ കഴിയൂ. കഴിഞ്ഞ ദിവസം കസ്റ്റഡി കാലാവധി കഴിഞ്ഞ പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തിരുന്നു. കേസിലെ രണ്ടും മൂന്നും നാലും പ്രതികളായ ചെന്നിത്തല ഇരമത്തൂർ കണ്ണമ്പള്ളിൽ ജിനുഗോപി, കണ്ണമ്പള്ളിൽ സോമരാജൻ, കണ്ണമ്പള്ളിൽ പ്രമോദ് എന്നിവരെയാണ് റിമാൻഡ് ചെയ്ത് മാവേലിക്കര സബ്ജയിലിലാക്കിയത്. ഇവർക്കായി ഇന്നലെ കോടതിയിൽ ജാമ്യാപേക്ഷ സമർപ്പിക്കുമെന്നായിരുന്നു പ്രതി ഭാഗം അഭിഭാഷകനായ സുരേഷ് മത്തായി അറിയിച്ചിരുന്നത്. എന്നാൽ സി.പി.എം ബുധനൂർ ലോക്കൽ കമ്മിറ്റി സെക്രട്ടറിയായ അഡ്വ.സുരേഷ് മത്തായി കലയുടെ കൊലപാതക്കേസിൽ പ്രതികൾക്കായി ഹാജരാവുന്നത് പാർട്ടിയിൽ എതിർപ്പ് വന്നതോടെ വക്കാലത്ത് ഒഴിയണമെന്ന് പാർട്ടി നിർദ്ദേശിച്ചിരുന്നു.

# പക്ഷിപ്പനി; താറാവ് കർഷകർ ആത്മഹത്യയുടെ വക്കിൽ

മാന്നാർ: പക്ഷിപ്പനി സ്ഥിരീകരിച്ച സാഹചര്യത്തിൽ പക്ഷി പക്ഷിവളർത്തലും മുട്ടവ്യാപാരവും ഇറച്ചിവ്യാപാരവും നിരോധിച്ചതോടെ താറാവ് കർഷകർ ആത്മഹത്യയുടെ വക്കിലെന്ന് താറാവ് കർഷകരുടെ കൂട്ടായ്മ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. അപ്പർകുട്ടനാടൻ മേഖലയായ ചെന്നിത്തല, പള്ളിപ്പാട്, മാന്നാർ എന്നിവിടങ്ങളിലെങ്ങും പക്ഷിപ്പനി സ്ഥിരീകരിച്ചിട്ടില്ല. എന്നാൽ കുട്ടനാടൻ മേഖലയിലെ ചുരുക്കം ചില ഭാഗത്തു മാത്രമായിട്ടുള്ള പക്ഷിപ്പനി കണക്കിലെടുത്താണ് മുട്ട, ഇറച്ചി വ്യാപാരം എന്നിവയുടെ വ്യാപാരം ജില്ല മുഴുവൻ സർക്കാർ നിരോധിച്ചത്. പക്ഷിപ്പനി രോഗമില്ലാത്ത മേഖലയിൽ ഈ നിരോധനം ബാധിക്കാതിരിക്കാൻ സർക്കാർ നടപടി സ്വീകരിക്കണം. താറാവു കൃഷിയും മുട്ടവ്യാപാരവും ഇറച്ചിവ്യാപാരവും ആയി ഈ മേഖലയിൽ ആലപ്പുഴ ജില്ലയിൽ മാത്രം ആയിരക്കണക്കിന് കുടുംബങ്ങളാണ് നിത്യവൃത്തി കഴിയുന്നത്.

ഇതോടനുബന്ധിച്ച് ഈ മേഖലയിൽ ധാരാളം തൊഴിലാളികളും പണി എടുക്കുന്നുണ്ട്. സർക്കാരിന്റെ ഈ നിരോധനം മൂലം ഈ കുടുംബങ്ങളെല്ലാം ആത്മഹത്യയുടെ വക്കിലാണ്. ലോണെടുത്തും പലിശക്ക് പണം വാങ്ങിയുമാണ് ഭൂരിപക്ഷം പേരും ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നത്. രണ്ടോ മൂന്നോ മാസത്തേക്കല്ല, 2025 മാർച്ച് വരെയുള്ള ദീർഘകാലയളവിലേക്കാണ് സർക്കാർ നിരോധനം പ്രഖ്യാപിച്ചിരിക്കുന്നത്. ആയതിനാൽ സർക്കാർ ഈ നിരോധനം പിൻവലിക്കണമെന്നാണ് താറാവ് കർഷകർ ആവശ്യപ്പെടുന്നത്.

തിരുവല്ല മഞ്ഞാടിയിലെ ലാബിൽ പ്രാഥമികമായി പക്ഷിപ്പനി സ്ഥിരീകരിച്ച് ഭോപ്പാലിൽ അയച്ച് ഫൈനൽ റിപ്പോർട്ട് വന്ന് സർക്കാർ ആലോചിച്ച് കള്ളിംഗ് നടത്തുമ്പോഴേക്കും 10 ദിവസം കഴിഞ്ഞിരിക്കും. അപ്പോഴേക്കും ഓരോ കർഷകന്റെയും താറാവ് പകുതിയിൽ കൂടുതൽ ചത്തിരിക്കും. ആയതിനാൽ ഏറ്റവും കൂടുതൽ താറാവ് കർഷകരുള്ള ആലപ്പുഴ ജില്ലയിൽ വൈറോളി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണമെന്നും താറാവ് കർഷകർ ആവശ്യപ്പെട്ടു.

താറാവ് കർഷകരായ റോയി മാത്യു പറയകാട്ട്, സന്തോഷ് വാഴക്കൂട്ടം, ജോസ് കിഴകട, മോനിച്ചൻ മൂന്നുതെങ്ങിൽ, കുഞ്ഞൂട്ടി കിഴകട, ഷിനു ചക്കാലയിൽ, സുബിൻ, കുഞ്ഞുമോൻ എന്നിവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# മുസ്‌ലിംലീഗിന്റ നേതൃത്വത്തിൽ ആദരവും ഉപഹാര സമർപ്പണവും

കുത്തിയതോട്: മുസ്‌ലിം ലീഗ് കുത്തിയതോട് പഞ്ചായത്ത് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എപ്ലസ് വാങ്ങിയ വിദ്യാർത്ഥികളെയും മദ്രസ്സ പൊതുപരീക്ഷയിൽ മികവാർന്ന വിജയം നേടിയ കുട്ടികളെയും പഞ്ചായത്തിൽനിന്ന് മുസ്‌ലിം ലീഗിന്റെയും പോഷക ഘടകങ്ങളുടെയും സംസ്ഥാന ജില്ലനിയോജക മണ്ഡലം തലങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവരെയും ആദരിക്കുകയും ഉപഹാരസമർപ്പണം നടത്തുകയും ചെയ്യുന്നു . നാളെ വൈകിട്ട് 3.30ന് ചാവടി ദാറുൽ ഉലൂം മദ്രസ്സ ഹാളിൽ നടക്കുന്ന പരിപാടി മുസ്‌ലിംലീഗ് ജില്ല വൈസ് പ്രസിഡന്റ് പി കെ ഫസലുദ്ധീൻ ഉദ്ഘാടനം നിർവഹിക്കും.

പഞ്ചായത്ത് കമ്മിറ്റി പ്രസിഡന്റ് എം അബ്ദുൽ കബീർ അധ്യക്ഷത വഹിക്കും. അരൂർ നിയോജക മണ്ഡലം പ്രസിഡന്റ് ടി എ അബ്ദുൽ ഷുക്കൂർ, ജനറൽ സെക്രട്ടറി പി കെ അബ്ദുൽ ജലീൽ, യൂത്ത് ലീഗ് ജില്ല വൈസ് പ്രസിഡന്റ് ശിഹാബ് മൂസ എന്നിവർ ഉപഹാരസമർപ്പണ ഉദ്ഘാടനം നടത്തും. മുസ്‌ലിം ലീഗ് പഞ്ചായത്ത് കമ്മിറ്റി ജനറൽ സെക്രട്ടറി പി കെ നൗഷാദ് സ്വാഗതവും ട്രഷറർ പി എ ബഷീർ നന്ദിയും പറയും.



മാന്നാർ ഗ്രാമ പഞ്ചായത്ത് 14ാംവാർഡിൽ കുളഞ്ഞി കാരാഴ്മ വലിയകുളങ്ങരയിലെ വെള്ളക്കെട്ടിന് പരിഹാരം ആവശ്യപ്പെട്ട് കോൺഗ്രസ് നടത്തിയ പ്രതിഷേധം

### വിവരാവകാശ രേഖകൾക്ക്

# അധികഫീസ് വാങ്ങുന്ന ഉദ്യോഗസ്ഥർ ശിക്ഷിക്കപ്പെടും

ആലപ്പുഴ: വിവരാവകാശ രേഖകൾക്ക് അധിക ഫീസ് വാങ്ങുന്ന ഉദ്യോഗസ്ഥർ മൂന്നുവിധത്തിൽ ശിക്ഷിക്കപ്പെടുമെന്ന് സംസ്ഥാന വിവരാവകാശ കമ്മീഷണർ എ.എ. ഹക്കീം പറഞ്ഞു. അമ്പലപ്പുഴ താലൂക്ക് ഓഫീസ് കോൺഫറൻസ് ഹാളിൽ ചേർന്ന വിവരാവകാശ കമ്മിഷൻ സിറ്റിംഗിനു ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. ജില്ലയിലെ ഒരു വില്ലേജ് ഓഫീസിൽ ആയിരത്തിൽപരം രൂപ മാത്രംമടച്ച് 417 പേജുകൾ കൊടുക്കേണ്ടിയിരുന്ന ഹർജിക്കാരനോട് 1,06,335 രൂപ അടക്കാൻ വില്ലേജ് ഓഫീസർ പറഞ്ഞ ഫയലിന്റെ വാതം കേൾക്കവേയാണ് കമ്മീഷണർ ഇക്കാര്യം അറിയിച്ചത്. വിവരം വൈകിക്കുന്ന ഓരോ ദിവസത്തിനും ഉദ്യോഗസ്ഥനിൽ നിന്ന് 250 രൂപ വീതം പിഴയും അധിക ഫീസ് ഈടാക്കുന്ന തീരുമാനത്തിനെതിരെ വകുപ്പുതല അച്ചടക്ക നടപടിയും ഇതുമായി ബന്ധപ്പെട്ട് ഹർജിക്കാരനുണ്ടാകുന്ന നഷ്ടങ്ങൾക്ക് നഷ്ടപരിഹാരവും ഈടാക്കുമെന്നും കമ്മീഷണർ പറഞ്ഞു. നഷ്ടപരിഹാര തുകയ്ക്ക് പരിധിയുണ്ടാവില്ല. വകുപ്പുതലത്തിൽ അവരവർക്ക് ബാധകമായ സർവീസ് റൂൾ അനുസരിച്ചുള്ള അച്ചടക്ക നടപടി എന്തുമാകാം. റവന്യൂ, രജിസ്ട്രേഷൻ പോലുള്ള വകുപ്പുകളും സർവ്വകലാശാലകൾ പോലെയുള്ള സ്ഥാപനങ്ങളും വിവരാവകാശ നിയമപ്രകാരം അപേക്ഷിക്കുന്ന ചില രേഖകൾക്ക് അവരവർ നിശ്ചയിച്ച ഫീസ് ഈടാക്കുന്നതായി കമ്മീഷന് പരാതി ലഭിച്ചിട്ടുണ്ട്. ഇത് പാർലമെൻറ് പാസാക്കിയ നിയമത്തിനും സുപ്രീം കോടതി, കേരള ഹൈക്കോടതി എന്നിവയുടെ ഉത്തരവുകൾക്കും വിരുദ്ധമാണ് വിവരാവകാശ കമ്മീഷണർ പറഞ്ഞു. സിറ്റിംഗിൽ 20 കേസുകൾ പരിഗണിച്ചു 19 എണ്ണം തീർപ്പാക്കി. എതിർകക്ഷി മരണപ്പെട്ടതിനാൽ ഒരെണ്ണത്തിന്റെ വാദം മാറ്റി.



അമ്പലപ്പുഴ താലൂക്ക് ഓഫീസ് കോൺഫറൻസ് ഹാളിൽ ചേർന്ന വിവരാവകാശ കമ്മിഷൻ സിറ്റിംഗിൽ കമ്മീഷണർ എ.എ. ഹക്കീം പരാതി പരിശോധിക്കുന്നു

## വിദ്യാർത്ഥികൾക്കായി പ്രസംഗമത്സരം

തിരുവനന്തപുരം: വൈ.എം.സി.എ.യുടെ ആഭിമുഖ്യത്തിൽ ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്കായി എം. എസ്. രാജ് സ്മാരക പ്രസംഗമത്സരം സംഘടിപ്പിക്കുന്നു. ഇംഗ്ലീഷിലും മലയാളത്തിലും വെവ്വേറെ മത്സരങ്ങളാണ് നടത്തുന്നത്.മത്സരത്തിൽ വിജയിക്കുന്നവർക്ക് ക്യാഷ്അവാർഡും, മെമന്റോയും, സർട്ടിഫിക്കറ്റും നൽകുന്നതാണ്.ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന സ്കൂളിനും ഏറ്റവും കൂടുതൽ കുട്ടികളെ പങ്കെടുപ്പിക്കുന്ന സ്കൂളിനും എം. എസ്. രാജ് സ്മാരക അവാർഡുകൾ സമ്മാനിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 6238804192, 70128 96734 എന്ന നമ്പറിൽ ബന്ധപ്പെടുക.

## ഡെസ്റ്റിനേഷൻ പ്രമോഷൻ യാത്ര

തിരുവനന്തപുരം: സ്ത്രീ സൗഹൃദ ടൂറിസം പദ്ധതിയുടെ ഭാഗമായുള്ള ഡെസ്റ്റിനേഷൻ പ്രമോഷൻ യാത്രയുടെ ഫ്ളാഗ് ഓഫ് മന്ത്രി പി എ. മുഹമ്മദ് റിയാസ് നിർവഹിച്ചു.കേരളത്തെ പൂർണ്ണമായും സ്ത്രീ സൗഹൃദ വിനോദസഞ്ചാര കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ (കെആർഎം) സൊസൈറ്റി യു എൻ വിമണുമായി ചേർന്ന് നടപ്പാക്കുന്ന പദ്ധതിയാണിത്.

അമ്പൂരി, വെള്ളറട പ്രദേശത്തെ സ്ത്രീ സൗഹൃദ ടൂറിസം കേന്ദ്രമാക്കി മാറ്റുന്നതിനുള്ള ക്യാമ്പയിൻറെ ഭാഗമായാണ് ആദ്യ യാത്ര സംഘടിപ്പിച്ചത്.

## ഡ്രോൺ ടെക്നോളജിയിൽ വിദഗ്ധ പരിശീലനം

കഴക്കൂട്ടം:സ്വതന്ത്ര സോഫ്റ്റ്വെയർ ഹാർഡ്വെയർ മേഖലയെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന അന്താരാഷ്ട്ര സ്വതന്ത്രവിജ്ഞാന ഗവേഷണ വികസനകേന്ദ്രം (ഐസിഫോസ്) ഡ്രോൺ ടെക്നോളജിയുടെ വിവിധ മേഖലയിലുള്ള സാധ്യതകൾ ഉൾപ്പെടുത്തി 5 ദിവസത്തെ പരിശീലന ശില്പശാല 17 മുതൽ 21 വരെ സംഘടിപ്പിക്കുന്നു. ഡ്രോൺ ഉൾപ്പെടെ വളർന്നുകൊണ്ടിരിക്കുന്ന നൂതന സാങ്കേതിക വിദ്യകൾ, തൊഴിൽ സാധ്യതകൾ തുടങ്ങിയവയിലാണ് പരിശീലനം.. ഭൗതികശാസ്ത്രം, ഗണിതം തുടങ്ങിയ വിഷയങ്ങൾ പഠിച്ച് പ്ലസ് 2 വിജയിച്ചവർക്കും ഐടിഐ, ഡിപ്ലോമ, ബിരുദ, ബിരുദാന്തരബിരുദ വിദ്യാർത്ഥികൾക്കും, വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും അവസരം ഉപയോഗപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്: https://icfoss.in/eventdetalls/191 നമ്പർ: 7558837880, 7736118464






*മന്നാനിയ കോളെജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ ഭാഷാവിഭാഗങ്ങൾ സംയുക്തമായി സംഘടിപ്പിച്ച സാഹിത്യോത്സവം യുവസാഹിത്യകാരൻ മുഹമ്മദ് അബ്ബാസ് ഉദ്ഘാടനം ചെയ്യുന്നു*

## മന്നാനിയയിൽ സാഹിത്യോത്സവം

പാങ്ങോട്: മന്നാനിയ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ ഭാഷാ വിഭാഗങ്ങൾ സംയുക്തമായി സംഘടിപ്പിച്ച സാഹിത്യോത്സവം യുവ സാഹിത്യകാരൻ മുഹമ്മദ് അബ്ബാസ് ഉദ്ഘാടനം ചെയ്തു അദ്ദേഹം.ജീവിതാനുഭവങ്ങളാണ് എഴുത്തിനു മൂർച്ച കൂട്ടുന്നതെന്ന് അദ്ദേഹം പറഞ്ഞു. പുതിയകാലത്തെ നല്ല വായനക്കാരാണ് പ്രതിസന്ധികളെ തരണം ചെയ്തെത്തിയ തന്നെപ്പോലുള്ള സാഹിത്യകാരന്മാർക്ക് എന്നും ഊർജ്ജം പകരുന്നത്. എട്ടു വയസ്സുവരെയുള്ള തന്റെ ചെന്നൈ ജീവിതത്തെക്കുറിച്ചാണ് വരാനിരിക്കുന്ന പുസ്തകം എന്നും അദ്ദേഹം വ്യക്തമാക്കി. പ്രിൻസിപ്പലും ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുൻ ഡയറക്ടർ ആയ പ്രൊഫ ഡോ പി നസീർ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.പ്രശസ്ത എഴുത്ത് കാരനും ഗ്രന്ഥ രചയിതാവുമായ ഡോ. എം.എസ്. നൗഫൽ മുഹമ്മദ് അബ്ബാസുമായി നടത്തിയ സാഹിത്യ ചർച്ചയും സാഹിത്യം സിനിമ എന്നിവയുമായി ബന്ധപ്പെട്ട് കുട്ടികളുടെ എക്സിബിഷനും പ്രബന്ധാവതരണവും സാഹിത്യോത്സവത്തിന്റെ ഭാഗമായി. വിദ്യാർത്ഥികൾക്കിടയിൽ സാഹിത്യ സംസ്കാരം വളർത്തുക പുതിയ കാലത്തിന്റെ എഴുത്ത് രീതികളിലേക്ക് നയിക്കുക എന്നീ ഉദ്ദേശങ്ങളോടുകൂടിയാണ് ഭാഷാ വിഭാഗങ്ങൾ സാഹിത്യോത്സവം സംഘടിപ്പിച്ചത്. കോളേജ് സൂപ്രണ്ട് കടയ്ക്കൽ ജുനൈദ് വൈസ് പ്രിൻസിപ്പൽ ഡോ ദിൽഷാദ് ബിൻ അഷ്റഫ് അധ്യാപകരായ ഡോ. ജസീധ, ഡോ.അൻവർഷാ, ഡോ. അൽത്താഫ് ഹുസൈൻ നൗഫിയ എസ്. എൻ, ഡോ. അർഷിദ എന്നിവരും പരിപാടിയിൽ സംസാരിച്ചു.

## ഗതാഗത നിയന്ത്രണം

തിരുവനന്തപുരം: കഴക്കൂട്ടം ആറാട്ടുവഴി റോഡിൽ അറ്റകുറ്റപണികൾ നടത്തുന്നതിന്റെ ഭാഗമായി ജൂലൈ 16നും 17നും ഈ റോഡിലൂടെയുള്ള ഗതാഗതത്തിന് നിയന്ത്രണമുണ്ടായിരിക്കുമെന്ന് പൊതുമരാമത്ത് റോഡ് മെയിന്റനൻസ് സബ്ഡിവിഷൻ അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. ജൂലൈ 16 രാവിലെ ആറ് മുതൽ ജൂലൈ 17 ഉച്ച തിരിഞ്ഞ് മൂന്ന് വരെയാണ് ഗതാഗത നിയന്ത്രണം.

## ഉല്ലാസ് മേള ജൂലൈ 14നും 15നും നിശാഗന്ധിയിൽ

തിരുവനന്തപുരം: സംസ്ഥാന സാക്ഷരതാ മിഷൻ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്താഭിമുഖ്യത്തിൽ നടപ്പാക്കുന്ന ന്യൂ ഇന്ത്യ ലിറ്ററസി പ്രോഗ്രാമിന്റെ ഭാഗമായ ഉല്ലാസ് മേളയ്ക്ക് ഞായറാഴ്ച നിശാഗന്ധിയിൽ തുടക്കമാകും. രണ്ട് ദിവസം നീണ്ട് നിൽക്കുന്ന മേള രാവിലെ 10ന് മന്ത്രി വി.ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും. വി.കെ പ്രശാന്ത് എം.എൽ.എ അധ്യക്ഷത വഹിക്കുന്ന പരിപാടിയിൽ എം.എൽ.എമാരായ ആന്റണി രാജു, കെ.ആൻസലൻ, ഡി.കെ മുരളി , വി.ശശി എന്നിവർ മുഖ്യാതിഥികളായിരിക്കും. സാക്ഷരതാപ്രവർത്തനവുമായി ബന്ധപ്പെട്ട ചിത്രങ്ങളും പുസ്തകങ്ങളും ഉൾപ്പെടുത്തിയ പ്രദർശന സ്റ്റാൾ തിരുവനന്തപുരം കോർപ്പറേഷൻ മേയർ ആര്യാ രാജേന്ദ്രൻ ഉദ്ഘാടനം ചെയ്യും. 'തുടർവിദ്യാഭ്യാസം തുല്യത, വൈജ്ഞാനിക സമൂഹം', 'നവകേരളത്തിന് പുതുസാക്ഷരത' എന്നീ വിഷയങ്ങളിൽ സെമിനാറുകൾ നടക്കും.കാലനുസൃതമായ മാറ്റം സാക്ഷരതയിൽ ഉൾചേർത്തുകൊണ്ട് വിവിധതലങ്ങളിലുള്ള പരിപൂർണ സാക്ഷരത കൈവരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ന്യൂ ലിറ്ററസി പ്രോഗ്രാം ഉല്ലാസ് കേരളത്തിൽ ആരംഭിക്കുന്നത്.

## സി എസ് ഐ സഭാതർക്കം; കോളജ് മാനേജർക്ക് മർദ്ദനം

പാറശ്ശാല: സി.എസ്.ഐ സഭാ ഭരണനേതൃത്വത്തിലെ തർക്കത്തെ തുടർന്ന് പാറശ്ശാല ചെറുവാരക്കോണം സി.എസ്.ഐ ലോ കോളജിൽ പുതുതായി ചാർജെടുത്ത മാനേജരെ ഒരുവിഭാഗം മർദ്ദിച്ചു. മർദ്ദിച്ച ശേഷം വലിച്ചിഴച്ച് ഓഫീസിൽ നിന്ന് പുറത്താക്കിയതായാണ് പരാതി. സി.എസ്.ഐ ദക്ഷിണ കേരള മഹായിടവക മുൻ മോഡറേറ്റർ ബിഷപ്പ് ധർമ്മരാജ് റസാലത്തെ അനുകൂലിക്കുന്നവരാണ് മാനേജർ അഡ്വ.സുനിൽരാജിനെ ആക്രമിച്ചതെന്നാണ് പരാതി. ബൈക്കുകളിലും കാറിലുമായി എത്തിയ 12 പേർ ചേർന്നാണ് ബലം പ്രയോഗിച്ച് പുറത്താക്കിയതെന്ന് സുനിൽരാജ് പറഞ്ഞു. ജൂൺ 15നാണ് സുനിൽരാജ് ചുമതലയേറ്റത്. കഴിഞ്ഞ ദിവസം രാവിലെ കോളജിൽ യോഗം നടന്നിരുന്നു. പിന്നാലെയാണ് അനിഷ്ടസംഭവങ്ങൾ ഉണ്ടായത്. കോളജിന്റെ താഴത്തെ നിലയിലെ ഓഫീസിലായിരുന്ന സുനിൽരാജിനെ സംഘം വലിച്ചിഴച്ച് പുറത്താക്കുകയും മർദ്ദിക്കുകയുമായിരുന്നു.

## തീറ്റപ്പുൽ കൃഷി ഉദ്ഘാടനം

വെള്ളറട: ഗ്രാമപഞ്ചായത്തിൽ വെള്ളറട വാർഡിൽ തൊഴിലുറപ്പ് തൊഴിലാളികൾ കൃഷി ചെയ്ത തീറ്റപ്പുൽ കൃഷിയുടെ ഉദ്ഘാടനം നടന്നു. ക്ഷീരകർഷകരായ ചന്ദ്രൻ ബിന്ദു, സരോജം, ലീല എന്നിവർക്ക് തീറ്റപ്പുൽ കൊയ്ത് നൽകി വെള്ളറട ഗ്രാമപഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാനും വെള്ളറട വാർഡ് മെമ്പറുമായ കെ.ജി മംഗൾദാസ് ഉദ്ഘാടന കർമ്മം നിർവഹിച്ചു. സുനിത എസ്.ആർ,ശാലിനി, തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവർ പങ്കെടുത്തു.

## കൗൺസിൽ ഓഫ് ചർച്ചസ്

തിരുവനന്തപുരം: കഴക്കൂട്ടം അസംബ്ലി മണ്ഡലത്തിൽ പുതുതായി ആരംഭിക്കുന്ന രണ്ടാമത്തെ സോണായ മണ്ണന്തല സോണിന്റെ ഉദ്ഘാടനം മണ്ണന്തല ജെ.എം.എം. സ്റ്റഡി സെന്ററിൽ വച്ച് സോൾ വിന്നിംഗ്സ് സഭാ ബിഷപ്പ് ഓസ്റ്റിൻ എം. എ പോൾ നിർവഹിച്ചു.

മാർത്തോമാ തിരുവനന്തപുരം ഭദ്രാസന സെക്രട്ടറി ഫാ. ഷിബു ഒ. പ്ലാവിള അധ്യക്ഷത വഹിച്ചു. കെ.സി.സി ക്ലർജി കമ്മീഷൻ ചെയർമാൻ ഫാ. എ.ആർ. നോബിൾ, ജെന്റർ ആന്റ് സെക്സ്വാലിറ്റി കമ്മീഷൻ കൺവീനർ ഫാ. ഡോ. ജെ. ഡബ്ലിയു. പ്രകാശ്, വനിതാ കമ്മീഷൻ കൺവീനർ ദീദി ഷാജി എന്നിവർ സന്ദേശം നൽകി.

### ജനത്തെ വിഢികളാക്കി വിഴിഞ്ഞത്തത്ത് ഉദ്ഘാടന മാമാങ്കത്തിന്റെ രണ്ടാം ഭാഗം

# ഇഴഞ്ഞ് നീങ്ങി റോഡ് റെയിൽപ്പാത നിർമാണം

അരുൺ വിഴിഞ്ഞം



*സാൻ ഫെർണാണ്ടോ കപ്പലിന്റെ ക്യാപ്റ്റൻ വ്ലാഡിമർ ബോണ്ടാരങ്കോയ്ക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ഉപഹാരം നൽകുന്നു*



*വിഴിഞ്ഞം തുറമുഖ കവാടത്ത് നിന്നും കോവളം കഴക്കൂട്ടം ദേശീയ പാതയിലേക്ക് ചരക്ക് നീക്കത്തിന് ഉപയോഗിക്കേണ്ട അപ്രോച്ച് റോഡിന്റെ പണി പൂർത്തിയാകാത്ത നിലയിൽ*

തിരുവനന്തപുരം: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് പരീക്ഷണ അടിസ്ഥാനത്തിൽ കപ്പലുകൾ വരുമ്പോഴുള്ള ഉദ്ഘാടന പരിപാടികളുടെ രണ്ടാം ഭാഗമാണ് ഇന്നലെ കഴിഞ്ഞതെന്ന് വിമർശനം. കഴിഞ്ഞ ഒക്ടോബർ 15 നാണ് വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനുള്ള മൂന്ന് ക്രെയിനുകളും വഹിച്ചുകൊണ്ട് ഷെൻഹുവ 15 എന്ന ചൈനീസ് കപ്പൽ വിഴിഞ്ഞം തുറമുഖത്ത് അടുത്തത്. അന്ന് മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ കപ്പലിന് വമ്പൻ സ്വീകരണം ഒരുക്കുകയും ഇന്നലെ നടന്നതുപോലെ നാട്ടുകാരെ വിളിച്ച് ഉദ്ഘാടനം സംഘടിപ്പിക്കുകയും ചെയ്തിരുന്നു. അന്നത്തെ പരിപാടിയിൽ നിന്ന് ചില ചെറിയ മാറ്റങ്ങൾ ഇത്തവണത്തെ ചടങ്ങിൽ ഉണ്ടായിട്ടുണ്ട്. തുറമുഖ മന്ത്രി അഹമ്മദ് ദേവർ കോവിൽ മാറി വി.എൻ വാസവൻ വന്നതാണ് ഒരു പ്രത്യേകത.

പുലിമുട്ടിനുള്ള പാറ ക്ഷാമം പരിഹരിക്കാൻ തമിഴ്നാടു വരെ പോയ ദേവർ കോവിലിനെ ഇന്നലത്തെ പരിപാടിയിലേക്ക് ക്ഷണിച്ചതുമില്ല. ദേവർ കോവിലിനെ ക്ഷണിക്കാത്തതിനാൽ ഐ.എൻ.എൽ ചടങ്ങ് ബഹിഷ്കരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. കൂടാതെ കേന്ദ്ര തുറമുഖ വകുപ്പ് മന്ത്രി കഴിഞ്ഞ മാമാങ്കത്തിന് എത്തിയിരുന്നില്ല. ഇത്തവണ കേന്ദ്ര തുറമുഖ മന്ത്രി സർബാനന്ദ സോനോവാൾ ചടങ്ങിനെത്തി. കൂടാതെ പ്രതിപക്ഷ നേതാവിനെ വിളിക്കാതെ തങ്ങളുടെ മാത്രം ക്രെഡിറ്റ് ആണെന്ന് വരുത്താനുള്ള സർക്കാറിന്റെ ശ്രമമാണെന്ന ആക്ഷേപം വ്യാപകമാണ്.

അതിനിടെ, തുറമുഖവുമായി ബന്ധപ്പെട്ട പല നിർമ്മാണ പ്രവർത്തനങ്ങളും ഇഴഞ്ഞാണ് നീങ്ങുന്നത്. തുറമുഖ കവാടത്തിൽ നിന്നു ബൈപ്പാസുമായി ബന്ധിപ്പിക്കുന്ന 1.7 കി.മീ അപ്രോച്ച് റോഡിന്റെ പണി ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് ആരംഭിച്ചതാണ്. അത് കോവളം കഴക്കൂട്ടം ബൈപ്പാസുമായി ബന്ധിപ്പിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല.

നൂറു മീറ്റർ മാത്രമാണ് പണി പൂർത്തിയായത്. കപ്പലുകളിൽ തുറമുഖങ്ങളിൽ എത്തിക്കുന്ന ചരക്കു നീക്കത്തിന്റെ 20 ശതമാനത്തോളം നടക്കുന്നത് റോഡിലൂടെയും റെയിൽവേ സംവിധാനത്തിലൂടെയുമാണ്. വിഴിഞ്ഞത്ത് നിന്നുള്ള ചരക്ക് നീക്കത്തിന് റോഡും റെയിലും അത്യന്താപേക്ഷിതവുമാണ്. ഇത്തരം അടിസ്ഥാന പ്രശ്നങ്ങൾ നിലനിൽക്കെ പ്രഹസനമാകുന്ന ഉദ്ഘാടന പരിപാടികൾ വിമർശന വിധേയമാകുന്നത്.

ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് ഒന്നാംഘട്ടത്തിൽ പൂർത്തിയാക്കേണ്ട മിക്കവാറും എല്ലാ അടിസ്ഥാന നിർമ്മാണ പ്രവർത്തികൾക്കും തുടക്കം കുറിച്ചിരുന്നു.

തൊണ്ണൂറ് ശതമാനം ഭൂമിയും ഏറ്റെടുത്ത് പരിസ്ഥിതി മന്ത്രാലയത്തിന്റെ ഉൾപ്പെടെയുള്ള അനുമതികളും വാങ്ങി. 800 മീറ്റർ കണ്ടെയ്നർ ബെർത്തിന്റെയും 3000 മീറ്റർ പുലിമുട്ടിന്റെയും നിർമ്മാണ പ്രവർത്തികൾ യു.ഡി.എഫ് സർക്കാരിന്റെ കാലത്തുതന്നെ തുടങ്ങി. ഇതുമായി ബന്ധപ്പെട്ട തുടർ നിർമ്മാണ ജോലികൾ ചെയ്യുന്നത് അദാനി ഗ്രൂപ്പുമാണ്. അതിന്റെ ഒരു ഘട്ടം 2019ൽ പൂർത്തിയാക്കേണ്ടത്. പാർലമെന്റ് തെരഞ്ഞെടുപ്പിലേറ്റ ക്ഷീണം മാറ്റാനും വരുന്ന തദ്ദേശ-നിയമസഭാ തെരഞ്ഞെടുപ്പിൽ വിഴിഞ്ഞത്തെ മുൻനിർത്തി പ്രചാരണം നടത്തി ക്ഷീണം മാറ്റുക എന്നതാണ് ഉദ്ഘാടനത്തിന് പിന്നിലെ അജണ്ടയെന്നതും വ്യക്തമായി.



*വിഴിഞ്ഞം പദ്ധതി കൊണ്ടുവന്ന മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്ക് അഭിവാദ്യമർപ്പിച്ച് യു.ഡി.എഫ് സെക്രട്ടറിയേറ്റിന് മുന്നിൽ നടത്തിയ ധർണയിൽ മുസ്‌ലിംലീഗ് ജില്ലാ പ്രസിഡന്റ് ബീമാപള്ളി റഷീദ് സംസാരിക്കുന്നു*

## വിഴിഞ്ഞം യാഥാർത്ഥ്യമാക്കിയ ഉമ്മൻ ചാണ്ടിയുടെ സ്മരണകൾക്ക് അഭിവാദ്യം അർപ്പിച്ച് യു.ഡി.എഫ്

തിരുവനന്തപുരം: വിഴിഞ്ഞം പദ്ധതിയുടെ ട്രയൽ റൺ ഉദ്ഘാടന വേദിയിൽ പ്രതിപക്ഷ നേതാവിനെ ഒഴിവാക്കിയതും, മുഖ്യമന്ത്രിയുടെ ഉദ്ഘാടന പ്രസംഗത്തിൽ ഉമ്മൻ ചാണ്ടിയുടെപേര് തമസ്കരിക്കാൻ ശ്രമിച്ചതും നിലവാരം കുറഞ്ഞ നടപടിയാണെന്ന് ഡിസി സി പ്രസിഡന്റ് പാലോട് രവി കുറ്റപ്പെടുത്തി. തുറമുഖത്തിനായി ഉമ്മൻചാണ്ടിയുടെ സംഭാവനകളെ തമസ്കരിക്കുന്നതിലും ഉദ്ഘാടന ചടങ്ങിൽ നിന്ന് പ്രതിപക്ഷത്തെ ഒഴിവാക്കിയതിലും പ്രതിഷേധിച്ച് മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ സ്മരണകൾക്ക് അഭിവാദ്യം അർപ്പിച്ച് യു.ഡി.എഫ് പ്രവർത്തകർ രക്തസാക്ഷി മണ്ഡപത്തിൽ നിന്നും സെക്രട്ടേറിയേറ്റിലേയ്ക്ക് നടത്തിയ പ്രകടനം ഉദ്ഘാടനം നടത്തി പ്രസംഗിക്കുകയായിരുന്നു പാലോട് രവി.

വിഴിഞ്ഞംതുറമുഖം പ്രവർത്തനക്ഷമമാകുന്ന ഇന്ന് ജീവിച്ചിരുന്നുവെങ്കിൽ ഏറ്റവും കൂടുതൽ സന്തോഷിക്കുക ഉമ്മൻ ചാണ്ടി ആയിരിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

പദ്ധതിയ്ക്ക് ആവശ്യമായ മുഴുവൻ സ്ഥലവും ഏറ്റടുക്കുകയും, കാലാവസ്ഥാവ്യതിയാന പഠനവും സാമൂഹിക ആഘാത പഠനവും ഉൾപെടെ എല്ലാ പഠനങ്ങളും പൂർത്തിയാക്കുകയും, പബ്ലിക് ഹിയറിങ്ങ് നടത്തി ആ സമയത്ത് ഉയർന്നുവന്ന എല്ലാ ആശങ്കകളും പരിഹരിക്കുകയും, ഗ്രീൻ ട്രിബ്യൂണൽ മുമ്പാകെ വന്ന കേസ്സുകൾ തീർപ്പാക്കുകയും, മത്സ്യതൊഴിലാളികൾക്കായി 450 കോടി രൂപയുടെ പുനരധിവാസ പാക്കേജ് അംഗീകരിക്കുകയും ചെയ്തു കൊണ്ടാണ് ഉമ്മൻ ചാണ്ടി പദ്ധതി ടെണ്ടർ നടപടികൾ പൂർത്തിയാക്കിയതും നിർമ്മാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവ്വഹിച്ചതെന്നും അദ്ദേഹം പറഞ്ഞു.

വിഴിഞ്ഞം പദ്ധതിയുടെ പേരിൽ ഒട്ടനവധി ആരോപണങ്ങളും വിജിലൻസ് ജുഡീഷ്യൽ അന്വേഷണങ്ങളും നേരിടേണ്ടി വന്ന ഉമ്മൻ ചാണ്ടിയുടെ നിശ്ചയദാർഢ്യം മാണ് വിഴിഞ്ഞം പദ്ധതിയാഥാർത്യമാക്കിയതെന്നും എം.വിൻസെന്റ് എം.എൽ എ പറഞ്ഞു.

യു.ഡി.എഫ് ജില്ലാ ചെയർമാൻ പി.കെ. വേണു ഗോപാലിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ ബീമാപള്ളി റഷീദ്,ശരത്ചന്ദ്രപ്രസാദ്, വർക്കല കഹാർ, എം.എ. വാഹിദ്, ഇറവൂർ പ്രസന്നകുമാർ, എം ആർ മനോജ്,ജോണി ചെക്കിട്ട ,കരുമം സുന്ദരേശൻ, കമ്പറനാരായണൻ, ചെമ്പഴന്തി അനിൽ, തേക്കട അനിൽ, ആറ്റിങ്ങൽ ഉണ്ണികൃഷ്ണൻ എം. ശ്രീകണ്ഠൻ നായർ, എം എ പത്മകുമാർ, കൊഞ്ചിറവിള വിനോദ്, സേവ്യർ ലോപ്പസ്, ഡി. സുദർശനൻ വി കെ രാജു, എം മുനീർ, നേമം സജീർ ,ഗോപു നെയ്യാർ,സെയ്താലി കൈപ്പാടി' നരുവാമൂട് ജോയി എന്നിവർ പ്രസംഗിച്ചു.

## മദർ ഷിപ്പ് സാൻ ഫെർണാണ്ടോ ഇന്ന് മടങ്ങും

വിഴിഞ്ഞം: വിഴിഞ്ഞം തുറമുഖത്ത് എത്തിയ സാൻ ഫെർണാണ്ടോ എന്ന ചരക്കു കപ്പൽ ഇന്ന് പുലർച്ചെയോടെ കൊളംബോയിലേക്ക് മടങ്ങും. പരീക്ഷണ ഘട്ടത്തിലുള്ള ചരക്കിറക്കമായതിനാലാണ് ഒരു ദിവസം വൈകി കപ്പൽ പുറപ്പെടുന്നത്. മുൻ നിശ്ചയപ്രകാരം ഇന്നലെ തന്നെ കപ്പൽ പുറപ്പെടേണ്ടതായിരുന്നു.

ആകെ 22 ജീവനക്കാരുള്ള കപ്പലിൽ മലയാളികൾ ഉൾപ്പെടെ അഞ്ച് ഇന്ത്യക്കാർ ഉണ്ട്. പാലക്കാട് വാണിയംകുളം സ്വദേശി പ്രജീഷ് ഗോവിന്ദരാജ്, തിരുവനന്തപുരം സ്വദേശി ക്യാപ്റ്റൻ ജി എൻ ഹരി എന്നിവരാണ് മലയാളികൾ. കപ്പലിന്റെ ക്യാപ്റ്റൻ റഷ്യക്കാരനായ വ്ലാഡിമർ ബോണ്ടാരങ്കോയാണ്. കപ്പൽ ക്യാപ്റ്റൻ ഉൾപ്പെടെയുള്ളവരെ മുഖ്യമന്ത്രി ഉപഹാരം നൽകി അനുമോദിച്ചു.

## അൽ മുക്താദിർ ജ്വല്ലറി ഗ്രൂപ്പിന്റെ ഗോൾഡ് എക്സ്ചേഞ്ച് എക്സ്ക്ലൂസീവ്ഷോറൂം അൽ അലീം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു

തിരുവനന്തപുരം: പഴയ സ്വർണ്ണം ഏറ്റവും എളുപ്പത്തിൽ ഉയർന്ന മൂല്യത്തിൽ വിൽപന നടത്തി ആവശ്യങ്ങൾ നിറവേറ്റാൻ അൽ മുക്താദിറിന്റെ നവീന ഷോറൂം അൽ അലീം, തിരുവനന്തപുരം എം.ജി. റോഡ്, സ്റ്റാച്യൂവിൽ നിർമ്മലാ ബിൽഡിംഗിൽ ഉദ്ഘാടനം ചെയ്തു.

ഉദ്ഘാടനം ഓൾ ഇന്ത്യ മുസ്‌ലിം പേഴ്സണൽ ലോ ബോർഡ് മെമ്പർ അബ്ദുൽഷുക്കൂർ മൗലവിയും, അൽ മുക്താദിർ ഗോൾഡ് ആന്റ് ഡയമണ്ട് മാനുഫാക്ചറിംഗ്ആന്റ് ഹോൾസെയിൽ ജ്വല്ലറി ഗ്രൂപ്പ്സ്ഥാപക ചെയർമാൻ &സി. ഇ.ഒ. ഡോ. മുഹമ്മദ് മൻസൂർ അബ്ദുൽ സലാം, ആന്റണിരാജു, എം.എൽ.എ. എന്നിവർ ചേർന്ന് ഉദ്ഘാടനം നിർവ്വഹിച്ചു. പി. ഉബൈദുള്ള, എം.എൽ. എ., കരമന ബയാർ (ജമാ അത്ത് കൗൺസിൽസംസ്ഥാന പ്രസിഡന്റ്) ഗുൽസാർ അഹമ്മദ് സേട്ട് (അൽ മുക്താദിർജ്വല്ലറി ഗ്രൂപ്പ് ജനറൽ മാനേജർ) എന്നിവർ പങ്കെടുത്തു. അൽ മുക്താദിർ ജ്വല്ലറി ഗ്രൂപ്പിന്റെ എല്ലാ ഷോറൂമുകളിലും പഴയ സ്വർണ്ണാഭരണങ്ങൾ മാറ്റി വാങ്ങുന്നതിന് പ്രത്യേക കൗണ്ടർ തുറന്നതായി ചെയർമാൻ ആന്റ്സി.ഇ.ഒ. ഡോ. മുഹമ്മദ് മൻസൂർ അബ്ദുൽ സലാം പറഞ്ഞു.

0% പണിക്കൂലിയിൽതെരഞ്ഞെടുക്കപ്പെട്ട ആഭരണങ്ങൾ അൽ മുക്താദിർ ഗ്രൂപ്പിന്റെ എല്ലാ ഷോറൂമുകളിലും ലഭിക്കുന്നതാണ്. ബി.ഐ.എസ്., എച്ച്.യു.ഐ.ഡി ഹാൾമാർക്കിംഗ് ഉള്ള പരിശുദ്ധ സ്വർണ്ണം മാത്രമാണ് വിൽപനയ്ക്കുള്ളത്. ഇതിന് ലൈഫ് ടൈംവാറണ്ടിയും ഗ്യാരണ്ടിയും നൽകുന്നു. ബിഗ് ഓഫർ സീസൺ 2 നറുക്കെടുപ്പിലൂടെ ഇന്നോവ ഹൈക്രോസ്കാർ സമ്മാനവും, ഭാഗ്യവധുവിന് ഇരട്ടി സ്വർണ്ണം സീസൺ 3 സമ്മാനവും നറുക്കെടുപ്പിലൂടെ നൽകുന്നു. ഒന്നാം സമ്മാനം - വാങ്ങുന്ന സ്വർണ്ണാഭരണത്തിന്റെ അതേ തൂക്കത്തിലൂള്ള സ്വർണ്ണം.രണ്ടാം സമ്മാനം - വാങ്ങുന്ന സ്വർണ്ണാഭരണത്തിന്റെ 50 ശതമാനം. മൂന്നാം സമ്മാനം - വാങ്ങുന്ന സ്വർണ്ണാഭരണത്തിന്റെ 25% സ്വർണ്ണവും ലഭിക്കുന്നു. നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കുന്നവർക്ക് ലക്ഷ്വറി ഇന്നോവ ഹൈക്രോസ്കാർ സമ്മാന കൂപ്പണും ലഭിക്കുന്നു.

കൂടാതെ ഗോൾഡ് ബുള്ള്യൻ ബാർസ് ജി.ഡി.ജെ. എം.എം.എയുടെ കേരളത്തിലെ ഏറ്റവും കുറഞ്ഞ വിലയിലും ലഭിക്കുന്നു. എല്ലാം ഓഫറുകളും അൽ മുക്താദിറിന്റെ ഇന്ത്യയിലും വിദേശത്തുമുള്ള എല്ലാ ഷോപ്പുകളിലും ലഭിക്കുമെന്ന് ചെയർമാൻ & സി.ഇ.ഒ. മുഹമ്മദ് മൻസൂർ അബ്ദുൽ സലാം പറഞ്ഞു.



*അൽ മുക്താദിറിന്റെ ജ്വല്ലറി ഗ്രൂപ്പിന്റെ തിരുവനന്തപുരത്തെ ഗോൾഡ് എക്സ്ചേഞ്ച് എക്സ്ക്ലൂസീവ് ഷോറൂം അൽ അലീമിന്റെ ഉദ്ഘാടനം ആന്റണിരാജു, എം.എൽ.എ., അബ്ദുൽഷുക്കൂർ മൗലവി (ഓൾ ഇന്ത്യ മുസ്ലീം പേഴ്സണൽ ലോ ബോർഡ് മെമ്പർ), ഡോ. മുഹമ്മദ് മൻസൂർ അബ്ദുൽ സലാം (അൽ മുക്താദിർഗോൾഡ്ആന്റ് ഡയമണ്ട് മാനുഫാക്ചറിംഗ് ആന്റ് ഹോൾസെയിൽ ജ്വല്ലറി ഗ്രൂപ്പ് ചെയർമാൻ &സി.ഇ.ഒ.) എന്നിവർചേർന്ന് നിർവ്വഹിക്കുന്നു*



*കേരളഗ്രോ പദ്ധതി പ്രചാരണത്തിന്റെ ഭാഗമായി ഗൗരീശപട്ടത്ത് മൈക്രോഗ്രീൻ സംരംഭകയായ യമുനയുടെ യൂണിറ്റ് സന്ദർശിക്കുന്ന കൃഷി സ്പെഷ്യൽ സെക്രട്ടറി എൻ. പ്രശാന്ത്*

## ചെറുകിട സംരംഭകർക്ക് കൈത്താങ്ങുമായി കേരളാഗ്രോ

തിരുവനന്തപുരം: നഗരങ്ങളിലും ഗ്രാമാന്തരങ്ങളിലും ചെറുകിട കാർഷിക സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് കൈത്താങ്ങുമായി കേരളാഗ്രോ. ഉൽപാദനത്തോടൊപ്പം വീട്ടമ്മമാർ ഉൾപ്പെടെയുള്ള കർഷകരുടെ വിപണന സംവിധാനം പ്രാദേശിക തലത്തിൽ മെച്ചപ്പെടുത്തുന്നതിനും ഉപഭോക്താക്കൾക്ക് കലർപ്പില്ലാത്ത, മായമില്ലാത്ത ഗുണമേൻമയുള്ള ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിനാണ് കേരളാഗ്രോ പദ്ധതി ലക്ഷ്യമിടുന്നത്. പദ്ധതി താഴെക്കിടയിൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം നഗരത്തിൽ ഗൗരീശപട്ടത്ത് കെ.എസ്.ഇ.ബി. യിൽ നിന്നും വിരമിച്ച ശേഷം ചെറുകിട മൈക്രോ ഗ്രീൻ സംരംഭകയായി മാറിയ യമുനയുടെ വീടിനോട് ചേർന്നിട്ടുള്ള യൂണിറ്റ് കൃഷി സ്പെഷ്യൽ സെക്രട്ടറി പ്രശാന്ത്. എൻ. ഐ.എ.എസ്., എസ്.ബി.ഐ അഗ്രി ബിസിനസ് യൂണിറ്റ് ഡി.ജി.എം പി. കെ. ലോകനാഥ്, റീജിയണൽ മാനേജർ അജിത്കുമാർ ആർ.വി, ഫാം ഇൻഫർമേഷൻ ബ്യൂറോ, പി പി എം സെൽ ഉദ്യോഗസ്ഥർ എന്നിവർ സന്ദർശിച്ചു. കേരളാഗ്രോ ബ്രാന്റിംഗ് ചെയ്തു കൃഷി വകുപ്പിന്റെ കേരളാഗ്രോ ഔട്ട്ലെറ്റിലൂടെ ഈ മൈക്രോഗ്രീൻ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് സ്പെഷ്യൽ സെക്രട്ടറി ഉറപ്പുനൽകി. കൂടാതെ കീടനാശിനി തീർത്തും ഇല്ലാത്ത ആന്റി ഓക്സിഡന്റ് സമ്പന്നമായ മൈക്രോഗ്രീൻ ശരിയായ ഉപഭോക്താക്കളുടെ കൈകളിലേക്ക് എത്തിക്കുന്നതിന് കൃത്യമായ ബിസിനസ് പ്ലാനിങ്ങിന് കൃഷിവകുപ്പ് ഉദ്യോഗസ്ഥർ സഹായം നൽകുന്നതാണ്.



ഉമ്മൻചാണ്ടി മുൻകൈ എടുത്തതുകൊണ്ടാണ് വിഴിഞ്ഞം പദ്ധതി വന്നത്. പദ്ധതിയുടെ കരാർ ഒപ്പിടുന്നത് ഉമ്മൻചാണ്ടിയാണ്. പദ്ധതിയിൽ 6500 കോടി രൂപ അഴിമതിയുണ്ടെന്നാണ് എൽ.ഡി.എഫ് ആക്ഷേപിച്ചത്. പദ്ധതിയെ ഇല്ലാതാക്കാനും എൽ.ഡി.എഫ് ശ്രമിച്ചു. അത്തരക്കാരാണ് വിഴിഞ്ഞം പദ്ധതി അവരാണ് കൊണ്ടുവന്നതെന്ന് ഇപ്പോൾ അവകാശപ്പെടുന്നത്. അവരുടെ ആത്മശാന്തിക്കായി അത് നടക്കട്ടെ. എല്ലാ കാര്യങ്ങളും കൂട്ടായി ആലോചിച്ച് യു.ഡി.എഫ് സർക്കാർ മുന്നോട്ടുപോയതാണ്. സർക്കാർ മാറിയപ്പോൾ അന്തരീക്ഷം മാറി.

– തിരുവഞ്ചൂർ രാധാകൃഷ്ണൻ



വിഴിഞ്ഞം തുറമുഖത്തിന്റെ മാതാവ് യു.ഡി.എഫാണ്. പിതൃത്വത്തെ കുറിച്ചൊക്കെ തർക്കമുണ്ടാകാറുണ്ട്. പക്ഷേ, മാതൃത്വത്തെ കുറിച്ച് ഒരിക്കലും തർക്കമുണ്ടാകാറില്ല. വിഴിഞ്ഞത്തിന്റെ മാതാവ് ആരാണെന്നതിനെപ്പറ്റി തർക്കമുണ്ടായാൽ കേരളത്തിലെ ജനങ്ങൾ യു.ഡി.എഫിന് ഒപ്പംതന്നെ നിൽക്കും. ഒരുപാട് അപമാനം സഹിച്ചും ആരോപണങ്ങൾ കേട്ടുമാണ് ഞങ്ങൾ വിഴിഞ്ഞം തുറമുഖത്തിനു വേണ്ടി മുന്നോട്ടുനീങ്ങിയത്.

– കെ. ബാബു

## കേരള വാർത്തകൾ



കൂത്തുപറമ്പ് മണ്ഡലത്തിലെ പൊയിലൂരിൽ ഷാഫി പറമ്പിലിന്റെ നന്ദി പര്യടന റാലിയിൽ മുസ്‌ലിംലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ അഭിവാദ്യം ചെയ്യുന്നു. ഷാഫി പറമ്പിൽ എം.പി സമീപം

# വിഴിഞ്ഞം പദ്ധതിക്ക് പിന്നിൽ ഉമ്മൻ ചാണ്ടിയുടെ നിശ്ചയദാർഢ്യം

കൊച്ചി: വിഴിഞ്ഞം തുറമുഖം യു.ഡി.എഫിന്റെ കുഞ്ഞാണെന്നും ഉമ്മൻ ചാണ്ടിയുടെ നിശ്ചയദാർഢ്യമാണ് പദ്ധതി യാഥാർത്ഥ്യമാക്കിയതെന്നും പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. വിഴിഞ്ഞം തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കിയ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്കും, യു ഡി എഫ് സർക്കാരിനും അഭിവാദ്യം അർപ്പിച്ച് യു ഡി എഫ് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഹൈക്കോടതി ജംഗ്ഷനിൽ നടന്ന പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പദ്ധതിയെ എൽഡിഎഫ് എന്നും എതിർക്കുകയായിരുന്നു.



സ്വകാര്യ മേഖലയുടെ സഹായത്തോടെ മാത്രമേ വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാകൂവെന്ന് മനസിലാക്കാൻ എൽഡിഎഫിന് കഴിഞ്ഞില്ല. ഈ യാഥാർത്ഥ്യം മനസിലാക്കാൻ രണ്ട് പതിറ്റാണ്ടെടുത്തു. 2011 ലെ ഉമ്മൻ ചാണ്ടി സർക്കാരാണ് പദ്ധതി യാഥാർത്ഥ്യമാക്കിയത്. വി.എസ് അച്യുതാനന്ദൻ സർക്കാരിന്റെ കാലത്ത് ചൈനീസ് കമ്പനിക്ക് കരാർ നൽകാൻ നീക്കമുണ്ടായെങ്കിലും മിലിറ്ററി ഇന്റലിജിൻസ് റിപ്പോർട്ടിനെ തുടർന്ന് കേന്ദ്ര സർക്കാർ അനുമതി നിഷേധിച്ചു. വിഴിഞ്ഞം പദ്ധതിക്ക് പിന്നിൽ 6000 കോടിയുടെ റിയൽ എസ്റ്റേറ്റ് തട്ടിപ്പെന്നാണ് അന്ന് സി.പി.എം സംസ്ഥാന സെക്രട്ടറിയായിരുന്ന പിണറായി വിജയൻ പറഞ്ഞത്. 2015 ൽ വിഴിഞ്ഞം പദ്ധതി ദേശാഭിമാനിക്ക് കടൽക്കൊള്ളയായിരുന്നു. ഇന്നത് സ്വപ്ന പദ്ധതിയാണ്.

ഓന്തിനെ പോലെ നിറം മാറുകയാണ് ഇവർ. കൊച്ചി മെട്രോ റെയിൽ ഉദ്ഘാടനത്തിനും ഇവർ ഉമ്മൻ ചാണ്ടിയെ ക്ഷണിച്ചില്ല. ഇതൊക്കെ മറച്ചു വെക്കാനാണ് എന്നെ ക്ഷണിക്കാതിരുന്നത്. ജനങ്ങൾക്ക് മാത്രമല്ല, സിപിഎമ്മുകാർക്ക് പോലും അറിയാം പദ്ധതി നടപ്പാക്കിയതിൽ ഉമ്മൻ ചാണ്ടിയുടെ പങ്ക്. പിണറായി സർക്കാർ ഉമ്മൻ ചാണ്ടിയുടെ പേര് പറയാതിരുന്നത് കൊണ്ട് ജനം അദ്ദേഹത്തിന്റെ സംഭാവനകൾ മറന്നു പോകില്ല. വിഴിഞ്ഞം യാഥാർത്ഥ്യമാക്കിയെന്ന് അവകാശപ്പെടുന്ന ഈ സർക്കാർ തുറമുഖവുമായി ബന്ധപ്പെട്ട റോഡ്, റെയിൽ വികസനത്തിന് എന്ത് ചെയ്തെന്ന് പ്രതിപക്ഷ നേതാവ് ചോദിച്ചു.

വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമായതിന്റെ സന്തോഷസൂചകമായി പ്രതിപക്ഷ നേതാവ് കേക്ക് മുറിച്ച് മുൻതുറമുഖ വകുപ്പ് മന്ത്രി കെ.ബാബുവിന് മധുരം നൽകി. യു ഡി എഫ് ചെയർമാൻ ഡൊമനിക്ക് പ്രസന്റേഷൻ അധ്യക്ഷത വഹിച്ചു. ബെന്നി ബഹനാൻ എം.പി, എം.എൽ എ മാരായ കെ.ബാബു, അൻവർ സാദത്ത്, ടി.ജെ വിനോദ് ,ഡി.സി സി പ്രസിഡൻറ് മുഹമ്മദ് ഷിയാസ്, കെ.പി സി സി ഭാരവാഹികളായ അബ്ദുൽ മുത്തലിബ്, ജെയ്സൺ, മുഹമ്മദ് കുട്ടി മാസ്റ്റർ, യു.ഡി എഫ് നേതാക്കളായ അഡ്വ. വി. ഇ. അബ്ദുൾ ഗഫൂർ, ഷിബു തെക്കുംപുറം, പ്രസന്നകുമാർ, ബൈജു മേനാച്ചേരി, സുനിൽകുമാർ, കെ.വി പി കൃഷ്ണകുമാർ, ജോസഫ് ആന്റണി എന്നിവർ സംസാരിച്ചു.

## വിഴിഞ്ഞം ദു:ഖപുത്രിയെന്ന് മറിയാമ്മ ഉമ്മൻ

തിരുവനന്തപുരം: വിഴിഞ്ഞം തനിക്ക് ദുഖപുത്രിയെന്ന് മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ ഭാര്യ മറിയാമ്മ ഉമ്മൻ. അന്നും ഇന്നും ഉമ്മൻചാണ്ടിയാണ് ശരിയെന്നും മറിയാമ്മ ഉമ്മൻ മാധ്യമങ്ങളോട് പ്രതികരിച്ചു. അക്കാലത്ത് നിരവധി ആരോപണങ്ങൾ കേട്ടതാണെന്നും ഒരുപാട് പ്രാർത്ഥിക്കുകയും ചെയ്തെന്നും മറിയാമ്മ ഉമ്മൻ പറഞ്ഞു. വിഴിഞ്ഞം തുറമുഖം ട്രയൽ റൺ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് ഉമ്മൻചാണ്ടിയോട് കാട്ടുന്ന അവഗണനയുടെ പശ്ചാത്തലത്തിലാണ് മറിയാമ്മ ഉമ്മന്റെ പ്രതികരണം. അതേസമയം വിഴിഞ്ഞം തുറമുഖത്തിന് ഉമ്മൻചാണ്ടിയുടെ പേര് വേണമെന്ന് ആഗ്രഹമില്ലെന്നായിരുന്നു മകൻ ചാണ്ടി ഉമ്മൻ എം.എൽ.എയുടെ പ്രതികരണം. വിഴിഞ്ഞം തുറമുഖത്തിന് പ്രത്യേകമായി പേരിടണമെന്ന് ആഗ്രഹമില്ലെന്ന് പറഞ്ഞ ചാണ്ടിഉമ്മൻ ജനമനസിൽ വിഴിഞ്ഞം തുറമുഖം ഉമ്മൻ ചാണ്ടിയുടെ പേരിലാണെന്നും കൂട്ടിച്ചേർത്തു. വിഴിഞ്ഞം പൂർത്തീകരിച്ച സർക്കാരിന് നന്ദിയെന്നും ചാണ്ടി ഉമ്മൻ പറഞ്ഞു.

## ഉമ്മൻചാണ്ടിയുടെ പേര് നൽകണമെന്ന് എം.എം ഹസൻ



കണ്ണൂർ: വിഴിഞ്ഞം തുറമുഖത്തിന് മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ പേര് നൽകണമെന്ന് യു.ഡി.എഫ് കൺവീനർ എം.എം ഹസൻ. കേരളത്തിന്റെ വികസന കുതിപ്പിന് വഴിവെക്കുന്ന വിഴിഞ്ഞം തുറമുഖ പദ്ധതി ഉമ്മൻ ചാണ്ടിയുടെ സ്വപ്ന പദ്ധതിയായിരുന്നുവെന്നും ഹസൻ പറഞ്ഞു. വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇതിനെ തകർക്കാൻ ശ്രമിച്ചവർ ഇപ്പോൾ പിതൃത്വം അവകാശപ്പെട്ട് രംഗത്തെത്തിയിരിക്കുകയാണ്. പദ്ധതിക്കെതിരായി ആരോപണം ഉന്നയിച്ചത് അന്ന് പാർട്ടി സെക്രട്ടറിയായിരുന്ന പിണറായി വിജയനാണ്. ഇതിനെയെല്ലാം മറികടന്നാണ് പദ്ധതിക്ക് അന്നത്തെ മുഖ്യമന്ത്രി ഉമ്മൻചാണ്ടി തുടക്കം കുറിച്ചത്. ട്രയൽ റൺ ഉദ്ഘാടനത്തിന് പ്രതിപക്ഷ നേതാവിനെ മാറ്റി നിർത്തിയത് പ്രതിഷേധാർഹമാണ്.

പി.എസ്.സി അംഗത്വത്തിന് കോഴ വാങ്ങിയ സംഭവത്തിൽ ഇത് വരെ കേസെടുക്കാത്തത് ആശ്ചര്യകരമാണ്. മന്ത്രിയുടെ പേര് പറഞ്ഞാണ് ഏരിയാ കമ്മിറ്റിയംഗം പണം കൈപ്പറ്റിയത്. കേസെടുക്കാതെ ഒത്തുതീർപ്പാക്കിയത് ദുരൂഹത നിറഞ്ഞതാണ്. പാർട്ടിയിലെ വിഭാഗീയതയാണ് അഴിമതി പുറത്ത്‌വരാൻ കാരണമായത്. മുഖ്യമന്ത്രിക്കും കുടുംബാംഗങ്ങൾക്കുമെതിരെ ആരോപണങ്ങൾ ഉയർന്നാൽ ഒരു കേസും എടുക്കുന്നില്ലെന്നും ഹസൻ പറഞ്ഞു. കണ്ണൂരിൽ ക്വട്ടേഷൻ സംഘമില്ലാതെ ഒരു കാര്യവും നടക്കാത്ത സ്ഥിതിയാണ്. ജയരാജൻമാരല്ല കണ്ണൂരിലെ പാർട്ടിയെ നിയന്ത്രിക്കുന്നത്. ആകാശ് തില്ലങ്കേരി, കൊടി സുനി ഉൾപ്പെട്ട സംഘമാണ് പാർട്ടിയെ നിയന്ത്രിക്കുന്നത്. മുഖ്യമന്ത്രിയുടെ ഓഫീസിലെ കണ്ണൂർകാരനാണ് ഇവർക്ക് ക്വട്ടേഷൻ നൽകുന്നത്. സംഘം കണ്ണൂരിന്റെ സമാധാന ജീവിതം തകർക്കുകയാണ്. കണ്ണൂരിലെ പാർട്ടി നയം സംസ്ഥാനത്ത് മറ്റിടങ്ങളിലും നടപ്പിലാക്കുന്ന രീതിയാണ് പത്തനംതിട്ടയിൽ കണ്ടതെന്നും അദ്ദേഹം പറഞ്ഞു.

## മുഖ്യമന്ത്രിയെ വേദിയിലിരുത്തി തുറന്നടിച്ച് എം. വിൻസെന്റ്

തിരുവനന്തപുരം: വിഴിഞ്ഞം പദ്ധതിയുടെ പിതൃത്വം ഏറ്റെടുത്ത് സി.പി.എമ്മും മുഖ്യമന്ത്രി പിണറായി വിജയനും ആഘോഷമാക്കുമ്പോൾ ആദ്യ മദർഷിപ്പിന് സ്വീകരണം നൽകിയ വേദിയിൽ തുറമുഖത്തിന്റെ യഥാർത്ഥ നായകനായ ഉമ്മൻ ചാണ്ടിയുടെ പങ്ക് പരാമർശിച്ച് എം. വിൻസെന്റ്. പദ്ധതി പ്രദേശത്തെ എം.എൽ.എകൂടിയായ വിൻസെന്റ് തുറമുഖം യാഥാർത്ഥ്യമായതിന് പിന്നിൽ ഉമ്മൻചാണ്ടിയുടെ സേവനം അവിസ്മരണീയമെന്നും പറഞ്ഞു. കരാർ ഒപ്പിട്ട മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ പേര് പോലും പരാമർശിക്കാതിരുന്ന പിണറായിയെ വേദിയിലിരുത്തിയാണ് വിൻസെന്റ് ഉമ്മൻചാണ്ടിയുടെ ത്യാഗത്തെ കുറിച്ച് പറഞ്ഞത്. ജീവിച്ചിരുന്നെങ്കിൽ വിഴിഞ്ഞം ഉദ്ഘാടന വേളയിൽ ഏറ്റവും സന്തോഷിക്കുക ഉമ്മൻചാണ്ടിയാകുമായിരുന്നെന്നും അദ്ദേഹം പറഞ്ഞു. ഒരു ക്ലീൻ സ്ലേറ്റിൽ നിന്നാണ് ഉമ്മൻചാണ്ടി തുടങ്ങിയത്. വിഴിഞ്ഞത്തിന്റെ പേരിൽ ഒരുപാട് പഴി കേട്ടയാളാണ് അദ്ദേഹം. പദ്ധതിയുടെ പേരിൽ ജൂഡീഷ്യൽ അന്വേഷണമടക്കം അദ്ദേഹം നേരിട്ടു. വികസനത്തിന്റെ കാര്യത്തിൽ രാഷ്ട്രീയ വേർതിരിവ് പാടില്ല. ഉദ്ഘാടന ചടങ്ങിൽ നിന്നും പ്രതിപക്ഷ നേതാവിനെ ഒഴിവാക്കിയതിനെയും വിൻസന്റ് വിമർശിച്ചു. ഈ വേദിയിൽ പ്രതിപക്ഷ നേതാവും വേണമായിരുന്നു. ഈ കാര്യങ്ങൾ കൂടുതൽ ശ്രദ്ധിക്കണമെന്നും വിൻസെന്റ് പറഞ്ഞു.

## മഞ്ചേശ്വരം കോഴക്കേസ് തള്ളണമെന്നാവശ്യപ്പെട്ട് ഹരജി

കാസർകോട്: മഞ്ചേശ്വരം തിരഞ്ഞെടുപ്പ് കോഴക്കേസ് തള്ളണമെന്നാവശ്യപ്പെട്ടു കൊണ്ടുള്ള പ്രതിഭാഗം ഹരജിയിൽ ജില്ലാ പ്രിൻസിപ്പൽ സെഷൻസ് കോടതിയിൽ വാദം തുടങ്ങി. ജഡ്ജിമാരുടെ സ്ഥലം മാറ്റമടക്കം നിരവധി തവണ മാറ്റിവെക്കേണ്ടി വന്ന വാദമാണ് ആരംഭിച്ചത്. ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് കെ സുരേന്ദ്രൻ, സുരേന്ദ്രന്റെ മുഖ്യ തിരഞ്ഞെടുപ്പ് ഏജന്റും ബി.ജെ.പി. മുൻ ജില്ലാ പ്രസിഡന്റുമായിരുന്ന അഡ്വ. കെ. ബാലകൃഷ്ണ ഷെട്ടി, യുവമോർച്ച നേതാവ് സുനിൽ നായിക്, വൈ സുരേഷ്, മണികണ്ഠറൈ, ലോകേഷ് ലോണ്ട എന്നിവരാണ് കേസിലെ പ്രതികൾ.

കേസ് നിലനിൽക്കില്ലെന്നും തള്ളണമെന്നും ആവശ്യപ്പെട്ടാണ് പ്രതികൾ അഭിഭാഷകർ മുഖാന്തിരം കോടതിയിൽ വിടുതൽ ഹരജി നൽകിയിരുന്നത്. 2021 ലെ നിയമസഭ തിരഞ്ഞെടുപ്പിൽ മഞ്ചേശ്വരം മണ്ഡലത്തിൽ ബി.ജെ.പി സ്ഥാനാർത്ഥിയായി മൽസരിച്ചത് കെ സുരേന്ദ്രനാണ്. മഞ്ചേശ്വരത്തെ ബി.എസ്.പി സ്ഥാനാർത്ഥിയായ സുന്ദരക്ക് സ്ഥാനാർത്ഥിത്വം പിൻവലിക്കാൻ രണ്ട് ലക്ഷം രൂപയും സ്മാർട്ട് ഫോണും നൽകിയെന്നും ഭീഷണിപ്പെടുത്തിയെന്നുമാണ് സുരേന്ദ്രൻ അടക്കമുള്ളവർക്കെതിരായ കേസ്.

തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിത്വം പ്രഖ്യാപി ച്ചതിന് പിന്നാലെ സുന്ദരയെ കാണാതായിരുന്നു. ഇതോടെ സുന്ദരയെ തട്ടിക്കൊണ്ടുപോയതായി ആരോപണമുയർന്നു. ഇതിന് പിന്നാലെയാണ് സ്ഥാനാർത്ഥിത്വം പിൻവലിക്കാൻ സുരേന്ദ്രൻ കോഴ നൽകിയെന്നും ഭീഷണിപ്പെടുത്തിയെന്നും വെളിപ്പെടുത്തി കെ. സുന്ദര രംഗത്തെത്തിയത്.

## മുസ്‌ലിംലീഗ് പരിസ്ഥിതി സംരക്ഷണ സമിതി ക്യാമ്പ് സമാപിച്ചു

# ആവാസ വ്യവസ്ഥകളെ പരിഗണിച്ചും സംരക്ഷിച്ചും ജീവിക്കാൻ മനുഷ്യൻ ശ്രമിക്കണം: സാദിഖലി തങ്ങൾ

മാനന്തവാടി: പ്രകൃതിയുടെ ആവാസ വ്യവസ്ഥകളെ പരിഗണിച്ചും സംരക്ഷിച്ചും ജീവിക്കാൻ മനുഷ്യൻ ശ്രമിക്കണമെന്നും, അല്ലാത്തപക്ഷം ഇനിയും ദുരന്തങ്ങൾ ഏറ്റുവാങ്ങേണ്ടി വരുമെന്നും മുസ്‌ലിംലീഗ് സംസ്ഥാന പ്രസിഡണ്ട് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ പറഞ്ഞു. ആവാസ വ്യവസ്ഥയിലെ കടന്നു കയറ്റമാണ് ഇന്നത്തെ എല്ലാ ദുരന്തങ്ങൾക്കും കാരണം.

മുസ്‌ലിംലീഗ് പരിസ്ഥിതി സംരക്ഷണ സമിതിയുടെ സംസ്ഥാന ദ്വിദിന എക്സിക്യൂട്ടീവ് ക്യാമ്പ് 'ഹരിതകം 2024 ' വയനാട് മാനന്തവാടി മോറിമലയിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രകൃതിയുടെ നശീകരണത്തിന് കാരണക്കാരൻ മനുഷ്യനാണെന്നകാര്യം നമ്മെ ഓർമ്മപ്പെടുത്തുകയായിരുന്നു കഴിഞ്ഞ കോവിഡ് കാലം. കഴിഞ്ഞ കോവിഡ് കാലത്ത് മനുഷ്യൻ വീട്ടിൽ ഒതുങ്ങിയിരുന്നപ്പോൾ വായു, വെള്ളം എന്നിവ വളരെ ശുദ്ധം ആയിരുന്നു എന്ന് കാണാൻ കഴിഞ്ഞു. പ്രകൃതിയോട് മനുഷ്യൻ ഈ ക്രൂരതകൾ ഇനിയും തുടർന്നാൽ ഓക്സിജൻ പാർലറുകളുടെ കാലഘട്ടം വൈകാതെ കടന്നുവരുമെന്നും തങ്ങൾ ഓർമ്മപ്പെടുത്തി. സംസ്ഥാന ജനറൽ കൺവീനർ സലിം കുരുവമ്പലം അധ്യക്ഷത വഹിച്ചു. മുസ്‌ലിംലീഗ് ദേശീയ ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടി ഓൺലൈനിലൂടെ മുഖ്യാഥിതിയായി സംസാരിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.പി.എം.എ സലാം മുഖ്യപ്രഭാഷണം നടത്തി. മുസ്‌ലിംലീഗ് സംസ്ഥാന സെക്രട്ടറി സി മമ്മൂട്ടി, വയനാട് ജില്ല



മുസ്‌ലിംലീഗ് പരിസ്ഥിതി സംരക്ഷണ സമിതി സംസ്ഥാന എക്സികുട്ടീവ് കേമ്പ് ' ഹരിതകം 2024' പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു.

പ്രസിഡണ്ട് കെ കെ അഹമ്മദ് ഹാജി,ജനറൽ സെക്രട്ടറി ടി മുഹമ്മദ്, അൻവർ മുള്ളമ്പാറ, റസാഖ് കൽപ്പറ്റ, ഹാരിസ് പടിഞ്ഞാറത്തറ, ബഷീർ പടിഞ്ഞാറത്തറ, സിപി മൊയ്തു ഹാജി, തുടങ്ങിയവർ പ്രസംഗിച്ചു. പരിസ്ഥിതി സംരക്ഷണ സമിതി ചെയർമാൻ കെ.കുട്ടി അഹമദ്കുട്ടിയുടെ സന്ദേശം വായിച്ചു. മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം അഡ്വ. കെ.എൻ.എ ഖാദർ, ദേശീയ പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നുള്ള ഗൗതം മഹ്റ, പ്രിയങ്ക പർവാൾ, ഡോ: കെ എൻ അജോയ് കുമാർ, ഡോ: എ.കെ അബ്ദുസ്സലാം, ടീ സലീം, ഫൈസൽ കുന്നംപറമ്പിൽ തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾക്ക് നേതൃത്വം നൽകി. എ എം അബൂബക്കർ സ്വാഗതവും കോർഡിനേറ്റർ ടി കെ അബ്ദുൽ ഗഫൂർ നന്ദിയും പറഞ്ഞു. സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നും പങ്കെടുത്ത പ്രതിനിധികൾ ചർച്ചകളിൽ പങ്കെടുത്തു. രണ്ട് ദിവസങ്ങളിലായി നടന്ന കേമ്പ് ഭാവി കർമ്മ പരിപാടികൾക്ക് രൂപം നൽകി.

### കേസ് ഒത്തുതീർപ്പാക്കാൻ രാഷ്ട്രീയ സമ്മർദ്ദമെന്ന് ആരോപണം

## രോഗിയുമായി പോയ ആംബുലൻസിന് സൈഡ് കൊടുക്കാതെ യുവാക്കളുടെ അഭ്യാസ പ്രകടനം

മാവേലിക്കര: രോഗിയുമായി പോയ ആംബുലൻസിന് സൈഡ് കൊടുക്കാതെ യുവാക്കളുടെ അഭ്യാസ പ്രകടനം. സംഭവം ചോദ്യം ചെയ്ത ആംബുലൻസ് ഡ്രൈവർക്ക് നേരെ കയ്യേറ്റം. താമരക്കുളം വയ്യാങ്കരയിൽ കഴിഞ്ഞ ദിവസമാണ് സംഭവം. സ്ട്രോക്ക് വന്ന ആനയടി സ്വദേശിയായ രോഗിയുമായി ആലപ്പുഴ മെഡിക്കൽ കോളജിലേക്ക് പോവുകയായിരുന്നു ആംബുലൻസ്. ആംബുലൻസ് കടന്നു പോകാൻ അനുവദിക്കാതെ യുവാക്കൾ സഞ്ചരിച്ച കാർ റോഡിലൂടെ ഓടിക്കുകയായിരുന്നു. തുടർച്ചായി ഹോൺ മുഴക്കിയിട്ടും സൈഡ് കൊടുക്കാതെ ഏറെദൂരം അഭ്യാസ പ്രകടനം നടത്തി. വയ്യാങ്കരയിൽ എത്തിയപ്പോഴാണ് മർദ്ദനം നടന്നത്. കാർ വട്ടമിട്ട് ആംബുലൻസ് തടഞ്ഞ ശേഷം ഡ്രൈവർ വിഷ്ണുവിനെ കയ്യേറ്റം ചെയ്യുകയായിരുന്നു. ഡ്രൈവർക്ക് നേരെ സംഘം ഭീഷണിയും മുഴക്കി. ഒറ്റപ്പെട്ട പ്രദേശമായതിനാൽ സംഭവം നടക്കുമ്പോൾ ആളുകൾ അധികം ഇവിടെ ഉണ്ടായിരുന്നില്ല. പിന്നീട് രോഗിയെ മെഡിക്കൽ കോളജ് ആശുപത്രിയിലെത്തിച്ച ശേഷം വൈകിട്ട് തിരികെ എത്തിയ ഡ്രൈവർ വിഷ്ണു നൂറനാട് പൊലീസിൽ പരാതി നൽകി.



ആംബുലൻസിന് സൈഡ് കൊടുക്കാതിരുന്ന യുവാക്കളുടെ സംഘം താമരക്കുളം വയ്യാങ്കരയിൽ വെച്ച് ആംബുലൻസ് ഡ്രൈവർ വിഷ്ണുവിനെ മർദ്ദിക്കുന്നു (വീഡിയോ ദൃശ്യം)

തുടർന്ന് പൊലിസ് സി.സി ടിവി ദൃശ്യങ്ങളടക്കം ശേഖരിച്ചു. മെത്ത വിൽപ്പനക്കാരായ കൊല്ലം ശൂരനാട് സ്വദേശികളായ യുവാക്കളുടെ സംഘമാണ് കാറിലുണ്ടായിരുന്നത്. കേസ് ഒത്തുതീർപ്പാക്കാൻ പൊലീസിനുമേൽ രാഷ്ട്രീയ സമ്മർദ്ദമുണ്ട്. വിഷ്ണുവിന് പിന്തുണ നൽകി പരാതിയുമായി മുന്നോട്ടുപോകാനാണ് ആംബുലൻസ് ഡ്രൈവർമാരുടെ സംഘടനയുടെ തീരുമാനം.



നേപ്പാളിലെ ചിത്വാൻ ജില്ലയിലെ നാരായൺഘട്ട്-മുഗ്ളിങ് റോഡിൽ ഉരുൾപൊട്ടലിനെ തുടർന്ന് ആളുകളെ കാണാതായ സ്ഥലത്ത് തിരച്ചിൽ നടത്തുന്നു

### ദേശീയ പാതയിൽ ഉരുൾപൊട്ടൽ

## രണ്ട് ബസുകൾ നദിയിലേക്ക് പതിച്ച് 65 പേരെ കാണാതായി

■ കാണാതായവരിൽ ആറു പേർ ഇന്ത്യക്കാർ

കാഠ്മണ്ഡു: നേപ്പാളിലെ ചിത്‌വാൻ ജില്ലയിലെ നാരായൺഘട്ട്-മുഗ്ളിങ് റോഡിൽ ഉരുൾപൊട്ടലിനെ തുടർന്ന് ബസുകൾ നദിയിലേക്ക് പതിച്ച് ആറു ഇന്ത്യക്കാർ അടക്കം 65 പേരെ കാണാതായി. തലസ്ഥാനമായ കാഠ്മണ്ഡുവിൽ നിന്നും 100 കിലോമീറ്റർ അകലെ സീമാൽതാൽ മേഖലയിൽ ഇന്നലെ പുലർച്ചെ 3.30നാണ് അപകടമുണ്ടായത്.

റോഡിനു സമീപത്തുണ്ടായിരുന്ന മലയിൽ ഉരുൾപൊട്ടലുണ്ടായതിനെ തുടർന്ന് രണ്ട് ബസുകൾ തൃശൂലി നദിയിലേക്ക് പതിക്കുകയായിരുന്നു. ബസ് നദിയിലേക്ക് ഒഴുകിപ്പോയിട്ടുണ്ടാകാം എന്നാണ് പൊലീസ് പറയുന്നത്.

തോരാതെ തുടരുന്ന കനത്തമഴ തിരച്ചിലും രക്ഷാപ്രവർത്തനവും ദുഷ്കരമാക്കുന്നതായും പൊലീസ് പറഞ്ഞു. ഡ്രൈവർമാർ ഉൾപ്പെടെ 65 യാത്രക്കാർ ബസിലുണ്ടായിരുന്നതായാണു വിവരം. ഇവരിൽ മൂന്നു പേർ ചാടി രക്ഷപ്പെട്ടതായും റിപ്പോർട്ടുണ്ട്. കാഠ്മണ്ഡുവിലേക്ക് പുറപ്പെട്ട ഏയ്ഞ്ചൽ എന്ന ബസിൽ 24 പേരും കാഠ്മണ്ഡുവിൽ നിന്നും ഗൗറിലേക്ക് പുറപ്പെട്ട ഗണപതി ഡീലക്സ് എന്ന ബസിൽ 41 പേരുമാണ് അപകട സമയത്ത് ഉണ്ടായിരുന്നതെന്ന് പൊലീസ് അറിയിച്ചു. വിവരം ലഭിച്ചയുടനെ പൊലീസും രക്ഷാപ്രവർത്തകരും സംഭവസ്ഥലത്തെത്തി തിരച്ചിൽ ആരംഭിച്ചിരുന്നു. കാണാതായ ഇന്ത്യക്കാരുടെ പേരുവിവരങ്ങൾ ലഭ്യമായിട്ടുണ്ട്.

നദി കരകവിഞ്ഞൊഴുകുന്ന സാഹചര്യമായതിനാൽ ആരെയും ഇതുവരെ കണ്ടെത്താനായില്ലെന്ന് അധികൃതർ അറിയിച്ചു.

### യു.ജി.സി നെറ്റ് പരീക്ഷ

## വിദ്യാർഥികളുടെ ആശങ്ക പരിഹരിക്കണം: എം എസ് എഫ്

ന്യൂഡൽഹി : ചോദ്യ പേപ്പർ ചോർന്ന കാരണത്താൽ റദാക്കിയ യു ജി സി നെറ്റ് പരീക്ഷ, പുതുക്കി നിശ്ചയിച്ച തിയതികളിലെ യുക്തിരഹിത മാറ്റങ്ങൾ കാരണം വിദ്യാർഥികൾ നേരിടുന്ന ആശങ്ക പരിഹരിക്കണമെന്ന് എം എസ് എഫ് ദേശീയ പ്രസിഡന്റ് പി വി അഹമ്മദ് സാജു ആവശ്യപ്പെട്ടു. യുജിസി നെറ്റ് പെട്ടെന്ന് റദ്ദാക്കിയതും സിഎസ്ഐആർ നെറ്റ് പരീക്ഷകൾ മാറ്റിവച്ചതും രാജ്യത്തുടനീളമുള്ള വിദ്യാർത്ഥികൾക്ക് കാര്യമായ തടസ്സങ്ങൾ സൃഷ്ടിച്ചു. ഈ പരീക്ഷകളുടെ പുതിയ തീയതികൾ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും, നിലവിൽ ബിരുദാനന്തര ബിരുദത്തിനു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അവധിക്കാലത്താണ് പരീക്ഷാ തീയതികൾ ഷെഡ്യൂൾ ചെയ്തിരുന്നത്. അതനുസരിച്ചു പലരും അവരുടെ സൗകര്യപ്രദമായ കേന്ദ്രങ്ങൾ തിരഞ്ഞെടുക്കുകയും ചെയ്തു.

കൂടാതെ, ഇന്റേൺഷിപ്പ് ചെയ്യുന്ന വിദ്യാർത്ഥികൾ അവരുടെ ഇന്റേൺഷിപ്പ് സ്ഥലങ്ങളെ അടിസ്ഥാനമാക്കി കേന്ദ്രങ്ങൾ തിരഞ്ഞെടുക്കുകയും ചെയ്തു. അക്കാദമിക് കലണ്ടർ അനുസരിച്ച് ക്ലാസുകൾ തുടങ്ങിയതിനാൽ നിരവധി വിദ്യാർത്ഥികൾ അതത് സ്ഥാപനങ്ങളിലേക്ക് മടങ്ങുകയും പഴയ സെന്റർ അനുസരിച്ച് പരീക്ഷ എഴുതണമെങ്കിൽ അധ്യയന ദിനങ്ങൾ നഷ്ടപ്പെടുത്തി ആയിരക്കണക്കിന് കിലോമീറ്റർ വീണ്ടും യാത്ര ചെയ്യേണ്ട ദുരവസ്ഥയാണ് സംജാതമായിരിക്കുന്നത്. ഇതിന് പരിഹാരമായി നിലവിലുള്ള സാഹചര്യത്തിൽ അവർക്ക് അനുയോജ്യമായ സെന്ററുകൾ തെരഞ്ഞെടുക്കാൻ എൻ ടി എ സാഹചര്യമൊരുക്കണമെന്നും അദ്ദേഹം ആവശ്യപെട്ടു, വിഷയത്തിൽ അടിയന്തരമായി ഇടപെടണമെന്ന് ആവശ്യപ്പെട്ട് എം പി മാർ, കേന്ദ്ര വിദ്യാഭ്യാസ മന്ത്രി, യു ജി സി ചെയർമാൻ, എൻ ടി എ ഡയറക്ടർ ജനറൽ എന്നിവർക്ക് കത്ത് അയച്ചു.